സർവ്വരാജ്യതൊഴിലാളികളേ, ഏകോപിക്കുവിൻ !

# വി. ഐ. ലെനിൻ

# രണ്ടാം ഇൻററർനാഷനലിൻെറ തകർച്ച

പ്രോഗ്രസ്സ് പബ്ലിഷേഴ്സ്

മോസ്കോ

Scanned by CamScanner

ഇൻറർനാഷനലിൻെറ തകർച്ചയെ ചിലപ്പോൾ അതിൻെറ കേവലം ഔപചാരികമായ അർത്ഥത്തിൽ മാത്രമാണെടുക്കുന്നത്—അതായത്, യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ സോഷ്യലിസ്റ്റ് പാർട്ടികൾ തമ്മിലുള്ള സാർവ്വദേശീയസമ്പർക്കം മുറിഞ്ഞുപോയിരിക്കുന്നുവെന്നും, ഒരു സാർവ്വദേശീയസമ്മേളനമോ സാർവ്വദേശീയസോഷ്യലിസ്റ്റ് ബ്യൂറോ[1]യുടെ യോഗമോ വിളിച്ചുകൂട്ടാൻ അസാദ്ധ്യമാണെന്നും മററുമുള്ള അർത്ഥത്തിൽ. ചെറിയ നിഷ്പക്ഷരാജ്യങ്ങളിലെ ഏതാനും സോഷ്യലിസ്റ്റുകാരും, ഒരുപക്ഷെ ആ രാജ്യങ്ങളിലെ ഔദ്യോഗികപാർട്ടികളിൽ ഭൂരിപക്ഷംപോലും, കൂടാതെ അവസരവാദികളും അവരുടെ വക്കാലത്തു പിടിക്കുന്നവരും ഈ വീക്ഷണഗതി വച്ചുപുലർത്തുന്നവരാണ്. അകൈതവമായ കൃതജ്ഞതയർഹിക്കുന്ന നിർവ്യാജതയോടെ റഷ്യൻ പത്രങ്ങളിൽ മി. വി.കൊസോവ്സ്കിയ് ഈ നിലപാടിനെ സാധൂകരിക്കുകയുണ്ടായി. ബുന്ദിൻെറ[2] ''വാർത്താവിതരണബുള്ളററി''ൻെറ 8–ാം ലക്കത്തിലാണ് അദ്ദേഹം അങ്ങിനെ ചെയ്തിട്ടുള്ളത്. ലേഖകൻെറ അഭിപ്രായത്തോടു വിയോജിക്കുന്നുവെന്നു സൂചിപ്പിക്കുന്ന യാതൊന്നും പത്രാധിപന്മാർ പറഞ്ഞില്ല. മി.കൊസോവ്സ്കിയ് ദേശീയവാദത്തിനുവേണ്ടി വക്കാലത്തു പിടിക്കുന്നതും യുദ്ധവായ്പകൾക്കുവേണ്ടി വോട്ടുചെയ്ത ജർമ്മൻ സോഷ്യൽഡെമോക്രാററുകാരെ ന്യായീകരിക്കുന്ന പരിധിവരെ അദ്ദേഹം പോയതും ബുന്ദിൻെറ ബൂർഷ്വാദേശീയവാദപരമായ സ്വഭാവം മനസ്സിലാക്കാൻ പല തൊഴിലാളികളേയും സഹായിക്കുമെന്നു നമുക്കാശിക്കാം.

വർഗ്ഗബോധമുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സോഷ്യലിസമെന്നത് ഗൗരവതരമായ ബോദ്ധ്യമാണ്. പെററിബൂർഷ്വാ അനുരഞ്ജനപരവും ദേശീയവാദപരവുമായ എതിർപ്പു പ്രകടി



Scanned by CamScanner

പ്പിക്കാനുള്ള ശ്രമങ്ങളുംക്കുള്ള സൗകര്യപ്രദമായ മറയല്ല. തങ്ങളുടെ വിശ്വാസങ്ങളോട് മിക്ക ഔദ്യോഗിക സോഷ്യൽഡെമോക്രാററിക് പാർട്ടികളും ലജ്ജാകരമാംവണ്ണം വഞ്ചന കാട്ടിയെന്നാണ്, ഷ്ററു ട്ട്ഗർട്ടിലേയും ബാസെലിലേയും സാർവ്വദേശീയകോൺഗ്രസ്സുകളിൽ ചെയ്ത പ്രസംഗങ്ങളിലും ആ കോൺഗ്രസ്സുകളുടെ പ്രമേയങ്ങളിലും മററും അങ്ങേയററം ഗൗരവപൂർവ്വം നടത്തിയ പ്രഖ്യാപനങ്ങളോട് അവ വഞ്ചന കാട്ടിയെന്നാണ്, ഇൻറർനാഷനലിൻെറ തകർച്ചയെന്ന തുകൊണ്ട് അവർ മനസ്സിലാക്കുന്നത്. ഈ വഞ്ചന കാണാൻ ആഗ്ര ഹിക്കാത്തവരോ അതു കാണുന്നതുകൊണ്ട് പ്രയോജനമില്ലെന്നു കരുതു ന്നവരോ മാത്രമേ അതു കാണാതിരിക്കൂ. ശാസ്ത്രീയമായി, അതായത് ആധുനികസമുദായത്തിലെ വർഗ്ഗബന്ധങ്ങളുടെ നിലപാടിൽനിന്ന്, പ്രശ്നം നിർവ്വചിക്കുകയാണെങ്കിൽ, ഭൂരിപക്ഷം സോഷ്യൽഡെമോ ക്രാററിക് പാർട്ടികളും ഒന്നാമതായി അവയുടെ തലപ്പത്തു നിൽക്കു ന്ന—രണ്ടാം ഇൻറർനാഷനലിലെ ഏററവും വലിപ്പവും സ്വാധീന ശക്തിയുമുള്ള പാർട്ടിയായ—ജർമ്മൻ പാർട്ടിയും തൊഴിലാളിവർഗ്ഗ ത്തിനെതിരായി തങ്ങളുടെ ജനറൽ സ്റ്റാഫുകളുടേയും ഗവണ്മെൻറുകളു ടേയും ബൂർഷ്വാസിയുടേയും ഭാഗത്തു ചേർന്നിരിക്കുന്നുവെന്നു പറ യേണ്ടിവരും. അങ്ങേയററം സമഗ്രമായി വിശകലനംചെയ്യേണ്ടുന്ന, ലോകചരിത്രപ്രധാനമായ ഒരു സംഭവമാണിത്. യുദ്ധങ്ങൾ എന്തെ ല്ലാം ഭീകരതകളും ദുരിതങ്ങളും വരുത്തിവയ്ക്കുന്നുണ്ടെങ്കിലും സാമാന്യം പ്രധാനപ്പെട്ട ഒരു മെച്ചമെങ്കിലും അവകൊണ്ടുണ്ടാകുന്നുണ്ടെന്ന് പണ്ടേ തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. മനുഷ്യസ്ഥാപനങ്ങളിൽ ദുഷിച്ചതും കാലഹരണപ്പെട്ടതും മൃതിയടഞ്ഞതുമായ പലതിനേയും അവ നിർദ്ദയം വെളിപ്പെടുത്തുന്നു, തൊലിയുരിച്ചു കാട്ടുന്നു, നശിപ്പിക്കു ന്നു. 1914–15–ലെ യൂറോപ്യൻയുദ്ധംകൊണ്ടും നിസ്സംശയമായും ചില ഗുണങ്ങൾ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. പരിഷ്കൃതരാജ്യങ്ങളി ലെ മുന്നണിവർഗ്ഗത്തിൻെറ പാർട്ടികളിൽ ഗർഹണീയമാംവണ്ണം പഴുത്തഴുകിയ പുണ്ണ് വളർന്നുവന്നിരിക്കുന്നുവെന്നും ദുസ്സഹമായൊരു ദുർഗ്ഗന്ധം എവിടന്നോ വമിക്കുന്നുണ്ടെന്നും ആ വർഗ്ഗത്തിന് അതു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു.

## I

യൂറോപ്പിലെ പ്രധാനപ്പെട്ട സോഷ്യലിസ്റ്റ് പാർട്ടികൾ തങ്ങളു ടെ എല്ലാ വിശ്വാസങ്ങളേയും കടമകളേയും കളഞ്ഞുകുളിച്ചിരിക്കുന്നു വെന്നതു് വാസ്തവമാണോ? വഞ്ചകരും അവരോട് മമതയില്ലും

രമ്യതയിലും വർത്തിക്കണമെന്നു് പൂർണ്ണമായി മനസ്സിലാക്കുകയോ അനുമാനിക്കുകയോ ചെയ്തിട്ടുള്ളവരും ചർച്ചചെയ്യാൻ ഇഷ്ടപ്പെടാത്ത ഒരു കാര്യമാണിതു്. രണ്ടാം ഇൻറർനാഷനലിലെ പലതരം ''പ്രമാണപുരുഷന്മാർ''ക്കും റഷ്യൻ സോഷ്യൽഡെമോക്രാററുകാർക്കിടയിൽ അവരെപ്പോലെ ചിന്തിക്കുന്നവർക്കും എത്രതന്നെ അരോചകമായിരുന്നാലും ശരി, നമുക്കു് വസ്തുതകളെ നേരിടുകയും കാര്യങ്ങളെ പേരു പറഞ്ഞു വിളിക്കുകയും ചെയ്തേ തീരൂ. തൊഴിലാളികളോടു് സത്യം പറഞ്ഞേ തീരൂ.

ഈ യുദ്ധത്തിനു മുമ്പും അതിനെ മുൻകൂട്ടി കണ്ടുകൊണ്ടും സോഷ്യലിസ്റ്റു് പാർട്ടികൾ തങ്ങളുടെ കടമകളേയും അടവുകളേയും വീക്ഷിച്ചതെങ്ങിനെയാണെന്നു കാണിച്ചുതരുന്ന വസ്തുതകൾ എന്തെങ്കിലുമുണ്ടോ? നിസ്സംശയമായും ഉണ്ടു്. 1912—ൽ ബാസെലിൽ ചേർന്ന സാർവ്വദേശീയ സോഷ്യലിസ്റ്റു് കോൺഗ്രസ്സിൻെറ പ്രമേയമുണ്ടു്. സോഷ്യലിസത്തിൻെറ വിസ്തൃതാദർശങ്ങളുടെ അനുസ്മരണമെന്ന നിലയിൽ ഞങ്ങൾ ആ പ്രമേയത്തെ, അതേ വർഷം ഹെംനിററ്സിൽ ചേർന്ന ജർമ്മൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടിയുടെ കോൺഗ്രസ്സംഗീകരിച്ച പ്രമേയ4ത്തോടൊപ്പം വീണ്ടും പ്രസിദ്ധീകരിക്കുന്നു. യുദ്ധത്തിനെതിരായി എല്ലാ രാജ്യങ്ങളിലും ഇറക്കിയിട്ടുള്ള ബൃഹത്തായ പ്രചരണ—പ്രക്ഷോഭപ്രസിദ്ധീകരണങ്ങളുടെ സംക്ഷേപമായ ആ പ്രമേയം യുദ്ധത്തെസ്സംബന്ധിച്ചും യുദ്ധത്തോടുള്ള അടവിനെസ്സംബന്ധിച്ചുമുള്ള സോഷ്യലിസ്റ്റ്വീക്ഷണങ്ങളുടെ ഏററവും സമ്പൂർണ്ണവും സൂക്ഷ്മവും ഗൗരവതരവും ഔപചാരികവുമായ പ്രകാശനമാണു്. ഇന്നലത്തെ ഇൻറർനാഷനലിൻേറയും ഇന്നത്തെ സോഷ്യൽഷോവിനിസത്തിൻേറയും പ്രാമാണികനേതാക്കളാരുംതന്നെ—ഹൈൻഡ്മനോ ഗേദോ കൗട്സ്കിയോ പ്ലെഹാനൊവോ ആരുംതന്നെ—ആ പ്രമേയത്തെക്കുറിച്ചു് തങ്ങളുടെ വായനക്കാരെ അനുസ്മരിപ്പിക്കാൻ ധൈര്യപ്പെട്ടില്ലെന്നതു് വഞ്ചനയായിട്ടു മാത്രമേ വിശേഷിപ്പിക്കാൻ കഴിയൂ. അവർ ഒന്നുകിൽ അതെപ്പററി മൗനം ദീക്ഷിക്കുന്നു, അല്ലെങ്കിൽ (കൗട്സ്കിയെപ്പോലെ) അതിൽനിന്നു് രണ്ടാംകിടപ്രാധാന്യമുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് യഥാർത്ഥത്തിൽ പ്രാധാന്യമുള്ള സർവ്വതിൽനിന്നും ഒഴിഞ്ഞുമാറുന്നു. ഒരു വശത്തു് അങ്ങേയററം ''ഇടതുപക്ഷ''വും അതിവിപ്ലവകരവുമായ പ്രമേയങ്ങൾ. മറുവശത്തു്, ആ പ്രമേയങ്ങളെ അങ്ങേയററം നിർലജ്ജമായി വിസ്മരിക്കൽ അല്ലെങ്കിൽ ഉപേക്ഷിക്കൽ—ഇതാണു് ഇൻറർനാഷനലിൻെറ തകർച്ചയുടെ ഏററവും വ്യക്തമായ പ്രകടനങ്ങളിലൊന്നു്. അതേ സമയം, മുമ്പത്തെ കാപട്യത്തെ സ്ഥായിയായി നിലനിർത്തണമെന്ന കൗശ



Scanned by CamScanner

ലപൂർവ്വമായ ആഗ്രഹത്തിന്റെ വക്കത്തെത്തുന്ന അസുലഭമായ ദൃ
ഢഗതി വച്ചുപുലർത്തുന്നവർക്കു മാത്രമേ കേവലം പ്രമേയങ്ങളിലൂടെ
സോഷ്യലിസത്തെ ''തെററു തിരുത്തിയെടുക്കാനും'' ''അതിന്റെ
നയത്തെ നേരേ ചൊവ്വേയാക്കാനും'' കഴിയുമെന്നു് ഇന്നു വിശ്വസി
ക്കാൻ സാധിക്കു എന്നതിനുള്ള ഏററവും വിശ്വസനീയമായ ഒരു
തെളിവുകൂടിയാണതു്.

യുദ്ധത്തിനു മുമ്പു് ഹൈൻഡ്മൻ സാമ്രാജ്യത്വത്തെ ന്യായീക
രിക്കുന്നതിലേക്കു തിരിഞ്ഞപ്പോൾ, ''മാന്യരായ'' എല്ലാ സോഷ്യ
ലിസ്റ്റുകാരും അയാളെ കിറുക്കനായി കരുതിയതു് ഇന്നലെ മാത്ര
മാണു് എന്നു വേണമെങ്കിൽ പറയാം. പരിഹാസസ്വരത്തിലല്ലാതെ
ആരും അയാളെപ്പററി സംസാരിച്ചില്ല. ഇന്നാകട്ടെ, എല്ലാ രാജ്യങ്ങ
ളിലേയും ഏററവും പ്രമുഖരായ സോഷ്യൽഡെമോക്രാററിക് നേ
താക്കൾ ഹൈൻഡ്മന്റെ നിലപാടിലേക്കു നിശ്ശേഷം അധഃപ
തിച്ചുകഴിഞ്ഞിരിക്കുന്നു. അഭിപ്രായങ്ങളിലും പ്രകൃതത്തിലും അവർ
തമ്മിൽ നിസ്സാരമായ വ്യത്യാസമുണ്ടെന്നു മാത്രം. ''മിസ്റ്റർ''
ഹൈൻഡ്മനെപ്പററി അവജ്ഞയോടെ എഴുതുകയും അതേ സമയം
''സഖാവു'' കൗട്സ്കിയെപ്പററി ആദരവോടെ (അതോ ദാസ്യമനോ
ഭാവത്തോടെയോ?) സംസാരിക്കുകയും—അഥവാ സംസാരിക്കാതി
രിക്കുകയും—ചെയ്യുന്ന ''നാഷെ സ്ലോവൊ''5 ലേഖകരെപ്പോലുള്ള
വരുടെ ധൈര്യത്തെ വിലയിരുത്താനും വിശേഷിപ്പിക്കാനും പററിയ
പാർലിമെണ്ടറി പ്രയോഗങ്ങൾ കണ്ടെത്താൻ ഞങ്ങൾക്കു തീരെ
കഴിയുന്നില്ല. അത്തരം മനോഭാവത്തെ സോഷ്യലിസത്തോടുള്ള,
പൊതുവിൽ സ്വന്തം വിശ്വാസങ്ങളോടുള്ള, ബഹുമാനവുമായി
പൊരുത്തപ്പെടുത്താൻ സാദ്ധ്യമാണോ? ഹൈൻഡ്മന്റെ ഷോവി
നിസം വ്യാജവും വിനാശകരവുമാണെന്നു നിങ്ങൾക്കു ബോദ്ധ്യമാ
ണെങ്കിൽ, അത്തരം വീക്ഷണങ്ങൾക്കുവേണ്ടി വാദിക്കുന്ന കൂടുതൽ
സ്വാധീനമുള്ളയാളും കൂടുതൽ അപകടകാരിയുമായ കൗട്സ്കിയുടെ
നേരെ നിങ്ങൾ വിമർശനവും ആക്രമണവും ലാക്കാക്കണമെന്നു
സിദ്ധിക്കുന്നില്ലേ?

ഗേദിന്റെ വീക്ഷണങ്ങളെ അടുത്ത കാലത്തു് ഒരുപക്ഷെ ഏററ
വും വിശദമായി പ്രകടിപ്പിച്ചിട്ടുള്ളതു് ''നാം കാംക്ഷിക്കുന്ന സമാ
ധാനം'' എന്ന ലഘുലേഖയിൽ ഗേദ്പക്ഷക്കാരനായ ഷാർൽ ദ്യൂമാ
യാണു്. ലഘുലേഖയുടെ ഒന്നാംപേജിൽ എഴുതിയിട്ടുള്ളതുപോലെ
''ജൂൽ ഗേദിന്റെ ക്യാബിനററ് തലവ''നായിട്ടുള്ള ഇദ്ദേഹം സ്വാ
ഭാവികമായും സോഷ്യലിസ്റ്റുകാരുടെ ദേശസ്നേഹപരമായ മുൻപ്രഖ്യാ
പനങ്ങളെ ''ഉദ്ധരിക്കുന്നുണ്ടു്'' (പിതൃഭൂമിസംരക്ഷണത്തെക്കുറിച്ചുള്ള

തന്റെ ഏററവും ഒടുവിലത്തെ ലഘുലേഖയിൽ ജർമ്മൻ സോഷ്യൽ ഷോവിനിസ്റ്റായ ഡാവിഡ് ചെയ്യുന്നതും അതുതന്നെയാണ്). എന്നാൽ ബാസെൽ പ്രകടനപത്രികയെപ്പററി അദ്ദേഹം പരാമർശിക്കുന്നേയില്ല! അസാമാന്യമായ ആത്മസംതൃപ്തിയോടെ ഷോവിനിസ്റ്റ് നിസ്സാരതകൾ വിളമ്പുന്ന പ്ലെഹാനൊവും പ്രകടനപത്രികയെക്കുറിച്ച് മൗനം ദീക്ഷിക്കുന്നു. കൗട്സ്കി പ്ലെഹാനൊവിനെപ്പോലെതന്നെയാണു പെരുമാറുന്നത്: ബാസെൽ പ്രകടനപത്രികയെ ഉദ്ധരിക്കുമ്പോൾ, ഒരുപക്ഷെ സെൻസർഷിപ്പുനിബന്ധനകളുടെ ന്യായം പറഞ്ഞായിരിക്കാം, അദ്ദേഹം വിപ്ലവകരമായ എല്ലാ ഭാഗങ്ങളും (അതായതു് ചൈതന്യമുററ ഉള്ളടക്കമാകെത്തന്നെ!) വിട്ടുകളയുന്നു. വർഗ്ഗസമരത്തേയോ വിപ്ലവത്തേയോ കുറിച്ചുള്ള ഏതു പരാമർശത്തേയും സെൻസർഷിപ്പുനിബന്ധനകൾവഴി വിലക്കിയിട്ടുള്ള പോലീസ്—പട്ടാളാധികൃതർ സോഷ്യലിസത്തിന്റെ വഞ്ചകരെ ''യഥാസമയം'' സഹായിച്ചിരിക്കുന്നു!

ഒരുപക്ഷെ ഇന്നത്തെ മൂർത്തമായ യുദ്ധത്തെ നേരിട്ടു സ്പർശിക്കുന്ന ചരിത്രപരമോ അടവുസംബന്ധമോ ആയ യാതൊരു സുനിശ്ചിത ഉള്ളടക്കവുമില്ലാത്ത വെറുമൊരു പൊള്ളയായ വിജ്ഞാപനം മാത്രമായിരുന്നോ ബാസെൽ പ്രകടനപത്രിക?

നേരെ തിരിച്ചാണ് വാസ്തവം. മററു പ്രമേയങ്ങളെ അപേക്ഷിച്ച് ബാസെൽ പ്രമേയത്തിൽ കഴമ്പില്ലാത്ത ഉൽബോധനങ്ങൾ കുറവും സുനിശ്ചിതമായ ഉള്ളടക്കം കൂടുതലുമാണുള്ളതു്. ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിട്ടുള്ള യുദ്ധത്തെക്കുറിച്ചുതന്നെയാണ്, 1914—15 കാലത്തു് പ്രത്യക്ഷപ്പെട്ടിട്ടുള്ള സാമ്രാജ്യത്വസംഘട്ടനങ്ങളെക്കുറിച്ചുതന്നെയാണ്, ബാസെൽപ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. ബാൾക്കൻ പ്രദേശത്തെച്ചൊല്ലി ആസ്ട്രിയയും സെർബിയയും തമ്മിലും, അൽബേനിയയേയും മററും ചൊല്ലി ആസ്ട്രിയയും ഇററലിയും തമ്മിലും, കമ്പോളങ്ങളേയും പൊതുവിൽ കോളനികളേയും ചൊല്ലി ബ്രിട്ടനും ജർമ്മനിയും തമ്മിലും, ആർമീനിയയേയും കോൺസ്റ്റാൻറിനോപ്പിളിനേയും ചൊല്ലി റഷ്യയും തുർക്കിയും ,മററും തമ്മിലും ഉള്ള സംഘട്ടനങ്ങളെക്കുറിച്ചാണ് ഇന്നത്തെ യുദ്ധത്തെ മുൻകൂട്ടി കണ്ടുകൊണ്ടു് ബാസെൽ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. ''യൂറോപ്പിലെ വൻശക്തികൾ'' തമ്മിലുള്ള ഇന്നത്തെ യുദ്ധത്തെ ''ജനങ്ങളുടെ താല്പര്യത്തിനുവേണ്ടിയാണെന്ന ന്യായം പറഞ്ഞു് അല്പം പോലും ന്യായീകരിക്കാൻ സാദ്ധ്യമല്ലെ''ന്നു് ആ പ്രമേയത്തിൽനിന്നു സിദ്ധിക്കുന്നു.

ഏററവും പ്രാതിനിധ്യസ്വഭാവവും പ്രാമാണികത്വവുമുള്ള, നമുക്കു ട്ടത്തറിയാവുന്ന, രണ്ടു സോഷ്യലിസ്റ്റുകാരാണല്ലൊ പ്ലെഹാനൊവും കൗട്സ്കിയും. ഒരാൾ റഷ്യനിലെഴുതുന്നു, മറേറയാളെ ലികിഡേറർമാർ റഷ്യനിലേക്കു പരിഭാഷപ്പെടുത്തുന്നു. അവർ ഇപ്പോൾ (ആക്സെൽറോഡിന്റെ സഹായത്തോടെ) യുദ്ധത്തിനു ''ജനകീയമായ'' (കുറേക്കൂടി കൃത്യമായിപ്പറഞ്ഞാൽ ബൂർഷ്വാ ഓടപ്പത്രങ്ങളിൽ നിന്നെടുത്തിട്ടുള്ള പ്രാകൃതമായ) പലതരം ''ന്യായീകരണങ്ങൾ'' തേടുന്നുണ്ടെങ്കിൽ; പാണ്ഡിത്യഭാവത്തോടെയും മാർക്സിൽനിന്നുള്ള വ്യാജമായ കുറെ ഉദ്ധാരണങ്ങളോടെയും അവർ ''മുൻദൃഷ്ടാന്തങ്ങളെ''— 1813–ലേയും 1870–ലേയും യുദ്ധങ്ങളേയോ (പ്ലെഹാനൊവ്), 1854–71, 1876–77, 1897 എന്നീ വർഷങ്ങളിലെ യുദ്ധങ്ങളേയോ (കൗട്സ്കി) പരാമർശിക്കുന്നുണ്ടെങ്കിൽ; സോഷ്യലിസ്റ്റ് വിശ്വാസം തൊട്ടുതീണ്ടിയിട്ടില്ലാത്തവർക്കു മാത്രമേ, സോഷ്യലിസ്റ്റ് മനസ്സാക്ഷിയുടെ ലാഞ്ഛനപോലുമില്ലാത്തവർക്കു മാത്രമേ, സത്യത്തിൽ അത്തരം വാദഗതികളെ കാര്യമായിട്ടെടുക്കാൻ കഴിയൂ. അവർക്കുമാത്രമേ അവയെ അന്യാദൃശമായ ജെസ്യൂയിട്ടിസവും തട്ടിപ്പും സോഷ്യലിസത്തിന്റെ വ്യഭിചാരവുമെന്നു വിളിക്കാതിരിക്കാൻ കഴിയൂ! കൗട്സ്കിയെ സത്യസന്ധമായി വിമർശിച്ചതിനു ജർമ്മൻ പാർട്ടിയുടെ കേന്ദ്രക്കമ്മിററി (''ഫോർഷ്ടാൻഡ്'') മേറിംഗിന്റേയും റോസ ലുക്സെംബർഗ്ഗിന്റേയും പുതിയ മാസികയെ (''ദി ഇൻതെർനത്സിയൊനാലെ''7) അപലപിച്ചുകൊള്ളട്ടെ. വൻഡെർവേൽഡെയും പ്ലെഹാനൊവും ഹൈൻഡ്മനും കൂട്ടരും ത്രിരാഷ്ട്രസന്ധിക്കാരുടെ പോലീസിന്റെ സഹായത്തോടെ തങ്ങളുടെ പ്രതിയോഗികളോടു് അതേ വിധത്തിൽ പെരുമാറിക്കൊള്ളട്ടെ. ബാസെൽ പ്രകടനപത്രിക വീണ്ടും പ്രസിദ്ധീകരിച്ചുകൊണ്ടു മാത്രം നാം മറുപടി പറയും. വഞ്ചനയെന്നു മാത്രം വിശേഷിപ്പിക്കാവുന്ന ഒരു മാർഗ്ഗമാണു് നേതാക്കൾ കൈക്കൊണ്ടിട്ടുള്ളതെന്നു് അതു് കാണിച്ചുകൊടുക്കുന്നതാണു്.

ബാസെൽ പ്രമേയത്തിൽ പറയുന്നതു് ഒരു ദേശീയ അഥവാ ജനകീയയുദ്ധത്തെക്കുറിച്ചല്ല. അത്തരം യുദ്ധത്തിന്റെ ദൃഷ്ടാന്തങ്ങൾ യൂറോപ്പിലുണ്ടായിട്ടുണ്ടു്. അവ 1789–1871 കാലഘട്ടത്തിന്റെ ഒരു സവിശേഷതപോലുമായിരുന്നു. സോഷ്യൽഡെമോക്രാററുകാർ ഒരുകാലത്തും പരിത്യജിച്ചിട്ടില്ലാത്ത വിപ്ലവയുദ്ധത്തെക്കുറിച്ചുമല്ല ആ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. പിന്നെയോ, ''മുതലാളിത്തപരമായ സാമ്രാജ്യത്വത്തിന്റേയും'' ''രാജവംശതാല്പര്യങ്ങളുടേയും'' അനന്തരഫലമായ, യുദ്ധത്തിലേർപ്പെട്ടിട്ടുള്ള രണ്ടു കൂട്ടരും—ആസ്ട്രോ–ജർമ്മൻ ശക്തികളും ആംഗ്ലോ–ഫ്രാങ്കോ–റഷ്യൻ ശക്തികളും—



Scanned by CamScanner

അനുവർത്തിക്കുന്ന ''വെട്ടിപ്പിടിക്കൽനയ''ത്തിന്റെ അനന്തരഫലമായ, ഇപ്പോഴത്തെ യുദ്ധത്തെക്കുറിച്ചാണ്. കോളനികൾക്കു വേണ്ടിയുള്ള ഈ സാമ്രാജ്യത്വ—കൊള്ളയുദ്ധത്തെ ഒരു ജനകീയയുദ്ധവും പ്രതിരോധയുദ്ധവും (ഏതു ഭാഗത്തായാലും വേണ്ടില്ല) ആയി ചിത്രീകരിക്കാൻ പരമാവധി ശ്രമിക്കുന്ന എല്ലാ രാജ്യത്തേയും ബൂർഷ്വാസിയുടെ സ്വാത്ഥപരമായ നുണ ആവർത്തിക്കുന്നതിലൂടെ, സാമ്രാജ്യത്വപരമല്ലാത്ത യുദ്ധങ്ങളുടെ ചരിത്രദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ യുദ്ധത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നതിലൂടെ, പ്ലെഹാനൊവ്—കൗട്സ്കി പ്രഭൃതികൾ തൊഴിലാളികളെ പ്രത്യക്ഷമായിത്തന്നെ കബളിപ്പിക്കുകയാണു ചെയ്യുന്നത്.

ഈ യുദ്ധത്തിന്റെ സാമ്രാജ്യത്വസ്വഭാവവും കവർച്ചസ്വഭാവവും തൊഴിലാളിവിരുദ്ധസ്വഭാവവും എത്രയോ മുമ്പുതന്നെ തനി സൈദ്ധാന്തികഘട്ടം കടന്നിരിക്കുന്നു. ലോകം പങ്കിടാനും ''ചെറു''രാഷ്ട്രങ്ങളെ അടിമപ്പെടുത്താനും വേണ്ടി, വാർദ്ധക്യദശയിലെത്തിയതും ക്ഷയോന്മുഖവുമായ ബൂർഷ്വാസി നടത്തുന്ന സമരമെന്ന നിലയ്ക്കു് സാമ്രാജ്യത്വത്തിന്റെ എല്ലാ പ്രധാനസവിശേഷതകളേയും സൈദ്ധാന്തികമായി വിലയിരുത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ നിഗമനങ്ങൾ എല്ലാ രാജ്യങ്ങളിലേയും വിപുലപ്രചാരമുള്ള സോഷ്യലിസ്റ്റ് പത്രങ്ങളിൽ പരസഹസ്രം തവണ ആവർത്തിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, നമ്മുടെ ''സഖ്യ''രാഷ്ട്രങ്ങളിലൊന്നിന്റെ പ്രതിനിധിയായ ദെലെസീ എന്ന ഫ്രഞ്ചുകാരൻ ''ആസന്നമായ യുദ്ധം'' (1911!) എന്ന ലഘുലേഖയിൽ ഫ്രഞ്ച് ബൂർഷ്വാസിയെ സംബന്ധിച്ചും ഈ യുദ്ധത്തിനുള്ള കവർച്ചസ്വഭാവത്തെ ലളിതമായി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുകൊണ്ട് തീർന്നില്ല. ബാസെലിൽ വച്ച് എല്ലാ രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗപ്പാർട്ടികളുടെ പ്രതിനിധികൾ സാമ്രാജ്യത്വസ്വഭാവത്തോടുകൂടിയ ഒരു യുദ്ധം ആസന്നമാണെന്ന തങ്ങളുടെ അചഞ്ചലമായ വിശ്വാസത്തിന് ഏകകണ്ഠവും ഔപചാരികവുമായ പ്രകാശനം നൽകുകയും അതിൽനിന്ന് അടവുസംബന്ധമായ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. അതുകൊണ്ട് ദേശീയവും സാർവ്വദേശീയവുമായ അടവുകൾ തമ്മിലുള്ള വ്യത്യാസത്തെപ്പററി വേണ്ടത്ര ചർച്ച നടന്നിട്ടില്ലെന്നും മററുമുള്ള എല്ലാ വാദങ്ങളേയും (''നാഷെ സ്ലോവൊ''യുടെ 87, 90 ലക്കങ്ങളിൽ വന്നിട്ടുള്ള ആക്സെൽറൊഡിന്റെ ഏററവും ഒടുവിലത്തെ അഭിമുഖസംഭാഷണം നോക്കുക) കുതർക്കമെന്ന നിലയ്ക്കു് നാം ഉടനടി തള്ളിക്കളയേണ്ടതാണെന്നുകൂടി കൂട്ടത്തിൽ പറയട്ടെ. ഇതു് കുതർക്കമാണു്. കാരണം, സാമ്രാജ്യത്വത്തെ സമഗ്രമായി, ശാസ്ത്രീയമായി വിശകലനം ചെയ്യുകയെ

ന്നതു് ഒരു കാര്യമാണ്. ആ വിശകലനം ആരംഭിച്ചിട്ടേയുള്ളു. സാരാംശത്തിൽ അതു് ശാസ്ത്രത്തോളംതന്നെ അവസാനമില്ലാത്തതാണ്. എന്നാൽ, മുതലാളിത്തപരമായ സാമ്രാജ്യത്വത്തിനെതിരായ സോഷ്യലിസ്റ്റ് അടവുകളുടെ തത്വങ്ങൾ തികച്ചും മറെറാരു കാര്യമാണ്. സോഷ്യൽ ഡെമോക്രാററിക് പത്രങ്ങളുടെ ലക്ഷക്കണക്കിനു കോപ്പികളിലും ഇൻറർനാഷനലിൻെറ തീരുമാനത്തിലും അവ പ്രതിപാദിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ് പാർട്ടികൾ വാദപ്രതിവാദം നടത്താനുള്ള ക്ലബ്ബുകളല്ല, പൊരുതുന്ന തൊഴിലാളിവർഗ്ഗത്തിൻെറ സംഘടനകളാണ്. കുറെ ബററാലിയണുകൾ ശത്രുപക്ഷത്തു ചേരുമ്പോൾ അവരെ പേരുപറഞ്ഞു് വഞ്ചകരായി മുദ്രകുത്തണം. ''എല്ലാവരും സാമ്രാജ്യത്വത്തെ ഒരുപോലല്ല മനസ്സിലാക്കുന്നതു്'' എന്നും, ഷോവിനിസ്റ്റായ കൗട്സ്കിയും ഷോവിനിസ്റ്റായ കുനൊവിനും അതെപ്പററി കെട്ടുകണക്കിനു് എഴുതാൻ കഴിയുമെന്നും, പ്രശ്നത്തെക്കുറിച്ചു് ''വേണ്ടത്ര ചർച്ചചെയ്യിട്ടില്ലെ''ന്നും മററുമുള്ള കപടവാദങ്ങൾക്കു് നാം അടിപെട്ടുപോകരുതു്. മുതലാളിത്തത്തെപ്പററി, അതിൻെറ കവർച്ചസ്വഭാവത്തിൻെറ എല്ലാ പ്രകടിതരൂപങ്ങളേയും ഉൾക്കൊള്ളുന്ന തരത്തിൽ, അതിൻെറ ചരിത്രപരമായ വളർച്ചയുടേയും ദേശീയസവിശേഷതകളുടേയും അതിസൂക്ഷ്മമായ എല്ലാ ശാഖോപശാഖകളേയും ഉൾക്കൊള്ളുന്ന തരത്തിൽ, ഒരു സമ്പൂർണ്ണപഠനം ഒരിക്കലും സാദ്ധ്യമല്ല. പണ്ഡിതന്മാർ (വിശേഷിച്ചു് പാണ്ഡിത്യഡംഭികൾ) വിശദാംശങ്ങളെക്കുറിച്ചുള്ള തർക്കം ഒരിക്കലും അവസാനിപ്പിക്കുകയില്ല. അക്കാരണത്താൽ മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് സമരം ഉപേക്ഷിക്കുകയും ആ സമരത്തെ വഞ്ചിച്ചവരെ എതിർക്കാതിരിക്കുകയും ചെയ്യുന്നതു് അപഹാസ്യമായിരിക്കും. പക്ഷെ, വേറെന്തു ചെയ്യാനാണ് കൗട്സ്കിയും കുനൊവും ആക്സെൽറൊഡും മററും നമ്മോടു പറയുന്നതു്?

യുദ്ധം പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞിരിക്കുന്ന ഈയവസരത്തിൽ ബാസെൽ പ്രമേയത്തെ പരിശോധിക്കാനോ അതു തെററാണെന്നു തെളിയിക്കാനോ ഉള്ള ഒരു ശ്രമംപോലും ആരും നടത്തിയിട്ടില്ല.

## II

എന്നാൽ യുദ്ധം ഒരു വിപ്ലവപരിതസ്ഥിതി ഉളവാക്കുമെന്ന പ്രതീക്ഷകൊണ്ടാണ് ആത്മാർത്ഥതയുള്ള സോഷ്യലിസ്റ്റുകാർ ബാസെൽ പ്രമേയത്തെ പിന്താങ്ങിയതെന്നും വിപ്ലവം അസാദ്ധ്യമാണെന്നു തെളിയിച്ചുകൊണ്ടു് സംഭവങ്ങൾ അവരുടെ പ്രതീക്ഷയെ അസ്ഥാനത്താക്കിയെന്നും വന്നുകൂടേ?



Scanned by CamScanner

ഇത്തരം കുതർക്കങ്ങളവഴിയാണ് ബൂർഷ്വാസിയുടെ പാളയത്തിലേക്കു കാലുമാറിയതിനെ ന്യായീകരിക്കാൻ കുനൊവ് ശ്രമിക്കുന്നതു് (''പാർട്ടിയുടെ തകർച്ചയോ?'' എന്ന ലഘുലേഖയിലും ലേഖനപരമ്പരയിലും). കൗട്സ്കിയുടെ നേതൃത്വത്തിലുള്ള ഒട്ടുമുക്കാലും മറെറല്ലാ സോഷ്യൽ ഷോവിനിസ്റ്റുകളുടെ ലേഖനങ്ങളിലും ഇതുപോലുള്ള ''വാദഗതികളുടെ'' സൂചനയുണ്ട്. വിപ്ലവത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ വ്യാമോഹങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നു. വ്യാമോഹങ്ങൾക്കു വേണ്ടി പൊരുതുന്നതു് മാർക്സിസ്റ്റുകാരൻെറ പണിയല്ല. ഇതാണ് കുനൊവിൻെറ വാദം. എന്നാൽ ബാസെൽ പ്രകടനപത്രികയിൽ ഒപ്പുവച്ച എല്ലാവരും വച്ചുപുലർത്തിയ ''വ്യാമോഹങ്ങളെ'' പ്പററി ഈ സ്ട്രൂവെപക്ഷക്കാരൻ ഒരക്ഷരം മിണ്ടുന്നില്ല. തികച്ചും സത്യസന്ധനായ ഒരാളെന്ന നിലയ്ക്കു് കുററം മുഴുവനും പന്നെക്കുക്കിനേയും റാദെക്കിനേയും പോലുള്ള അജ്ഞേയററത്തെ ഇടതുപക്ഷക്കാരുടെ ചുമലിൽ ചാരാനാണ് അദ്ദേഹത്തിൻെറ ശ്രമം!

ബാസെൽ പ്രകടനപത്രികയുടെ രചയിതാക്കൾ വിപ്ലവം വരുമെന്നു് ആത്മാർത്ഥമായി പ്രതീക്ഷിച്ചിരുന്നുവെന്നും എന്നാൽ സംഭവഗതികൾ അവരുടെ പ്രതീക്ഷയെ വ്യർത്ഥമാക്കിയെന്നുമുള്ള വാദഗതിയുടെ പൊരുളെന്താണെന്നു നമുക്കൊന്നു നോക്കാം. ബാസെൽ പ്രകടനപത്രികയിൽ പറയുന്നതു് ഇതാണ്: 1) യുദ്ധം ഒരു സാമ്പത്തിക—രാഷ്ട്രീയപ്രതിസന്ധി സൃഷ്ടിക്കും; 2) യുദ്ധത്തിൽ തങ്ങൾ പങ്കെടുക്കുന്നതിനെ തൊഴിലാളികൾ പാതകമായി കരുതും. ''മുതലാളിമാരുടെ ലാഭത്തിനും രാജവംശങ്ങളുടെ അഭിമാനത്തിനും രഹസ്യനയതന്ത്ര ഉടമ്പടികൾക്കും വേണ്ടി പരസ്പരം വെടിവച്ചുവീഴ്ത്തുന്നതിനെ'' അവർ പാതകമായി കരുതും. യുദ്ധം തൊഴിലാളികളിൽ ഉണർത്തുന്നതു് ''അമർഷവും രോഷവു''മാണ്; 3) ഈ പ്രതിസന്ധിയേയും തൊഴിലാളികളുടെ മനോഭാവത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ടു് ''ജനങ്ങളെ തട്ടിയുണർത്തുകയും മുതലാളിത്തത്തിൻെറ പതനത്തെ ആസന്നമാക്കുകയും ചെയ്യുക''യെന്നതാണ് സോഷ്യലിസ്റ്റുകാരുടെ കടമ; 4) ഒന്നൊഴിയാതെ ഏതൊരു ''ഗവണ്മെൻറിനും'' ''സ്വയം അപകടം വിളിച്ചുവരുത്തിക്കൊണ്ടു''മാത്രമേ യുദ്ധം തുടങ്ങാനാവൂ; 5) ഗവണ്മെൻറുകൾക്കു് ''തൊഴിലാളിവർഗ്ഗവിപ്ലവത്തെ ഭയമാണ്''; 6) ഗവണ്മെൻറുകൾ പാരീസ് കമ്മ്യൂണിനെക്കുറിച്ചും (അതായതു്, ആഭ്യന്തരയുദ്ധത്തെക്കുറിച്ചു്) റഷ്യയിൽ 1905—ൽ നടന്ന വിപ്ലവത്തെക്കുറിച്ചും ''ഓർക്കണം''; ഇത്യാദി. ഇതെല്ലാം തന്നെ വളരെ വ്യക്തമായ ആശയങ്ങളാണ്. വിപ്ലവം നടക്കുമെന്നു് അവ ഉറപ്പുനൽകുന്നില്ല. വസ്തുതകളേയും പ്രവണതകളേയും കൃത്യ



Scanned by CamScanner

മായി സ്വഭാവനിർവ്വചനം ചെയ്യുന്നതിൽ ഊന്നുകയാണ് അവ ചെയ്യുന്നത്. പ്രതീക്ഷിച്ചിരുന്ന വിപ്ലവം വ്യാമോഹമാണെന്നു തെളിഞ്ഞുവെന്ന് ഈ ആശയങ്ങളേയും വാദമുഖങ്ങളേയും വച്ചുകൊണ്ട് പറയുന്നവർ വിപ്ലവത്തോടു കൈക്കൊള്ളുന്നത് ഒരു മാർക്സിസ്റ്റ് നിലപാടല്ല, സ്ഥൂലപക്ഷക്കാരന്റേയും പോലീസ്—കുതികാൽവെട്ടിയുടേയും മനോഭാവമാണ്.

വിപ്ലവപരിതസ്ഥിതികൂടാതെ വിപ്ലവം അസാദ്ധ്യമാണെന്ന കാര്യം ഒരു മാർക്സിസ്റ്റുകാരനെ സംബന്ധിച്ചിടത്തോളം അനിഷേധ്യമാണ്. മാത്രമല്ല, എല്ലാ വിപ്ലവപരിതസ്ഥിതിയും വിപ്ലവത്തിലേക്കു നയിക്കുകയുമില്ല. പൊതുവിൽ പറഞ്ഞാൽ, ഒരു വിപ്ലവപരിതസ്ഥിതിയുടെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? താഴെപ്പറയുന്ന മൂന്നു പ്രധാനലക്ഷണങ്ങൾ ചൂണ്ടിക്കാട്ടിയാൽ തീർച്ചയായും തെററായിരിക്കുകയില്ല: 1) യാതൊരു മാററവുംകൂടാതെ ഭരണം തുടരാൻ ഭരണാധികാരിവർഗ്ഗങ്ങൾക്കു സാദ്ധ്യമാവാതെ വരുമ്പോൾ; ''ഉപരിവർഗ്ഗങ്ങൾ''ക്കിടയിൽ ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ഒരു പ്രതിസന്ധിയുണ്ടാവുമ്പോൾ; ഭരണാധികാരിവർഗ്ഗത്തിന്റെ നയത്തിലെ പ്രതിസന്ധി ഉളവാക്കുന്ന വിടവിലൂടെ മർദ്ദിതവർഗ്ഗങ്ങളുടെ അസംതൃപ്തിയും രോഷവും പൊട്ടിപ്പുറത്തുചാടുമ്പോൾ. വിപ്ലവം നടക്കണമെങ്കിൽ, പഴയ രീതിയിൽ ജീവിക്കാൻ ''അധോവർഗ്ഗങ്ങൾ ആഗ്രഹിക്കാത്തതു''കൊണ്ടുമാത്രം സാധാരണഗതിയിൽ പോരാ. പഴയ രീതിയിൽ ജീവിക്കാൻ ''ഉപരിവർഗ്ഗങ്ങൾക്കു സാദ്ധ്യമാകാതിരിക്കുക''കൂടി വേണം. 2) മർദ്ദിതവർഗ്ഗങ്ങളുടെ ദുരിതവും പഞ്ഞവും സാധാരണയിൽ കവിഞ്ഞ് മൂർഛിക്കുമ്പോൾ; 3) മുൻപറഞ്ഞ കാരണങ്ങളാൽ ബഹുജനങ്ങളുടെ പ്രവർത്തനം ഗണ്യമായി വർദ്ധിക്കുമ്പോൾ; ''സമാധാനകാലത്ത്'' യാതൊരു പരാതിയുമില്ലാതെ കൊള്ളയടി സഹിക്കുന്ന അവർ കോളിളക്കത്തിന്റെ കാലത്ത് പ്രതിസന്ധിയുടെ എല്ലാ ചുററുപാടുകളാലും ''ഉപരിവർഗ്ഗങ്ങളാൽ''ത്തന്നെയും ചരിത്രപ്രധാനമായ സ്വതന്ത്രപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കപ്പെടുമ്പോൾ.

ഒററക്കൊററയ്ക്കുള്ള ഗ്രൂപ്പുകളുടേയും പാർട്ടികളുടേയും മാത്രമല്ല, വർഗ്ഗങ്ങളുടെപോലും ഹിതത്തെ അശ്രയിക്കാത്ത ഈ വസ്തുനിഷ്ഠമായ മാററങ്ങൾ കൂടാതെ സാധാരണഗതിയിൽ വിപ്ലവം സാദ്ധ്യമല്ല. ഈ വസ്തുനിഷ്ഠമായ മാററങ്ങളുടെയെല്ലാംകൂടിയുള്ള ആകത്തുകയാണ് വിപ്ലവപരിതസ്ഥിതിയെന്നു പറയുന്നത്. റഷ്യയിൽ 1905–ലും പടിഞ്ഞാറൻ രാജ്യങ്ങളിൽ എല്ലാ വിപ്ലവകാലഘട്ടങ്ങളിലും അത്തരം പരിതസ്ഥിതിയുണ്ടായിരുന്നു. വിപ്ലവം നടന്നില്ലെങ്കിൽക്കൂടി 1860'കളിൽ ജർമ്മനിയിലും 1859–61, 1879–80, എന്നീ



Scanned by CamScanner

വർഷങ്ങളിൽ റഷ്യയിലും ആ പരിതസ്ഥിതി നിലവിലുണ്ടായിരുന്നു. എന്തുകൊണ്ട് വിപ്ലവം നടന്നില്ല? എന്തുകൊണ്ടെന്നാൽ, എല്ലാ വിപ്ലവപരിതസ്ഥിതിയിലും വിപ്ലവം നടക്കുകയില്ല. മുൻപറഞ്ഞ വസ്തുനിഷ്ഠമായ മാററങ്ങളോടൊപ്പം ഒരു വ്യക്തിനിഷ്ഠമായ മാററംകൂടിയുണ്ടാകുന്ന പരിതസ്ഥിതിയിൽ മാത്രമേ വിപ്ലവം നടക്കൂ. അതായതു്, ''തള്ളിയിട്ടില്ലെങ്കിൽ'' ഒരിക്കലും—പ്രതിസന്ധിയുടെ ഘട്ടത്തിൽപോലും—''താഴെ വീഴാത്ത'' പഴയ ഗവണ്മെൻറിനെ തകർക്കാവുന്നത്ര (അല്ലെങ്കിൽ താറുമാറാക്കാവുന്നത്ര) സുശക്തമായ വിപ്ലവ ബഹുജനസമരം നടത്താനുള്ള കഴിവു് വിപ്ലവവർഗ്ഗത്തിനു് ഉണ്ടായിരിക്കണം.

ഇതെല്ലാമാണു് വിപ്ലവത്തെക്കുറിച്ചുള്ള മാർക്സിസ്റ്റു് വീക്ഷണങ്ങൾ. അനേകമനേകംതവണ വികസിപ്പിച്ചിട്ടുള്ളതും അനിഷേധ്യമെന്ന നിലയ്ക്കു് എല്ലാ മാർക്സിസ്റ്റുകാരും അംഗീകരിച്ചിട്ടുള്ളതുമാണു് അവ. 1905–ലെ അനുഭവം വിശേഷിച്ചും പ്രകടമായ വിധത്തിൽ റഷ്യാക്കാരായ നമുക്കു് അവയെ സ്ഥിരീകരിച്ചുതന്നിട്ടുണ്ടു്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ബാസെൽ പ്രകടനപത്രിക സങ്കല്പിച്ചതെന്താണു്? 1914–15–ൽ നടന്നതെന്താണു്?

ഒരു വിപ്ലവപരിതസ്ഥിതി—അതിൽ ചുരുക്കിപ്പറഞ്ഞിരിക്കുന്നപ്രകാരമാണെങ്കിൽ ഒരു ''സാമ്പത്തിക–രാഷ്ട്രീയപ്രതിസന്ധി'' —സംജാതമാവുമെന്നു് അതു സങ്കല്പിച്ചു. അങ്ങിനെയൊരു പരിതസ്ഥിതി സംജാതമായിട്ടുണ്ടോ? നിസ്സംശയമായും ഉണ്ടു്. കപടനാട്യക്കാരായ കുനൊവ്–കൗട്സ്കി–പ്ലെഹാനൊവ് പ്രഭൃതികളേക്കാൾ വെട്ടിത്തുറന്നും പരസ്യമായും സത്യസന്ധമായും ഷോവിനിസത്തിനുവേണ്ടി വാദിക്കുന്ന ലേൻച് എന്ന സോഷ്യൽഷോവിനിസ്റ്റു് ഇങ്ങനെ പോലും പറഞ്ഞിട്ടുണ്ടു്: ''ഒരുതരം വിപ്ലവത്തിലൂടെയാണു് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതു്'' (''ജർമ്മൻ സോഷ്യൽഡെമോക്രസിയും യുദ്ധവും'' എന്ന അദ്ദേഹത്തിൻെറ ലഘുലേഖയുടെ 6–ാം പേജ് —ബർലിൻ, 1915). ഒരു രാഷ്ട്രീയപ്രതിസന്ധി നിലവിലുണ്ടു്. ഒരൊററ ഗവണ്മെൻറിനുപോലും നാളെ എന്തു സംഭവിക്കുമെന്നു തീർച്ചയില്ല. ധനപരമായ തകർച്ച, ഭൂപ്രദേശങ്ങളുടെ നഷ്ടം, സ്വരാജ്യത്തുനിന്നുള്ള ബഹിഷ്കരണം (ബൽജിയൻ ഗവണ്മെൻറ് ബഹിഷ്കൃതമായതുപോലെ) എന്നീ അപകടങ്ങളിൽനിന്നും ഒരൊററ ഗവണ്മെൻറും സുരക്ഷിതമല്ല. എല്ലാ ഗവണ്മെൻറുകളും നിൽക്കുന്നതു് ഒരു അഗ്നിപർവ്വതത്തിൻെറ മുകളിലാണു്. അവതന്നെ ബഹുജനങ്ങളോടു് മുൻകയ്യും ധീരോദാത്തതയും പ്രകടിപ്പിക്കാൻ ആഹ്വാനംചെയ്യുകയാണു്. യൂറോപ്പിലെ രാഷ്ട്രീയസംവിധാനത്തിനാകെ ഇളക്കംതട്ടിയിരിക്കുന്നു. വമ്പിച്ച രാഷ്ട്രീയകോളിളക്കങ്ങ

ളുടെ ഒരു കാലഘട്ടത്തിലേക്ക് നാം കാലുകുത്തിയിരിക്കുകയാണെന്ന് (കൂടുതൽക്കൂടുതൽ കടന്നിരിക്കുകയാണെന്ന്—ഇററലി യുദ്ധം പ്രഖ്യാപിച്ച ദിവസമാണ് ഞാനിതെഴുതുന്നത്) ആരും നിഷേധിക്കുമെന്ന തോന്നുന്നില്ല. ''യുദ്ധം തുടങ്ങുന്ന സമയത്തെപ്പോലെ ഒരു ഗവണ്മെൻറ് ഒരിക്കലും സുശക്തമായിരിക്കില്ല, പാർട്ടികൾ ഒരിക്കലും ദുർബ്ബലമായിരിക്കില്ല'' എന്ന് യുദ്ധപ്രഖ്യാപനം നടന്ന് രണ്ടു മാസം കഴിഞ്ഞ് കൗട്സ്കി എഴുതിയപ്പോൾ (1914 ഒക്ടോബർ 2-ാംനു ''നോയെ സൈററി''ൽ[10]), സ്യൂഡെക്കമുകളേയും മററവസരവാദികളേയും പ്രീണിപ്പിക്കാൻവേണ്ടി കൗട്സ്കി ചരിത്രശാസ്ത്രത്തോട കളവു കാട്ടിയതിൻെറ ഒരു ഉദാഹരണമായിരുന്ന അത്. ഒന്നാമത്, ഭരണാധികാരിവർഗ്ഗങ്ങളുടെ എല്ലാ പാർട്ടികളുമായുള്ള യോജിപ്പും മർദ്ദിതവർഗ്ഗങ്ങൾക്ക് ആ ഭരണത്തോടുള്ള ''സമാധാനപരമായ'' വിധേയത്വവും യുദ്ധകാലത്തെപ്പോലെ ഒരിക്കലും ഗവണ്മെൻറുകൾക്ക് ആവശ്യമില്ല. രണ്ടാമത്, ''യുദ്ധം തുടങ്ങുന്ന സമയത്ത്''—വിശേഷിച്ചും ശീഘ്രവിജയം പ്രതീക്ഷിക്കുന്ന ഒരു രാജ്യത്ത്—ഗവണ്മെൻറ് സർവ്വശക്തമാണെന്ന തോന്നിയേക്കാമെങ്കിലും, ലോകത്താരും ഒരിടത്തും ഒരിക്കലും വിപ്ലവപരിതസ്ഥിതിയെക്കുറിച്ചുള്ള പ്രതീക്ഷകളെ യുദ്ധത്തിൻെറ ''തുടക്ക''വുമായി ബന്ധപ്പെടുത്തിയിട്ടില്ല; ''തോന്നലും'' യാഥാർത്ഥ്യവും ഒന്നായി അത്രപോലും കണ്ടിട്ടില്ല.

യൂറോപ്പിലെ യുദ്ധം ഇതേവരെയുള്ള ഏതൊരു യുദ്ധത്തേക്കാളും രൂക്ഷമായിരിക്കുമെന്ന് എല്ലാവരും അറിഞ്ഞതും കണ്ടതും സമ്മതിച്ചതുമാണ്. യുദ്ധാനുഭവം ഇക്കാര്യം പൂർവ്വാധികം സ്ഥിരീകരിക്കുന്നുമുണ്ട്. യുദ്ധം പടർന്നുപിടിക്കുകയാണ്. യൂറോപ്പിൻെറ രാഷ്ട്രീയാടിത്തറകൾക്ക് കൂടുതൽക്കൂടുതൽ ഇളക്കം തട്ടുകയാണ്. ബഹുജനങ്ങളുടെ കെടുതികൾ ഭയങ്കരമാണ്. ആ കെടുതികളെ മൂടിവെയ്ക്കാൻ ഗവണ്മെൻറുകളും ബൂർഷ്വാസിയും അവസരവാദികളും നടത്തുന്ന ശ്രമങ്ങൾ പൂർവ്വാധികം നിഷ്ഫലമാണെന്ന തെളിയുകയാണ്. മുതലാളിമാരുടെ ചില ഗ്രൂപ്പുകൾ യുദ്ധത്തിൽനിന്നുണ്ടാകുന്ന ലാഭം കേട്ടുകേൾവിപോലുമില്ലാത്തവണ്ണം, അപകീർത്തികരമാംവണ്ണം, ഭീമമാണ്. വൈരുദ്ധ്യങ്ങൾ അങ്ങേയററം മൂർച്ഛിച്ചുവരികയാണ്. ബഹുജനങ്ങളുടെ പുകഞ്ഞുകൊണ്ടിരിക്കുന്ന രോഷം, സമുദായത്തിലെ അവശരും അജ്ഞരുമായ വിഭാഗങ്ങൾ ഉദാരമായ (''ജനാധിപത്യപരമായ'') സമാധാനത്തെക്കുറിച്ചു വച്ചുപുലർത്തുന്ന അവ്യക്തമായ പ്രതീക്ഷകൾ, ''അധോവർഗ്ഗങ്ങൾ''ക്കിടയിൽ അസംതൃപ്തിയുടെ തുടക്കം—ഇതെല്ലാം വസ്തുതകളാണ്. യുദ്ധം കൂടുതൽ നീണ്ടുപോകുന്തോറും, കൂടുതൽ രൂക്ഷമാകുന്തോറും, ഗവണ്മെൻറുകൾതന്നെ ബഹുജനങ്ങളുടെ പ്രവർത്തനത്തെ



Scanned by CamScanner

കൂടുതൽ സുശക്തമായി വളർത്തുന്നതാണ്, വളർത്താതെ തരമില്ല. അസാമാന്യമായ പ്രയത്നത്തിനും ആത്മത്യാഗത്തിനും അവ അവരെ ആഹ്വാനം ചെയ്യുന്നു. ചരിത്രത്തിലെ ഏതൊരു പ്രതിസന്ധിയുടേയും ഏതൊരു വമ്പിച്ച അത്യാഹിതത്തിൻേറയും മനുഷ്യജീവിതത്തിൽ പൊടുന്നനെയുണ്ടാകുന്ന ഏതൊരു ഇളകിമറിച്ചിലിൻേറയും അനുഭവത്തെപ്പോലെതന്നെ യുദ്ധത്തിൻെറ അനുഭവവും ചിലരെ സ്തംഭിപ്പിക്കുകയും തകർക്കുകയും ചെയ്യുന്നു, എന്നാൽ മററുചിലരെ ഉൽബുദ്ധരും ദൃഢചിത്തരുമാക്കുന്നു. ആകെക്കൂടി, ലോകത്തിൻെറ മുഴുവൻ ചരിത്രത്തിൽ അങ്ങിങ്ങായി ഏതെങ്കിലും ഭരണകൂടത്തിൻെറ അധോഗതിയും പതനവും ഒഴിച്ചുനിർത്തിയാൽ, രണ്ടാമത്തെ കൂട്ടരുടെ എണ്ണവും ശക്തിയും ആദ്യത്തെ കൂട്ടരുടേതിനേക്കാൾ കൂടുതലാണെന്നാണു തെളിഞ്ഞിട്ടുള്ളത്.

ഈ കെടുതികളും വൈരുദ്ധ്യങ്ങളുടെ കൊടുമ്പിരിക്കൊള്ളലുമെല്ലാം ''ഉടനടി'' അവസാനിപ്പിക്കുന്നതിനു പകരം സമാധാനസ്ഥാപനം ജനങ്ങളിൽ ഏററവും പിന്നണിയിൽ കിടക്കുന്നവർക്ക് പല കാര്യത്തിലും ആ കെടുതികൾ കൂടുതൽ തീക്ഷ്ണമായും പ്രത്യക്ഷമായും അനുഭവപ്പെടാൻ ഇടയാക്കുകയേയുള്ളു.

ഒററ വാക്കിൽ പറഞ്ഞാൽ, യൂറോപ്പിലെ ഭൂരിപക്ഷം മുന്നണി രാജ്യങ്ങളിലും വൻശക്തിരാജ്യങ്ങളിലും ഒരു വിപ്ലവപരിതസ്ഥിതി നിലവിലുണ്ട്. ഇക്കാര്യത്തിൽ ബാസെൽപ്രകടനപത്രികയുടെ പ്രവചനം പൂർണ്ണമായും സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു. കുനൊവ്—പ്ലെഹാനൊവ്—കൗട്സ്കി പ്രഭൃതികളെപ്പോലെ ഈ പരമാർത്ഥത്തെ പ്രത്യക്ഷമായോ പരോക്ഷമായോ നിഷേധിക്കുകയെന്നു വച്ചാൽ, അല്ലെങ്കിൽ അവഗണിക്കുകയെന്നു വച്ചാൽ, വലിയൊരു കളവു പറയുകയെന്നാണർത്ഥം. തൊഴിലാളിവർഗ്ഗത്തെ വഞ്ചിക്കുകയും ബൂർഷ്വാസിയെ സേവിക്കുകയും ചെയ്യുകയെന്നാണർത്ഥം. യൂറോപ്പിൽ ഒരു വിപ്ലവപരിതസ്ഥിതിയുടെ ലക്ഷണങ്ങൾ നിലവിലുണ്ടെന്നു സമ്മതിക്കാൻ വിപ്ലവത്തെ ഭയപ്പെടുന്നവർ—പെററിബൂർഷ്വാ ക്രിസ്ത്യൻ പാതിരിമാരും സൈനിക ജനറൽസ്റ്റാഫുകളും ലക്ഷപ്രഭുക്കളുടെ പത്രങ്ങളും—നിർബ്ബന്ധിതരായിരിക്കുന്നുവെന്നു തെളിയിക്കുന്ന വസ്തുതകൾ ''സൊത്സിയാൽ ദെമൊക്രാററി11''ൽ (ലക്കം 34, 40, 41) ഞങ്ങൾ ഉദ്ധരിക്കുകയുണ്ടായി.

ഈ പരിതസ്ഥിതി നീണ്ടുനിൽക്കുമോ? അതു് എത്രകണ്ടു കൂടുതൽ മൂർഛിക്കും? അതു് വിപ്ലവത്തിലേക്കു നയിക്കുമോ? ഞങ്ങൾക്കറിഞ്ഞുകൂടാ. ആർക്കുമറിയാൻ സാദ്ധ്യമല്ല. വിപ്ലവമനോഭാവത്തിൻെറ വളർച്ചയുടേയും മുന്നണിവർഗ്ഗമായ തൊഴിലാളിവർഗ്ഗം



Scanned by CamScanner

വിപ്ലവപ്രവർത്തനത്തിലേക്കു കടക്കുന്നതിൻേറയും ഇടയിൽ നേടുന്ന അനുഭവം മാത്രമേ ഇതിനു മറുപടി നൽകൂ. ഇക്കാര്യത്തിൽ ''വ്യാമോഹങ്ങളെ''ക്കുറിച്ചോ അവ വിഫലമായതിനെക്കുറിച്ചോ സംസാരിക്കുന്നതിലർത്ഥമില്ല. കാരണം, ഇപ്പോഴത്തെ യുദ്ധവും (അടുത്തതല്ല) ഇന്നത്തെ വിപ്ലവപരിതസ്ഥിതിയും (നാളത്തെയല്ല) വിപ്ലവമുണ്ടാക്കുമെന്നു് ഒരു സോഷ്യലിസ്റ്റുകാരനും ഒരിക്കലും ഉറപ്പുനൽകിയിട്ടില്ല. നാം ചർച്ചചെയ്യുന്നതു് എല്ലാ സോഷ്യലിസ്റ്റുകാരുടേയും അവിതർക്കിതമായ മൗലികകടമയെക്കുറിച്ചാണു്. വിപ്ലവപരിതസ്ഥിതി നിലവിലുണ്ടെന്ന കാര്യം ബഹുജനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുക്കുക, അതിൻെറ ആഴവും പരപ്പും വിശദീകരിച്ചുകൊടുക്കുക, തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവബോധവും വിപ്ലവദൃഢനിശ്ചയതയും തട്ടിയുണർത്തുക, വിപ്ലവപ്രവർത്തനത്തിലേക്കു കടക്കാൻ അതിനെ സഹായിക്കുക, അതിനുവേണ്ടി വിപ്ലവപരിതസ്ഥിതിയ്ക്കു് അനുയോജ്യമായ തരത്തിലുള്ള സംഘടനകൾ രൂപീകരിക്കുക—ഇതാണു് ആ കടമ.

ഇതാണു സോഷ്യലിസ്റ്റു് പാർട്ടികളുടെ കടമയെന്നതിനെപ്പററി സംശയിക്കാൻ ജനസ്വാധീനവും ഉത്തരവാദിത്വവുമുള്ള ഒരൊററ സോഷ്യലിസ്റ്റുകാരനും ഒരിക്കലും ധൈര്യപ്പെട്ടിട്ടില്ല. ''വ്യാമോഹങ്ങൾ'' തെല്ലും പ്രചരിപ്പിക്കുകയോ വച്ചുപുലർത്തുകയോ ചെയ്യാതെ ബാസെൽ പ്രകടനപത്രിക എടുത്തുപറഞ്ഞതു് സോഷ്യലിസ്റ്റുകാരുടെ ഈ കടമയെക്കുറിച്ചാണു്—ജനങ്ങളെ തട്ടിയുണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുക (പ്ലെഹാനൊവിനേയും ആക്സെൽറൊഡിനേയും കൗട്സ്കിയേയും പോലെ അവരെ ഷോവിനിസംകൊണ്ടു മയക്കുകയല്ല), മുതലാളിത്തത്തിൻെറ പതനം എത്രയും ആസന്നമാക്കാൻവേണ്ടി പ്രതിസന്ധിയെ പ്രയോജനപ്പെടുത്തുക, കമ്മ്യൂണിൻേറയും 1905 ഒക്ടോബർ–ഡിസംബറിൻേറയും മാതൃകകളെ മാർഗ്ഗദർശകമായെടുക്കുക. ഈ കടമ നിറവേററുന്നതിൽ ഇപ്പോഴത്തെ പാർട്ടികൾ വീഴ്ചവരുത്തിയെന്നതിൻെറ അർത്ഥം അവ വഞ്ചന കാട്ടിയെന്നാണു്, രാഷ്ട്രീയമായി മൃതിയടഞ്ഞുവെന്നാണു്, സ്വന്തം പങ്കു് കൈവെടിഞ്ഞു് ബൂർഷ്വാസിയുടെ ഭാഗത്തേക്കു് കാലുമാറിയെന്നാണു്.

## III

എന്നാൽ, രണ്ടാം ഇൻറർനാഷനലിൻെറ ഏററവും പ്രമുഖരായ പ്രതിനിധികളും നേതാക്കളും സോഷ്യലിസത്തെ വഞ്ചിക്കാൻ ഇടയായതു് എന്തുകൊണ്ടാണു്? ഈ വഞ്ചനയ്ക്കു് ഒരു ''സൈദ്ധാന്തിക''

സാധൂകരണം നൽകാൻ നടത്തിവരുന്ന ശ്രമങ്ങളെ പരിശോധിച്ച ശേഷം ഞങ്ങൾ ഈ പ്രശ്നം വിശദമായി ചർച്ചചെയ്യുന്നതാണ്. സോഷ്യൽഷോവിനിസത്തിന്റെ പ്രധാനസിദ്ധാന്തങ്ങൾക്ക് സ്വഭാവനിർവ്വചനം നൽകാൻ ഞങ്ങൾ ശ്രമിക്കാം. മറ്റുള്ളവരേക്കാൾ വളരെക്കൂടുതൽ സൈദ്ധാന്തികഗഹനത നടിക്കുന്ന പ്ലെഹാനൊവിനേയും (ആംഗ്ലോ—ഫ്രഞ്ച് ഷോവിനിസ്റ്റുകളുടേയും ഹൈൻഡ്മന്റേയും അദ്ദേഹത്തിന്റെ പുതിയ അനുയായികളുടേയും വാദങ്ങളെ ആവർത്തിക്കുകയാണ് അദ്ദേഹം മുഖ്യമായും ചെയ്യുന്നതു്) കൗട്സ്കിയേയും (കൂടുതൽ ''ലോലമായ'' വാദങ്ങളാണ് അദ്ദേഹം ഉന്നയിക്കുന്നതു്) അവയുടെ പ്രതിനിധികളായി കരുതാവുന്നതാണ്.

അവയിൽ ഒരുപക്ഷെ ഏറ്റവും പ്രാകൃതമായിട്ടുള്ളതു് ''ആരു തുടങ്ങി?'' എന്ന സിദ്ധാന്തമാണ്: ഞങ്ങളെ ആക്രമിച്ചു, ഞങ്ങൾ ചെറുത്തുനിൽക്കുന്നു. യൂറോപ്പിൽ സമാധാനം ലംഘിച്ചവരുടെനേരെ തിരിച്ചടിക്കണമെന്നതു് തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യം വച്ചുനോക്കുമ്പോൾ ആവശ്യമാണ്. എല്ലാ ഗവണ്മെന്റുകളും നടത്തുന്ന പ്രഖ്യാപനങ്ങളുടേയും ലോകത്തൊട്ടാകെയുള്ള ബൂർഷ്വാ ഓടപ്പത്രങ്ങൾ കൂട്ടുന്ന മുറവിളികളുടേയും മറെറാരു രൂപംമാത്രമാണിതു്. പഴകിത്തേഞ്ഞ ഈ പടുഭാഷണത്തെപ്പോലും ''വൈരുദ്ധ്യവാദ''ത്തെക്കുറിച്ചുള്ള തന്റെ ജെസ്യൂയിട്ട്മട്ടിലുള്ള അനിവാര്യമായ പരാമർശനത്തിലൂടെ പ്ലെഹാനൊവ് മോടിപിടിപ്പിക്കുന്നുണ്ട്. ഒരു മൂർത്തമായ പരിതസ്ഥിതിയെ വിലയിരുത്താൻ കഴിയണമെങ്കിൽ ആദ്യംതന്നെ അതു തുടങ്ങിയതാരെന്നു കണ്ടുപിടിച്ചു് അവരെ ശിക്ഷിക്കണമെന്നാണ് അദ്ദേഹം പറയുന്നതു്. ശേഷമുള്ള എല്ലാ പ്രശ്നങ്ങളും മറെറാരു പരിതസ്ഥിതി ഉളവാകുന്നതുവരെ അവിടെ നിൽക്കട്ടെ. (1914—ൽ പാരീസിൽ പ്രസിദ്ധീകരിച്ച ''യുദ്ധം'' എന്ന പ്ലെഹാനൊവിന്റെ ലഘുലേഖയും ''ഗോലൊസി''12ന്റെ 86, 87 ലക്കങ്ങളിൽ അതിലെ വാദമുഖങ്ങൾ ആവർത്തിച്ചുകൊണ്ട് ആക്സെൽറൊഡ് എഴുതിയ ലേഖനങ്ങളും നോക്കുക.) വൈരുദ്ധ്യവാദത്തിന്റെ സ്ഥാനത്തു് കുതർക്കത്തെ അവരോധിക്കുകയെന്ന ശ്രേഷ്ഠമായ പണിയിൽ പ്ലെഹാനൊവ് പുതിയൊരു റിക്കാർഡു സൃഷ്ടിച്ചിരിക്കുകയാണ്. കുതർക്കക്കാരൻ പല ''വാദമുഖങ്ങ''ളുള്ളതിൽ ഒന്നിൽ കയറിപ്പിടിക്കുന്നു. ലോകത്തിലെ എന്തു കാര്യവും സ്ഥാപിക്കാൻ പററിയ ''വാദമുഖങ്ങൾ'' കണ്ടെത്താൻ കഴിയുമെന്നു് പണ്ട് ഹെഗൽ പറഞ്ഞിട്ടുള്ളതു് തികച്ചും ഉചിതമായിട്ടുണ്ട്. ഒരു നിർദ്ദിഷ്ടസാമൂഹ്യപ്രതിഭാസത്തെ അതിന്റെ വികാസത്തിനിടയിൽ നാനാമുഖമായ പരിശോധനയ്ക്കു വിധേയമാക്കുക, ബാഹ്യവും പുറമേയ്ക്കു തോന്നുന്നതുമായതിനെ മൗലികമായ

2—3012

ചാലകശക്തികളിലേക്കും ഉല്പാദനശക്തികളുടെ വളർച്ചയിലേക്കും വർഗ്ഗസമരത്തിലേക്കും ചുരുക്കിക്കൊണ്ടുവരിക—ഇതാണ് വൈരുദ്ധ്യവാദം ആവശ്യപ്പെടുന്നത്. പ്ലെഹാനൊവ് ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റുകാരുടെ പത്രങ്ങളിൽനിന്നും ഒരു ഉദ്ധാരണം നുള്ളിയെടുത്തിട്ടുണ്ട്: ആസ്ട്രിയയും ജർമ്മനിയുമാണ് തുടങ്ങിയതെന്നു യുദ്ധത്തിനു മുമ്പ് ജർമ്മൻകാർതന്നെ സമ്മതിച്ചിട്ടുണ്ടത്രെ—പോരേ? ഗലീഷ്യയും ആർമീനിയയും മററും പിടിച്ചടക്കാനുള്ള സാറിസ്റ്റ് പദ്ധതികളെ റഷ്യൻ സോഷ്യലിസ്റ്റുകാർ ആവർത്തിച്ച് തുറന്നുകാട്ടിയിട്ടുണ്ടെന്ന കാര്യത്തെപ്പററി അദ്ദേഹം മിണ്ടുന്നില്ല. കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളിലെയെങ്കിലും സാമ്പത്തികവും നയതന്ത്രപരവുമായ ചരിത്രം പഠിക്കാനുള്ള നേരിയൊരു ശ്രമംപോലും അദ്ദേഹം നടത്തുന്നില്ല. കോളനികൾ വെട്ടിപ്പിടിക്കുക, അന്യനാടുകൾ കൊള്ളയടിക്കുക, കൂടുതൽ ജയിച്ചുനിൽക്കുന്ന എതിരാളികളെ തുരത്തുകയും നശിപ്പിക്കുകയും ചെയ്യുക—ഇതായിരുന്നു ഇപ്പോൾ യുദ്ധത്തിലേർപ്പെട്ടിട്ടുള്ള ശക്തികളിൽ രണ്ടുകൂട്ടരുടേയും നയത്തിന്റെ അസ്തിവാരമെന്ന് ആ ചരിത്രം സംശയാതീതമാംവണ്ണം തെളിയിക്കുന്നു.*

---

* ബ്രിട്ടീഷ് ശാന്തിവാദിയും സോഷ്യലിസ്റ്റായി ചമയുന്നതിനോട് വിരോധമില്ലാത്തയാളുമായ ബ്രെയിൽസ്ഫോർഡ് എഴുതിയ ''ഉരുക്കിന്റേയും സ്വർണ്ണത്തിന്റേയും യുദ്ധം'' എന്ന പുസ്തകം (ലണ്ടൻ, 1914—1914 മാർച്ചിലാണ് ഇതു് പുറത്തുവന്നത്!) അത്യന്തം വിജ്ഞാനപ്രദമാണ്. ദേശീയപ്രശ്നങ്ങൾ ഇപ്പോൾ പിൻപന്തിയിലായിരിക്കുന്നുവെന്നും, അവ പരിഹരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നും (പേജ് 35), ഇന്നത്തെ പ്രശ്നം അതല്ലെന്നും, ബാഗ്ദാദ് റെയിൽവേയും അതിനുള്ള റെയിലുകൾക്കുള്ള കോൺട്രാക്ടുകളും മൊറോക്കൻ ഖനികളും മററുമാണ് ''ആധുനികനയതന്ത്രത്തിനു സവിശേഷമായ പ്രശ്നങ്ങൾ'' എന്നും (പേജ് 36) ഗ്രന്ഥകാരൻ വ്യക്തമായി മനസ്സിലാക്കുന്നുണ്ട്. കൊളോണിയൽ സ്വാധീനമേഖലകൾ പങ്കിടുന്നതിനെ സംബന്ധിച്ചും പാരീസ് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജർമ്മൻ സെക്യൂരിട്ടികളുടെ വിലനിരക്കിനെ സംബന്ധിച്ചുമുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ജർമ്മനിയുമായി ധാരണയിലെത്താനുള്ള കൈയോയുടെ ശ്രമങ്ങൾക്കെതിരായി (1911—ലും 1913—ലും) ഫ്രഞ്ച് ദേശസ്നേഹികളും ബ്രിട്ടീഷ് സാമ്രാജ്യവാദികളും പൊരുതിയെന്ന വസ്തുതയെ ''യൂറോപ്യൻ നയതന്ത്രത്തിന്റെ സമീപകാലചരിത്രത്തിലെ അങ്ങേയററം വിജ്ഞാനപ്രദമായ സംഭവങ്ങളി''ലൊന്നായി ഗ്രന്ഥകാരൻ കരുതുന്നതു് ശരിയാണ്. ബ്രിട്ടനിലേയും ഫ്രാൻസിലേയും ബൂർഷ്വാസി അത്തരമൊരു കരാറിനെ തുരങ്കംവച്ചു (പേജ് 38—40). ശക്തികുറഞ്ഞ രാജ്യങ്ങളിലേക്ക് മൂലധനം കയററി അയയ്ക്കുകയെന്നതാണ് സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം (പേജ് 74). ബ്രി

യുദ്ധങ്ങളെ സംബന്ധിച്ചിടത്തോളം, വൈരുദ്ധ്യവാദത്തിന്റെ മൗലികമായ തീസിസ്സ്—ബൂർഷ്വാസിയെ പ്രീണിപ്പിക്കാൻവേണ്ടി പ്ലെഹാനൊവ് നിർലജ്ജം വളച്ചൊടിച്ച തീസിസ്സ്—ഇതാണ്:

---

ട്ടനിൽ അത്തരം മൂലധനത്തിൽനിന്നുള്ള ലാഭം 1899–ൽ 9 കോടി പവനും 10 കോടി പവനുമിടയ്ക്കും (ജിഫെൻ), 1909–ൽ 14 കോടി പവനും (പെയിഷ്) ആയിരുന്നു. ഈയിടെ ചെയ്ത ഒരു പ്രസംഗത്തിൽ ലോയ്ഡ് ജോർജ്ജ് അത് 20 കോടി പവനായി—അതായത് ഏതാണ്ട് 200 കോടി റൂബിളായി—കണക്കാക്കിയെന്ന് ഞങ്ങൾ കൂട്ടിച്ചേർത്തുകൊള്ളട്ടെ. നീചമായ സൂത്രങ്ങൾ, ഉന്നതപദവിക്കാരായ തുർക്കികളെ കോഴ കൊടുത്തു പാട്ടിലാക്കൽ, ബ്രിട്ടീഷ് പ്രഭുവർഗ്ഗത്തിന്റെ സുവസന്താനങ്ങൾക്ക് ഇന്ത്യയിലും ഈജിപ്തിലും കശാലായ ജോലികൾ—ഇതെല്ലാമാണ് പ്രധാനസവിശേഷതകൾ (പേജ് 85–87). ഒരു നിസ്സാരന്യൂനപക്ഷത്തിനു മാത്രമേ പടക്കോപ്പുകളിൽനിന്നും യുദ്ധങ്ങളിൽനിന്നും നേട്ടമുണ്ടാകുന്നുള്ളുവെന്ന് അദ്ദേഹം പറയുന്നു. എന്നാൽ ആ ന്യൂനപക്ഷത്തിന് ''ഉന്നത സമുദായ''ത്തിന്റേയും പണപ്രഭുക്കന്മാരുടേയും പിൻബലമുണ്ട്. സമാധാനകാംക്ഷികളുടെ പിന്നിലുള്ളതോ, യോജിപ്പില്ലാത്ത ജനങ്ങളും (പേജ് 93). ഇന്ന് സമാധാനത്തെക്കുറിച്ചും നിരായുധീകരണത്തെക്കുറിച്ചും സംസാരിക്കുന്ന ഒരു ശാന്തിവാദി യുദ്ധകോൺട്രാക്ടറന്മാരെ പൂർണ്ണമായി ആശ്രയിച്ചുനിൽക്കുന്ന ഒരു പാർട്ടിയിലെ അംഗമാണെന്നു നാളെ തെളിയുന്നു (പേജ് 161). ത്രിരാഷ്ട്രസന്ധിക്കാർ ജയിച്ചാൽ അവർ മൊറോക്കൊ പിടിച്ചെടുക്കുകയും പേർഷ്യയെ പങ്കുവയ്ക്കുകയും ചെയ്യും. ത്രിരാഷ്ട്രസഖ്യക്കാർ[13] ജയിച്ചാൽ അവർ ത്രിപോളി പിടിച്ചെടുക്കുകയും ബോസ്നിയയുടെ മേലുള്ള പിടി മുറുക്കുകയും തുർക്കിയെ കീഴ്പ്പെടുത്തുകയും ചെയ്യും (പേജ് 167). 1906 മാർച്ചിൽ ലണ്ടനും പാരീസും റഷ്യയ്ക്ക് ശതകോടിക്കണക്കിനു പണം നൽകുകയും സ്വാതന്ത്ര്യപ്രസ്ഥാനത്തെ അടിച്ചമർത്താൻ സാറിസത്തെ സഹായിക്കുകയും ചെയ്തു (പേജ് 225–28). ഇന്ന് പേർഷ്യയുടെ കഴുത്തു ഞെരിക്കാൻ ബ്രിട്ടൻ റഷ്യയെ സഹായിക്കുന്നു (പേജ് 229). റഷ്യയാണ് ബാൾക്കൻ യുദ്ധം കത്തിപ്പൊക്കിയത് (പേജ് 230). ഇതൊന്നുംതന്നെ പുതിയ കാര്യങ്ങളല്ല, ആണോ? ഇതെല്ലാം സർവ്വവിദിതമാണ്. ലോകമാസകലമുള്ള സോഷ്യൽ ഡെമോക്രാററിക് പത്രങ്ങളിൽ ആയിരംതവണ ആവർത്തിച്ചിട്ടുള്ളതാണ്. യുദ്ധത്തിനു തൊട്ടുമുമ്പ് ഒരു ബ്രിട്ടീഷ് ബൂർഷ്വാ ഇതെല്ലാം ആവുന്നത്ര വ്യക്തമായി കാണുന്നു. ജർമ്മനിയുടെ കുററത്തെസ്സംബന്ധിച്ച പ്ലെഹാനൊവിന്റേയും പൊത്രേസൊവിന്റേയും വാദങ്ങളും, മുതലാളിത്തത്തിൻകീഴിൽ നിരായുധീകരണത്തിനും ശാശ്വതസമാധാനത്തിനുമുള്ള ''സാദ്ധ്യതകളെ''സ്സംബന്ധിച്ച കൗട്സ്കിയുടെ വാദവും, ലളിതമായ, സർവ്വവിദിതമായ, ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ എത്ര ലജ്ജാവഹമായ അസംബന്ധമാണ്! എത്ര അവർണ്ണനീയമായ കാപട്യമാണ്! എത്ര മധുരമായ പച്ചക്കള്ളങ്ങളാണ്!

2*

''മററ്'' (അതായതു്, ഹിംസാത്മകമായ) മാർഗ്ഗങ്ങളിലൂടെയുള്ള രാഷ്ട്രതന്ത്രത്തിൻെറ തുടർച്ച മാത്രമാണ്‌ യുദ്ധം.'' ഏററവും മഹാന്മാരായ യുദ്ധചരിത്രകാരന്മാരിലൊരാളും ഹെഗലിൻെറ ആശയസ്വാധീനമുണ്ടായിരുന്നയാളുമായ ക്ലൗസെവിത്‌സിൻെറ* നിർവ്വചനമാണിതു്. മാർക്സിൻേറയും എംഗൽസിൻേറയും നിലപാട്‌ എപ്പോഴും അതായിരുന്നു. അവർ ഏതു യുദ്ധത്തേയും കരുതിയതു്‌ ബന്ധപ്പെട്ട ശക്തികളുടേയും ആ രാജ്യങ്ങളിലെ വിവിധവർഗ്ഗങ്ങളുടേയും അതാതു കാലത്തെ രാഷ്ട്രീയനയത്തിൻെറ തുടർച്ചയായിട്ടാണു്.

പ്ലെഹാനൊവിൻെറ പരുക്കൻ ഷോവിനിസം കുറേക്കൂടി സൂക്ഷ്മവും മധുരംപുരട്ടിയതും അനുരഞ്ജനപരവുമായ കൗട്‌സ്കിയുടെ ഷോവിനിസത്തിൻെറ അതേ സൈദ്ധാന്തികനിലപാടിൽത്തന്നെയാണ്‌ അധിഷ്ഠിതമായിട്ടുള്ളതു്. എല്ലാ രാജ്യങ്ങളിലേയും സോഷ്യലിസ്റ്റുകാർ ''സ്വന്തം'' മുതലാളിമാരുടെ ഭാഗത്തേക്കു്‌ കാലുമാറുന്നതിനെ ആശീർവ്വദിക്കുമ്പോൾ അദ്ദേഹം പറയുന്ന ന്യായങ്ങൾ ഇതെല്ലാമാണു്:

''സ്വന്തം പിതൃഭൂമിയെ രക്ഷിക്കുകയെന്നതു്‌ ഓരോരുത്തരുടേയും അവകാശവും കർത്തവ്യവുമാണു്. എൻെറ രാഷ്ട്രത്തോടു യുദ്ധം ചെയ്യുന്നവയുൾപ്പെടെയുള്ള എല്ലാ രാഷ്ട്രങ്ങളിലേയും സോഷ്യലിസ്റ്റുകാർക്കു്‌ ഈ അവകാശമുണ്ടെന്നു്‌ അംഗീകരിക്കുന്നതിലാണു്‌ യഥാർത്ഥ സാർവ്വദേശീയത്വം സ്ഥിതിചെയ്യുന്നതു്....'' (1914 ഒക്ടോബർ 2—ാംനു-യിലെ ''നോയെ സൈററും'' അതേ ലേഖകൻെറ മററു കൃതികളും നോക്കുക.)

ഈ നിസ്തുലമായ വാദഗതി സോഷ്യലിസത്തോടുള്ള നിസ്സീമമായ അവഹേളനമായതുകൊണ്ടു്‌ ഒരു വശത്തു്‌ വിൽഹെൽം രണ്ടാമൻേറയും നിക്കൊലായ്‌ രണ്ടാമൻേറയും ചിത്രങ്ങളോടും മറുവശത്തു്‌ പ്ലെഹാനൊവിൻേറയും കൗട്‌സ്കിയുടേയും ചിത്രങ്ങളോടും കൂടിയ ഒരു മെഡലടിക്കുകയാണു്‌ ഇതിനുള്ള ഏററവും നല്ല മറുപടി. ''പിതൃഭൂ

---

* Karl von Clausewitz, "Vom Kriege", Werke, I. Bd., S.28. Cf. III. Bd,S.139-40; ''ഗവണ്മെൻറുകളുടേയും രാഷ്ട്രങ്ങളുടേയും രാഷ്ട്രീയബന്ധങ്ങൾമൂലം മാത്രമാണു്‌ യുദ്ധങ്ങളുണ്ടാവുന്നതെന്നു്‌ എല്ലാവർക്കുമറിയാം. എന്നാൽ യുദ്ധാരംഭത്തോടെ ഈ ബന്ധങ്ങൾ നിലയ്ക്കുകയും അതിൻേറതായ നിയമങ്ങൾ പാലിക്കുന്ന തികച്ചും പുതിയൊരു പരിതസ്ഥിതി ഉടലെടുക്കുകയും ചെയ്യുന്നുവെന്ന മട്ടിലാണു്‌ സാധാരണയായി ഇതു മനസ്സിലാക്കപ്പെടുന്നതു്. എന്നാൽ യുദ്ധമെന്നതു്‌ മററു മാർഗ്ഗങ്ങളുടെ ഇടപെടലോടുകൂടിയ രാഷ്ട്രീയബന്ധങ്ങളുടെ തുടർച്ചയല്ലാതെ മറെറാന്നുമല്ലെന്നു്‌ ഞങ്ങൾ ഉറപ്പിച്ചുപറയുന്നു.''

മിയെ രക്ഷിക്കാൻ'' എന്ന പേരിൽ ജർമ്മൻ തൊഴിലാളികൾ ഫ്രഞ്ച് തൊഴിലാളികളുടെ നേർക്കും ഫ്രഞ്ച് തൊഴിലാളികൾ ജർമ്മൻ തൊഴിലാളികളുടെ നേർക്കും തിരയൊഴിക്കുന്നതിനെ ന്യായീകരിക്കലാണത്രെ യഥാർത്ഥ സാർവ്വദേശീയത്വമെന്നാലർത്ഥം!

യുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ രാഷ്ട്രങ്ങൾ തമ്മിലും വർഗ്ഗങ്ങൾ തമ്മിലും ചരിത്രപരമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ രാഷ്ട്രീയബന്ധങ്ങളും നിലച്ച് തികച്ചും പുതിയൊരു പരിതസ്ഥിതി സംജാതമാവുമെന്ന—എൺപതു വർഷത്തോളം മുമ്പ് ക്ലൗസെവിത്സിന്റെ പരിഹാസത്തിനു പാത്രമായ—അതേ ആശയംതന്നെയാണ് കൗട്സ്കിയുടെ വാദഗതിയുടേയും സൈദ്ധാന്തികാടിസ്ഥാനമെന്ന് അതിനെ കൂടുതലടുത്തു പരിശോധിച്ചാൽ വെളിപ്പെടുന്നതാണ്. ''വെറും'' ആക്രമണകാരികളും പ്രതിരോധകരും മാത്രം; ''പിതൃഭൂമിയുടെ ശത്രുക്കളോടുള്ള'' ''വെറും'' ചെറുത്തുനില്പുമാത്രം! ലോകത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന അനേകം രാഷ്ട്രങ്ങളുടെമേൽ പ്രബലസാമ്രാജ്യത്വരാഷ്ട്രങ്ങൾ നടത്തുന്ന മർദ്ദനം; കൊള്ളമുതലിന്റെ പങ്കിനുവേണ്ടി ആ രാജ്യങ്ങളിലെ ബൂർഷ്വാസികൾ തമ്മിലുള്ള മത്സരം; തൊഴിലാളിപ്രസ്ഥാനത്തെ ഭിന്നിപ്പിക്കാനും അടിച്ചമർത്താനും മുതലാളിമാർക്കുള്ള മോഹം—ഇതെല്ലാംതന്നെ പ്ലെഹാനൊവിന്റേയും കൗട്സ്കിയുടേയും ദൃഷ്ടിമണ്ഡലത്തിൽനിന്നു പെട്ടെന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഇതേ ''രാഷ്ട്രീയനയം'' യുദ്ധത്തിനു മുമ്പ് ദശവർഷങ്ങളായി വരച്ചുകാട്ടിയതു് ഇവർതന്നെയാണ്.

ഇതു സംബന്ധിച്ച വാദഗതിയിൽ സോഷ്യൽഷോവിനിസത്തിന്റെ ഈ രണ്ടു പ്രമുഖന്മാർ ഇറക്കുന്ന ''തുറുപ്പുചീട്ടാ''ണ് മാർക്സിനേയും എംഗൽസിനേയും കുറിച്ചുള്ള സത്യവിരുദ്ധമായ പരാമർശങ്ങൾ. 1813–ലെ പ്രഷ്യയുടെ ദേശീയയുദ്ധത്തേയും 1870–ലെ ജർമ്മനിയുടെ ദേശീയയുദ്ധത്തേയും പ്ലെഹാനൊവ് അനുസ്മരിക്കുന്നു. 1854–55, 1859, 1870–71, എന്നീ വർഷങ്ങളിലെ യുദ്ധങ്ങളിൽ ആരുടെ (അതായതു് ഏതു ബൂർഷ്വാസിയുടെ) വിജയമാണ് കൂടുതൽ അഭിലഷണീയമെന്ന പ്രശ്നം മാർക്സ് പരിശോധിച്ചെന്നും 1876–77–ലേയും 1897–ലേയും യുദ്ധങ്ങളിലും മാർക്സിസ്റ്റുകാർ അതേപോലെയാണു പ്രവർത്തിച്ചതെന്നും തികഞ്ഞ പാണ്ഡിത്യഭാവത്തോടെ കൗട്സ്കി വാദിക്കുന്നു. തത്വത്തിൽ സാമ്യമൊന്നുമില്ലാത്ത പരിതസ്ഥിതികളോടുകൂടിയ ദൃഷ്ടാന്തങ്ങളെ എടുത്തുകാട്ടുകയെന്നതു് എക്കാലത്തും കുതർക്കക്കാരുടെ സ്വഭാവമാണ്. അവർ പരാമർശിക്കുന്ന കഴിഞ്ഞ യുദ്ധങ്ങൾ ബൂർഷ്വാസിയുടെ എത്രയോ വർഷമായി നിലനിൽക്കുന്ന ദേശീയപ്രസ്ഥാനങ്ങളുടെ—വിദേശനുകത്തിനും സ്വേ



Scanned by CamScanner

ച്ഛാധിപത്യത്തിനും (തുർക്കിയുടേതായാലും റഷ്യയുടേതായാലും) എതിരായ പ്രസ്ഥാനങ്ങളുടെ—''രാഷ്ട്രീയനയത്തിന്റെ തുടർച്ച''യായിരുന്നു. ഏതു ബൂർഷ്വാസിയുടെ വിജയമാണ് അഭികാമ്യമായിട്ടുള്ളതെന്നതു മാത്രമായിരുന്നു അന്നത്തെ പ്രശ്നം. ഇത്തരം യുദ്ധങ്ങൾക്കവേണ്ടി മാർക്സിസ്റ്റുകാർക്ക് ജനങ്ങളെ മുൻകൂട്ടി തട്ടിയുണർത്താൻ കഴിയും. അവരിൽ ദേശീയവിദ്വേഷം ഉദ്ദീപിപ്പിക്കാൻ കഴിയും. 1848–ലും പിന്നീട് റഷ്യയ്ക്കെതിരായ യുദ്ധത്തിനുവേണ്ടി ആഹ്വാനം ചെയ്തപ്പോഴും മാർക്സ് ചെയ്തതു് അതാണ്. 1859–ൽ തങ്ങളുടെ മർദ്ദകരായ നെപ്പോളിയൻ മൂന്നാമനും റഷ്യൻ സാറിസത്തിനുമെതിരായി ജർമ്മൻകാരിൽ ദേശീയവിദ്വേഷം ഉദ്ദീപിപ്പിച്ച എംഗൽസ് ചെയ്തതും അതുതന്നെയാണ്.*

ബൂർഷ്വാസി അതിന്റെ സ്വാതന്ത്ര്യസമരത്തിൽ അനുവർത്തിക്കുന്ന—ഫ്യൂഡലിസത്തോടും സ്വേച്ഛാധിപത്യത്തോടും സമരംചെയ്യുകയെന്ന—''രാഷ്ട്രീയനയത്തിന്റെ തുടർച്ച''യെ, വാർദ്ധക്യംബാധിച്ച, അതായതു് സാമ്രാജ്യത്വപരമായ, ബൂർഷ്വാസിയുടെ—അതായതു് ലോകമാസകലം കൊള്ളയടിച്ച ഒരു ബൂർഷ്വാസിയുടെ, ഫ്യൂഡൽ ഭൂപ്രഭുക്കന്മാരുമൊന്നിച്ച് തൊഴിലാളിവർഗ്ഗത്തെ അടിച്ചമർ

---

* പ്രതിവിപ്ലവകാരികളെന്ന പ്രവൃത്തിയിലൂടെ തെളിയിച്ച യൂറോപ്യൻ രാഷ്ട്രങ്ങൾക്കെതിരായ—അതായതു് ''സ്ലാവുകാർക്കും വിശേഷിച്ച് റഷ്യാക്കാർക്കു''മെതിരായ — വിപ്ലവയുദ്ധത്തിനുവേണ്ടി 1848–ൽ മാർക്സ് നിലകൊണ്ടുവെന്ന വസ്തുതയെ ''വിപ്ലവഷോവിനിസ''മെങ്കിലും ഷോവിനിസംതന്നെയായി മുദ്രകുത്തുകയാണ് ''ഷിസിൻ''14 എന്ന പത്രത്തിൽ മി. ഗർദേനിൻ ചെയ്തിരിക്കുന്നതു്. മാർക്സിന്റെനേർക്കുള്ള ഈ ശകാരം ഈ ''ഇടതുപക്ഷ'' സോഷ്യലിസ്റ്റ്റവല്യൂഷണറിയുടെ അവസരവാദത്തെ (അഥവാ—കൃത്യമായിപ്പറഞ്ഞാൽ അതിനു പുറമെ—അദ്ദേഹത്തിന്റെ നിസ്സാരതയെ) ഒരിക്കൽക്കൂടി വെളിപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. പ്രതിവിപ്ലവരാഷ്ട്രങ്ങൾക്കെതിരായ വിപ്ലവയുദ്ധത്തിനുവേണ്ടി മാർക്സിസ്റ്റുകാരായ ഞങ്ങൾ എന്നും നിലകൊണ്ടിട്ടുണ്ട്, ഇന്നും നിലകൊള്ളുന്നുണ്ട്. ഉദാഹരണത്തിനു്, 1920–ൽ അമേരിക്കയിലോ യൂറോപ്പിലോ സോഷ്യലിസം വിജയിച്ചെന്നും അതിനുശേഷം ജപ്പാനും ചൈനയും—ആദ്യം നയതന്ത്രപരമായിട്ടാണെങ്കിലും—അവരുടെ ബിസ്മാർക്കമാരെ നമുക്കെതിരെ നീക്കിയെന്നുമിരിക്കട്ടെ. നമ്മൾ തീർച്ചയായും അവർക്കെതിരെ അങ്ങോട്ടു കയറിയടിച്ചുകൊണ്ടുള്ള ഒരു വിപ്ലവയുദ്ധത്തിനു് അനുകൂലമായിരിക്കും. നിങ്ങൾക്കിതു് വിചിത്രമായിത്തോന്നുന്നുണ്ടോ, മി. ഗർദേനിൻ? പക്ഷെ നിങ്ങൾ റോപ്ഷിന്റെ മാതൃകയിലുള്ള ഒരു വിപ്ലവകാരിയാണല്ലൊ!

ത്താൻ ശ്രമിക്കുന്ന ഒരു പിന്തിരിപ്പൻ ബൂർഷ്വാസിയുടെ—''രാഷ്ട്രീയ നയത്തിന്റെ തുടർച്ച''യുമായി താരതമ്യപ്പെടുത്തുകയെന്നുവച്ചാൽ കടലും കടലാടിയും തമ്മിൽ താരതമ്യപ്പെടുത്തുകയെന്നാണർത്ഥം. റോബെസ്പ്യേർ, ഗാരിബാൾഡി, ഷെല്യാബൊവ് എന്നീ ''ബൂർഷ്വാസിയുടെ പ്രതിനിധികളെ'' മില്യെറാൻ, സലാന്ദ്ര, ഗുച്ച്കോവ് എന്നീ ''ബൂർഷ്വാസിയുടെ പ്രതിനിധികള''മായി താരതമ്യപ്പെടുത്തുന്നതുപോലെയാണത്. താന്താങ്ങളുടെ ബൂർഷ്വാ ''പിതൃഭൂമികളുടെ'' പേരിൽ സംസാരിക്കാനുള്ള ചരിത്രപരമായ അവകാശമുണ്ടായിരുന്നവരും ഫ്യൂഡലിസത്തിനെതിരായ സമരത്തിൽ പുതു രാഷ്ട്രങ്ങളിലെ കോടാനകോടി ജനങ്ങളെ ഒരു പരിഷ്കൃതജീവിതത്തിലേക്കു നയിച്ചവരുമായ മഹാന്മാരായ ബൂർഷ്വാ വിപ്ലവകാരികളോട് അത്യഗാധമായ ആദരവു തോന്നാതെ മാർക്സിസ്റ്റുകാരനാവാൻ സാദ്ധ്യമല്ല. ജർമ്മൻ സാമ്രാജ്യവാദികൾ ബൽജിയത്തിന്റെ കഴുത്തു ഞെരിക്കുന്ന കാര്യത്തിൽ, അല്ലെങ്കിൽ ആസ്ട്രിയയേയും തുർക്കിയേയും കൊള്ളയടിക്കാൻവേണ്ടി ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ഇററലി, എന്നീ രാജ്യങ്ങളിലെ സാമ്രാജ്യവാദികൾ തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ കാര്യത്തിൽ, ''പിതൃഭൂമിസംരക്ഷണ''ത്തെക്കുറിച്ചു സംസാരിക്കുന്ന പ്ലെഹാനൊവിന്റേയും കൗട്സ്കിയുടേയും കുതർക്കത്തോട് അവജ്ഞ തോന്നാതെയും മാർക്സിസ്റ്റുകാരനാവാൻ സാദ്ധ്യമല്ല.

സോഷ്യൽഷോവിനിസത്തിന്റെ മറെറാരു ''മാർക്സിസ്റ്റ്''സിദ്ധാന്തംകൂടിയുണ്ട്. അതിതാണ്: സോഷ്യലിസത്തിന് ആധാരമായിട്ടുള്ളത് മുതലാളിത്തത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയാണ്. എന്റെ രാജ്യത്തിന്റെ വിജയം അതിൽ മുതലാളിത്തത്തിന്റെ വളർച്ചയും അങ്ങിനെ സോഷ്യലിസത്തിന്റെ ആഗമനവും ത്വരിതപ്പെടുത്തും. എന്റെ രാജ്യത്തിന്റെ പരാജയം അതിന്റെ സാമ്പത്തികവികസനത്തേയും അങ്ങിനെ സോഷ്യലിസത്തിന്റെ ആഗമനത്തേയും മന്ദീഭവിപ്പിക്കും. നമ്മുടെയിടയിൽ പ്ലെഹാനൊവും ജർമ്മൻകാർക്കിടയിൽ ലേൻചും മററുമാണ് ഈ സ്ട്രൂവിസ്റ്റ് സിദ്ധാന്തം വികസിപ്പിച്ചിട്ടുള്ളത്. ഈ പ്രാകൃതസിദ്ധാന്തത്തിനെതിരെ—അതിനെ പ്രത്യക്ഷമായി ന്യായീകരിക്കുന്ന ലേൻചിനെതിരായും പരോക്ഷമായി ന്യായീകരിക്കുന്ന കുനൊവിനെതിരായും—കൗട്സ്കി വാദിക്കുന്നുണ്ട്. എന്നാൽ കുറേക്കൂടി സൂക്ഷ്മവും ജെസ്യൂയിട്ട്മട്ടിലുള്ളതുമായ ഒരു ഷോവിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ രാജ്യത്തുമുള്ള സോഷ്യൽഷോവിനിസ്റ്റുകാരെ രഞ്ജിപ്പിക്കുകയെന്നതു മാത്രമാണ് അദ്ദേഹത്തിന്റെ ഉദ്ദേശം.



Scanned by CamScanner

ഈ പ്രാകൃതമായ സിദ്ധാന്തത്തെക്കുറിച്ച ചർച്ചചെയ്യിട്ടാവശ്യമില്ല. സ്ട്രൂവെയുടെ ''വിമർശനക്കുറിപ്പുകൾ'' പുറത്തുവന്നതു് 1894—ലാണു്. വിപ്ലവകരമായ ഉള്ളടക്കം ചോർത്തിക്കളഞ്ഞ ''മാർക്സിസ''ത്തിന്റെ മറ പിടിച്ചുകൊണ്ടു് തങ്ങളുടെ വീക്ഷണങ്ങളും ആഗ്രഹങ്ങളും മുന്നോട്ടുവയ്ക്കുകയെന്ന അഭ്യസ്തവിദ്യരായ റഷ്യൻ ബൂർഷ്വാകളുടെ ഈ സ്വഭാവം കഴിഞ്ഞ ഇരുപതു വർഷമായി റഷ്യൻ സോഷ്യൽഡെമോക്രാറ്റുകാർക്കു് സുപരിചിതമായിക്കഴിഞ്ഞു. മാർക്സിസത്തെ ''സൗമ്യത''കൊണ്ടു കൊല്ലാൻ, ആശ്ലേഷിച്ചു് ഞെക്കിക്കൊല്ലാൻ, ''പ്രക്ഷോഭപരവും'' ''വായാടിത്തപരവും'' ''ബ്ലാങ്കിസ്റ്റു്—സങ്കല്പവാദപരവും'' ആയ വശമൊഴിച്ചുള്ള, മാർക്സിസത്തിന്റെ ''യഥാർത്ഥത്തിൽ ശാസ്ത്രീയമായ'' ''എല്ലാ'' വശങ്ങളും ഘടകങ്ങളും സ്വീകരിക്കുന്നുവെന്ന നാട്യത്തിൽ അതിനെ കൊല്ലാൻ, ബൂർഷ്വാ സൈദ്ധാന്തികർ കേവലം റഷ്യയിൽ മാത്രമല്ല, സമീപകാല സംഭവങ്ങൾ വ്യക്തമായി തെളിയിച്ചിട്ടുള്ളതുപോലെ സാർവ്വദേശീയതലത്തിൽത്തന്നെ നടത്തുന്ന ഒരു സംരംഭമാണു് സ്ട്രൂവിസം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, പരിഷ്കരണങ്ങൾക്കുവേണ്ടിയുള്ള സമരം, വർഗ്ഗസമരം (തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഒഴിച്ചു്), ''സോഷ്യലിസ്റ്റു് ആദർശങ്ങളും'' മുതലാളിത്തത്തിന്റെ സ്ഥാനത്തു് ഒരു ''പുതിയ വ്യവസ്ഥിതി'' വരേണ്ടതാണെന്ന കാര്യവും ''പൊതുവിൽ'' അംഗീകരിക്കൽ, എന്നിവയുൾപ്പെടെ ലിബറൽ ബൂർഷ്വാസിക്കു സ്വീകാര്യമായ സർവ്വതും അവർ മാർക്സിസത്തിൽനിന്നെടുക്കുന്നുണ്ടു്. മാർക്സിസത്തിന്റെ ജീവത്തായ ആത്മാവിനെ ''മാത്രമേ'', അതിന്റെ വിപ്ലവകരമായ ഉള്ളടക്കത്തെ ''മാത്രമേ'', അവർ കൈവെടിയുന്നുള്ളു.

തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനപ്രസ്ഥാനത്തിന്റെ സിദ്ധാന്തമാണു് മാർക്സിസം. അതുകൊണ്ടു് മാർക്സിസത്തിന്റെ സ്ഥാനത്തു് സ്ട്രൂവിസത്തെ അവരോധിക്കുന്ന പ്രക്രിയയെ വർഗ്ഗബോധമുള്ള തൊഴിലാളികൾ അങ്ങേയററം ശ്രദ്ധയോടെ വീക്ഷിക്കണമെന്നു വ്യക്തമാണു്. ഈ പ്രക്രിയയുടെ പ്രേരകശക്തികൾ പലതാണു്, പല തരത്തിലുള്ളതാണു്. പ്രധാനപ്പെട്ട മൂന്നെണ്ണം മാത്രം ഞങ്ങൾ ഇവിടെ കുറിക്കാം: 1) മാർക്സു് പറഞ്ഞതു ശരിയായിരുന്നുവെന്നു തെളിയിക്കുന്ന കൂടുതൽക്കൂടുതൽ വസ്തുതകളെ ശാസ്ത്രത്തിന്റെ വളർച്ച പ്രദാനംചെയ്യുന്നു. അതുകൊണ്ടു് അദ്ദേഹത്തോടു് കപടമായി പൊരുതേണ്ടതു് ആവശ്യമായിത്തീരുന്നു. മാർക്സിസത്തിന്റെ തത്വങ്ങളെ പരസ്യമായി എതിർക്കാതെ മാർക്സിസത്തെ സ്വീകരിക്കുന്നുവെന്നു ഭാവിക്കുകയും അതേ സമയം കുതർക്കംവഴി അതിനെ നിർ



Scanned by CamScanner

വീര്യമാക്കുകയും ബൂർഷ്വാസിക്കു് ദോഷംചെയ്യാത്ത ഒരു ''വിശുദ്ധ രൂപ''മാക്കി അതിനെ മാററുകയും ചെയ്യേണ്ടതു് ആവശ്യമായിത്തീരുന്നു. 2) സോഷ്യൽഡെമോക്രാററിക് പാർട്ടികൾക്കിടയിൽ അവസരവാദത്തിൻെറ വളർച്ച മാർക്സിസത്തിൻെറ അത്തരത്തിലുള്ള ഒരു ''അഴിച്ചുകൂട്ടിനെ'' പ്രോത്സാഹിപ്പിക്കുകയും എല്ലാത്തരം അവസരവാദത്തേയും ന്യായീകരിക്കുന്നതിനുവേണ്ടി അതിനെ പൊരുത്തപ്പെടുത്തുകയും ചെയ്യുന്നു. 3) മററെല്ലാ രാഷ്ട്രങ്ങളേയും മർദ്ദിക്കുന്നവയും വിശേഷാധികാരങ്ങളുള്ളവയുമായ ''വൻ''രാഷ്ട്രങ്ങൾ ലോകത്തെ പങ്കിട്ടെടുത്തിരിക്കുന്ന ഒരു കാലഘട്ടമാണു് സാമ്രാജ്യത്വയുഗം. ആ വിശേഷാധികാരങ്ങളിൽനിന്നും മർദ്ദനത്തിൽനിന്നും ലഭിക്കുന്ന കൊള്ളമുതലിൽനിന്നുള്ള നക്കാപ്പിച്ചകൾ പെററിബൂർഷ്വാസിയുടേയും പ്രഭുവർഗ്ഗത്തിൻേറയും ചില വിഭാഗങ്ങൾക്കും തൊഴിലാളിവർഗ്ഗത്തിലെ ഉദ്യോഗസ്ഥപ്രമാണിവിഭാഗത്തിനും നിസ്സംശയമായും ലഭിക്കുന്നുണ്ടു്. തൊഴിലാളിവർഗ്ഗത്തിൻേറയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടേയും വെറുമൊരു നിസ്സാരന്യൂനപക്ഷം വരുന്ന ഈ വിഭാഗങ്ങൾ ''സ്ട്രൂവിസ''ത്തിലേക്കു് ആകൃഷ്ടരാകുന്നു. കാരണം, എല്ലാ രാഷ്ട്രങ്ങളിലും പെട്ട മർദ്ദിതബഹുജനങ്ങൾക്കെതിരെ ''സ്വന്തം'' ദേശീയബൂർഷ്വാസിയുമായി കൂട്ടുചേരുന്നതിനുള്ള ന്യായീകരണം അവർക്കു് അതിൽനിന്നു ലഭിക്കുന്നു. പിന്നീടു്, ഇൻറർനാഷനലിൻെറ തകർച്ചയ്ക്കുള്ള കാരണങ്ങൾ പരിശോധിക്കുമ്പോൾ നമുക്കു് ഇതേപ്പററി കൂടുതൽ ചർച്ചചെയ്യാൻ അവസരം കിട്ടും.

## IV

ഏററവും സൂക്ഷ്മവും ശാസ്ത്രീയതയുടേയും സാർവ്വദേശീയതത്വത്തിൻേറയും പുറംപൂച്ചു് സമർത്ഥമായി വരുത്തിയിട്ടുള്ളതുമായ സോഷ്യൽഷോവിനിസ്റ്റു് സിദ്ധാന്തം കൗട്സ്കി ഉന്നയിച്ചിട്ടുള്ള ''അതിസാമ്രാജ്യത്വ''സിദ്ധാന്തമാണു്. ആ സിദ്ധാന്തത്തിൻെറ ഏററവും വ്യക്തമായ, ഏററവും കൃത്യമായ, ഏററവും പുതുതായ, വിശദീകരണം അതിൻെറ ഉപജ്ഞാതാവിൻെറ വാക്കുകളിൽത്തന്നെ താഴെക്കൊടുക്കുന്നു:

''ബ്രിട്ടനിൽ സ്വദേശവ്യവസായസംരക്ഷണപ്രസ്ഥാനത്തിൻെറ ശക്തി കുറഞ്ഞതു്; അമേരിക്കയിൽ ചുങ്കങ്ങൾ കുറച്ചതു്; നിരായുധീകരണപ്രവണത; യുദ്ധത്തിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഫ്രാൻസിൽനിന്നും ജർമ്മനിയിൽനിന്നുമുള്ള മൂലധനത്തിൻെറ കയററുമതിക്കു സംഭവിച്ച ദ്രുതക്ഷയം; അവസാനമായി, ഫിനാൻസ്മൂലധനത്തി



Scanned by CamScanner

ൻെറ വിവിധ കൂട്ടുകെട്ടുകൾ തമ്മിലുള്ള വർദ്ധമാനമായ സാർവ്വദേശീയകെട്ടുപിണയൽ—ഇതെല്ലാം ഒരു കാര്യം ചിന്തിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. ദേശീയഫിനാൻസ്മൂലധനങ്ങളുടെ പരസ്പരമത്സരങ്ങൾക്കു പകരം സാർവ്വദേശീയമായി ഏകോപിച്ച ഫിനാൻസ് മൂലധനത്തിൻെറ സംയുക്തമായ ലോകചൂഷണത്തെ ഏർപ്പെടുത്തിക്കൊണ്ടുള്ള പുതിയൊരു അതിസാമ്രാജ്യത്വനയം ഇന്നത്തെ സാമ്രാജ്യത്വനയത്തിൻെറ സ്ഥാനമെടുത്തുകൂടേ? മുതലാളിത്തത്തിൻെറ അത്തരത്തിലുള്ള ഒരു പുതിയ ഘട്ടം എന്തായാലും ചിന്തനീയമാണ്. അതു സാദ്ധ്യമാണോ? ഈ ചോദ്യത്തിനു മറുപടി നൽകാൻ നമ്മുടെ പക്കൽ ഇനിയും വേണ്ടത്ര ആധാരവസ്തുതകളില്ല....'' (''നോയെ സൈറ്റ്'', ലക്കം 5, ഏപ്രിൽ 30, 1915, പേജ് 144).

''...ഇപ്പോഴത്തെ യുദ്ധത്തിൻെറ ഗതിയും അനന്തരഫലവും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായി ഭവിച്ചേക്കാം. ഫിനാൻസ്മുതലാളിമാർക്കിടയിലും ദേശീയവിദ്വേഷം പരമാവധി ഉദ്ദീപിപ്പിച്ചും ആയുധപ്പന്തയം മൂർഛിപ്പിച്ചും ഒരു രണ്ടാം ആഗോളയുദ്ധം അനിവാര്യമാക്കിത്തീർത്തും അതു് അതിസാമ്രാജ്യത്വത്തിൻെറ ദുർബ്ബലനാമ്പുകളെ നിശ്ശേഷം ഞെരിച്ചുകളഞ്ഞെന്നു വരാം. അതാണു സംഭവിക്കുന്നതെങ്കിൽ 'അധികാരത്തിലേക്കുള്ള വഴി' എന്ന ലഘുലേഖയിൽ ഞാൻ മുൻകൂട്ടി കണ്ടതും നിർവ്വചിച്ചതുമായ കാര്യം ഭയാനകമായ തോതിൽ സഫലീകൃതമാകുന്നതാണ്. വർഗ്ഗവൈരുദ്ധ്യങ്ങൾ കൂടുതൽകൂടുതൽ മൂർഛിക്കും. അതോടൊപ്പം മുതലാളിത്തത്തിൻെറ ധാർമ്മികാധഃപതനവും (അക്ഷരാർത്ഥത്തിൽ, ''പൊളിച്ചിൽ, Abwirtschaftung", പാപ്പരത്തം) സംഭവിക്കും.... (''തൊഴിലാളിവർഗ്ഗത്തിൻേറയും ഫിനാൻസ്മൂലധനത്തിൻേറയുമിടയ്ക്കുള്ള ഇടനിലവിഭാഗങ്ങൾക്ക്,'' അതായതു്, ''ബുദ്ധിജീവികൾക്കും ഇടത്തരക്കാർക്കും ചെറുകിടമുതലാളിമാർക്കുപോലും'' മുതലാളിത്തത്തോടു തോന്നുന്ന ''വെറുപ്പ്'' എന്നു മാത്രമേ ഈ വമ്പൻവാക്കുകൊണ്ടു് കൗട്സ്കി ഉദ്ദേശിക്കുന്നുള്ളുവെന്നു ശ്രദ്ധിക്കണം.) എന്നാൽ യുദ്ധം വിപരീതഫലം ഉളവാക്കിയെന്നും വരാം. അതു് അതിസാമ്രാജ്യത്വത്തിൻെറ ദുർബ്ബലനാമ്പുകളെ ശക്തിപ്പെടുത്തുന്നതിലേക്കു വഴി തെളിച്ചേക്കാം.... അതിൻെറ പാഠങ്ങൾ, (ഇതു ശ്രദ്ധിക്കുക!) സമാധാനസാഹചര്യങ്ങളിൽ നമുക്കു് ദീർഘകാലം കാത്തിരിക്കേണ്ടിവരുന്ന സംഭവവികാസങ്ങളെ കൂടുതൽ വേഗം ഉളവാക്കിയെന്നു വരാം. കാര്യങ്ങൾ അതിലേക്കാണു നീങ്ങുന്നതെങ്കിൽ, രാഷ്ട്രങ്ങൾ തമ്മിലുള്ള യോജിപ്പിലേക്കും നിരായുധീകരണത്തിലേക്കും ശാശ്വതസമാധാനത്തിലേക്കുമാണു നീങ്ങുന്നതെങ്കിൽ, യുദ്ധത്തിനു മുമ്പു മുതലാളിത്തത്തിൻെറ വർദ്ധമാനമായ ധാർമ്മികാധഃപതനത്തിനിടയാക്കിയ കാരണങ്ങളിൽ ഏററവും ദുഷിച്ചവ അപ്രത്യക്ഷമായെന്നു വന്നേക്കാം.'' പുതിയ ഘട്ടം തീർച്ചയായും തൊഴിലാളിവർഗ്ഗത്തിനു് ''ഒരുപക്ഷെ മുമ്പത്തേക്കാൾ കഷ്ടമായ'' ''പുതിയ ദുരിതങ്ങൾ'' വരുത്തിവയ്ക്കുമെങ്കിൽക്കൂടി ''അതിസാമ്രാജ്യത്വ''ത്തിനു് ''കുറേക്കാലത്തേയ്ക്കു്'' ''മുതലാളിത്തത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ പുതിയ ആശകളുടേതും പ്രതീക്ഷകളുടേതുമായ ഒരു യുഗം സൃഷ്ടിക്കാൻ കഴിയും.'' (പേജ് 145).



Scanned by CamScanner

ഈ ''സിദ്ധാന്ത''ത്തിൽനിന്നും എങ്ങിനെയാണു് സോഷ്യൽ ഷോവിനിസത്തിനുള്ള ന്യായീകരണം അനുമാനിച്ചെടുക്കാവുന്നതു്?

ഒരു ''സൈദ്ധാന്തികനെ'' സംബന്ധിച്ചിടത്തോളം വിചിത്രമായ ഒരു വഴിക്കു്. അതു് ഇങ്ങനെയാണു്:

സാമ്രാജ്യത്വവും അതുളവാക്കുന്ന യുദ്ധങ്ങളും യാദൃച്ഛികമല്ലെന്നും മൂലധനത്തിന്റെ ആധിപത്യത്തിനിടയാക്കിയിട്ടുള്ള മുതലാളിത്തത്തിന്റെ അനിവാര്യസന്തതിയാണതെന്നും ജർമ്മനിയിലെ ഇടതുപക്ഷ സോഷ്യൽഡെമോക്രാററുകാർ പറയുന്നു. താരതമ്യേന സമാധാനപരമായ വികാസത്തിന്റെ കാലഘട്ടം അവസാനിച്ചിരിക്കുന്നതിനാൽ വിപ്ലവകരമായ ബഹുജനസമരത്തിലേക്കു കടക്കേണ്ടതു് ആവശ്യമാണു്. എന്നാൽ ''വലതുപക്ഷ'' സോഷ്യൽഡെമോക്രാററുകാർ നിസ്സങ്കോചം പ്രഖ്യാപിക്കുന്നു: സാമ്രാജ്യത്വം ''ആവശ്യമായതുകൊണ്ടു്'' നമ്മളും സാമ്രാജ്യവാദികളായിരിക്കണം. കൗട്സ്കി ഒരു ''നടുനില''ക്കാരന്റെ പങ്കു വഹിച്ചുകൊണ്ടു് ഈ രണ്ടു വീക്ഷണങ്ങളേയും പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു:

''ദേശീയസ്റ്റേററും സാമ്രാജ്യത്വസ്റ്റേററും സ്റ്റേററുകളുടെ കൂട്ടുകെട്ടും'' (ന്യൂറംബർഗ്, 1915) എന്ന ലഘുലേഖയിൽ അദ്ദേഹം എഴുതുന്നു: ''അങ്ങേയററത്തെ ഇടതുപക്ഷക്കാർ'' സോഷ്യലിസത്തെ അനിവാര്യമായ സാമ്രാജ്യത്വത്തിനു് ''എതിരെ പൊക്കിപ്പിടിക്കാൻ'' ആഗ്രഹിക്കുന്നു. അതായതു്, ''എല്ലാ രൂപത്തിലുമുള്ള മുതലാളിത്ത മേധാവിത്വത്തിനെതിരെ നമ്മാം അര നൂററാണ്ടായി നടത്തിവരുന്ന സോഷ്യലിസത്തിന്റെ പ്രചരണം മാത്രമല്ല, സോഷ്യലിസം ഉടനടി നടപ്പാക്കാൻകൂടി അവർ ആഗ്രഹിക്കുന്നു. ഇതു വളരെ സമൂലപരിവർത്തനവാദപരമായ ഒന്നാണെന്നു തോന്നിയേക്കാം. പക്ഷെ സോഷ്യലിസം പ്രായോഗികമായി ഉടനടി നടപ്പാക്കുന്നതിൽ വിശ്വസിക്കാത്ത സകലരേയും സാമ്രാജ്യത്വത്തിന്റെ ചേരിയിലേക്കു തള്ളിവിടാൻ മാത്രമേ അതു് ഉപകരിക്കൂ'' (പേജ് 17. അടിവര ഞങ്ങളുടേതു്).

സോഷ്യലിസം ഉടനടി നടപ്പാക്കുന്നതിനെപ്പററി പറയുമ്പോരം കൗട്സ്കി ഒരു സൂത്രം പ്രയോഗിക്കുകയാണു ചെയ്യുന്നതു്. കാരണം, ജർമ്മനിയിൽ, വിശേഷിച്ചു് പട്ടാളസെൻസർഷിപ്പിൻകീഴിൽ, വിപ്ലവസമരത്തെപ്പററി സംസാരിക്കാൻ സാദ്ധ്യമല്ലെന്ന വസ്തുതയിൽ നിന്നു് അദ്ദേഹം മുതലെടുക്കുന്നു. ഉടനടി വിപ്ലവസമരത്തെക്കുറിച്ചുള്ള പ്രചരണവും അതിനുവേണ്ടിയുള്ള തയ്യാറെടുപ്പും നടത്തണമെന്നാ



Scanned by CamScanner

ണ്, ''ഉടനടി സോഷ്യലിസം പ്രായോഗികമായി നടപ്പാക്കണം'' മെന്നല്ല, ഇടതുപക്ഷം പാർട്ടിയോട് ആവശ്യപ്പെടുന്നതെന്നു് കൗട്സ്കിക്ക് ഭംഗിയായിട്ടറിയാം.

സാമ്രാജ്യത്വം ആവശ്യമാണെന്ന വസ്തുതയിൽനിന്നു് വിപ്ലവസമരം ആവശ്യമാണെന്ന നിഗമനത്തിൽ ഇടതുപക്ഷം എത്തിച്ചേരുന്നു. എന്നാൽ ''അതിസാമ്രാജ്യത്വസിദ്ധാന്തം'' കൗട്സ്കിക്ക് ഉപകരിക്കുന്നതു് അവസരവാദികളെ ന്യായീകരിക്കാനുള്ള ഒരു മാർഗ്ഗമായിട്ടാണ്; അവർ ബൂർഷ്വാസിയുടെ ഭാഗത്തേക്ക പോയിട്ടില്ലെന്നും സോഷ്യലിസം ഉടനടി നടപ്പാക്കാൻ കഴിയുമെന്ന ''വിശ്വസിക്കുന്നില്ലെ''ന്നേയുള്ളുവെന്നും നിരായുധീകരണത്തിന്റേതും ശാശ്വതസമാധാനത്തിന്റേതുമായ പുതിയൊരു ''യുഗം'' ''ഒരുപക്ഷെ'' കരഗതമായേക്കുമെന്നു് പ്രതീക്ഷിക്കുന്നുവെന്നേയുള്ളുവെന്നുമുള്ള പ്രതീതി ജനിപ്പിക്കത്തക്ക വിധത്തിൽ കാര്യങ്ങൾ വരച്ചുകാട്ടാനുള്ള മാർഗ്ഗമായിട്ടാണ്. ഈ ''സിദ്ധാന്ത''ത്തിന്റെ രത്നച്ചുരുക്കം ഇതാണ്, ഇതു മാത്രമാണ്: അവസരവാദികളും ഔദ്യോഗികസോഷ്യൽഡെമോക്രാറ്റിക് പാർട്ടികളും ബൂർഷ്വാസിയോട് ഒന്നിച്ചുനിൽക്കുന്നതിനേയും ബാസെൽ പ്രമേയത്തിലെ ഗൗരവപൂർണ്ണമായ പ്രഖ്യാപനങ്ങളുണ്ടായിട്ടും ഇന്നത്തെ പ്രക്ഷുബ്ധകാലഘട്ടത്തിൽ വിപ്ലവകരമായ, അതായതു് തൊഴിലാളിവർഗ്ഗപരമായ, അടവുകളെ അവർ തള്ളിക്കളഞ്ഞതിനേയും ന്യായീകരിക്കാൻവേണ്ടി മുതലാളിത്തത്തിന്റെ പുതിയൊരു സമാധാനപരമായ കാലഘട്ടത്തെക്കുറിച്ചുള്ള പ്രതീക്ഷകളെ ചൂഷണംചെയ്യുകയാണ് കൗട്സ്കി.

അതേസമയം, ഇന്നിന്ന സാഹചര്യങ്ങളിൽനിന്നും സ്ഥിതിഗതികളിൽനിന്നും അത്തരത്തിലുള്ള ഒരു ഘട്ടം ഉടലെടുക്കുമെന്നും ഉടലെടുക്കാതെ തരമില്ലെന്നും കൗട്സ്കി പറയുന്നില്ല. നേരേ മറിച്ച് ഈ പുതിയ ഘട്ടം ''സാധിതപ്രായമാണോ'' അല്ലയോ എന്നു് തീരുമാനിക്കാൻപോലും തനിക്കിനിയും കഴിഞ്ഞിട്ടില്ലെന്നു് അദ്ദേഹം തുറന്നു പറയുന്നു. പുതിയ യുഗത്തിലേക്കുള്ള ''പ്രവണതകളാ''യി കൗട്സ്കി സൂചിപ്പിച്ചിട്ടുള്ളവ എന്തെല്ലാമാണെന്നു നോക്കു. സാമ്പത്തികവസ്തുതകളുടെ കൂട്ടത്തിൽ ലേഖകൻ ''നിരായുധീകരണപ്രവണത'' ഉൾപ്പെടുത്തിയിട്ടുള്ളതു് വിചിത്രമായിരിക്കുന്നു! നിഷ്കളങ്കമായ ഫിലിസ്റ്റൈൻ സംസാരത്തിന്റേയും മനോരാജ്യങ്ങളുടേയും മറക്കു പിന്നിൽ കൗട്സ്കി. വൈരുദ്ധ്യങ്ങളുടെ മൂർച്ച കുറയുന്നുവെന്ന സിദ്ധാന്തവുമായി ഒരുതരത്തിലും പൊരുത്തപ്പെടാത്ത അനിഷേധ്യ വസ്തുതകളിൽനിന്നും ഒളിക്കാൻ ശ്രമിക്കുന്നുവെന്നാണ് ഇതിനർത്ഥം. കൗട്സ്കിയുടെ ''അതിസാമ്രാജ്യത്വം''—ലേഖകൻ പറയാനാഗ്രഹി

ക്കുന്ന കാര്യങ്ങൾ ഈ വാക്ക് ഒട്ടും പ്രകാശിപ്പിക്കുന്നില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ—മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ വൻതോതിൽ മൂർച്ചകുറഞ്ഞതായിത്തീരുന്നുവെന്നാണ് അർത്ഥമാക്കുന്നത്. ബ്രിട്ടനിലും അമേരിക്കയിലും സ്വദേശവ്യവസായസംരക്ഷണവ്യവസ്ഥയുടെ ശക്തി കുറഞ്ഞുവരുന്നുവെന്നാണ് നമ്മോടു പറയുന്നത്. പക്ഷെ പുതുയുഗത്തിലേക്കുള്ള നേരിയൊരു പ്രവണതപോലും എവിടെയാണുള്ളത്? അമേരിക്കയിൽ അമിതസംരക്ഷണവ്യവസ്ഥയ്ക്ക് ഇപ്പോൾ ശക്തികുറഞ്ഞുവരുന്നുണ്ട്. എങ്കിലും ബ്രിട്ടന്റെ കോളനികളിൽ ആ രാജ്യത്തിനു മുൻഗണന നൽകിക്കൊണ്ടുള്ള ചുങ്കങ്ങളും വിശേഷാനുകൂല്യങ്ങളും നിലനില്ക്കുന്നതുപോലെത്തന്നെ അമേരിക്കയിൽ സംരക്ഷണവ്യവസ്ഥ നിലനിൽക്കുന്നുണ്ട്. മുതലാളിത്തത്തിന്റെ മുമ്പത്തെ ''സമാധാനപരമായ'' കാലഘട്ടത്തിൽനിന്ന് ഇപ്പോഴത്തെ സാമ്രാജ്യത്വകാലഘട്ടത്തിലേക്കുള്ള പ്രയാണം എന്തിനെ അടിസ്ഥാനമാക്കിയായിരുന്നുവെന്ന് ഓർക്കുക: സ്വതന്ത്രമത്സരം മുതലാളിമാരുടെ കുത്തകക്കൂട്ടുകെട്ടുകൾക്കു വഴിമാറിക്കൊടുത്തതും ലോകം പങ്കുവയ്ക്കപ്പെട്ടതുമായിരുന്നു അടിസ്ഥാനം. ഈ രണ്ടു വസ്തുതകളും (ഘടകങ്ങളും) ആഗോളപ്രാധാന്യമുള്ളവയാണ്. മൂലധനത്തിന് അതിന്റെ കോളനികളെ നിർബാധം വിപുലപ്പെടുത്താനും ആഫ്രിക്കയിലും മററും ഒഴിഞ്ഞുകിടന്നിരുന്ന ഭൂമി പിടിച്ചെടുക്കാനും കഴിഞ്ഞ കാലത്തോളം, മൂലധനകേന്ദ്രീകരണം ദുർബ്ബലമായിരിക്കുകയും കുത്തകസ്ഥാപനങ്ങൾ—അതായതു് ഒരു വ്യവസായശാഖയെ ഒട്ടാകെ അധീനതയിലാക്കത്തക്ക വ്യാപ്തിയുള്ള സ്ഥാപനങ്ങൾ—ഇല്ലാതിരിക്കുകയും ചെയ്ത കാലത്തോളം, സ്വതന്ത്രവ്യാപാരവും സമാധാനപരമായ മത്സരവും സാദ്ധ്യമായിരുന്നു, ആവശ്യമായിരുന്നു. ഇത്തരം കുത്തകസ്ഥാപനങ്ങളുടെ ആവിർഭാവവും വളർച്ചയും (ബ്രിട്ടനിലോ അമേരിക്കയിലോ ഈ പ്രക്രിയ നിലച്ചുപോയിട്ടുണ്ടോ? യുദ്ധം അതിനെ ത്വരിതപ്പെടുത്തുകയും മൂർഛിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം നിഷേധിക്കാൻ കൗട്സ്കിപോലും മുതിരുകയില്ല) മുൻകാലങ്ങളിലെ സ്വതന്ത്രമത്സരത്തെ അസാദ്ധ്യമാക്കിത്തീർത്തിട്ടുണ്ട്. അവ അതിന്റെ ചുവടു മാന്തിയിരിക്കുകയാണ്. ലോകത്തിന്റെ പങ്കുവയ്ക്കലാവട്ടെ, സമാധാനപരമായ വിപുലീകരണത്തിൽനിന്ന് കോളനികളേയും സ്വാധീനമേഖലകളേയും വീണ്ടും പങ്കുവയ്ക്കാനുള്ള സായുധസമരത്തിലേക്ക് കടക്കാൻ മുതലാളിമാരെ നിർബ്ബന്ധിക്കുന്നു. രണ്ടു രാജ്യങ്ങളിൽ സംരക്ഷണവ്യവസ്ഥയുടെ ശക്തികുറഞ്ഞെന്നുവച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും മാററം വരുമെന്നു വിചാരിക്കുന്നതു് അപഹാസ്യമാണ്.



Scanned by CamScanner

രണ്ടു രാജ്യങ്ങളുടെ മൂലധനക്കയററുമതിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിലുണ്ടായിട്ടുള്ള കുറവെന്താണെന്നുകൂടി നമുക്കു പരിശോധിക്കാം. ഹാർംസിൻെറ കണക്കനുസരിച്ചു് 1912–ൽ ഈ രണ്ടു രാജ്യങ്ങളിലോരോന്നിൻേറയും, അതായതു് ഫ്രാൻസിൻേറയും ജർമ്മനിയുടേയും, വിദേശനിക്ഷേപം ഉദ്ദേശം 3,500 കോടി മാർക്കു് (ഉദ്ദേശം 1,700 കോടി റൂബിൾ) ആയിരുന്നപ്പോൾ ബ്രിട്ടൻേറതു മാത്രം അതിൻെറ ഇരട്ടിയായിരുന്നു*. മുതലാളിത്തത്തിൻകീഴിൽ മൂലധനത്തിൻെറ കയററുമതിയിലുള്ള വർദ്ധനവു് ഒരിക്കലും ഒരേ തോതിൽ ആയിരുന്നിട്ടില്ല, ആകാൻ സാദ്ധ്യമായിരുന്നുമില്ല. മൂലധനസഞ്ചയം കുറഞ്ഞിട്ടുണ്ടെന്നോ ഉദാഹരണത്തിനു് ബഹുജനങ്ങളുടെ സ്ഥിതിയിൽ കാര്യമായ അഭിവൃദ്ധിയുണ്ടായതിൻെറ ഫലമായി ആഭ്യന്തരകമ്പോളത്തിൽ പ്രധാനപ്പെട്ട എന്തെങ്കിലും മാററമുണ്ടായിട്ടുണ്ടെന്നോ സൂചിപ്പിക്കാൻ പോലും കൗട്സ്കി ധൈര്യപ്പെടുന്നില്ല. ഈ ചുററുപാടുകളിൽ രണ്ടു രാജ്യങ്ങളുടെ മൂലധനക്കയററുമതിയിൽ കുറെ വർഷങ്ങളായിട്ടുണ്ടായിട്ടുള്ള കുറവു് പുതിയൊരു യുഗത്തിൻെറ ആഗമനത്തെ കുറിക്കാൻ നിവൃത്തിയില്ല.

''ഫിനാൻസ് മൂലധനക്കൂട്ടുകെട്ടുകൾ തമ്മിലുള്ള വർദ്ധമാനമായ സാർവ്വദേശീയ കെട്ടുപിണയൽ'' മാത്രമാണു് യഥാർത്ഥത്തിൽ സാമാന്യമായിട്ടുള്ളതും സംശയരഹിതമായിട്ടുള്ളതുമായ പ്രവണത. അതു് കഴിഞ്ഞ ഏതാനും വർഷമായിട്ടോ രണ്ടു രാജ്യങ്ങളിലോ കാണുന്ന പ്രവണതയല്ല, മുതലാളിത്തലോകത്തൊട്ടാകെ കാണുന്ന പ്രവണതയാണു്. എന്നാൽ ഈ പ്രവണത എന്തുകൊണ്ടു് ഇതേവരെയെന്നപോലെ ആയുധീകരണത്തിലേയ്ക്കല്ലാതെ നിരായുധീകരണത്തിലേയ്ക്കുള്ള ശ്രമം ഉളവാക്കണം? ലോകപ്രസിദ്ധിയുള്ള ഏതു പീരങ്കി (പടക്കോപ്പ്) നിർമ്മാതാക്കളേയും എടുത്തുകൊള്ളൂ. ഉദാഹരണത്തിനു് ആംസ്ട്രോങ്ങ് കമ്പനി. ഈ കമ്പനിയുടെ ലാഭം 1905/6–ൽ 606,000 പവൻ (ഉദ്ദേശം, 6,000,000 റൂബിൾ) ആയിരുന്നതു് 1913–ൽ 856,000 പവനായും 1914–ൽ 940,000 പവനായും (90 ലക്ഷം

* Bernhard Harms, "Probleme der Weltwirtschaft", Jena, 1912; "Journal of the Royal Statistical Society" ,Vol. LXXIV, 1910/11, പേജ് 167–ൽ ജോർജ് പെയ്ഷിൻെറ "Great Britain's Capital Investments in the Colonies, etc." എന്നിവ നോക്കുക. വിദേശത്തിറക്കിയിട്ടുള്ള ബ്രിട്ടീഷ് മൂലധനം 400 കോടി പവൻ (അതായതു് ഏകദേശം 8,000 കോടി മാർക്ക്) വരുമെന്നാണു് 1915 ആരംഭത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ ലോയ്ഡ് ജോർജ്ജ് കണക്കാക്കിയിട്ടുള്ളതു്.

രൂബിഠം) വർദ്ധിച്ചുവെന്നാണ്ഠ ബ്രിട്ടനിലെ ''ഇക്കണോമിസ്റ്റി15''ൽ (മേയ്ഠ 1, 1915) പ്രസിദ്ധീകരിച്ച കണക്കുകഠം കാണിക്കുന്നതു്. ഇവിടെ ഫിനാൻസ്ഠ മൂലധനത്തിന്റെ കെട്ടുപിണയൽ അങ്ങേയററം പ്രകടവും വർദ്ധമാനവുമാണ്ഠ. ജർമ്മൻ മുതലാളിമാർക്കു്ഠ ബ്രിട്ടീഷ്ഠ കമ്പനികളിൽ ''സ്വത്തുകൈവശങ്ങഠം'' ഉണ്ടു്; ബ്രിട്ടീഷ്ഠ കമ്പനികഠം ആസ്ഠട്രിയയ്ക്കുവേണ്ടി അന്തർവാഹിനികഠം നിർമ്മിക്കുന്നു, മററു മററും. ലോകവ്യാപകമായ തോതിൽ പരസ്പരം കൂട്ടിയിണക്കപ്പെട്ടിട്ടുള്ള മൂലധനം പടക്കോപ്പുകളുടേയും യുദ്ധങ്ങളുടേയും പുറത്തു്ഠ തഴച്ചുവളരുകയാണ്ഠ. ഒററക്കൊററയ്ക്കുള്ള സ്റ്റേററുകളിലെ മൂലധനം ഒന്നിച്ചുചേർന്നു്ഠ സാർവ്വദേശീയമായ തോതിൽ കൂട്ടിയിണക്കപ്പെടുന്നുവെന്ന വസ്തുതയിൽ നിരായുധീകരണത്തിലേക്കുള്ള പ്രവണത കണ്ടെത്തുകയെന്നുവച്ചാൽ, വർഗ്ഗവൈരുദ്ധ്യങ്ങഠം മയപ്പെടുമെന്ന സദുദ്ദേശപരമായ ഫിലിസ്റ്റൈൻ പ്രതീക്ഷകളെ ആ വൈരുദ്ധ്യങ്ങളുടെ യഥാർത്ഥത്തിലുള്ള കൊടുമ്പിരിക്കൊള്ളലിന്റെ സ്ഥാനമെടുക്കാൻ അനുവദിക്കുകയെന്നാണർത്ഥം.

## V

കൗട്ഠസ്കി യുദ്ധത്തിന്റെ ''പാഠങ്ങളെ''ക്കുറിച്ചു സംസാരിക്കുന്നതു്ഠ തികച്ചും ഫിലിസ്റ്റൈൻ ചിന്താഗതിയോടെയാണ്ഠ. അതുളവാക്കുന്ന ദുരിതങ്ങളോടുള്ള ധാർമ്മികവിദ്വേഷത്തിന്റെ വെളിച്ചത്തിലാണ്ഠ അദ്ദേഹം ആ പാഠങ്ങഠം അവതരിപ്പിക്കുന്നതു്. ഉദാഹരണത്തിനു്ഠ ''ദേശീയസ്റ്റേററും...'' എന്ന ലഘുലേഖയിൽ അദ്ദേഹം ഇങ്ങനെ വാദിക്കുന്നു:

''ലോകവ്യാപകമായ സമാധാനത്തിലും നിരായുധീകരണത്തിലും വളരെയേറെ താല്പര്യമുള്ള വിഭാഗങ്ങഠം ജനങ്ങഠംക്കിടയിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതിനു്ഠ തെളിവിന്റെ ആവശ്യമൊന്നുമില്ല. പെററിബൂർഷ്വാസിയും ചെറുകിടകൃഷിക്കാരും, പല മുതലാളിമാരും ബുദ്ധിജീവികളുംപോലും, യുദ്ധത്തിന്റേയും ആയുധീകരണത്തിന്റേയും ഫലമായി ആ വിഭാഗങ്ങഠംക്കുണ്ടാകുന്ന ദോഷത്തേക്കാഠം ശക്തിയേറിയ ഏതെങ്കിലും താല്പര്യങ്ങളാൽ സാമ്രാജ്യത്വത്തോടു ബന്ധിക്കപ്പെട്ടു നിൽക്കുന്നില്ല'' (പേജ്ഠ 21).

1915 ഫെബ്രുവരിയിലാണ്ഠ ഇതെഴുതിയതു്ഠ! പെററിബൂർഷ്വാസിയും ''ബുദ്ധിജീവികളു''മടക്കം എല്ലാ സ്വത്തുടമവർഗ്ഗങ്ങളും കൂട്ടത്തോടെ സാമ്രാജ്യത്വത്തോടു ചേർന്നിരിക്കുന്നുവെന്നാണ്ഠ വസ്തുതകഠം കാണിക്കുന്നതു്. എന്നിട്ടും ചേഹൊവിന്റെ കഥയിലെ ''പുറം



Scanned by CamScanner

തോടിനുള്ളിൽ കഴിഞ്ഞ മനുഷ്യനെ''[16]പ്പോലെ കൗട്സ്കി അസാമാന്യമായ ആത്മസംതൃപ്തി ഭാവിച്ചുകൊണ്ടും പഞ്ചാരവാക്കുകളുടെ സഹായത്തോടെയും വസ്തുതകളിൽനിന്നു് ഒഴിഞ്ഞുമാറുന്നു. അദ്ദേഹം പെററിബൂർഷ്വാസിയുടെ താല്പര്യങ്ങളെക്കുറിച്ചു് വിധികല്പിക്കുന്നതു് അവരുടെ പെരുമാററം നോക്കിയിട്ടല്ല, ചില പെററിബൂർഷ്വാകളുടെ വാക്കുകൾ വച്ചിട്ടാണു്. എന്നാൽ ഓരോ ചുവടിലും പ്രവൃത്തികൾ ആ വാക്കുകളെ ഖണ്ഡിച്ചുകൊണ്ടിരിക്കുകയാണു്. പൊതുവിൽ ബൂർഷ്വാസിയുടെ ''താല്പര്യങ്ങളെ''ക്കുറിച്ചു് അവരുടെ പ്രവൃത്തികൾ നോക്കാതെ, ക്രിസ്തുമതത്തിൻെറ ആദർശങ്ങളിൽ കുതിർന്നതാണു് ഇന്നത്തെ വ്യവസ്ഥയെന്നു് ആണയിട്ടു പറയുന്ന ബൂർഷ്വാ പുരോഹിതരുടെ സ്നേഹനിർഭരമായ പ്രസംഗങ്ങൾവച്ചു് വിധിയെഴുതുന്നതുപോലെതന്നെയാണിതു്. കൗട്സ്കി മാർക്സിസം പ്രയോഗിക്കുന്നതു് അതിൽനിന്നു് ഉള്ളടക്കം മുഴുവനും ചോർത്തിക്കളഞ്ഞ മട്ടിലാണു്. ''താല്പര്യം'' എന്ന വാക്കാണു് ഒരുതരം അലൗകികവും ആദ്ധ്യാത്മികവുമായ അർത്ഥവ്യാപ്തിയോടെ അവശേഷിക്കുന്നതു്. കാരണം, യഥാർത്ഥ ധനശാസ്ത്രമല്ല, പൊതുനന്മയ്ക്കുവേണ്ടിയുള്ള നിഷ്കളങ്കമായ ആഗ്രഹമാണു് അതിലടങ്ങിയിട്ടുള്ളതു്.

നിത്യജീവിതത്തിലെ ലക്ഷോപലക്ഷം വസ്തുതകളിൽ പ്രകടമാവുന്ന വർഗ്ഗവൈരുദ്ധ്യങ്ങളും വർഗ്ഗസമരവും വച്ചാണു് മാർക്സിസം ''താല്പര്യങ്ങളെ'' വിലയിരുത്തുന്നതു്. വൈരുദ്ധ്യങ്ങൾ മയപ്പെടുന്നതിനെപ്പററി പെററിബൂർഷ്വാസി സ്വപ്നംകാണുകയും വാചകമടിക്കുകയും ചെയ്യുന്നു. അവ മൂർഛിച്ചാൽ ''ദോഷഫലങ്ങൾ'' ഉണ്ടാവുമെന്നാണു് അവരുടെ ''വാദം''. സാമ്രാജ്യത്വമെന്നു വച്ചാൽ എല്ലാ വിഭാഗം സ്വത്തുടമവർഗ്ഗങ്ങളും ഫിനാൻസ് മൂലധനത്തിൻെറ അധീനതയിലാവുന്നുവെന്നും അഞ്ചോ ആറോ ''വൻ''ശക്തികൾ ലോകം പങ്കിട്ടെടുത്തിരിക്കുന്നുവെന്നുമാണർത്ഥം. ആ ശക്തികളിൽ മിക്കതും ഇപ്പോൾ യുദ്ധത്തിൽ പങ്കെടുക്കുന്നുണ്ടു്. വൻശക്തികൾ ലോകം പങ്കിട്ടെടുത്തിരിക്കുന്നുവെന്നുവച്ചാൽ അതിനർത്ഥം അവയിലെ എല്ലാ സ്വത്തുടമവർഗ്ഗങ്ങൾക്കും കോളനികളും സ്വാധീനമേഖലകളും കൈവശം വയ്ക്കുന്നതിലും മററു രാഷ്ട്രങ്ങളെ മർദ്ദിക്കുന്നതിലും താല്പര്യമുണ്ടെന്നാണു്; ഒരു ''വൻ''ശക്തിയിലും മർദ്ദകരാഷ്ട്രത്തിലും പെടുന്നതിൽനിന്നു ലഭ്യമാകുന്ന ഏറെക്കുറെ കുശാലായ ജോലികളും വിശേഷാനുകൂല്യങ്ങളും സമ്പാദിക്കുന്നതിൽ താല്പര്യമുണ്ടെന്നാണു്.*

---

* 1915—ഓടുകൂടി ലോകമൊട്ടുക്കു് സ്റ്റേററ്വായ്പകളും മുനിസിപ്പൽ വായ്പകളും പണയങ്ങളും വ്യാപാര—വ്യവസായ കോർപ്പറേഷനുക

പഴയ രീതിയിൽ—നിർബാധം വളർന്നു് പുതിയ രാജ്യങ്ങളിലേക്കു ക്രമേണ വ്യാപിക്കുന്ന മുതലാളിത്തത്തിന്റെ താരതമ്യേന ശാന്തവും സംസ്കാരസമ്പന്നവും സമാധാനപരവുമായ സാഹചര്യങ്ങളിൽ—ജീവിതം തുടരാൻ സാദ്ധ്യമല്ല. പുതിയൊരു യുഗം പിറന്നിരിക്കുന്നു. ഫിനാൻസ് മൂലധനം ഒരു നിശ്ചിതരാജ്യത്തെ വൻശക്തികളുടെ കൂട്ടത്തിൽനിന്നു നിശ്ശേഷം പുറത്താക്കും, അതിനു് അതിന്റെ കോളനികളും സ്വാധീനമണ്ഡലങ്ങളും നഷ്ടപ്പെടുത്തും (ബ്രിട്ടനോടു് യുദ്ധംചെയ്യുന്ന ജർമ്മനി ഭീഷണിപ്പെടുത്തുന്നതു് അതാണു്), പെററിബൂർഷ്വാസിക്കു് അവരുടെ ''അധിപരാഷ്ട്ര''മെച്ചങ്ങളും അധികവരുമാനങ്ങളും നഷ്ടപ്പെടുത്തും. യുദ്ധം തെളിയിച്ചിട്ടുള്ളതാണിതു്. വൈരുദ്ധ്യങ്ങൾ മൂർഛിക്കുന്നതിന്റെ അനന്തരഫലമാണിതു്. വൈരുദ്ധ്യങ്ങൾ മൂർഛിക്കുന്നുണ്ടെന്നു് ''അധികാരത്തിലേക്കുള്ള വഴി'' എന്ന ലഘുലേഖയിൽ കൗട്സ്കിയടക്കം എല്ലാവരും എന്നേ സമ്മതിച്ചിട്ടുണ്ടു്.

വൻശക്തികളുടേതായ വിശേഷാനുകൂല്യങ്ങൾക്കുവേണ്ടിയുള്ള സായുധസംഘട്ടനം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞ സ്ഥിതിക്കു്, യുദ്ധം ഭീകരവും നിരായുധീകരണം ഗുണകരവുമാണെന്നു് മുതലാളിമാരേയും പെററിബൂർഷ്വാസിയേയും വിശ്വസിപ്പിക്കാൻ കൗട്സ്കി ആഗ്രഹിക്കുന്നു. മനുഷ്യസ്നേഹം ദൈവത്തിന്റെ കല്പനയും ആത്മാവിന്റെ വാഞ്ഛയും നാഗരികതയുടെ ധാർമ്മികനിയമവുമാണെന്നു് മുതലാളിയെ

---

ളുടെ ഓഹരികളും മററും ഉൾപ്പെടെ 73,200 കോടി ഫ്രാങ്കിന്റെ സെക്യൂരിട്ടികൾ ഉണ്ടായിരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നുവെന്നു് ഇ. ഷൂൽത്സെ അറിയിക്കുന്നു. ഈ തുകയിൽ ബ്രിട്ടന്റെ ഓഹരി 13,000 കോടി ഫ്രാങ്കും യു.എസ്സ്.എ.യുടേതു് 11,500 കോടിയും ഫ്രാൻസിന്റേതു് 10,000 കോടിയും ജർമ്മനിയുടേതു് 7,500 കോടിയുമായിരുന്നു. അതായതു് നാലു വൻശക്തികൾക്കുംകൂടിയുള്ള ഓഹരി 42,000 കോടി ഫ്രാങ്കായിരുന്നു—ആകെയുള്ളതിന്റെ പകുതിയിലധികം. മർദ്ദനത്തിലൂടെയും കൊള്ളയിലൂടെയും മററു രാഷ്ട്രങ്ങളെ കവച്ചുവച്ചിട്ടുള്ള പ്രധാനപ്പെട്ട വൻശക്തികൾ അനുഭവിക്കുന്ന മെച്ചങ്ങളേയും വിശേഷാനുകൂല്യങ്ങളേയും കുറിച്ചു് ഇതിൽനിന്നു മനസ്സിലാക്കാം. (Dr. Ernst Schultze, "Das französische Kapital in Russland", "Finanz-Archiv", Berlin, 1915, Jahrg. 32, S. 127.) ഒരു വൻശക്തിയെ സംബന്ധിച്ചിടത്തോളം ''പിതൃഭൂമിയെ രക്ഷിക്കുക''യെന്നു വച്ചാലർത്ഥം അന്യരാജ്യങ്ങളെ കൊള്ളയടിക്കുന്നതിന്റെ പങ്കു കിട്ടാനുള്ള അവകാശത്തെ സംരക്ഷിക്കുകയെന്നാണു്. റഷ്യയിൽ മുതലാളിത്തപരമായ സാമ്രാജ്യത്വം സൈനിക—ഫ്യൂഡൽ സാമ്രാജ്യത്വത്തേക്കാൾ ദുർബ്ബലമാണെന്നതു് സർവ്വവിദിതമാണു്.



Scanned by CamScanner

വിശ്വസിപ്പിക്കാൻ പള്ളിയിൽ പ്രസംഗിക്കുന്ന പാതിരി ശ്രമിക്കുന്നതുപോലെതന്നെയാണിതു്. ഫലവും തഥൈവ. ''അതിസാമ്രാജ്യത്വ''ത്തിലേക്കുള്ള പ്രവണതയെന്നു് കൗട്സ്കി പറയുന്നതു് പണപ്രഭുക്കന്മാരോടു് തിന്മ ചെയ്യരുതെന്നുള്ള ഒരു പെററിബൂർഷ്വാ ആഹ്വാനം മാത്രമാണു്.

മൂലധനം കയററി അയയ്ക്കുന്നതോ? പക്ഷെ കോളനികളിലേക്കുള്ളതിനേക്കാൾ കൂടുതൽ മൂലധനം കയററി അയയ്ക്കുന്നതു് യു. എസ്സ്. എ.യെപ്പോലുള്ള സ്വതന്ത്രരാജ്യങ്ങളിലേക്കാണു്. കോളനികൾ പിടിച്ചടക്കുന്നതോ? പക്ഷെ അവയെല്ലാം പിടിച്ചടക്കിക്കഴിഞ്ഞിരിക്കുന്നു. അവയിലേതാണ്ടെല്ലാംതന്നെ സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിക്കുകയാണു്. ''ഇന്ത്യ ബ്രിട്ടീഷുകാരുടെ കൈവശത്തിൽനിന്നു വിട്ടുപോയെന്നുവരാം. എന്നാൽ ഒരു അവിഭക്തസാമ്രാജ്യമെന്ന നിലയ്ക്കു് അതൊരിക്കലും മറെറാരു വിദേശശക്തിയുടെ ആധിപത്യത്തിൻകീഴിലാവുകയില്ല'' (മുകളിലുദ്ധരിച്ച ലഘുലേഖയുടെ 49–ാം പേജ്). ''അസംസ്കൃതപദാർത്ഥങ്ങളുടെ കാര്യത്തിൽ അന്യരാജ്യങ്ങളെ ആശ്രയിക്കാതെ നിൽക്കാൻ കഴിവുള്ള ഒരു കൊളോണിയൽ സാമ്രാജ്യം കൈവശപ്പെടുത്താൻ ഏതു വ്യാവസായികമുതലാളിത്തരാഷ്ട്രം നടത്തുന്ന ഏതൊരു ശ്രമവും മറെറല്ലാ മുതലാളിത്തരാഷ്ട്രങ്ങളേയും അതിനെതിരായി യോജിപ്പിക്കുകയും ലക്ഷ്യപ്രാപ്തിയോടു് ഒട്ടും അടുപ്പിക്കാതെതന്നെ അന്തമില്ലാത്തതും തളർത്തുന്നതുമായ യുദ്ധങ്ങളിൽ അതിനെക്കൊണ്ടു ചാടിക്കുകയും ചെയ്യും. ആ രാഷ്ട്രത്തിന്റെ മുഴുവൻ സാമ്പത്തികജീവിതത്തിന്റേയും തകർച്ചയിലേക്കുള്ള ഏററവും ഉറപ്പായ വഴിയായിരിക്കും ആ നയം'' (പേജ് 72–73).

പണപ്രഭുക്കന്മാരെക്കൊണ്ടു് സാമ്രാജ്യത്വത്തെ കൈവെടിയിക്കാനുള്ള ഒരു ഫിലിസ്റ്റൈൻ ശ്രമമല്ലേ ഇതു്? തകർച്ചയുടെ സാദ്ധ്യത കാട്ടി മുതലാളിമാരെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതു്, അനേകംപേരുടെ ജീവിതം തുലച്ചിട്ടുള്ളതിനാൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓഹരികളുടെ ഊഹക്കച്ചവടം നടത്തരുതെന്നു് ഉപദേശിക്കുന്നതുപോലാണു്. എതിരാളിയായ മുതലാളിയുടേയോ രാഷ്ട്രത്തിന്റേയോ തകർച്ചകൊണ്ടു് മൂലധനത്തിനു് നേട്ടമാണുണ്ടാവുന്നതു്. കാരണം, അങ്ങിനെ മൂലധനം കൂടുതൽ കേന്ദ്രീകൃതമാവുന്നു. അതുകൊണ്ടു് സാമ്പത്തികമത്സരത്തിന്റെ, അതായതു് പ്രതിയോഗിയെ തകർച്ചയിലേക്കു് സാമ്പത്തികമായി തള്ളിവിടുന്നതിന്റെ, തീവ്രതയും ''സാന്ദ്രത''യും വർദ്ധിക്കുന്തോറും, അയാളെ ആ വഴിക്കു് തള്ളിവിടുന്നതിനു് സൈനികസമ്മർദ്ദംകൂടി പ്രയോഗിക്കാൻ മുതലാളിമാർ കൂടുതൽകൂടുതൽ ശ്രമിക്കുന്നു. കോളനികളിലേക്കോ തുർക്കിയേപ്പോലുള്ള ആശ്രിതരാ

ജ്യങ്ങളിലേക്കോ കയററിയയയ്ക്കാവുന്നത്ര ലാഭകരമായി മൂലധനം കയററിയയയ്ക്കാവുന്ന രാജ്യങ്ങളുടെ എണ്ണം കുറയുന്തോറും—യു.എസ്സ്. ഡി.യെപ്പോലുള്ള സ്വാതന്ത്ര്യവും അനാശ്രിതവും പരിഷ്കൃതവുമായ രാജ്യത്തേക്ക് മൂലധനം കയററിയയയ്ക്കുന്നതിന്റെ മൂന്നിരട്ടി ലാഭമാണ് അത്തരം രാജ്യങ്ങളിലേക്കുള്ള കയററുമതിയിൽനിന്ന് പണപ്രഭുക്കരം അടിച്ചെടുക്കുന്നത്—തുർക്കിയേയും ചൈനയേയും മററും കീഴ്പ്പെടുത്താനും പങ്കിടാനുമുള്ള സമരം കൂടുതൽ രൂക്ഷമായിത്തീരുന്നു. ഫിനാൻസ് മൂലധനത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും കാലഘട്ടത്തെക്കുറിച്ച് ധനശാസ്ത്രസിദ്ധാന്തം വെളിപ്പെടുത്തുന്നത് അതാണ്. വസ്തുതകരം വെളിപ്പെടുത്തുന്നത് അതാണ്. പക്ഷെ കൗട്സ്കി സർവ്വതിനേയും ക്ഷുദ്രമായ ''ഗുണപാഠ''മാക്കി മാററുന്നു: തുർക്കിയെ പങ്കിടുന്നതിനെച്ചൊല്ലിയോ ഇന്ത്യയെ പിടിച്ചടക്കുന്നതിനെച്ചൊല്ലിയോ ഇത്ര ചൂടാകേണ്ട കാര്യമില്ല. യുദ്ധത്തിനു പോകേണ്ട കാര്യം അത്രപോലുമില്ല. കാരണം, എന്തായാലും അവയെ അധികകാലം വച്ചുകൊണ്ടിരിക്കാൻ പററുകയില്ല. മാത്രമല്ല, മുതലാളിത്തത്തെ സമാധാനപരമായി വികസിപ്പിക്കുന്നതാണ് കൂടുതൽ നല്ലത്...കൂലി വർദ്ധിപ്പിച്ചുകൊണ്ട് മുതലാളിത്തത്തെ വികസിപ്പിക്കുകയും ആഭ്യന്തരകമ്പോളം വിപുലപ്പെടുത്തുകയുമായിരിക്കും അതിലും നല്ലത്. ഇതു തികച്ചും ''ചിന്തനീയ''മാണ്. പണപ്രഭുക്കന്മാരോട് പാതിരിപ്രസംഗം നടത്താൻ പററിയ വിഷയവുമാണ്. കോളനികരംക്കു വേണ്ടി ബ്രിട്ടനോട് യുദ്ധംചെയ്തിട്ട് കാര്യമില്ലെന്ന് ജർമ്മൻ പണപ്രഭുക്കളെ വിശ്വസിപ്പിക്കുന്നതിൽ നല്ലവനായ കൗട്സ്കി ഒട്ടുമുക്കാലും വിജയിച്ചിരിക്കുന്നു. കാരണം, എന്തായാലും ആ കോളനികരം അടുത്തുതന്നെ സ്വാതന്ത്ര്യം നേടുമല്ലൊ!

1872—നും 1912—നുമിടയ്ക്ക് ബ്രിട്ടനും ഈജിപ്തും തമ്മിലുള്ള കയററിറക്കുമതി ബ്രിട്ടന്റെ മൊത്തം കയററിറക്കുമതിയുടെ തോതിൽ വളർന്നില്ല. ഇതിൽനിന്നും ''മാർക്സിസ്റ്റായ'' കൗട്സ്കി അനുമാനിക്കുന്ന ഗുണപാഠം ഇതാണ്: ''സൈനികാധിനിവേശംകൂടാതെ കേവലം സാമ്പത്തികഘടകങ്ങളുടെ പ്രവർത്തനഫലമായി ഈജിപ്തുമായുള്ള ബ്രിട്ടന്റെ വ്യാപാരം ഇത്രത്തോളം വളരുകയില്ലായിരുന്നുവെന്ന് അനുമാനിക്കാൻ കാരണം കാണുന്നില്ല'' (പേജ് 72). ''മൂലധനത്തിന്റെ വികസനവാഞ്ഛയെ സഫലമാക്കാനുള്ള ഏററവും നല്ല വഴി സാമ്രാജ്യത്വത്തിന്റെ അക്രമമാർഗ്ഗങ്ങളല്ല, സമാധാനപരമായ ജനാധിപത്യമാണ്'' (പേജ് 70).

എത്ര ഗൗരവതരവും ശാസ്ത്രീയവുമായ ഒന്നാന്തരം ''മാർക്സിസ്റ്റ്'' വിശകലനം! യുക്തിഹീനമായ ചരിത്രത്തെ കൗട്സ്കി ഭംഗിയായി



Scanned by CamScanner

''തെററുതിരുത്തിയെടുത്തു''. ബ്രിട്ടീഷുകാർ ഫ്രഞ്ചുകാരിൽനിന്നു് ഈജിപ്തു് പിടിച്ചെടുക്കേണ്ടയാവശ്യമില്ലായിരുന്നുവെന്നും, ജർമ്മൻ പണപ്രഭുക്കൾ യുദ്ധം തുടങ്ങുകയും തുർക്കിയെ സഹായിക്കുകയും ബ്രിട്ടനെ ഈജിപ്തിൽനിന്നു് ആട്ടിയോടിക്കാൻ മററു നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടു് യാതൊരു കാര്യവുമില്ലായിരുന്നുവെന്നും അദ്ദേഹം ''തെളിയിച്ചിരിക്കുന്നു''! ഇതെല്ലാം വെറും തെററിദ്ധാരണയാണു്—ഈജിപ്തിൽ ബലപ്രയോഗമാർഗ്ഗങ്ങൾ ഉപേക്ഷിച്ചു് ''സമാധാനപരമായ ജനാധിപത്യം'' സ്വീകരിക്കുകയാണു് (കൗട്സ്കി മോഡലിൽ മൂലധനത്തിൻെറ കയററുമതി വർദ്ധിപ്പിക്കാൻ!) ''ഏററവും ഉത്തമ''മെന്നു് ബ്രിട്ടീഷുകാർക്കു് ഇനിയും മനസ്സിലായിട്ടില്ല.

''മുതലാളിത്തത്തിൽനിന്നു് ഉൽഭൂതമാകുന്ന സാമ്പത്തികവൈരുദ്ധ്യങ്ങളെ സ്വതന്ത്രവ്യാപാരം നിശ്ശേഷം ഇല്ലാതാക്കുമെന്ന ബൂർഷ്വാ സ്വതന്ത്രവ്യാപാരവാദികളുടെ ധാരണ തീർച്ചയായും ഒരു വ്യാമോഹമായിരുന്നു. സ്വതന്ത്രവ്യാപാരത്തിനോ ജനാധിപത്യത്തിനോ അവയെ ഇല്ലാതാക്കാൻ സാദ്ധ്യമല്ല. ബഹുജനങ്ങളുടെമേൽ ഏററവും കുറച്ചു് കഷ്ടപ്പാടുകളും ത്യാഗങ്ങളും ചുമത്തുന്ന സമരരൂപങ്ങൾവഴി ഈ വൈരുദ്ധ്യങ്ങളെ ഇല്ലാതാക്കുന്നതിലാണു് ഞങ്ങൾക്കു് എന്തുകൊണ്ടും താല്പര്യം'' (പേജ് 73).

ദൈവമേ, ഞങ്ങളെ സഹായിക്കു! ദൈവമേ, ഞങ്ങളോടു് കരുണ കാട്ടു! ''ആരാണു് ഫിലിസ്റ്റൈൻ?'' എന്നു് ലസ്സാൽ ചോദിക്കുമായിരുന്നു. ഒരു പ്രശസ്തകവിയുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹംതന്നെ അതിനു മറുപടിയും നൽകി: ''ഭീതിയും ദൈവം കനിയുമെന്ന പ്രതീക്ഷയും മാത്രം നിറഞ്ഞ ഒരു കുടലാണു് ഫിലിസ്റ്റൈൻ.''[17]

കൗട്സ്കി മാർക്സിസത്തെ അന്യാദൃശമാംവണ്ണം വ്യഭിചരിപ്പിക്കുന്നേടത്തോളംവരെ അധഃപതിപ്പിക്കുകയും സ്വയം ശരിക്കുമൊരു പാതിരിയായി മാറുകയും ചെയ്തിരിക്കുന്നു. സമാധാനപരമായ ജനാധിപത്യം സ്വീകരിക്കണമെന്നു് അദ്ദേഹം മുതലാളിമാരെ പ്രേരിപ്പിക്കുകയാണു ചെയ്യുന്നതു്. എന്നിട്ടതിനെ വൈരുദ്ധ്യവാദമെന്നു വിളിക്കുന്നു: ആദ്യം സ്വതന്ത്രവ്യാപാരമുണ്ടായിരുന്നിട്ടു് പിന്നീടാണു് കുത്തകകളും സാമ്രാജ്യത്വവും വന്നതെങ്കിൽ എന്തുകൊണ്ടു് ''അതിസാമ്രാജ്യത്വം'' ഉണ്ടായിട്ടു് വീണ്ടും സ്വതന്ത്രവ്യാപാരം വന്നുകൂടാ? ഈ ''അതിസാമ്രാജ്യത്വ''ത്തിൻെറ അനുഗ്രഹങ്ങൾ വിവരിച്ചുകൊണ്ടു് മർദ്ദിതരായ ബഹുജനങ്ങളെ നമ്മുടെ പാതിരി സമാശ്വസിപ്പിക്കുന്നുണ്ടു്. എന്നാൽ അതു് ''സാധിതപ്രായ''മാണെന്നു പറയാനുള്ള ധൈര്യംപോലും അദ്ദേഹത്തിനില്ല! മതം ജനങ്ങൾക്കു് ആശ്വാസം



Scanned by CamScanner

നൽകുന്നുവെന്ന കാരണം പറഞ്ഞ് മതത്തെ ന്യായീകരിച്ചവർക്ക മറുപടിയായി ആശ്വാസത്തിന്റെ പിന്തിരിപ്പൻ അർത്ഥം ഫോയെർബാഹ് ചൂണ്ടിക്കാട്ടിയത് എത്രയും ശരിയായിരുന്നു: അടിമത്തത്തിനെതിരായി തട്ടിയുണർത്തുന്നതിനു പകരം അടിമയെ ആശ്വസിപ്പിക്കുന്നവർ അടിമയുടമയെ സഹായിക്കുകയാണു ചെയ്യുന്നത്.

എല്ലാ മർദ്ദകവർഗ്ഗങ്ങൾക്കും തങ്ങളുടെ ഭരണത്തെ ഉറപ്പിച്ചുനിർത്താൻ രണ്ടു സാമൂഹ്യധർമ്മങ്ങളുടെ ആവശ്യമുണ്ട്: ആരാച്ചാരുടെ ധർമ്മവും പുരോഹിതന്റെ ധർമ്മവും. മർദ്ദിതരുടെ പ്രതിഷേധത്തേയും രോഷത്തേയും തമർത്താൻ ആരാച്ചാർ വേണം. മർദ്ദിതരെ ആശ്വസിപ്പിക്കാൻ, വർഗ്ഗഭരണത്തെ നിലനിർത്തിക്കൊണ്ടുതന്നെ അവരുടെ കഷ്ടതകളും ത്യാഗങ്ങളും ലഘൂകരിക്കാനുള്ള സാദ്ധ്യതകൾ അവരുടെ മുമ്പിൽ വരച്ചുകാട്ടാൻ (ഈ സാദ്ധ്യതകൾ ''സഫലമാകു''മെന്ന് ഉറപ്പുനൽകാതെ ഇങ്ങനെ ചെയ്യാൻ വിശേഷിച്ചും എളുപ്പമാണ്), അങ്ങിനെ അവരെ വർഗ്ഗഭരണവുമായി രഞ്ജിപ്പിക്കാൻ, വിപ്ലവസമരത്തിൽനിന്ന് അകററിനിർത്താൻ, അവരുടെ വിപ്ലവബോധത്തെ കെടുത്താൻ, അവരുടെ വിപ്ലവദാർഢ്യത്തെ തകർക്കാൻ, പുരോഹിതൻ വേണം. കൗട്സ്കി മാർക്സിസത്തെ ഏററവും ജുഗുപ്സാവഹവും ബുദ്ധിശൂന്യവുമായ സിദ്ധാന്തമായും ഏററവും അധമമായ പൗരോഹിത്യവാദമായും മാററിയിരിക്കയാണ്.

മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർഛിച്ചിട്ടുണ്ടെന്നും — ഇതു് ആരും നിഷേധിച്ചിട്ടില്ല, നിഷേധിക്കാൻ സാദ്ധ്യവുമല്ല— യുദ്ധങ്ങളുടേതും വിപ്ലവങ്ങളുടേതുമായ ഒരു ഘട്ടം, പുതിയൊരു ''വിപ്ലവഘട്ടം'', ആസന്നമായിരിക്കുന്നുവെന്നുമുള്ള വസ്തുത 1909—ൽ ''അധികാരത്തിലേക്കുള്ള വഴി'' എന്ന ലഘുലേഖയിൽ അദ്ദേഹം അംഗീകരിച്ചതാണ്. ''അകാലിക''വിപ്ലവമെന്നൊന്ന് ഉണ്ടാവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം പറഞ്ഞു. പോരാട്ടം തുടങ്ങുന്നതിനു മുമ്പ് പരാജയസാദ്ധ്യത നിഷേധിക്കാൻ വയ്യെങ്കിൽപ്പോലും ഒരു കലാപത്തിൽ വിജയസാദ്ധ്യത കണക്കിലെടുക്കാൻ കൂട്ടാക്കാത്തതു് ''നമ്മുടെ ലക്ഷ്യത്തെ പ്രത്യക്ഷമായി വഞ്ചിക്കലാണെ''ന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

യുദ്ധത്തിന്റെ ആഗമനത്തോടെ വൈരുദ്ധ്യങ്ങൾ പൂർവ്വാധികം രൂക്ഷമായിട്ടുണ്ട്. ബഹുജനങ്ങളുടെ കഷ്ടപ്പാടുകൾ ഭീമമായ തോതിൽ വളർന്നിട്ടുണ്ട്. യുദ്ധം അവസാനിക്കുന്ന ലക്ഷണമില്ല. യുദ്ധരംഗങ്ങൾ കൂടുതൽകൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കൗട്സ്കിയാകട്ടെ, ലഘുലേഖകൾ ഒന്നിനു പിറകെ ഒന്നായി എഴുതിക്കൂട്ടുന്നു. സെൻസർമാരുടെ കല്പനകൾക്ക് അനുസരണയോടെ വഴങ്ങിക്കൊ

ണ്ടു് അദ്ദേഹം ഭൂമിയുടെ കയ്യേററത്തേയും യുദ്ധത്തിന്റെ ഭീകരതകളേയും പട്ടാളകൺട്രാക്റ്റർമാരുടെ അപവാദകരമായ കൊള്ളലാഭത്തേയും വർദ്ധിച്ച ജീവിതച്ചെലവിനേയും പടക്കോപ്പുനിർമ്മാണവ്യവസായങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള തൊഴിലാളികളുടെ യഥാർത്ഥത്തിലുള്ള അടിമത്താവസ്ഥയേയും സംബന്ധിച്ച വസ്തുകളൊന്നുംതന്നെ എടുത്തുപറയുന്നില്ല. പകരം, അദ്ദേഹം തൊഴിലാളിവർഗ്ഗത്തെ സമാശ്വസിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ബൂർഷ്വാസി വിപ്ലവകരമോ പുരോഗമനപരമോ ആയ പങ്കു വഹിച്ചിട്ടുള്ളതും ''മാർക്സുതന്നെ'' ഏതെങ്കിലും ബൂർഷ്വാസിയുടെ വിജയം അഭിലഷിച്ചിട്ടുള്ളതുമായ യുദ്ധങ്ങളുടെ ദൃഷ്ടാന്തങ്ങൾ എടുത്തുകാട്ടിയാണ് അദ്ദേഹം സമാശ്വസിപ്പിക്കുന്നതു്. കോളനികളെക്കൂടാതെയും മററുള്ളവരെ കൊള്ളയടിക്കാതെയും യുദ്ധങ്ങളും പടക്കോപ്പുകളുമില്ലാതെയും മുതലാളിത്തം ''സാദ്ധ്യമാണെന്നും'' ''സമാധാനപരമായ ജനാധിപത്യ''മാണ് കൂടുതൽ അഭികാമ്യമെന്നും തെളിയിക്കാനുള്ള കണക്കുകൾ അട്ടിക്കണക്കിനു് ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം സമാശ്വസിപ്പിക്കുന്നതു്. ജനങ്ങളുടെ കഷ്ടപ്പാടുകൾ കൂടുതൽ തീവ്രമായിക്കൊണ്ടിരിക്കുകയാണെന്നും നമ്മുടെ കൺമുമ്പിൽത്തന്നെ ഒരു വിപ്ലവപരിതസ്ഥിതി സംജാതമായിക്കൊണ്ടിരിക്കുകയാണെന്നുമുള്ള വസ്തുത (സെൻസർ സമ്മതിക്കാത്തതുകൊണ്ടു് ഇക്കാര്യം പുറത്തു പറഞ്ഞുകൂടാ!) നിഷേധിക്കാൻ കൗട്സ്കിയ്ക്കു് ധൈര്യമില്ല. ബൂർഷ്വാസിക്കും അവസരവാദികൾക്കും പാദസേവചെയ്തുകൊണ്ടു് അദ്ദേഹം പുതിയ ഘട്ടത്തിൽ ''കഷ്ടപ്പാടുകളും ത്യാഗങ്ങളും കുറയ്ക്കുന്ന'' സമരരൂപങ്ങൾക്കുള്ള ''സാദ്ധ്യത''യെ വരച്ചുകാട്ടുകയാണ ചെയ്യുന്നതു് (ഈ ''സാദ്ധ്യത'' ''സഫലമാകു''മെന്നു് അദ്ദേഹം ഉറപ്പുനൽകുന്നില്ല).... ഇക്കാരണത്താൽത്തന്നെ ഫ്രാൻറ്സ് മേറിംഗും റോസ ലൂക്സെംബുർഗ്ഗും കൗട്സ്കിയെ ഒരു തെരുവുവേശ്യ ("Mädchen für alle") എന്നു വിളിച്ചതു് തികച്ചും ശരിയായിരുന്നു.

* * *

1905 ആഗസ്റ്റിൽ റഷ്യയിൽ ഒരു വിപ്ലവപരിതസ്ഥിതി നിലവിലുണ്ടായിരുന്നു. അസ്വസ്ഥരായ ബഹുജനങ്ങളെ ''ആശ്വസിപ്പിക്കാൻ'' വേണ്ടി, ബുളീഗിൻഡൂമ വിളിച്ചുകൂട്ടാമെന്നു് സാർ വാഗ്ദാനം ചെയ്തിരുന്നു.[18] പണപ്രഭുക്കളെ ആയുധീകരണം ഉപേക്ഷിച്ച് ''ശാശ്വതസമാധാന''ത്തിനു സമ്മതിക്കുന്നതിനെ ''അതിസാമ്രാജ്യത്വം'' എന്നു വിളിക്കാമെങ്കിൽ, ബുളീഗിന്റെ നിയമോപദേശകസഭാസമ്പ്ര



Scanned by CamScanner

ദായത്തെ ''അതിസ്വേച്ഛാധിപത്യം'' എന്നു വിളിക്കാം. യുദ്ധം കഴിഞ്ഞാൽ തങ്ങൾ നിരായുധീകരണത്തിനുവേണ്ടി നിലകൊള്ളുമെന്നു് നൂറുകണക്കിനു് പടക്കൂററൻ സ്ഥാപനങ്ങളിൽ ''കെട്ടുപിണഞ്ഞുകിടക്കുന്ന'' ലോകത്തിലെ ഏററവും വലിയ നൂറു പണപ്രഭുക്കൾ നാളെ ജനങ്ങളോടു് വാഗ്ദാനം ചെയ്യുവെന്നു് നമുക്കു് ഒരു നിമിഷം സങ്കല്പിക്കാം (കൗട്സ്കിയുടെ അസംബന്ധമായ സിദ്ധാന്തത്തിൽനിന്നു രാഷ്ട്രീയനിഗമനങ്ങളിലെത്തിച്ചേരാൻവേണ്ടി മാത്രമാണു് നമ്മൾ നിമിഷനേരത്തേക്കു് ഇങ്ങനെ സങ്കല്പിക്കുന്നതു്). അങ്ങിനെ സംഭവിച്ചാൽത്തന്നെ, വിപ്ലവസമരത്തിൽനിന്നു തൊഴിലാളിവർഗ്ഗത്തെ പിന്തിരിപ്പിക്കുന്നതു് അതിനോടു കാട്ടുന്ന നഗ്നമായ വഞ്ചനയായിരിക്കും. കാരണം, വിപ്ലവസമരത്തിന്റെ അഭാവത്തിൽ എല്ലാ വാഗ്ദാനങ്ങളും എല്ലാ നല്ല സാദ്ധ്യതകളും വെറും മരീചികയാണു്.

യുദ്ധം മുതലാളിവർഗ്ഗത്തിനു് ഭീമലാഭവും പുതുതായി കൊള്ളയടിക്കാനുള്ള ഒന്നാന്തരം സാദ്ധ്യതകളും (തുർക്കി, ചൈന, മുതലായവ), ശതകോടിക്കണക്കിനുള്ള പുതിയ കോൺട്രാക്ടുകളും വർദ്ധിച്ച പലിശനിരക്കോടു കൂടിയ പുതിയ വായ്പകളും മാത്രമല്ല നേടിക്കൊടുത്തിട്ടുള്ളതു്. തൊഴിലാളിവർഗ്ഗത്തെ ഭിന്നിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്തുകൊണ്ടു് യുദ്ധം മുതലാളിവർഗ്ഗത്തിനു് അതിലും വലിയ രാഷ്ട്രീയമെച്ചങ്ങൾ നേടിക്കൊടുത്തിട്ടുണ്ടു്. കൗട്സ്കി ഈ ദുഷിപ്പിക്കലിനെ പ്രോത്സാഹിപ്പിക്കുകയാണു ചെയ്യുന്നതു്. സമരോത്സുകരായ തൊഴിലാളികൾക്കിടയിലുള്ള ഈ സാർവ്വദേശീയ ഭിന്നിപ്പിനു് ''സ്വന്തം'' രാഷ്ട്രങ്ങളിലെ അവസരവാദികളുമായുള്ള—സ്യൂഡെക്കുമ്മാരുമായുള്ള—ഐക്യത്തിന്റെ പേരിൽ പവിത്രത കല്പിക്കുകയാണു ചെയ്യുന്നതു്! എന്നിട്ടും, പഴയ പാർട്ടികളുടെ ഐക്യമുദ്രാവാക്യത്തിന്റെ അർത്ഥം അതാതു രാഷ്ട്രത്തിലെ തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള ''ഐക്യ''മെന്നും വിവിധരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിനിടയിലുള്ള ഭിന്നിപ്പെന്നുമാണെന്നു് മനസ്സിലാക്കാത്തവരുണ്ടു്....

## VI

മുകളിലത്തെ വരികൾ എഴുതിക്കഴിഞ്ഞപ്പോഴാണു് മേയ് 28–ാംനു-യിലെ ''നോയെ സൈററ്'' (ലക്കം 9) പുറത്തുവന്നതു. ''സോഷ്യൽഡെമോക്രസിയുടെ തകർച്ച''യെക്കുറിച്ചുള്ള കൗട്സ്കിയുടെ വാദമുഖങ്ങൾ അതിൽ ഉപസംഹരിച്ചിട്ടുണ്ടു് (കുനൊവിനുള്ള



Scanned by CamScanner

അദ്ദേഹത്തിൻെറ മറുപടിയുടെ 7—ാം വകുപ്പ്). സോഷ്യൽഷോവിനിസത്തിനു ഉപോൽബലകമായ തൻെറ എല്ലാ പഴയ കുതർക്കങ്ങളേയും പുതിയൊരു കുതർക്കത്തേയും കൗട്സ്കി ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

''യുദ്ധം ഒരു തനിസാമ്രാജ്യത്വയുദ്ധമാണെന്നും, ഒന്നുകിൽ സാമ്രാജ്യത്വം അല്ലെങ്കിൽ സോഷ്യലിസം എന്നിങ്ങനെ രണ്ടു പോംവഴികളാണു യുദ്ധാരംഭത്തിൽ ഉണ്ടായിരുന്നതെന്നും, ജർമ്മനിയിലേയും ഫ്രാൻസിലേയും പല കാര്യത്തിലും ബ്രിട്ടനിലേയും സോഷ്യലിസ്റ്റു പാർട്ടികളും തൊഴിലാളിബഹുജനങ്ങളും ഒരുപിടി പാർലിമെൻേററിയന്മാരുടെ വെറും ആഹ്വാനം കേട്ടു വീണ്ടുവിചാരമില്ലാതെ സാമ്രാജ്യത്വത്തിൻെറ കൈകളിലേക്കു എടുത്തുചാടിയെന്നും, സോഷ്യലിസത്തെ വഞ്ചിച്ചെന്നും, അങ്ങിനെ ചരിത്രത്തിൽ അഭൂതപൂർവമായ ഒരു തകർച്ചയുണ്ടാക്കിയെന്നും പറയുന്നതു തികച്ചും അസത്യമാണു.''

പുതിയൊരു കുതർക്കം; തൊഴിലാളികളെ പററിക്കാൻ പുതിയൊരു വാദം: യുദ്ധം ''തനി''സാമ്രാജ്യത്വയുദ്ധമല്ലെന്നു കാണാൻ വയ്യേ!

ഇപ്പോഴത്തെ യുദ്ധത്തിൻെറ സ്വഭാവത്തിൻേറയും അർത്ഥത്തിൻേറയും പ്രശ്നത്തിൽ കൗട്സ്കി അത്ഭുതകരമാംവണ്ണം ആടിക്കളിക്കുന്നു. ഏററവുമൊടുവിൽ മോഷണം നടത്തിയ സ്ഥലത്തുനിന്നു കള്ളൻ ഒഴിഞ്ഞുമാറി നടക്കുന്നത്ര നിഷ്കർഷയോടെയാണു ഈ പാർട്ടിനേതാവു ബാസെലിലേയും ഹെംനിററ്സിലേയും കോൺഗ്രസ്സുകൾ അംഗീകരിച്ച സൂക്ഷ്മവും ഔപചാരികവുമായ പ്രഖ്യാപനങ്ങളിൽ നിന്നു ഒഴിഞ്ഞുമാറുന്നതു. ''എന്നിരുന്നാലും, അവസാനവിശകലനത്തിൽ'' യുദ്ധം ഒരു ''സാമ്രാജ്യത്വയുദ്ധമാണു'' (പേജ് 64) എന്നു 1915 ഫെബ്രുവരിയിലെഴുതിയ ''ദേശീയസ്റ്റേററും...'' എന്ന ലഘുലേഖയിൽ കൗട്സ്കി ഉറപ്പിച്ചു പറയുകയുണ്ടായി. ഇപ്പോഴിതാ ഒരു പുതിയ നിബന്ധന വച്ചിരിക്കുന്നു: അതു തനി സാമ്രാജ്യത്വയുദ്ധമല്ലത്രെ. പിന്നെന്താണതു?

അതൊരു ദേശീയയുദ്ധംകൂടിയാണപോലും! താഴെക്കൊടുക്കുന്ന ''പ്ലെഹാനൊവ്മോഡൽ'' കപടവൈരുദ്ധ്യവാദത്തിലൂടെയാണു കൗട്സ്കി ഈ ബീഭത്സമായ നിഗമനത്തിലെത്തുന്നതു:

''ഈ യുദ്ധം സാമ്രാജ്യത്വത്തിൻെറ മാത്രമല്ല, റഷ്യൻ വിപ്ലവത്തിൻെറകൂടി സന്തതിയാണു.'' റഷ്യൻ വിപ്ലവം പാൻസ്ലാവിസത്തെ[19] പുതിയൊരു രൂപത്തിൽ പുനരുദ്ധരിക്കുമെന്നും ''ജനാധിപത്യ



Scanned by CamScanner

റഷ്യ ആസ്ട്രിയയിലേയും തുർക്കിയിലേയും സ്ലാവുകളുടെ ദേശീയ സ്വാതന്ത്ര്യമോഹത്തെ അനിവാര്യമായും വൻതോതിൽ ഉദ്ദീപിപ്പിക്കു''മെന്നും 1904—ൽത്തന്നെ കൗട്സ്കി മുൻകൂട്ടി കണ്ടതാണ്. ''...അന്ന് പോളണ്ടിന്റെ പ്രശ്നവും ഗുരുതരമാകും.... ആസ്ട്രിയ വേറിട്ടുപോകും. കാരണം, ഇന്ന് അപകേന്ദ്രകാംശങ്ങളെ ഒന്നിച്ച് ബന്ധിച്ചുനിർത്തുന്ന ഇരുമ്പുപട്ട സാറിസത്തിന്റെ പതനത്തോടെ തകരും'' (തന്റെ 1904—ലെ ലേഖനത്തിൽനിന്ന് ഈ അവസാനത്തെ വാക്കുകൾ കൗട്സ്കിതന്നെ ഉദ്ധരിക്കുന്നുണ്ട്). ''റഷ്യൻ വിപ്ലവം... പൗരസ്ത്യദേശത്തെ ദേശീയാഭിലാഷങ്ങൾക്ക് പുതുതും ഊററമേറിയതുമായ ഉത്തേജനം നൽകുകയും യൂറോപ്പിന്റെ പ്രശ്നങ്ങളോട് ഏഷ്യയുടെ പ്രശ്നങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ പ്രശ്നങ്ങളെല്ലാം ഇപ്പോഴത്തെ യുദ്ധത്തിൽ ശക്തിയായി അനുഭവപ്പെടുന്നുണ്ട്. തൊഴിലാളിബഹുജനങ്ങളടക്കമുള്ള സാമാന്യജനങ്ങളുടെ മനോനിലയെ സംബന്ധിച്ചിടത്തോളം അവ വളരെയേറെ നിർണ്ണായകമായ പ്രാധാന്യമാർജ്ജിക്കുന്നുണ്ട്. ഭരണാധികാരിവർഗ്ഗങ്ങൾക്കിടയിലാവട്ടെ, സാമ്രാജ്യത്വപ്രവണതകളാണ് മുന്നിട്ടുനിൽക്കുന്നത്'' (പേജ് 273, അടിവര ഞങ്ങളുടേത്).

മാർക്സിസത്തെ വ്യഭിചരിപ്പിച്ചിട്ടുള്ളതിന്റെ മറെറാരു ദൃഷ്ടാന്തം! ''ജനാധിപത്യറഷ്യ'' കിഴക്കൻ യൂറോപ്പിലെ രാഷ്ട്രങ്ങളിൽ സ്വാതന്ത്ര്യവാഞ്ഛ വളർത്തുമെന്നതുകൊണ്ട് (ഇത് നിസ്തർക്കമാണ്), ഒരൊററ രാഷ്ട്രത്തെപ്പോലും മോചിപ്പിക്കാത്തതും അനന്തരഫലമെന്തുതന്നെയായാലും അനേകം രാഷ്ട്രങ്ങളെ അടിമപ്പെടുത്തുന്നതുമായ ഇപ്പോഴത്തെ യുദ്ധം ''തനി''സാമ്രാജ്യത്വയുദ്ധമല്ലത്രെ. ''സാറിസത്തിന്റെ പതനം'' ജനാധിപത്യവിരുദ്ധമായ ദേശീയഘടനയുള്ളതുമൂലം ആസ്ട്രിയയുടെ ശിഥിലീകരണത്തെ അർത്ഥമാക്കുമെന്നതുകൊണ്ട്, ആസ്ട്രിയയെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയും ആസ്ട്രിയയിലെ രാഷ്ട്രങ്ങളെ പൂർവ്വാധികം മർദ്ദനത്തിനു വിധേയമാക്കുകയും ചെയ്യുന്ന, തൽക്കാലം ശക്തിപ്പെട്ടിരിക്കുന്ന പ്രതിവിപ്ലവസാറിസം ''ഇപ്പോഴത്തെ യുദ്ധ''ത്തിന് തനിസാമ്രാജ്യത്വസ്വഭാവമല്ല, പിന്നെയോ ഒരു പരിധിവരെ ദേശീയസ്വഭാവമാണ് നൽകുന്നതത്രെ. ''ഭരണാധികാരിവർഗ്ഗങ്ങൾ'' മൂഢരായ പെററിബൂർഷ്വാകളേയും മർദ്ദിതരായ കൃഷിക്കാരേയും സാമ്രാജ്യത്വയുദ്ധത്തിന്റെ ദേശീയലക്ഷ്യങ്ങളെക്കുറിച്ചുള്ള കെട്ടുകഥകൾ പറഞ്ഞു് കബളിപ്പിക്കുന്നതുകൊണ്ട്, ഭരണാധികാരിവർഗ്ഗങ്ങൾ സാമ്രാജ്യത്വപ്രവണതകൾ പ്രകടിപ്പിക്കുമ്പോൾ ''ജനങ്ങളും'' തൊഴിലാളിബഹുജനങ്ങളും ''ദേശീയാ''ഭിലാഷങ്ങൾ പ്രകടിപ്പിക്കുന്നുവെന്നൊരു ''ഫോർമുല''വഴി ബഹുജനങ്ങളെ ഈ കബളിപ്പിക്കലുമായി രഞ്ജിപ്പിക്കാൻ ശാസ്ത്രത്തിന്റെയാളും ''മാർക്സിസ''



Scanned by CamScanner

ത്തിൻെറ പ്രമാണപുരുഷനും രണ്ടാം ഇൻറർനാഷനലിൻെറ പ്രതിനിധിയുമായ ഒരാഠംക്ക് അവകാശമുണ്ടത്രെ.

വൈരുദ്ധ്യവാദത്തെ ഏററവും ക്ഷുദ്രവും നിന്ദ്യവുമായ കുതർക്കമെന്നോണം ഇവർ മാററിയിരിക്കയാണു്!

ആസ്ട്രിയയ്ക്കെതിരായ സെർബിയയുടെ യുദ്ധം മാത്രമാണു് ഇപ്പോഴത്തെ യുദ്ധത്തിൽ ദേശീയഘടകത്തെ കുറിക്കുന്നതു് (നമ്മുടെ പാർട്ടിയുടെ ബേർൺ സമ്മേളന[20]ത്തിൻെറ പ്രമേയത്തിൽ ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ). ദീർഘകാലമായി നിലനിൽക്കുന്നതും ദശലക്ഷങ്ങളെ, ''ബഹുജനങ്ങളെ'', ഉൾക്കൊള്ളുന്നതുമായ ഒരു ദേശീയവിമോചനപ്രസ്ഥാനം സെർബിയയിലും സെർബുകാർക്കിടയിലും മാത്രമേ കണ്ടെത്താൻ കഴിയു. ആ പ്രസ്ഥാനത്തിൻെറ ''തുടർച്ച''യാണു് ആസ്ട്രിയയ്ക്കെതിരായി സെർബിയ ഇപ്പോഠം നടത്തുന്ന യുദ്ധം. അതു് ഒരു ഒററപ്പെട്ട യുദ്ധമായിരുന്നെങ്കിൽ, അതായതു് പൊതുയൂറോപ്യൻ യുദ്ധത്തോടും ബ്രിട്ടൻേറയും റഷ്യയുടേയും മററും സ്വാർത്ഥപരമായ അപഹരണലക്ഷ്യങ്ങളോടും ബന്ധപ്പെട്ടതായിരുന്നില്ലെങ്കിൽ, സെർബിയൻ ബൂർഷ്വാസിയുടെ വിജയം കാംക്ഷിക്കുകയെന്നതു് എല്ലാ സോഷ്യലിസ്റ്റുകാരുടേയും കടമയാകുമായിരുന്നു. ഇപ്പോഴത്തെ യുദ്ധത്തിലെ ദേശീയഘടകത്തിൽ നിന്നു തികച്ചും അനിവാര്യമായി സിദ്ധിക്കുന്ന ശരിയായ ഒരേയൊരു നിഗമനം ഇതാണു്. എന്നാൽ ഇപ്പോഠം ആസ്ട്രിയൻ ബൂർഷ്വാസിയുടേയും പള്ളിമേധാവിത്വവാദികളുടേയും സൈനികമേധാവികളുടേയും സേവയ്ക്കു നിൽക്കുന്ന കുതർക്കക്കാരനായ കൗട്സ്കി എത്തിച്ചേരാത്തതും ഈ നിഗമനത്തിൽത്തന്നെയാണു്.

മാത്രമല്ല, ഒരു വസ്തുവിനെ ഒററതിരിച്ചു് പരിശോധിക്കുന്നതിനെ, അതായതു് അതിനെ ഏകപക്ഷീയമായും ബീഭത്സമാംവണ്ണം വികൃതപ്പെടുത്തിക്കൊണ്ടും പരിശോധിക്കുന്നതിനെ, ശാസ്ത്രീയ—പരിണാമാത്മകരീതിയുടെ അവസാനവാക്കായിട്ടുള്ള മാർക്സിസ്റ്റ് വൈരുദ്ധ്യവാദം വർജ്ജിക്കുന്നു. സെർബോ—ആസ്ട്രിയൻ യുദ്ധത്തിലെ ദേശീയഘടകത്തിനു് പൊതുയൂറോപ്യൻ യുദ്ധത്തിൽ കാര്യമായ യാതൊരു പ്രാധാന്യവുമില്ല, ഉണ്ടാകാൻ തരവുമില്ല. ജർമ്മനി ജയിച്ചാൽ അതു് ബൽജിയത്തിൻേറയും പോളണ്ടിൻെറ ഒരു ഭാഗത്തിൻെറക്കൂടിയും ഒരുപക്ഷെ ഫ്രാൻസിൻെറ ഒരു ഭാഗത്തിൻേറയും മററും കഴുത്തു ഞെരിക്കും. റഷ്യ ജയിച്ചാൽ അതു് ഗലീഷ്യയുടേയും പോളണ്ടിൻെറ ഒരു ഭാഗത്തിൻെറക്കൂടിയും ആർമീനിയയുടേയും മററും കഴുത്തു ഞെരിക്കും. യുദ്ധം ''സമനിലയിൽ'' തീർന്നാൽ പഴയ ദേശീയമർദ്ദനം തുടരും. സെർബിയയെ—അതായതു് ഇപ്പോഴത്തെ യുദ്ധത്തിൽ



Scanned by CamScanner

പങ്കെടുക്കുന്നവരിൽ ഒരു ശതമാനത്തേയോ മറ്റോ—സംബന്ധിച്ചിടത്തോളം യുദ്ധം ബൂർഷ്വാദേശീയപ്രസ്ഥാനമെന്ന ''രാഷ്ട്രീയനയത്തിന്റെ തുടർച്ച''യാണ്. ബാക്കി 99 ശതമാനത്തെ സംബന്ധിച്ചിടത്തോളം യുദ്ധം സാമ്രാജ്യത്വമെന്ന രാഷ്ട്രീയനയത്തിന്റെ, അതായത് രാഷ്ട്രങ്ങളെ സ്വതന്ത്രമാക്കുന്നതിനു പകരം ബലാല്ക്കാരംചെയ്യാൻ മാത്രം കെല്പുള്ള ജീർണ്ണിച്ച ബൂർഷ്വാസിയുടെ രാഷ്ട്രീയനയത്തിന്റെ, തുടർച്ചയാണ്. സെർബിയയെ ''മോചിപ്പിക്കുന്ന'' ത്രിരാഷ്ട്രസന്ധിക്കാർ ആസ്ട്രിയയെ കൊള്ളയടിയ്ക്കുന്നതിന് ഇററാലിയൻ സാമ്രാജ്യത്വം നല്കുന്ന സഹായത്തിനു പകരമായി സെർബിയൻ സ്വാതന്ത്ര്യത്തിന്റെ താല്പര്യങ്ങളെ അതിനു വിൽക്കുകയാണു ചെയ്യുന്നതു്.

സർവ്വവിദിതമായ ഇക്കാര്യങ്ങളെല്ലാം തന്നെ അവസരവാദികളെ ന്യായീകരിക്കാൻവേണ്ടി കൗട്സ്കി യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ വളച്ചൊടിച്ചിരിക്കുകയാണ്. പ്രകൃതിയിലോ സമുദായത്തിലോ ''തനി''യായ പ്രതിഭാസങ്ങളില്ല, ഉണ്ടാകാൻ തരവുമില്ല—ഇതാണ് മാർക്സിന്റെ വൈരുദ്ധ്യവാദം നമ്മെ പഠിപ്പിക്കുന്നതു്. മനുഷ്യന്റെ ജ്ഞാനപ്രക്രിയയുടെ ഒരളവുവരെയുള്ള സങ്കുചിതത്വത്തെയാണ്, ഏകപക്ഷീയതയെയാണ്, ഒരു വസ്തുവിനെ അതിന്റെ സമസ്തസമ്പൂർണ്ണതയിലും സങ്കീർണ്ണതയിലും ഉൾക്കൊള്ളാനുള്ള കഴിവില്ലായ്മയെയാണ്, തനിമയെന്ന സങ്കല്പംതന്നെ സൂചിപ്പിക്കുന്നതെന്ന് വൈരുദ്ധ്യവാദം നമുക്കു കാണിച്ചുതരുന്നു. ലോകത്തിൽ ''തനി''മുതലാളിത്തമെന്നൊന്നില്ല, ഉണ്ടാകാൻ സാദ്ധ്യവുമല്ല. ഫ്യൂഡലിസമോ ഫിലിസ്റ്റിനിസമോ മററന്തെങ്കിലുമോ കൂടിച്ചേർന്ന കലർപ്പുകളാണ് നാമെപ്പോഴും കാണുന്നതു്. അതുകൊണ്ടു്, പരസ്യമായ അപഹരണലക്ഷ്യങ്ങളെ ''ദേശീയ'' പദപ്രയോഗങ്ങൾകൊണ്ടു് മനപ്പൂർവ്വം മൂടിവയ്ക്കുന്ന സാമ്രാജ്യവാദികളുടെ കടുത്ത ''ബഹുജന''വഞ്ചനയെക്കുറിച്ചു സംസാരിക്കുമ്പോൾ യുദ്ധം ''തനി'' സാമ്രാജ്യത്വയുദ്ധമല്ലെന്ന് അനുസ്മരിക്കുന്നയാൾ ഒന്നുകിൽ നിസ്സീമമാംവണ്ണം ബുദ്ധിശൂന്യനായ ഒരു പാണ്ഡിത്യഡംഭിയാണ്, അല്ലെങ്കിൽ ഒരു പിത്തലാട്ടക്കാരനും തട്ടിപ്പുകാരനുമാണ്. ''തൊഴിലാളിബഹുജനങ്ങളടക്കമുള്ള സാമാന്യജനങ്ങളെ'' സംബന്ധിച്ചിടത്തോളം ദേശീയവിമോചനത്തിന്റെ പ്രശ്നങ്ങളാണ് ''നിർണ്ണായകപ്രാധാന്യ''മുള്ളവയെന്നും എന്നാൽ ഭരണാധികാരിവർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം ''സാമ്രാജ്യത്വപ്രവണതകളാണ്'' നിർണ്ണായകഘടകങ്ങളെന്നും (പേജ് 273) കൗട്സ്കി പറയുമ്പോൾ, അതിന് ''ഉപോൽബലകമായി'' ''യാഥാർത്ഥ്യത്തിന്റെ നിസ്സീമവൈവിധ്യ''ത്തെ



Scanned by CamScanner

പ്പററി വൈരുദ്ധ്യവാദപരമെന്നവകാശപ്പെടുന്ന ഒരു പരാമർശം അദ്ദേഹം നടത്തുമ്പോഴും (പേജ് 274), സാമ്രാജ്യവാദികളുടെ ജനവഞ്ചനയെ അദ്ദേഹം പിന്താങ്ങുകയാണ് ചെയ്യുന്നത്. ഇതാണ് കാര്യം. തീർച്ചയായും യാഥാർത്ഥ്യം നിസ്സീമമാംവണ്ണം വൈവിധ്യമാർന്നതാണ്. തികച്ചും പരമാർത്ഥമാണത്! എന്നാൽ ഈ നിസ്സീമമായ വൈവിധ്യത്തിനിടയിൽത്തന്നെ മുഖ്യവും മൗലികവുമായ രണ്ടു ധാരകളുണ്ടെന്നതും അത്രതന്നെ നിസ്സംശയമാണ്—യുദ്ധത്തിന്റെ വസ്തുനിഷ്ഠമായ ഉള്ളടക്കം സാമ്രാജ്യത്വമെന്ന ''രാഷ്ട്രീയനയത്തിന്റെ തുടർച്ചയാണ്; അതായത്, ''വൻശക്തികളുടെ'' ജീർണ്ണിച്ച ബൂർഷ്വാസി (അവയുടെ ഗവണ്മെൻറുകളും) മററു രാഷ്ട്രങ്ങളുടെ നേർക്കു നടത്തുന്ന കൊള്ളയാണ്. എന്നാൽ, നിലവിലുള്ള ''വ്യക്തിനിഷ്ഠമായ'' പ്രത്യയശാസ്ത്രമാകട്ടെ, ബഹുജനങ്ങളെ കബളിപ്പിക്കാൻവേണ്ടി പ്രചരിപ്പിക്കുന്ന ''ദേശീയ'' പദപ്രയോഗങ്ങളാണ്.

''യുദ്ധാരംഭത്തിൽ'' ഒന്നുകിൽ സാമ്രാജ്യത്വം അല്ലെങ്കിൽ സോഷ്യലിസം എന്നിങ്ങനെ രണ്ടു പോംവഴികളുള്ളതായിട്ടാണ് ''ഇടതുപക്ഷക്കാർ'' കരുതിയിരുന്നതെന്ന് അവകാശപ്പെട്ടുകൊണ്ട് അടിക്കടി ആവർത്തിക്കപ്പെടുന്ന കൗട്സ്കിയുടെ പഴയ കുതർക്കത്തെ അപഗ്രഥിച്ചുകഴിഞ്ഞു. നിർലജ്ജമായ ഒരു പിത്തലാട്ടമാണിത്. കാരണം, പാർട്ടി ഒന്നുകിൽ സാമ്രാജ്യത്വകൊള്ളയിലും വഞ്ചനയിലും പങ്കുകൊള്ളുക അല്ലെങ്കിൽ വിപ്ലവസമരം പ്രചരിപ്പിക്കുകയും അതിന് ഒരുക്കൂട്ടുകയും ചെയ്യുക എന്നിങ്ങനെ മററു രണ്ടു പോംവഴികളാണ് ഇടതുപക്ഷക്കാർ മുന്നോട്ടുവച്ചതെന്ന് കൗട്സ്കിക്ക് ഭംഗിയായിട്ടറിയാം. സൃദെക്കുമ്മാരോടുള്ള ദാസ്യത്വംമൂലം അദ്ദേഹം പ്രചരിപ്പിക്കുന്ന അസംബന്ധമായ കെട്ടുകഥ തുറന്നുകാട്ടാൻ ജർമ്മനിയിലെ ഇടതുപക്ഷക്കാർക്കു കഴിയാത്തതു് സെൻസർഷിപ്പൊന്നുകൊണ്ടു മാത്രമാണെന്നും അദ്ദേഹത്തിനറിയാം.

''തൊഴിലാളിബഹുജനങ്ങളും'' ''ഒരുപിടി പാർലിമെണ്ടേറിയന്മാരും'' തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചാണെങ്കിൽ, അങ്ങേയററം കേട്ടുമടുത്ത ഒരു തടസ്സവാദമാണ് കൗട്സ്കി ഉന്നയിക്കുന്നതു്:

''സ്വയംനീതീകരണത്തിലേർപ്പെടാതിരിക്കാൻവേണ്ടി നമുക്ക് ജർമ്മൻകാരെ വിട്ടുകളയാം. വലൃാനിനേയും ഗേദിനേയും ഹൈൻഡ്മനേയും പ്ലെഹാനൊവിനേയും പോലുള്ളവർ ഒരൊററ ദിവസംകൊണ്ട് സാമ്രാജ്യവാദികളായിത്തീർന്നെന്നും സോഷ്യലിസത്തെ വഞ്ചിച്ചെന്നും ഗൗരവമായി ഉറപ്പിച്ചുപറയാൻ ആർക്കു കഴിയും? പാർലിമെണ്ടേറിയന്മാരേയും 'നേതൃഘടകങ്ങളേ'യും നമുക്കു വിട്ടു



Scanned by CamScanner

കളയാം... [റോസ ലൿസംബുർഗ്ഗും ഫ്രാൻറ്സ് മേറിംഗുംകൂടി പുറപ്പെടുവിക്കുന്ന ''ദി ഇൻതെർനതസിയൊനാലെ'' എന്ന പത്രികയെക്കുറിച്ചാണ് കൗട്സ്കി വ്യക്തമായും സൂചിപ്പിക്കുന്നതു്. നേതൃഘടകങ്ങളുടെ—അതായതു്, ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ ഔദ്യോഗികഘടകങ്ങളായ അതിൻെറ കേന്ദ്രക്കമ്മിററിയുടേയും ('ഫോർഷ്ടാൻഡി'ൻേറയും) പാർലിമെണ്ടറി ഗ്രൂപ്പിൻേറയും മററും—നയത്തെ അതർഹിക്കുന്ന അവജ്ഞയോടെയാണ് ആ പത്രികയിൽ പരാമർശിച്ചിരുന്നതു്]... വർഗ്ഗബോധമുള്ള നാല്പതുലക്ഷം ജർമ്മൻ തൊഴിലാളികളെ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ തങ്ങളുടെ മുൻലക്ഷ്യങ്ങൾക്ക കടകവിരുദ്ധമായി നേരെ മുഖംതിരിച്ചു നിർത്താൻ ഒരുപിടി പാർലിമെണ്ടേറിയന്മാർ നൽകുന്ന കല്പന മതിയാകുമെന്നു് ഉറപ്പിച്ചുപറയാൻ ആരു് ധൈര്യപ്പെടും? ഇതു വാസ്തവമാണെങ്കിൽ നമ്മുടെ പാർട്ടിയുടെ മാത്രമല്ല, ബഹുജനങ്ങളുടെ കൂടി (അടിവര കൗട്സ്കിയുടേതു്) ഭയങ്കരമായ തകർച്ചയുടെ തെളിവായിരിക്കും അതു്. ബഹുജനങ്ങൾ ഇത്തരം നട്ടെല്ലില്ലാത്ത ആട്ടിൻ പററമാണെങ്കിൽ നമ്മളെ കുഴിച്ചുമൂടുകയാണു നല്ലതു്'' (പേജ് 274).

രാഷ്ട്രീയമായും ശാസ്ത്രീയമായും നോക്കിയാൽ കാറൽ കൗട്സ്കിയെന്ന മഹാനായ പ്രമാണപുരുഷൻ തൻെറ പെരുമാററംകൊണ്ടും ശോചനീയമായ ഒഴിഞ്ഞുമാററലുകളുടെ സമാഹരണംകൊണ്ടും എന്നേ സ്വയം കുഴിച്ചുമൂടിയിരിക്കുന്നു. ഇതു മനസ്സിലാക്കുകയോ ചുരുങ്ങിയപക്ഷം അനുഭവപ്പെടുകയോ ചെയ്യാത്തവർ സോഷ്യലിസത്തെ സംബന്ധിച്ചിടത്തോളം ആശയ്ക്കു വകനൽകാത്തവരാണ്. കൗട്സ്കി പ്രഭൃതികളെ അങ്ങേയററം ഗർഹണീയരായ സൃഷ്ടികളായി കരുതിക്കൊണ്ടു് മേറിംഗും റോസ ലക്സെംബുർഗ്ഗും അവരുടെ പക്ഷത്തുള്ളവരും ''ദി ഇൻതെർനതസിയൊനാലെ''യിൽ സ്വീകരിച്ച സ്വരം ശരിയായ ഒരേയൊരു സ്വരമായതു് ഇതുകൊണ്ടുതന്നെയാണ്.

ഒന്നു് ചിന്തിച്ചുനോക്കു: യുദ്ധത്തോടുള്ള മനോഭാവം ഏറെക്കുറെ സ്വതന്ത്രമായി (അതായതു്, ഉടനടി പിടികൂടി പട്ടാളബാരക്കിലേക്ക വലിച്ചിഴയ്ക്കപ്പെടുകയോ വെടിവയ്ക്കപ്പെടുകയോ വെടിവയ്ക്കപ്പെടുമെന്ന അപകടത്തെ നേരിടുകയോ ചെയ്യാതെ) പ്രകാശിപ്പിക്കാൻ കഴിവുള്ള ഒരേയൊരു കൂട്ടർ ''ഒരുപിടി പാർലിമെണ്ടേറിയന്മാ''രും (അവർക്കു് സ്വതന്ത്രമായി വോട്ടുചെയ്യാനുള്ള അവകാശമുണ്ടായിരുന്നു. എതിർത്തു് വോട്ടുചെയ്യാൻ അവർക്ക തികച്ചും കഴിയുമായിരുന്നു. റഷ്യയിൽപോലും ആരേയും അതിൻെറപേരിൽ മർദ്ദിക്കുകയോ തടവിലാക്കുകപോലുമോ ചെയ്തിട്ടില്ല) ഒരുപിടി ഉദ്യോഗസ്ഥന്മാരും പത്രപ്രവർത്തകർ തുടങ്ങിയവരുമായിരുന്നു. എന്നിട്ടിപ്പോൾ ഈ സാമൂഹ്യവിഭാഗത്തിൻെറ വഞ്ചനയ്ക്കും നട്ടെല്ലില്ലായ്മയ്ക്കുമുള്ള പഴി കൗ



Scanned by CamScanner

ട്സ്കി മഹാമനസ്കതയോടെ ചാരുന്നതു് ബഹുജനങ്ങളുടെ മേലാണ്.
അവസരവാദത്തിന്റെ അടവുകളോടും പ്രത്യയശാസ്ത്രത്തോടും ഈ വിഭാഗത്തിനുള്ള ബന്ധത്തെപ്പററി കൗട്സ്കിതന്നെ കുറെ വർഷങ്ങളായി എത്രയോ തവണ എഴുതിയിരിക്കുന്നു! സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ പ്രവണതകൾ തമ്മിൽ—വഞ്ചനയെപ്പററി സംസാരിക്കുകയും മുറവിളികൂട്ടുകയും അപകടമണി മുഴക്കുകയും ചെയ്യുന്ന പ്രവണതയും വഞ്ചനയൊന്നും കാണാത്ത പ്രവണതയും തമ്മിൽ—ഇന്നു നടക്കുന്ന സമരത്തിനു് അതിനുമുമ്പു് മുഴുവൻ ദശാബ്ദങ്ങളായിത്തന്നെ നടന്നിരുന്ന സമരവുമായിട്ടുള്ള ബന്ധം പരിശോധിക്കണമെന്നതാണു് ശാസ്ത്രീയഗവേഷണം പൊതുവിലും മാർക്സിന്റെ വൈരുദ്ധ്യവാദം പ്രത്യേകിച്ചും ഒരു ലേഖകനിൽനിന്നു് പ്രഥമവും പ്രധാനവുമായി ആവശ്യപ്പെടുന്നതു്. എന്നാൽ കൗട്സ്കി ഇതേപ്പററി ഒരക്ഷരം മിണ്ടുന്നില്ല. പ്രവണതകളുടേയും ചിന്താഗതികളുടേയും പ്രശ്നം ഉന്നയിക്കാൻപോലും അദ്ദേഹം ആഗ്രഹിക്കുന്നില്ല. ചിന്താഗതികൾ ഇതേവരെയുണ്ടായിരുന്നു, പക്ഷെ ഇന്നില്ല! ''പ്രമാണപുരുഷന്മാരുടെ'' ശബ്ദായമാനമായ പേരുകൾ മാത്രമേ ഇന്നുള്ളു. അവ എപ്പോഴും ആത്മഭീരുക്കളുടെ തുറുപ്പുചീട്ടാണ്. ഓരോരുത്തരും മററുള്ളവരെ ചൂണ്ടിക്കാട്ടുകയും ഉപകാരത്തിനു പ്രത്യുപകാരം ചെയ്യണമെന്ന നിയമമനുസരിച്ചു് സ്വന്തം ദോഷങ്ങളെ സൗഹൃദഭാവേന മൂടിവയ്ക്കുകയും ചെയ്യുന്നതു് ഇക്കാര്യത്തിൽ വിശേഷിച്ചും സൗകര്യപ്രദമാണ്. ബേർണിൽ നടത്തിയ ഒരു പ്രഭാഷണത്തിനിടയിൽ (''സൊത്സിയാൽദെമൊക്രാററി''ന്റെ 36–ാം ലക്കം നോക്കുക) മാർത്തൊവ് ഉൽഘോഷിച്ചു: ''ഗേദും പ്ലെഹാനൊവും കൗട്സ്കിയുമാവുമ്പോൾ... അതെങ്ങിനെ അവസരവാദമാകും?'' ആക്സെൽറൊഡ് എഴുതി (''ഗോലൊസ്'', ലക്കം 86, 87): ''ഗേദിനെപ്പോലുള്ളവരെ അവസരവാദികളെന്നു കുററപ്പെടുത്തുന്നതു് കുറേക്കൂടി സൂക്ഷിച്ചു വേണം.'' ബർലിനിൽ കൗട്സ്കിയിൽനിന്നു് അതിന്റെ മാറൊലി കേട്ടു: ''ഞാൻ സ്വയം നീതീകരിക്കുന്നില്ല. പക്ഷെ വല്യാനം ഗേദും ഹൈൻഡ്മനും പ്ലെഹാനൊവുമോ....''! പരസ്പരപ്രശംസ നന്നായിരിക്കുന്നു!

പാദസേവചെയ്യാനുള്ള വ്യഗ്രതയിൽ കൗട്സ്കി തന്റെ ലേഖനങ്ങളിൽ ഹൈൻഡ്മന്റെപോലും സേവ പിടിക്കുന്നുണ്ടു്; അയാൾ ഇന്നലെ മാത്രമാണു് സാമ്രാജ്യത്വത്തിന്റെ ഭാഗത്തേക്കു് കാലുമാറിയതെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുണ്ടു്. ഇതേ ''നോയെ സൈററും'' ലോകമൊട്ടുക്കുള്ള ഡസൻകണക്കിനു സോഷ്യൽ ഡെമോക്രാററിക് പത്രങ്ങളും ഹൈൻഡ്മന്റെ സാമ്രാജ്യത്വത്തെപ്പററി



Scanned by CamScanner

അനേകവർഷങ്ങളായി എഴുതിവരികയാണു്! താൻ പേർപറഞ്ഞിട്ടുള്ള വ്യക്തികളുടെ രാഷ്ട്രീയജീവചരിത്രങ്ങൾ നിഷ്കർഷയോടെ പഠിക്കാൻ കൗട്സ്കി മിനക്കെട്ടിരുന്നെങ്കിൽ, ''ഒരു ദിവസംകൊണ്ടല്ല'', ദശാബ്ദങ്ങളായി സാമ്രാജ്യത്വത്തിന്റെ ഭാഗത്തേക്കുള്ള അവരുടെ കാലുമാററത്തിനു കളമൊരുക്കിയ സ്വഭാവലക്ഷണങ്ങളും സംഭവങ്ങളും ആ ജീവചരിത്രങ്ങളിലുണ്ടായിരുന്നില്ലേ എന്നു് അദ്ദേഹം ഓർക്കുമായിരുന്നു. വല്യാൻ ഴൊറേസിസ്റ്റുകളു[21]ടേയും റ്റ്പ്രഹാനൊവ് മെൻഷെവിക്കുകളു[22]ടേയും ലികിഡേറററർമാരുടേയും ബന്ധനത്തിൽ പെട്ടിട്ടില്ലേയെന്നും, നിർജ്ജീവവും നിർഗ്ഗുണവും പ്രധാനപ്പെട്ട ഒരൊററ പ്രശ്നത്തിൽപോലും സ്വതന്ത്രമായ നിലപാടെടുക്കാൻ കഴിവില്ലാത്തതുമായിരുന്ന ''സോഷ്യലിസം''[23] എന്ന ഗേദിസ്റ്റ്പത്രികയിൽ ഗേദിസ്റ്റ് പ്രവണത[24] പരസ്യമായി ഊർദ്ധ്വംവലിച്ചിരുന്നില്ലേയെന്നും, കൗട്സ്കിതന്നെ (അദ്ദേഹത്തെ തികച്ചും ഉചിതമായി ഹൈൻഡ്മന്റേയും റ്റ്പ്രഹാനൊവിന്റേയും ഒപ്പം നിർത്തുന്നവരെ ഉദ്ദേശിച്ചാണു് ഇതുകൂടി ചേർക്കുന്നതു്) ബെർൺസ്റ്റൈനിസ[25]ത്തിനും മററുമെതിരായ സമരത്തിന്റെ പ്രാരംഭദശയിൽ മില്യെറാനിസ[26]ത്തിന്റെ പ്രശ്നത്തിൽ നിസ്സംഗനായിരുന്നില്ലേയെന്നും അദ്ദേഹം ഓർക്കുമായിരുന്നു.

എന്നാൽ ഈ നേതാക്കന്മാരുടെ ജീവചരിത്രങ്ങൾ ശാസ്ത്രീയമായി പരിശോധിക്കുന്നതിൽ കൗട്സ്കി ലവലേശം താല്പര്യം പ്രകടിപ്പിക്കുന്നില്ല. തങ്ങളുടെ സ്വന്തം വാദമുഖങ്ങൾ ഉപയോഗിച്ചാണോ അതോ അവസരവാദികളുടേയും ബൂർഷ്വാസിയുടേയും വാദമുഖങ്ങൾ ആവർത്തിച്ചുകൊണ്ടാണോ ഈ നേതാക്കൾ സ്വയം ന്യായീകരിക്കുന്നതെന്നു പരിശോധിച്ചുനോക്കാനുള്ള യാതൊരു ശ്രമവുമില്ല. അവർക്കു് സ്വന്തമായി അസാമാന്യമായ സ്വാധീനമുള്ളതുകൊണ്ടാണോ അതോ സൈനികസംഘടനയുടെ പിൻബലമുള്ളതും യഥാർത്ഥത്തിൽ ''സ്വാധീനമുള്ള''തുമായ മറെറാരു പ്രവണതയെ, അതായതു് ബൂർഷ്വാപ്രവണതയെ, അവർ പിന്തുടരുന്നതുകൊണ്ടാണോ ഈ നേതാക്കളുടെ പ്രവൃത്തികൾ ഗൗരവതരമായ രാഷ്ട്രീയപ്രാധാന്യമാർജ്ജിച്ചിട്ടുള്ളതു്? ഈ ചോദ്യം പരിശോധിക്കാൻ കൗട്സ്കി ഉദ്യമിക്കുന്നതുപോലുമില്ല. ബഹുജനങ്ങളുടെ കണ്ണിൽ പൊടിയിടുക, പ്രമാണപുരുഷന്മാരുടെ പേരുകളുടെ ധ്വനികൊണ്ടു് അവരുടെ ചെകിടടയ്ക്കുക, തർക്കപ്രശ്നം വ്യക്തമായി ഉന്നയിക്കുകയും അതിനെ നാനാവശത്തുനിന്നും പരിശോധിച്ചുനോക്കുകയും ചെയ്യുന്നതിൽനിന്നു് അവരെ തടയുക—ഇതിൽ മാത്രമേ അദ്ദേഹത്തിനു് താല്പര്യമുള്ളൂ.*

* വല്യാനേയും ഗേദിനേയും ഹൈൻഡ്മനേയും റ്റ്പ്രഹാനൊവിനേയും കുറിച്ചുള്ള കൗട്സ്കിയുടെ പരാമർശം വേറൊരു കാര്യം



Scanned by CamScanner

''...വർഗ്ഗബോധമുള്ള നാല്പതുലക്ഷം തൊഴിലാളികളെ നേരെ മുഖംതിരിച്ചു നിർത്താൻ ഒരുപിടി പാർലിമെണ്ടേറിയന്മാർ നൽകുന്ന കല്പന മതിയാകും....''

ഇവിടെ പറഞ്ഞിട്ടുള്ള ഓരോ വാക്കും കള്ളമാണ്. ജർമ്മൻ പാർട്ടിസംഘടനയിലുണ്ടായിരുന്നതു് പത്തുലക്ഷം പേരാണ്, നാല്പതു ലക്ഷമല്ല. ഏതൊരു സംഘടനയുടേയുമെന്നപോലെ ഈ ബഹുജന സംഘടനയുടേയും ഏകോപിത ഇച്ഛാശക്തി പ്രകടമായതു് അതിന്റെ ഒരേയൊരു രാഷ്ട്രീയകേന്ദ്രത്തിലൂടെ—സോഷ്യലിസത്തെ വഞ്ചിച്ച ''ഒരുപിടി'' ആളുകളിലൂടെ—മാത്രമാണ്. ഈ ഒരു പിടി ആളുകളോടാണ് അഭിപ്രായം ചോദിച്ചതു്, വോട്ടു് ആവശ്യപ്പെട്ടതു്. വോട്ടുചെയ്യാനും ലേഖനമെഴുതാനുമെല്ലാം അവർക്കു കഴിയുമായിരുന്നു. ബഹുജനങ്ങളോടു് ആരും കൂടിയാലോചിച്ചില്ല. അവർക്കു വോട്ടുചെയ്യാൻ അനുവാദമില്ലായിരുന്നുവെന്നു മാത്രമല്ല, അവർ ഭിന്നിപ്പിനും ബലപ്രയോഗത്തിനും വിധേയരാവുകകൂടി ചെയ്തു—ഒരു പിടി പാർലിമെണ്ടേറിയന്മാരുടെയല്ല, സൈനികാധികൃതരുടെ ''കല്പന''പ്രകാരം. ഒരു സൈനികസംഘടന നിലവിലുണ്ടായിരുന്നു. ആ സംഘടനയുടെ നേതാക്കൾക്കിടയിൽ വഞ്ചനയില്ലായിരുന്നു. അതു് ''ബഹുജനങ്ങളെ'' ഓരോരുത്തരായി വിളിച്ച് ഇങ്ങനെയൊരു അന്ത്യശാസനം നൽകി. ഒന്നുകിൽ നിങ്ങളുടെ നേതാക്കളുടെ ഉപ

---

വച്ചു നോക്കിയാലും സ്വഭാവവ്യഞ്ജകമാണ്. ലേൻചിനേയും ഹെനിഷിനേയും പോലുള്ള തുറന്ന സാമ്രാജ്യവാദികൾ (അവസരവാദികളുടെ കാര്യം പറയാനില്ലല്ലൊ) ഹൈൻഡ്മനേയും പ്ലെഹാനൊവിനേയും പരാമർശിക്കുന്നതു് തങ്ങളുടെ നയത്തെ ന്യായീകരിക്കാൻ വേണ്ടിയാണ്. അവർക്കതിനുള്ള അവകാശവുമുണ്ടു്. തങ്ങൾ അനുവർത്തിക്കുന്നതു് ഒരേ നയം തന്നെയാണെന്നു് അവർ പറയുന്നതു് സത്യമാണ്. എന്നാൽ ലേൻചിനേയും ഹെനിഷിനേയും പററി—സാമ്രാജ്യത്വത്തിന്റെ ഭാഗത്തേക്കു തിരിഞ്ഞ ആ സമൂലപരിവർത്തനവാദികളെപ്പററി—അവജ്ഞയോടെയാണ് കൗട്സ്കി സംസാരിക്കുന്നതു്. താൻ ആ പാപികളെപ്പോലാവാത്തതിനും അവരോടു വിയോജിക്കുന്നതിനും ഒരു വിപ്ലവകാരിയായിത്തുടരുന്നതിനും (കളി പറയല്ലെ!) കൗട്സ്കി ദൈവത്തോടു നന്ദി പ്രകടിപ്പിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ കൗട്സ്കിയുടെ നിലപാടു് അവരുടേതുതന്നെയാണ്. പഞ്ചാരവാക്കുകളുമായി വരുന്ന കൗട്സ്കിയെന്ന തട്ടിപ്പുകാരൻ ഷോവിനിസ്റ്റ്, ഡാവിഡ്, ഹൈനെ, ലേൻച്, ഹെനിഷ് എന്നീ ശുദ്ധഗതിക്കാരായ ഷോവിനിസ്റ്റുകളേക്കാൾ എത്രയോ കൂടുതൽ ഗർഹണീയനാണ്.

ദേശപ്രകാരം പട്ടാളത്തിൽ ചേരുക, അല്ലെങ്കിൽ വെടികൊള്ളുക. ബഹുജനങ്ങൾക്ക് സംഘടിതരൂപത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ല. കാരണം, നേരത്തേ ഉണ്ടാക്കിയിരുന്ന അവരുടെ സംഘടന, ''ഒരുപിടി'' ലേഗീന്മാരും കൗട്സ്കിമാരും ഷൈഡെമന്മാരും മൂർത്തീകരിച്ചിരുന്ന ആ സംഘടന, അവരെ വഞ്ചിച്ചു. പുതിയൊരു സംഘടനയുണ്ടാക്കാനാകട്ടെ, സമയം വേണം. പഴഞ്ചനും ജീർണ്ണിച്ചതും കാലഹരണപ്പെട്ടതുമായ സംഘടനയെ കുപ്പത്തൊട്ടിയിലേക്കെറിയാനുള്ള നിശ്ചയദാർഢ്യം വേണം.

യുദ്ധത്തിനുള്ള ''തിരിച്ചടി''യെന്ന നിലയിൽ ''ബഹുജനങ്ങൾ'' ''ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ'' വിപ്ലവമുണ്ടാക്കി സാമ്രാജ്യത്വത്തിനെതിരായി ''സോഷ്യലിസം'' ഏർപ്പെടുത്തണമെന്നും അല്ലെങ്കിൽ ''ബഹുജനങ്ങൾ'' ''നട്ടെല്ലില്ലായ്മയും വഞ്ചനയു''മായിരിക്കും പ്രകടിപ്പിക്കുന്നതെന്നുമുള്ള നിരത്ഥകമായ ആശയം തന്റെ എതിരാളികളായ ഇടതുപക്ഷക്കാരുടെ മേൽ ആരോപിച്ചുകൊണ്ട് അവരെ തോല്പിക്കാനാണ് കൗട്സ്കിയുടെ ശ്രമം. എന്നാലിതു് ശുദ്ധ അസംബന്ധമാണ്. അക്ഷരാഭ്യാസമില്ലാത്ത ബൂർഷ്വാകൾക്കും പോലീസിനും വേണ്ടി പുസ്തകമെഴുതുന്നവർ ഇതേവരെ വിപ്ലവകാരികളെ ''തോല്പിക്കാൻ'' ഉപയോഗിച്ച ഈ അസംബന്ധമാണ് കൗട്സ്കി ഇപ്പോൾ നമ്മുടെ മുമ്പിൽ പൊക്കിക്കാട്ടുന്നതു്. വിപ്ലവം ''ഉണ്ടാക്കാൻ'' സാദ്ധ്യമല്ലെന്നും, വസ്തുനിഷ്ഠമായി (അതായതു് പാർട്ടികളുടേയും വർഗ്ഗങ്ങളുടേയും ഹിതത്തെ ആശ്രയിക്കാതെ) പരിപക്വമാകുന്ന പ്രതിസന്ധികളിൽനിന്നും ചരിത്രത്തിലെ വഴിത്തിരിവുകളിൽനിന്നും വളർന്നുവരുന്നതാണ് വിപ്ലവങ്ങളെന്നും, സംഘടനയില്ലെങ്കിൽ ബഹുജനങ്ങൾക്ക് ഏകോപിതമായ ഇച്ഛാശക്തിയുണ്ടാവില്ലെന്നും, ഒരു കേന്ദ്രീകൃതഭരണകൂടത്തിന്റെ സുശക്തവും ഭീകരവുമായ സൈനികസംഘടനയ്ക്കെതിരായ സമരം വിഷമകരവും സുദീർഘവുമായ കാര്യമാണെന്നും കൗട്സ്കിയുടെ ഇടതുപക്ഷ എതിരാളികൾക്ക് ഭംഗിയായിട്ടറിയാം. തങ്ങളുടെ നേതാക്കളുടെ വഞ്ചനയുടെ ഫലമായി ബഹുജനങ്ങൾക്ക് നിർണ്ണായകനിമിഷത്തിൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. എന്നാൽ ഈ ''ഒരുപിടി'' നേതാക്കന്മാർക്ക ചെയ്യാൻ പൂർണ്ണമായ കഴിവും ബാദ്ധ്യതയുമുണ്ടായിരുന്ന പലതുമുണ്ടായിരുന്നു: യുദ്ധവായ്പകൾക്കെതിരായി വോട്ടുചെയ്യുക, ''ആഭ്യന്തരസമാധാന''ത്തിനും യുദ്ധത്തെ ന്യായീകരിക്കുന്നതിനുമെതിരായി നിലകൊള്ളുക, സ്വന്തം ഗവണ്മെന്റുകളുടെ പരാജയത്തിനനുകൂലമായി അഭിപ്രായപ്രകടനം നടത്തുക, പട്ടാളക്കിടങ്ങുകളിൽ ഇരുഭാഗത്തേയും പട്ടാളക്കാർ തമ്മിൽ സഹോദരബന്ധം സ്ഥാപിക്ക



Scanned by CamScanner

ന്നതിനു വേണ്ടിയുള്ള പ്രചരണം നടത്താൻ ഒരു സാർവ്വദേശീയസംവിധാനം നിലവിൽ കൊണ്ടുവരിക, വിപ്ലവപ്രവർത്തനങ്ങൾ തുടങ്ങേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച നിയമവിരുദ്ധപ്രസിദ്ധീകരണങ്ങളുടെ പ്രസാധനം സംഘടിപ്പിക്കുക,* തുടങ്ങിയ പലതും.

ഇതോ ഇതുപോലുള്ളതോ ആയ നടപടികൾതന്നെയാണ് ജർമനിയിലെ ''ഇടതുപക്ഷക്കാരുടെ'' മനസ്സിലുള്ളതെന്നും പട്ടാളസെൻസർഷിപ്പുള്ളപ്പോൾ അവർക്ക് ആവകകാര്യങ്ങളെപ്പററി നേരിട്ട് തുറന്നു പറയാൻ സാദ്ധ്യമല്ലെന്നും കൗട്സ്കിക്ക് ഭംഗിയായിട്ടറിയാം. എന്തു വില കൊടുത്തും അവസരവാദികളെ ന്യായീകരിക്കാനുള്ള വ്യഗ്രത കൗട്സ്കിയെ അന്യാദൃശമായ നീചത്വത്തിലേക്കു തള്ളിവിടുന്നു: പട്ടാളസെൻസർമാരുടെ മറ പിടിച്ച് അദ്ദേഹം ഇടതുപക്ഷക്കാരുടെ മേൽ പ്രത്യക്ഷമായ അസംബന്ധങ്ങൾ ആരോപിക്കുന്നു. തുറന്നുകാട്ടപ്പെടുന്നതിൽനിന്നും സെൻസർമാർ തന്നെ രക്ഷിക്കുമെന്ന വിശ്വാസത്തോടെയാണ് അദ്ദേഹം ഇങ്ങനെ ചെയ്യുന്നത്.

## VII

അവസരവാദികളെ ഒട്ടേറെ സന്തുഷ്ടരാക്കിക്കൊണ്ട് കൗട്സ്കി പലതരം പിത്തലാട്ടങ്ങൾ വഴി മനഃപ്പൂർവ്വം ഒഴിഞ്ഞുമാറുന്നത് ഗൗരവമേറിയ ഈ ശാസ്ത്രീയ—രാഷ്ട്രീയചോദ്യത്തിൽനിന്നാണ്: രണ്ടാം

---

* വർഗ്ഗവിദ്വേഷത്തേയും വർഗ്ഗസമരത്തേയും കുറിച്ച് എഴുതരുതെന്ന ഗവണ്മെൻറിന്റെ വിലക്കിനു മറുപടിയായി എല്ലാ സോഷ്യൽ ഡെമോക്രാററിക് പത്രങ്ങളും നിർത്തലാക്കേണ്ട ആവശ്യമില്ലായിരുന്നുവെന്ന് കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ. ''ഫോർവർട്സ്''[27] ചെയ്തതുപോലെ അതെക്കുറിച്ച് എഴുതുകയില്ലെന്നു സമ്മതിച്ചത് അധമവും ഭീരുത്വപൂർണ്ണവുമായ പ്രവൃത്തിയായിപ്പോയി. അതോടെ ''ഫോർവർട്സ്'' രാഷ്ട്രീയമായി മരണമടഞ്ഞു. മാർത്തൊവ് അങ്ങനെ പറഞ്ഞതു് ശരിയായിരുന്നു. നിയമവിധേയപത്രങ്ങൾ പാർട്ടിയുടെ വകയല്ലാത്ത, സോഷ്യൽഡെമോക്രാററിക് അല്ലാത്ത, പത്രങ്ങളാണെന്നും ഒരു വിഭാഗം തൊഴിലാളികളുടെ സാങ്കേതികാവശ്യങ്ങൾ നിറവേററുന്നവയാണെന്നും അതായത് അവ രാഷ്ട്രീയേതരപത്രങ്ങളാണെന്നും പ്രഖ്യാപിച്ചുകൊണ്ട് അവയെ നിലനിർത്താൻ സാദ്ധ്യമായിരുന്നു. യുദ്ധത്തെ വിലയിരുത്തിക്കൊണ്ടുള്ള സോഷ്യൽ ഡെമോക്രാററിക് പ്രസിദ്ധീകരണങ്ങൾ ഒളിവിൽ നിന്നിറക്കുക. ആ വിലയിരുത്തൽകൂടാതുള്ള തൊഴിലാളിവർഗ്ഗപ്രസിദ്ധീകരണങ്ങൾ—അസത്യം പറയാത്തതും സത്യത്തെപ്പററി മൗനം ദീക്ഷിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ—നിയമവിധേമായി ഇറക്കുക. എന്തുകൊണ്ട് ഇതു സാദ്ധ്യമായിരുന്നില്ല?



Scanned by CamScanner

ഇൻറർനാഷനലിൻെറ ഏററവും പ്രമുഖരായ പ്രതിനിധികൾക്ക് സോഷ്യലിസത്തെ വഞ്ചിക്കാൻ എങ്ങിനെ കഴിഞ്ഞു?

തീർച്ചയായും നേതാക്കന്മാരുടെ വ്യക്തിപരമായ ജീവചരിത്രങ്ങളുടെ നിലപാടിൽനിന്നല്ല ഈ ചോദ്യം പരിഗണിക്കേണ്ടതു്. അവരുടെ ഭാവിജീവചരിത്രകാരന്മാർക്കു് പ്രശ്നത്തെ ഈ കോണിൽനിന്നുകൂടി അപഗ്രഥിക്കേണ്ടിവരുമെങ്കിലും സോഷ്യലിസ്റ്റ്പ്രസ്ഥാനത്തിനു് ഇന്നു താല്പര്യമുള്ളതു് ഇതിലല്ല, പിന്നെയോ, സോഷ്യൽ ഷോവിനിസ്റ്റ് പ്രവണതയുടെ ചരിത്രപരമായ ഉത്ഭവം, സാഹചര്യങ്ങൾ, പ്രാധാന്യം, ശക്തി, എന്നിവയെക്കുറിച്ചുള്ള പഠനത്തിലാണു്. 1) സോഷ്യൽഷോവിനിസത്തിൻെറ ഉത്ഭവം എവിടുന്നാണു്? 2) അതിനു ശക്തി എവിടുന്നു കിട്ടി? 3) അതിനെതിരെ എങ്ങിനെ സമരം ചെയ്യണം? പ്രശ്നത്തോടുള്ള ഈയൊരു സമീപനം മാത്രമേ ഗൗരവതരമായി കരുതാൻ കഴിയൂ. ''വ്യക്തിപരമായ'' സമീപനം പ്രായോഗികതലത്തിൽ ഒഴിഞ്ഞുമാറലും കുയുക്തിയുമാണു്.

ആദ്യത്തെ ചോദ്യത്തിനു് മറുപടി പറയണമെങ്കിൽ നമ്മൾ ഒന്നാമതായി സോഷ്യൽ ഷോവിനിസത്തിൻെറ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ ഉള്ളടക്കത്തിനു് സോഷ്യലിസത്തിലെ ഏതെങ്കിലും മുൻപ്രവണതയുമായി ബന്ധമുണ്ടോ എന്നു നോക്കണം; രണ്ടാമതായി, യഥാർത്ഥരാഷ്ട്രീയ വേർതിരിയലുകളുടെ നിലപാടിൽനിന്നു നോക്കുമ്പോൾ സോഷ്യൽഷോവിനിസത്തിൻെറ എതിരാളികളും സംരക്ഷകരുമെന്ന നിലയ്ക്കുള്ള സോഷ്യലിസ്റ്റുകാരുടെ ഇന്നത്തെ വേർതിരിയലിനു് ചരിത്രപരമായി ഇതിനു മുമ്പുണ്ടായിട്ടുള്ള വേർതിരിയലുകളുമായിട്ടു് എന്തു ബന്ധമാണുള്ളതെന്നു നോക്കണം.

ഇന്നത്തെ സാമ്രാജ്യത്വയുദ്ധത്തിൽ പിതൃഭൂമിസംരക്ഷണമെന്ന ആശയം സ്വീകരിക്കൽ, സോഷ്യലിസ്റ്റുകാർ ഈ യുദ്ധത്തിൽ ''സ്വരാജ്യത്തെ'' ബൂർഷ്വാസിയും ഗവണ്മെൻറുമായി സഖ്യത്തിലേർപ്പെടുന്നതിനെ ന്യായീകരിക്കൽ, അവർ ''സ്വന്തം'' ബൂർഷ്വാസിക്കെതിരായ തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസമരത്തെ പ്രചരിപ്പിക്കാനും പിന്താങ്ങാനും വിസമ്മതിക്കൽ, തുടങ്ങിയ കാര്യങ്ങളാണു് സോഷ്യൽ ഷോവിനിസമെന്നതുകൊണ്ടു നാം ഉദ്ദേശിക്കുന്നതു്. സോഷ്യൽഷോവിനിസത്തിൻെറ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ അടിസ്ഥാനപരമായ ഉള്ളടക്കം അവസരവാദത്തിൻെറ അടിസ്ഥാനപ്രമാണങ്ങളുമായി പൂർണ്ണമായും ഒത്തുചേരുന്നുവെന്നു തികച്ചും വ്യക്തമാണു്. രണ്ടും ഒരേ പ്രവണതയാണു്. 1914—15—ലെ യുദ്ധത്തിൻെറ സാഹചര്യങ്ങളിൽ അവസരവാദം സോഷ്യൽ ഷോവിനിസത്തിലേക്കു നയിക്കുന്നു. വർഗ്ഗസഹകരണമെന്ന

ആശയമാണ് അവസരവാദത്തിന്റെ പ്രധാനസവിശേഷത.
യുദ്ധം ഈ ആശയത്തെ അതിന്റെ യുക്തിസഹമായ പരിസ
മാപ്തിയിലെത്തിച്ചിരിക്കുന്നു. സാധാരണഘടകങ്ങൾക്കും ചോ
ദനകൾക്കും പുറമെ അസാധാരണമായ പലതും അതു കൂട്ടിച്ചേർത്തി
ട്ടുണ്ട്. പ്രത്യേകഭീഷണികളും ബലപ്രയോഗവും വഴി അതു് ഭിന്നി
ച്ചുകിടക്കുന്ന ഫിലിസ്റ്റൈൻ ജനസമൂഹത്തെ ബൂർഷ്വാസിയുമായി
സഹകരിക്കാൻ നിർബ്ബന്ധിച്ചിരിക്കുന്നു. സ്വാഭാവികമായും ഈ
സാഹചര്യം അവസരവാദത്തിന്റെ അനുയായികളുടെ എണ്ണം കൂട്ടി
യിട്ടുണ്ട്. ഇന്നലെവരെ സമൂലപരിവർത്തനവാദികളായിരുന്ന പല
രും ആ ചേരിയിലേക്കു പോകാനുള്ള കാരണം ഇതാണ്.

തൊഴിലാളിബഹുജനങ്ങളുടെ മൗലികതാല്പര്യങ്ങളെ തൊഴിലാ
ളികളുടെ ഒരു നിസ്സാരന്യൂനപക്ഷത്തിന്റെ താല്ക്കാലികതാല്പര്യങ്ങൾ
ക്കുവേണ്ടി ബലികഴിക്കുകയെന്നാണ്, അഥവാ തൊഴിലാളിവർഗ്ഗ
ത്തിന്റെ സമൂഹത്തിനെതിരെ തൊഴിലാളികളിലൊരു വിഭാഗവും
ബൂർഷ്വാസിയും തമ്മിലുള്ള സഖ്യമെന്നാണ്, അവസരവാദമെന്നാ
ലർത്ഥം. അങ്ങിനെയൊരു സഖ്യത്തെ യുദ്ധം വിശേഷിച്ചും പ്രകട
വും അനിവാര്യവുമാക്കിയിട്ടുണ്ട്. മുതലാളിത്തം വികസിച്ചുവന്ന
കാലഘട്ടത്തിന്റെ പ്രത്യേകസവിശേഷതകൾ ദശാബ്ദങ്ങളായി നട്ടു
വളർത്തിയെടുത്ത ഒന്നാണ് അവസരവാദം. അന്ന് വിശേഷാനുകൂ
ല്യങ്ങളനുഭവിച്ചുപോന്ന ഒരു വിഭാഗം തൊഴിലാളികളുടെ താരത
മ്യേന സമാധാനപരവും പരിഷ്കൃതവുമായ ജീവിതം അവരെ "ബൂർ
ഷ്വാ"യാക്കി, അവരുടെ ദേശീയമുതലാളിമാരുടെ തീന്മേശയിൽനി
ന്നുമുള്ള ഉച്ഛിഷ്ടങ്ങൾ അവർക്കു നൽകി, പാപ്പരാക്കപ്പെട്ട ദരിദ്രജന
ങ്ങളുടെ കഷ്ടപ്പാടുകളിലും ദുരിതങ്ങളിലും വിപ്ലവമനോഭാവത്തിലും
നിന്ന് അവരെ ഒററപ്പെടുത്തി. സാമ്രാജ്യത്വയുദ്ധം ഈ സ്ഥിതിയുടെ
നേരിട്ടുള്ള തുടർച്ചയും പരിസമാപ്തിയുമാണ്. കാരണം, അതു് വൻ
ശക്തിരാഷ്ട്രങ്ങളുടെ വിശേഷാധികാരങ്ങൾക്കും കോളനികളുടെ പുനർ
വിഭജനത്തിനും അന്യരാഷ്ട്രങ്ങളുടെ മേലുള്ള മേധാവിത്വത്തിനും വേ
ണ്ടിയുള്ള ഒരു യുദ്ധമാണ്. തൊഴിലാളിവർഗ്ഗത്തിലെ പെററിബൂർ
ഷ്വാ "ഉപരിവിഭാഗം" അഥവാ ആഢ്യന്മാർ (കൂടാതെ ഉദ്യോഗ
സ്ഥമേധാവികളും) എന്ന നിലയ്ക്കുള്ള തങ്ങളുടെ വിശേഷപദവി സംര
ക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക—ഇതാണ് പെററിബൂർ
ഷ്വാ അവസരവാദത്തിന്റെ പ്രതീക്ഷകളുടേയും തദനുസൃതമായ അട
വുകളുടേയും യുദ്ധകാലത്തെ സ്വാഭാവികമായ തുടർച്ച. ഇതാണ് അധ



Scanned by CamScanner

നാതന സോഷ്യൽ–സാമ്രാജ്യത്വത്തിന്റെ സാമ്പത്തികാടിത്തറ.* തീർച്ചയായും ശീലം, താരതമ്യേന ''സമാധാനപരമായ'' പരിണാമമെന്ന പതിവ്, ദേശീയമുൻവിധികൾ, പെട്ടെന്നുള്ള വഴിത്തിരിയലുകളെക്കുറിച്ചുള്ള ഭീതിയും അവിശ്വാസവും—ഇവയെല്ലാംതന്നെ അവസരവാദത്തേയും അവസരവാദത്തോടുള്ള കപടവും ഭീരുത്വപൂർണ്ണവുമായ അനുരഞ്ജനത്തേയും ശക്തിപ്പെടുത്തിയ, അസാധാരണമായ കാരണങ്ങൾമൂലവും ഉദ്ദേശങ്ങൾക്ക വേണ്ടിയും തൽക്കാലത്തേക്ക മാത്രവുമാണെന്ന പുറമെ തോന്നത്തക്കവണ്ണം ശക്തിപ്പെടുത്തിയ, അനുബന്ധസാഹചര്യങ്ങളായിരുന്നു. ദശാബ്ദങ്ങളായി പോററിവളർത്തിവന്ന ഈ അവസരവാദത്തിൽ യുദ്ധം മാററംവരുത്തിയിരിക്കുന്നു. യുദ്ധം അതിനെ കൂടുതൽ ഉയർന്ന പതനത്തിലേക്ക് ഉയർത്തിയിരിക്കുന്നു. അതിന്റെ നിറഭേദങ്ങളുടെ എണ്ണവും വൈവിധ്യവും വർദ്ധിപ്പിച്ചിരിക്കുന്നു. അതിന്റെ അനുയായികളുടെ അണികളെ കൊഴുപ്പിച്ചിരിക്കുന്നു. അവരുടെ വാദമുഖങ്ങളെ എണ്ണമററ പുതിയ കുയുക്തികളാൽ പോഷിപ്പിച്ചിരിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ, അനേകം പുതിയ അരുവികളേയും നീർച്ചാലുകളേയും അവസരവാദത്തിന്റെ മുഖ്യധാരയുമായി ലയിപ്പിച്ചിരിക്കുന്നു. എങ്കിലും മുഖ്യധാര അപ്രത്യക്ഷമായിട്ടില്ല. നേരെ തിരിച്ചാണ് വാസ്തവം.

---

* തൊഴിലാളികളെ ഭിന്നിപ്പിക്കാനും സോഷ്യലിസത്തിൽനിന്ന പിന്തിരിപ്പിക്കാനുമുള്ള മാർഗ്ഗമെന്ന നിലയ്ക്ക് സാമ്രാജ്യവാദികളും ബൂർഷ്വാസിയും ''വൻശക്തി''കളുടേതും ദേശീയവുമായ വിശേഷാനുകൂല്യങ്ങളുടെ പ്രാധാന്യത്തെ എത്രയേറെ വിലമതിക്കുന്നുണ്ടെന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ പറയാം. ''ഗ്രേററർ റോമും ഗ്രേററർ ബ്രിട്ടനും'' (ഓക്സ്ഫോർഡ്, 1912) എന്ന പുസ്തകത്തിൽ ബ്രിട്ടീഷ് സാമ്രാജ്യവാദിയായ ലൂക്കാസ് ഇന്നത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ കറുത്ത തൊലിക്കാർക്ക് സഹിക്കേണ്ടിവരുന്ന അവകാശരാഹിത്യത്തെക്കുറിച്ച് സമ്മതിക്കുന്നുണ്ട് (പേജ് 96–97). അദ്ദേഹം പറയുന്നു: ''നമ്മുടെ സാമ്രാജ്യത്തിൽത്തന്നെ, വെളുത്ത തൊഴിലാളികളും കറുത്ത തൊഴിലാളികളും ഒന്നിച്ച പണിയെടുക്കുന്നിടത്ത്... അവർ ഒരേ നിലവാരത്തിലല്ല പണിയെടുക്കുന്നത്. വെള്ളക്കാരൻ കറുത്തയാളിന്റെ ഒരു മേസ്തിരിയെപ്പോലാണ്'' (പേജ് 98). ''സോഷ്യൽഡെമോക്രസി യുദ്ധത്തിനു ശേഷം'' എന്ന ലഘുലേഖയിൽ ''സോഷ്യൽഡെമോക്രാററുകാർക്കെതിരായ സാമ്രാജ്യസഖ്യ''ത്തിന്റെ മുൻസെക്രട്ടറി എർവിൻ ബെൽഗെർ സോഷ്യൽഡെമോക്രാററുകാരുടെ പെരുമാററത്തെ പ്രശംസിക്കുന്നുണ്ട്. അവർ ''സാർവ്വദേശീയത്വപരവും സങ്കല്പവാദപരവും'' ''വിപ്ലവകരവു''മായ ആശയങ്ങളൊന്നുമില്ലാത്ത (പേജ് 44) ഒരു ''തനി തൊഴിലാളികക്ഷി'' ആവണമെന്നാണ് (പേജ് 43), ഒരു ''ദേശീയ''



Scanned by CamScanner

വളരെയേറെ പരിപക്വമായിക്കഴിഞ്ഞ അവസരവാദമാണ് സോഷ്യൽഷോവിനിസം. സോഷ്യലിസ്റ്റ് പാർട്ടികൾക്കുള്ളിൽ ഈ ബൂർഷ്വാ പുണ്ണിന്റെ തുടർന്നുള്ള നിലനില്പ് അസാദ്ധ്യമായിത്തീരത്തക്കവണ്ണം അത്രയേറെ അതു് പരിപക്വമായിക്കഴിഞ്ഞിരിക്കുന്നു.

സോഷ്യൽഷോവിനിസവും അവസരവാദവും തമ്മിലുള്ള ഗാഢവും അഭേദ്യവുമായ ബന്ധം കാണാൻ കൂട്ടാക്കാത്തവർ ഓരോരോ വ്യക്തികളുടെ ദൃഷ്ടാന്തങ്ങളിൽ കയറിപ്പിടിക്കുന്നു. ഇന്ന അവസരവാദി സാർവ്വദേശീയവാദിയായി മാറിയിരിക്കുന്നു, ഇന്ന സമൂലപരിവർത്തനവാദി ഷോവിനിസ്റ്റായി മാറിയിരിക്കുന്നു, എന്നാണവർ പറയു

---

''ജർമ്മൻ തൊഴിലാളിപ്പാർട്ടി'' ആവണമെന്നാണ് (പേജ് 45), അദ്ദേഹം പറയുന്നതു്. വിദേശത്തിറക്കിയിട്ടുള്ള മൂലധനത്തെസ്സം ബന്ധിച്ച ഒരു പുസ്തകത്തിൽ (1907)[28] ജർമ്മൻ സാമ്രാജ്യവാദിയായ സാർട്ടോറിയുസ് ഫോൻ വാൽട്ടർസ്ഹൗസൻ ജർമ്മൻ സോഷ്യൽഡെമോക്രാററുകാരെ ''ദേശീയക്ഷേമം'' (കോളനികൾ പിടിച്ചെടുക്കുന്നതിലാണ് അതു് അടങ്ങിയിരിക്കുന്നതു്) അവഗണിക്കുന്നതിനു് കുററപ്പെടുത്തുകയും (പേജ് 438) ബ്രിട്ടീഷ് തൊഴിലാളികളുടെ ''യാഥാർത്ഥ്യബോധ''ത്തെ, ഉദാഹരണത്തിനു് കുടിയേറിപ്പാർപ്പിനെതിരായ അവരുടെ സമരത്തെ, വാഴ്ത്തുകയും ചെയ്യുന്നുണ്ട്. ലോകരാഷ്ട്രതന്ത്രത്തിന്റെ തത്വങ്ങളെ സംബന്ധിച്ച ഒരു പുസ്തകത്തിൽ[29] ജർമ്മൻ നയതന്ത്രജ്ഞനായ റൂഡൊർഫെർ സർവ്വവിദിതമായ ഒരു വസ്തുത ഊന്നിപ്പറയുന്നുണ്ട്. മൂലധനത്തെ സാർവ്വദേശീയമാക്കിയെന്നുവച്ച് അധികാരത്തിനും സ്വാധീനശക്തിക്കും ''ഭൂരിഭാഗം ഓഹരികൾ'' വേണ്ടിയുള്ള ദേശീയമുതലാളിമാരുടെ തീവ്രമായ സമരം ഒഴിവാക്കപ്പെടുകയില്ലെന്നതാണ് അതു് (പേജ് 161). ഈ തീവ്രസമരത്തിൽ തൊഴിലാളികളും പങ്കുചേരുന്നുണ്ടെന്നു് ഗ്രന്ഥകാരൻ പറയുന്നു (പേജ് 175). പുസ്തകം എഴുതിയതു് 1913 ഒക്ടോബറിലാണ്. ആധുനികയുദ്ധങ്ങൾക്കുള്ള കാരണം ''മൂലധനത്തിന്റെ താല്പര്യങ്ങളാ''ണെന്നു് ഗ്രന്ഥകാരൻ തികച്ചും വ്യക്തമായി പറയുന്നുണ്ട് (പേജ് 157). ''ദേശീയപ്രവണത''യുടെ പ്രശ്നം സോഷ്യലിസത്തിന്റെ മർമ്മപ്രശ്നമായിത്തീർന്നിട്ടുണ്ടെന്നും (പേജ് 176), യഥാർത്ഥത്തിൽ കൂടുതൽകൂടുതൽ ദേശീയമായിക്കൊണ്ടിരിക്കുന്ന (പേജ് 103, 110, 176) സോഷ്യൽഡെമോക്രാററുകളുടെ സാർവ്വദേശീയതാപരമായ പ്രകടനപത്രികകളിൽ ഗവണ്മെൻറുകൾക്കു ഭയപ്പെടേണ്ടതായിട്ടൊന്നുമില്ലെന്നും (പേജ് 177) അദ്ദേഹം പറയുന്നു. തൊഴിലാളികളെ ദേശീയസ്വാധീനത്തിൽനിന്നു വിടുത്തിയെടുത്താൽ സാർവ്വദേശീയസോഷ്യലിസം വിജയിക്കും. കാരണം, ബലപ്രയോഗത്തിൽനിന്നു മാത്രമായി യാതൊന്നും നേടാൻ സാദ്ധ്യമല്ല. ദേശീയവികാരങ്ങൾക്കാണ് മുൻതൂക്കം ലഭിക്കുന്നതെങ്കിൽ അതു് പരാജയപ്പെടും (പേജ് 173—74). ഇതാണ് അദ്ദേഹം പറയുന്നതു്.



Scanned by CamScanner

ന്നതു്. എന്നാൽ പ്രവണതകളുടെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഒട്ടം ഗൗരവതരമല്ലാത്ത ഒരു ന്യായവാദമാണിതു്. ഒന്നാമതു്, തൊഴിലാളിപ്രസ്ഥാനത്തിൽ ഷോവിനിസത്തിനും അവസരവാദത്തിനും ഒരേ സാമ്പത്തികാടിത്തറയാണുള്ളതു്: ''സ്വന്തം'' ദേശീയ മൂലധനത്തിന്റെ വിശേഷാനുകൂല്യങ്ങളിൽനിന്നുള്ള നക്കാപ്പിച്ചകൾ കിട്ടുന്ന, തൊഴിലാളിവർഗ്ഗത്തിന്റെ ചെറിയൊരു ഉപരിവിഭാഗവും പെററിബൂർഷ്വാസിയും തമ്മിൽ തൊഴിലാളിബഹുജനങ്ങൾക്കും പൊതുവിൽ അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും മർദ്ദിതർക്കുമെതിരായി ഉണ്ടാക്കിയിട്ടുള്ള സഖ്യം. രണ്ടാമതു്, രണ്ടു പ്രവണതകളുടേയും ആശയപരവും രാഷ്ട്രീയവുമായ ഉള്ളടക്കം ഒന്നാണു്. മൂന്നാമതു്, രണ്ടാം ഇൻറർനാഷനലിന്റെ കാലഘട്ടത്തിന്റെ (1889–1914) സവിശേഷതയെന്ന നിലയിൽ സോഷ്യലിസ്റ്റുകാർക്കിടയിലുണ്ടായിരുന്ന, അവസരവാദപ്രവണതയെന്നും വിപ്ലവപ്രവണതയെന്നുമുള്ള പഴയ വേർതിരിവു്, ഷോവിനിസ്റ്റുകളെന്നും സാർവ്വദേശീയവാദികളെന്നുമുള്ള പുതിയ വേർതിരിവിനു് മൊത്തത്തിൽ അനുരൂപമാണു്.

അവസാനത്തെ പ്രസ്താവത്തിന്റെ സാധുത മനസ്സിലാവാൻ, സാമൂഹ്യശാസ്ത്രം (പൊതുവിൽ എല്ലാ ശാസ്ത്രവും) സാധാരണഗതിയിൽ പരാമർശിക്കുന്നതു് ഒററക്കൊററയ്ക്കുള്ള ദൃഷ്ടാന്തങ്ങളെയല്ല, കൂട്ടായ പ്രതിഭാസങ്ങളെയാണെന്നു് ഓർക്കണം. നമുക്കു് യൂറോപ്പിലുള്ള പത്തു രാജ്യങ്ങളെ എടുക്കാം: ജർമ്മനി, ബ്രിട്ടൻ, റഷ്യ, ഇററലി, ഹോളണ്ടു്, സ്വീഡൻ, ബൾഗേറിയ, സ്വിററ്സർലണ്ടു്, ഫ്രാൻസ്, ബൽജിയം. ആദ്യത്തെ എട്ടു് രാജ്യങ്ങളിൽ സോഷ്യലിസ്റ്റുകാരുടെ പുതിയ (സാർവ്വദേശീയത്വം നോക്കിയുള്ള) വേർതിരിവു് പഴയ (അവസരവാദം നോക്കിയുള്ള) വേർതിരിവിനു് അനുരൂപമാണു്: ജർമ്മനിയിൽ അവസരവാദത്തിന്റെ ശക്തിദുർഗ്ഗമായിരുന്ന ''സൊത്സിയലിസ്റ്റിഷെ മൊനാററ്ഷെഫ്റെറ''[30] എന്ന പത്രിക ഷോവിനിസത്തിന്റെ ശക്തിദുർഗ്ഗമായിത്തീർന്നിരിക്കുന്നു. സാർവ്വദേശീയത്വത്തിന്റെ ആശയങ്ങളെ അങ്ങേയററത്തെ ഇടതുപക്ഷക്കാർ പിന്താങ്ങുന്നു. ബ്രിട്ടനിൽ ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പാർട്ടി[31]യുടെ ഏഴിൽ മൂന്നു ഭാഗത്തോളം സാർവ്വദേശീയവാദികളാണു് (ഏററവുമൊടുവിലെടുത്ത കണക്കനുസരിച്ചു് ഒരു സാർവ്വദേശീയത്വപരമായ പ്രമേയത്തെ അനുകൂലിച്ചു് 66 പേരും എതിർത്തു് 84 പേരും വോട്ടുചെയ്തു). അവസരവാദികളുടെ ബ്ലോക്കിലാകട്ടെ (ലേബർ പാർട്ടി[32] + ഫേബിയന്മാർ[33] + ഇൻഡിപ്പെൻഡൻറ് ലേബർ പാർട്ടി[34]) സാർവ്വദേശീയവാദികൾ ഏഴിലൊരു ഭാഗത്തിൽ കുറവാണു്.* റഷ്യ

---

* സാധാരണയായി ഇൻഡിപ്പെൻഡൻറ് ലേബർ പാർട്ടിയെ മാത്രമാണു് ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പാർട്ടിയോടു് താരതമ്യപ്പെ



Scanned by CamScanner

യിൽ ലിക്വിഡേററർമാരുടെ ''നാഷ സര്യ''[37] അവസരവാദികളുടെ നേടുംതൂണായിരുന്നു. ഇപ്പോഴതു് ഷോവിനിസത്തിൻെറ നെടുംതൂണായിത്തീർന്നിരിക്കുന്നു. പ്ലെഹാനൊവും അലേക്സിൻസ്കിയും കൂടുതൽ ഒച്ചപ്പാടുണ്ടാക്കുന്നുണ്ടെങ്കിലും റഷ്യയിലെ ബഹുജനങ്ങൾക്കിടയിൽ ചിട്ടയായ രീതിയിൽ പ്രചാരവേല നടത്താൻ അവർക്കു കെല്പില്ലെന്നു് അഞ്ചു വർഷത്തെ (1910–14) അനുഭവത്തിൽനിന്നു നമുക്കറിയാം. ''പ്രാവ്ദിസ''[38]വും 1912 ജനവരിയിൽ പാർട്ടിയെ പുനസ്ഥാപിച്ച[39] മുന്നണിത്തൊഴിലാളികളുടെ പ്രതിനിധികളെന്ന നിലയിൽ ദൂമയിലെ റഷ്യൻസോഷ്യൽഡെമോക്രാററിക് ലേബർ ഗ്രൂപ്പുമാണു് റഷ്യയിലെ സാർവ്വദേശീയവാദികളുടെ ബീജകേന്ദ്രം.

ഇററലിയിൽ തനി അവസരവാദിപ്പാർട്ടിയായിരുന്ന ബിസ്സോലാത്തിപ്രഭൃതികളുടെ പാർട്ടി ഷോവിനിസ്റ്റായിത്തീർന്നിരിക്കുന്നു. തൊഴിലാളിപ്പാർട്ടിയാണു് സാർവ്വദേശീയത്വത്തെ പ്രതിനിധീകരിക്കുന്നതു്. തൊഴിലാളിബഹുജനങ്ങൾ ഈ പാർട്ടിയെ അനുകൂലിക്കുന്നു. അവസരവാദികളും പാർലിമെൺേറിയന്മാരും പെററിബൂർഷ്വാസിയും ഷോവിനിസത്തെ അനുകൂലിക്കുന്നു. ഇററലിയിൽ ഏതാനും മാസങ്ങൾക്കുള്ളിൽ രണ്ടിലൊന്നു് യഥേഷ്ടം തിരഞ്ഞെടുക്കാൻ കഴിയുമായിരുന്നു. ആ തിരഞ്ഞെടുക്കൽ നടക്കുകയും ചെയ്തു—യാദൃച്ഛികമായിട്ടല്ല, തൊഴിലാളിബഹുജനങ്ങളുടേയും പെററിബൂർഷ്വാ ഗ്രൂപ്പുകളുടേയും വർഗ്ഗനിലപാടിലുള്ള വ്യത്യാസമനുസരിച്ച്.

ഹോളണ്ടിൽ ട്രൂൽസ്ട്രയുടെ അവസരവാദിപ്പാർട്ടി പൊതുവിൽ ഷോവിനിസവുമായി രമ്യതയിലാണു് (ഹോളണ്ടിൽ വൻകിടബൂർഷ്വാസിക്കെന്നപോലെ പെററിബൂർഷ്വാസിക്കും അവരെ ഏററവും എളുപ്പം ''വിഴുങ്ങാൻ'' കഴിയുന്ന ജർമ്മനിയോടു് വിശേഷിച്ചൊരു വെറുപ്പുണ്ടെന്ന വസ്തുതകൊണ്ടു നാം വഞ്ചിതരാവരുതു്). ഗോർട്ടറുടേയും പന്നെക്കുക്കിൻേറയും നേതൃത്വത്തിലുള്ള മാർക്സിസ്റ്റു് പാർട്ടിയാണു് സ്ഥിരതയും ആത്മാർത്ഥതയും ചുണയും വിശ്വാസദാർഢ്യവുമുള്ള സാർവ്വദേശീയവാദികളെ സൃഷ്ടിച്ചിട്ടുള്ളതു്. സ്വീഡനിൽ ജർമ്മൻ

---

ടുത്തുന്നതു്. ഇതു ശരിയല്ല. കാര്യങ്ങളുടെ കാതലാണു്, സംഘടനാരൂപങ്ങളല്ല, പരിഗണിക്കേണ്ടതു്. ദിനപ്പത്രങ്ങളെടുക്കാം. അവ രണ്ടെണ്ണമുണ്ടു്. ഒന്നു് ബ്രിട്ടീഷ് സോഷ്യലിസ്റ്റു് പാർട്ടിയുടെ ''ഡെയിലി ഹെറാൾഡ്''[35]. മറേറതു് അവസരവാദിബ്ലോക്കിൻെറ ''ഡെയിലി സിററിസൻ''[36]. പ്രചരണത്തിൻേറയും പ്രക്ഷോഭത്തിൻേറയും സംഘടനയുടേയും യഥാർത്ഥപ്രവർത്തനം നടത്തുന്നതു് ഈ പത്രങ്ങളാണു്.



Scanned by CamScanner

സോഷ്യലിസ്റ്റുകാരെ വഞ്ചകരെന്നു കുററപ്പെടുത്തിയതിനു് അവസരവാദികളുടെ നേതാവായ ബ്രാൻറിംഗ് കോപിക്കുമ്പോഠം, തന്റെ അനുയായികളിൽ ചിലർക്കു് ഇതുതന്നെയാണു് അഭിപ്രായമെന്നു് ഇടതുപക്ഷനേതാവായ ഹേ്യാഗ്ലുൻഡ് പ്രഖ്യാപിക്കുന്നു (''സൊതസിയാൽ ഡെമൊക്രാററ്'', ലക്കം 36 നോക്കുക). ഹംഗേറിയയിൽ, അവസരവാദത്തെ എതിർക്കുന്ന ''തെസ്ന്യക്കി''[40] ജർമ്മൻ സോഷ്യൽഡെമോക്രാററുകാർ ''നീചത്തരം കാട്ടി''യെന്നു് തങ്ങളുടെ മുഖപത്രത്തിൽ (''നോവൊ വ്രേമെ''[41]യിൽ) കുററപ്പെടുത്തുന്നു. സ്വിററ്സർലണ്ടിൽ അവസരവാദിയായ ഗ്രെയ്ലിഹിന്റെ അനുയായികഠം ജർമ്മൻ സോഷ്യൽഡെമോക്രാററുകാരെ ന്യായീകരിക്കാൻ ഇഷ്ടപ്പെടുമ്പോഠം (സൂറിഹിൽനിന്നുള്ള ''ഫോൽക്സ്റെഹ്റ്''[42] എന്ന അവരുടെ മുഖപത്രം നോക്കുക) അദ്ദേഹത്തെക്കാഠം എത്രയോ കൂടുതൽ സമൂലപരിവർത്തനവാദിയായ ആർ. ഗ്രിമ്മിന്റെ അനുകൂലികഠം ''ബെർനെർ തഗ്വാഹ്റ്''[43] എന്ന ബേർൺ പത്രത്തെ ജർമ്മൻ ഇടതുപക്ഷക്കാരുടെ മുഖപത്രമാക്കി മാററിയിരിക്കുന്നു. പത്തു രാജ്യങ്ങളിൽ രണ്ടെണ്ണം മാത്രമേ—ഫ്രാൻസും ബെൽജിയവും—ഇതിനൊരു അപവാദമായിട്ടുള്ളു. അവിടെപ്പോലും ശരിക്കു പറഞ്ഞാൽ സാർവ്വദേശീയവാദികളുടെ അഭാവമല്ല, അവരുടെ ക്രമാധികമായ ദൗർബ്ബല്യവും നിരുത്സാഹവുമാണു് നാം കാണുന്നതു് (ഇതിനു കുറെയൊക്കെ കാരണം നമുക്കു തികച്ചും മനസ്സിലാക്കാവുന്ന കാര്യങ്ങളാണു്). സാർവ്വദേശീയത്വസ്വഭാവമുള്ള കത്തുകഠം തനിക്കു് വായനക്കാരിൽനിന്നു കിട്ടിയിട്ടുണ്ടെന്നു് ''ല്യൂമനിത്തേ''[44]യിൽ വല്യാൻതന്നെ സമ്മതിച്ചിട്ടുള്ള കാര്യം നാം മറക്കരുതു്. എന്നാൽ ആ കത്തുകളിൽ ഒരെണ്ണം പോലും അദ്ദേഹം പൂർണ്ണരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല!

പ്രവണതകളേയും ചിന്താഗതികളേയും ആകെക്കൂടി എടുത്തു നോക്കിയാൽ യൂറോപ്യൻ സോഷ്യലിസത്തിന്റെ അവസരവാദിപക്ഷമാണു് സോഷ്യലിസത്തെ വഞ്ചിച്ചുകൊണ്ടു് ഷോവിനിസത്തിലേക്കു കടന്നതെന്നു് അംഗീകരിക്കാതെ തരമില്ല. ഔദ്യോഗികപാർട്ടികഠംക്കുള്ളിൽ അതിനുള്ള പ്രാബല്യത്തിൻേറയും പ്രത്യക്ഷത്തിൽ തോന്നുന്ന സർവ്വശക്തിയുടേയും ഉറവിടമെന്താണു്? ചരിത്രവിഷയകമായ—വിശേഷിച്ചു് പ്രാചീനറോമിനേയും ഇന്നത്തെ സജീവപ്രശ്നങ്ങളുമായി വലിയ ബന്ധമൊന്നുമില്ലാത്ത അത്തരം കാര്യങ്ങളേയും സംബന്ധിക്കുന്ന—ചോദ്യങ്ങളുന്നയിക്കാൻ വളരെയേറെ പ്രാഗത്ഭ്യമുള്ള കൗട്സ്കി, ഇപ്പോഠം, തന്നെക്കൂടി ഉഠംപ്പെടുന്ന ഒരു കാര്യം വരുമ്പോഠം അതു മനസ്സിലായില്ലെന്നു കപടമായി നടിക്കുന്നു. എ

ന്നാൽ കാര്യം സുവ്യക്തമാണ്. ബൂർഷ്വാസിയും ഗവണ്മെൻറുകളും സൈനിക ജനറൽസ്റ്റാഫുകളുമായിട്ടുള്ള സഖ്യത്തിൽനിന്നാണ് അവസരവാദികളും ഷോവിനിസ്റ്റുകളും ഭീമമായ ശക്തിയാർജ്ജിച്ചിരിക്കുന്നതു്. റഷ്യയിൽ പലപ്പോഴും വിസ്മരിക്കുന്ന ഒരു കാര്യമാണിതു്. അവസരവാദികൾ സോഷ്യലിസ്റ്റ്പാർട്ടികളുടെ ഒരു വിഭാഗമാണ്, ആ പാർട്ടികളിൽ എല്ലായ്പോഴും രണ്ടു തീവ്രപക്ഷങ്ങൾ ഉണ്ടായിരുന്നു, മേലിലും ഉണ്ടായിരിക്കും, ''തീവ്രത'' ഒഴിവാക്കേണ്ടതാണ്, എന്നുതുടങ്ങി സർവ്വ ഫിലിസ്റ്റൈൻ ലിഖിതങ്ങളിലും എഴുതിവിടാറുള്ള മട്ടിലാണ് ഇവിടെ കാര്യങ്ങൾ കാണുന്നതു്.

വാസ്തവം പറഞ്ഞാൽ, അവസരവാദികൾ ഔപചാരികമായി തൊഴിലാളിപ്പാർട്ടികളിൽ അംഗങ്ങളാണെന്ന വസ്തുത അവർ വസ്തുനിഷ്ഠമായി ബൂർഷ്വാസിയുടെ രാഷ്ട്രീയസേനാവിഭാഗവും അതിന്റെ സ്വാധീനത്തിന്റെ വാഹകരും തൊഴിലാളിപ്രസ്ഥാനത്തിലെ അതിന്റെ ഏജൻറുകളുമല്ലെന്നതിനുള്ള തെളിവല്ല. ഹെറോസ്ട്രാററസി[45]ന്റെ മട്ടിലുള്ള പ്രസിദ്ധിയ്ക്കർഹനായ സ്യൂഡെക്കം എന്ന അവസരവാദി സാമൂഹ്യവും വർഗ്ഗപരവുമായ ഈ സത്യം തെളിയിച്ചുകാട്ടിയപ്പോൾ പല നല്ല മനുഷ്യരും അത്ഭുതംകൊണ്ടു വാപൊളിച്ചുപോയി. ഫ്രഞ്ച് സോഷ്യലിസ്റ്റുകാരും പ്ലെഹാനൊവും സ്യൂഡെക്കമിന്റെ നേരെ അവജ്ഞയോടെ വിരൽചൂണ്ടി. എന്നാൽ വൻഡെർവേൽഡെയും സമ്പായും പ്ലെഹാനൊവും കണ്ണാടിയിൽ നോക്കിയിരുന്നെങ്കിൽ ദേശീയലക്ഷണങ്ങളിൽ ലേശം വ്യത്യാസമുള്ള സ്യൂഡെക്കമിനെത്തന്നെ അവർ കാണുമായിരുന്നു. ഇപ്പോൾ കൗട്സ്കിയെ പ്രശംസിക്കുകയും കൗട്സ്കിയാൽ പ്രശംസിക്കപ്പെടുകയും ചെയ്യുന്ന ജർമ്മൻ കേന്ദ്രക്കമ്മിററിയംഗങ്ങൾ (''ഫോർഷ്ടാൻഡ്'') തങ്ങൾ സ്യൂഡെക്കമിന്റെ നയത്തോടു ''യോജിക്കുന്നില്ലെ''ന്നു സൂക്ഷിച്ചും വിനയത്തോടെയും മര്യാദയോടെയും (സ്യൂഡെക്കമിന്റെ പേരു പറയാതെ) അറിയിക്കാൻ ബദ്ധപ്പെട്ടിട്ടുണ്ടു്.

ഇതു് അപഹാസ്യമാണ്. കാരണം, ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ പ്രായോഗികനയത്തെ സംബന്ധിച്ചിടത്തോളം ഒരു സ്യൂഡെക്കം നൂറു ഹാസെമാരേക്കാളും കൗട്സ്കികളേക്കാളും സുശക്തനാണെന്നു് നിർണ്ണായകനിമിഷത്തിൽ തെളിയിച്ചു (അതേപോലെതന്നെ, ഒരു ''നാഷ സര്യ'' അതിൽനിന്നു ഭിന്നിച്ചുപോകാൻ ഭയപ്പെടുന്ന ബ്രസൽസ്കൂട്ടുകെട്ടി[46]ലെ എല്ലാ പ്രവണതക്കാരേക്കാളും സുശക്തമാണ്).

എന്തുകൊണ്ടു്? എന്തുകൊണ്ടെന്നാൽ സ്യൂഡെക്കമിന്റെ പിന്നിൽ ഒരു വൻശക്തിയുടെ ബൂർഷ്വാസിയുണ്ടു്, ഗവണ്മെൻറുണ്ടു്, സൈനി



Scanned by CamScanner

കജനറൽസ്റ്റാഫുണ്ട്. ഇവർ സ്വൈദെഗമിന്റെ നയത്തെ ആയിരമായിരം വഴികളിലൂടെ പിന്താങ്ങുന്നു. അതേസമയം, അയാളുടെ എതിരാളികളുടെ നയത്തെ ജയിലറയും വധവുമടക്കം സകലമാർഗ്ഗങ്ങളുമുപയോഗിച്ച് തടസ്സപ്പെടുത്തുന്നു. സ്വൈദെഗമിന്റെ ശബ്ദം (വൻഡെർവേൽഡെയുടേയും സമ്പാദ്യടേയും റ്റ്രൈഹാനൊവിൻേറയും ശബ്ദത്തെപ്പോലെതന്നെ) ബൂർഷ്വാ പത്രങ്ങളുടെ ലക്ഷക്കണക്കിനു പ്രതികൾ വഴി ജനങ്ങളുടെയടുത്തെത്തുന്നു. അയാളുടെ എതിരാളികളുടെ ശബ്ദമാകട്ടെ, പട്ടാളസെൻസർഷിപ്പ് കാരണം നിയമവിധേയപത്രങ്ങളിലൂടെ കേൾക്കാൻ സാദ്ധ്യമല്ല!

അവസരവാദം യാദൃച്ഛികസംഭവമോ വ്യക്തികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന പാപമോ വീഴ്ചയോ വഞ്ചനയോ അല്ലെന്നും ഒരു ചരിത്രകാലഘട്ടത്തിന്റെയൊട്ടാകെയുള്ള സാമൂഹ്യഫലമാണെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. എന്നാൽ ഈ പരമാർത്ഥത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാവരും വേണ്ടത്ര ചിന്തിക്കാറില്ല. നിയമവിധേയത്വവാദം അവസരവാദത്തെ പോററിവളർത്തിയിട്ടുണ്ട്. 1899—നും 1914—നും ഇടയ്ക്ക് തൊഴിലാളിപ്പാർട്ടികൾക്ക് ബൂർഷ്വാ നിയമവിധേയത്വത്തെ പ്രയോജനപ്പെടുത്തേണ്ടിവന്നു. പ്രതിസന്ധി ഉണ്ടായപ്പോൾ അവ നിയമവിരുദ്ധപ്രവർത്തനത്തിലേക്കു കടക്കേണ്ടതായിരുന്നു (എന്നാൽ അങ്ങേയററത്തെ ജാഗ്രതയും ദൃഢനിശ്ചയവും അതോടൊപ്പം പലതരത്തിലുള്ള തന്ത്രപ്രയോഗവും കൂടാതെ അതു സാദ്ധ്യമാകുമായിരുന്നില്ല). നിയമവിരുദ്ധപ്രവർത്തനത്തിലേക്കു കടക്കുന്നതിനെ തടയാൻ ഒരൊററ സ്യൂഡെക്കം മതിയായിരുന്നു. കാരണം, ചരിത്രപരവും തത്വശാസ്ത്രപരവുമായ അർത്ഥത്തിൽ ''പഴയ ലോക''മാകെത്തന്നെ അയാളുടെ പിറകിലുണ്ടായിരുന്നു. പ്രായോഗികരാഷ്ട്രീയത്തിന്റെ അർത്ഥത്തിലാണെങ്കിൽ, സ്യൂഡെക്കും ബൂർഷ്വാസിക്ക് അതിന്റെ വർഗ്ഗശത്രുവിന്റെ എല്ലാ സൈനികപദ്ധതികളും എല്ലായ്പ്പോഴും ഒററിക്കൊടുത്തിട്ടുള്ളവനും എല്ലായ്പ്പോഴും ഒററിക്കൊടുക്കുന്നവനുമാണ്.

സ്യൂഡെക്കമിനു് ഇഷ്ടപ്പെട്ടതോ സ്യൂഡെക്കമിനു് സഹനീയമായിട്ടുള്ളതോ ആയ കാര്യങ്ങൾ മാത്രമേ ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടി ഒട്ടാകെ ചെയ്യുന്നുള്ളുവെന്നതു് ഒരു പരമാർത്ഥമാണ് (ഫ്രഞ്ച് പാർട്ടി തുടങ്ങിയ പാർട്ടികളെ സംബന്ധിച്ചും സത്യമാണിതു്). മറെറാന്നും നിയമവിധേയമായി ചെയ്യാൻ സാദ്ധ്യമല്ല. ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയിൽ നേരായിട്ടുള്ളതും യഥാർത്ഥത്തിൽ സോഷ്യലിസ്റ്റ് സ്വഭാവത്തോടു കൂടിയതുമായ എന്തും ചെയ്യുന്നതു് അതിന്റെ കേന്ദ്രഘടകങ്ങൾക്കെതിരായിട്ടാണ്,



Scanned by CamScanner

അതിൻെറ കേന്ദ്രക്കമ്മിററിയേയും കേന്ദ്രമുഖപത്രത്തേയും വകവയ്ക്കാതെയാണ്, സംഘടനാപരമായ അച്ചടക്കത്തെ ലംഘിച്ചുകൊണ്ടാണ്, പുതിയ പാർട്ടിയുടെ, പേരുപറയാത്ത പുതിയ കേന്ദ്രങ്ങളുടെ, പേരിൽ ഫാക്ഷനൽ രീതിയിലാണ്. ഈ വർഷം മേയ് 31–ാം നു-യിലെ ''ബെർനെർ തഗ്‌വാഹ്ററി''ൽ പ്രസിദ്ധീകരിച്ച ജർമ്മൻ ഇടതുപക്ഷക്കാരുടെ പ്രകടനപത്രിക47 ഇതിനൊരു ഉദാഹരണമാണ്. വാസ്തവം പറഞ്ഞാൽ പുതിയൊരു പാർട്ടി വളർന്നുവരുന്നുണ്ട്, ശക്തിപ്രാപിക്കുന്നുണ്ട്, സംഘടിപ്പിക്കപ്പെടുന്നുണ്ട്. ലേഗീൻ—സ്യൂദെക്കം—കൗട്സ്കി—ഹാസെ—ഷൈഡെമൻ പ്രഭൃതികളുടെ പഴയതും ദുഷിച്ചതുമായ ദേശീയലിബറൽ പാർട്ടിയിൽനിന്നു വ്യത്യസ്തമായി ഒരു യഥാർത്ഥ തൊഴിലാളിപ്പാർട്ടിയാണതു്, ശരിക്കും വിപ്ലവസ്വഭാവമുള്ള സോഷ്യൽഡെമോക്രാററിക് പാർട്ടിയാണതു്*.

അതുകൊണ്ട്, ഇന്നത്തെ സോഷ്യൽഡെമോക്രസി വലത്തോട്ടു ചാഞ്ഞാൽ തൊഴിലാളികൾ അതിൽനിന്നു വിട്ടുപോകുമെന്നതുകൊ

---

* ആഗസ്റ്റ് 4–ലെ ചരിത്രപ്രധാനമായ (യുദ്ധവായ്പകൾക്കുവേണ്ടിയുള്ള) വോട്ടെടുപ്പിനു മുമ്പു നടന്ന സംഭവം അങ്ങേയററം സവിശേഷമാണ്. ഭൂരിപക്ഷമാണ് തീരുമാനമെടുത്തതെന്നും എല്ലാവരും ഏകകണ്ഠമായി അനുകൂലിച്ചു വോട്ടു ചെയ്തുവെന്നും പറഞ്ഞു് ഔദ്യോഗിക പാർട്ടി ആ സംഭവത്തിൻെറ മീതെ ഉദ്യോഗസ്ഥമേധാവിത്വപരമായ കാപട്യത്തിൻെറ ആവരണമിട്ടിരിക്കുകയാണ്. എന്നാൽ ഈ കാപട്യം തുറന്നുകാട്ടിക്കൊണ്ട് ഷ്ട്രോബെൽ "Die Internationale" എന്ന പത്രികയിൽ സത്യാവസ്ഥ എന്താണെന്നു പറഞ്ഞു. റൈയിഹ്സ്റ്റാഗിലെ സോഷ്യൽഡെമോക്രാററിക് അംഗങ്ങൾ രണ്ടു ഗ്രൂപ്പുകളായി പിളർന്നു. ഓരോ ഗ്രൂപ്പും വന്നതു് അന്ത്യശാസനത്തിനു തയ്യാറായിട്ടാണ്, അതായതു് പിളർപ്പിനെ അർത്ഥമാക്കുന്ന ഫാക്ഷനൽ തീരുമാനവുമായിട്ടാണ്. മുപ്പതുപേരോളമടങ്ങുന്ന അവസരവാദികളുടെ ഗ്രൂപ്പ് എന്തുവന്നാലും അനുകൂലിച്ചു വോട്ടുചെയ്യാൻ തീരുമാനിച്ചിരുന്നു. പതിനഞ്ചു പേരോളം വരുന്ന ഇടതുപക്ഷഗ്രൂപ്പ് എതിർത്തു വോട്ടുചെയ്യാൻ അത്രതന്നെ ദൃഢമായിട്ടല്ലാതെ തീരുമാനിച്ചിരുന്നു. ഒരിക്കലും ഒരു ഉറച്ച നിലപാടെടുക്കാത്ത ''നടുനില''ക്കാർ അഥവാ ''ചതുപ്പുനില''ക്കാർ അവസരവാദികളോടൊപ്പം വോട്ടുചെയ്തപ്പോൾ ഇടതുപക്ഷക്കാർക്ക് കനത്ത പരാജയം സംഭവിച്ചു. അവർ കീഴടങ്ങി! ജർമ്മൻ സോഷ്യൽഡെമോക്രാററുകാരുടെ ''ഐക്യ''ത്തെപ്പററിയുള്ള സംസാരം വെറും തട്ടിപ്പാണ്. അവസരവാദികളുടെ അന്ത്യശാസനങ്ങൾക്ക് ഇടതുപക്ഷക്കാർ അനിവാര്യമായും കീഴടങ്ങുന്നതിനെ മൂടിവയ്ക്കുകയാണ് അതു വാസ്തവത്തിൽ ചെയ്യുന്നതു്.



Scanned by CamScanner

ണ്ടു് അതു് അവസരവാദികാംക്ക് (അതായതു് ബൂർഷ്വാസികൾ്) ദോഷകരമായിരിക്കുമെന്നു് ''പ്രെയ്സിഷെ യാർബുഹർ''48 എന്ന യാഥാസ്ഥിതികപത്രത്തിൽ അവസരവാദിയായ ''മോണിററർ'' ഓർക്കാതെ പറഞ്ഞതു് അഗാധമായ ഒരു ചരിത്രസത്യമാണു്. അവസരവാദികാംക്ക് (ബൂർഷ്വാസികം) ആവശ്യം ഇപ്പോഴത്തെ പാർട്ടിയാണു്—വലതുപക്ഷത്തേയും ഇടതുപക്ഷത്തേയും കൂട്ടിയോജിപ്പിച്ചിട്ടുള്ളതും നിഷ്പ്രയാസമായ ''തനി മാർക്സിസ്റ്റ്'' പദപ്രയോഗങ്ങാംവഴി ലോകത്തിലുള്ള എന്തിനേയും രഞ്ജിപ്പിച്ചുകൊണ്ടു പോകാൻ കഴിവുള്ള കൗട്സ്കി ഔദ്യോഗികപ്രാതിനിധ്യം വഹിക്കുന്നതുമായ പാർട്ടി. വാക്കിൽ സോഷ്യലിസം, വിപ്ലവപരത— നാട്ടുകാർക്കുവേണ്ടി, ബഹുജനങ്ങാംക്കുവേണ്ടി, തൊഴിലാളികാംക്കുവേണ്ടി. പ്രവൃത്തിയിൽ സ്യൂദെക്കുമിസം, ഗുരുതരമായ ഏതു പ്രതിസന്ധിയിലും ബൂർഷ്വാസിയുടെകൂടെ. യുദ്ധകാലത്തു മാത്രമല്ല, ഗൗരവമായ ഏതൊരു രാഷ്ട്രീയപ്പണിമുടക്കിന്റെ സമയത്തും ''ഫ്യൂഡൽ'' ജർമ്മനിയായാലും ''സ്വതന്ത്ര പാർലിമെണ്ടറി''രാജ്യങ്ങളായ ബ്രിട്ടനോ ഫ്രാൻസോ ആയാലും ഒരു പേരിലല്ലെങ്കിൽ മറെറാരു പേരിൽ പട്ടാളനിയമം ഉടനടി ഏർപ്പെടുത്തുമെന്നതുകൊണ്ടാണു് ഏതു പ്രതിസന്ധിയിലും എന്നു പറഞ്ഞതു്. ബുദ്ധിയും നല്ല ഓർമ്മശക്തിയുമുള്ള ആർക്കും സംശയിക്കാനാവാത്ത കാര്യമാണിതു്.

സോഷ്യൽഷോവിനിസത്തിനെതിരെ എങ്ങിനെ സമരംചെയ്യണമെന്ന മുകളിലുന്നയിച്ച ചോദ്യത്തിനുള്ള മറുപടി ഇതിൽനിന്നു യുക്തിസഹമായി സിദ്ധിക്കുന്നു. സോഷ്യൽഡെമോക്രാററിക് തൊഴിലാളിപ്പാർട്ടികാംക്കുള്ളിൽ അത്തരമൊരു പ്രവണതയുടെ നിലനില്പ് വച്ചുപൊറുക്കാൻ സാദ്ധ്യമല്ല. അത്രയേറെ പരിപക്വമായിട്ടുള്ള, താരതമ്യേന ''സമാധാനപരമായ'' മുതലാളിത്തത്തിന്റെ നീണ്ട കാലത്തിനിടയിൽ അത്രയേറെ കരുത്തും ഔദ്ധത്യവുമാർജ്ജിച്ച, അത്രയേറെ ഖണ്ഡിതമായ രാഷ്ട്രീയപ്രത്യയശാസ്ത്രമുള്ള, ബൂർഷ്വാസിയും ഗവണ്മെൻറുകളുമായി അത്രയേറെ ഗാഢമായ ബന്ധമുള്ള, ഒരു അവസരവാദമാണു് സോഷ്യൽഷോവിനിസം. ചെറിയൊരു ഉാംനാടൻ പട്ടണത്തിലെ ഭംഗിയായി കല്ലുപാകിയ നിരത്തിലൂടെ നടക്കാൻ നേർത്തു് ബലംകുറഞ്ഞ പാദരക്ഷകാം മതിയാകുമെങ്കിൽ, ആണിയടിച്ച തടിച്ച ബൂട്ടിടാതെ കുന്നു കയറരുതു്. യൂറോപ്പിൽ സോഷ്യലിസം സങ്കുചിതമായ ദേശീയപരിധികാംക്കുള്ളിൽ ഒതുങ്ങിനില്ക്കുന്ന താരതമ്യേന സമാധാനപരമായ ഘട്ടത്തിനപ്പുറം കടന്നിരിക്കുന്നു. 1914–1915–ലെ യുദ്ധാരംഭത്തോടെ അതു് വിപ്ലവസമരത്തിന്റെ ഘട്ടത്തിലേക്കു കടന്നിരിക്കുന്നു. അവസരവാദവുമായി നിശ്ശേ



Scanned by CamScanner

ഷം തെററിപ്പിരിയാനം തൊഴിലാളിപ്പാർട്ടികളിൽനിന്നു് അതിനെ പുറന്തള്ളാനമുള്ള സമയമായിരിക്കുന്നുവെന്നതിനു സംശയമില്ല.

സാർവ്വദേശീയവികാസത്തിൻെറ പുതിയ കാലഘട്ടത്തിൽ സോഷ്യലിസത്തെ നേരിടുന്ന കടമകളെ ഇങ്ങനെ നിർവ്വചിച്ചതുകൊണ്ടു് തൊഴിലാളികളുടെ വിപ്ലവസോഷ്യൽഡെമോക്രാററിക് പാർട്ടികൾ പെററിബൂർഷ്വാ അവസരവാദിപ്പാർട്ടികളിൽനിന്നു വിട്ടുപോകുന്ന പ്രക്രിയ വിവിധരാജ്യങ്ങളിൽ എത്ര വേഗത്തിലും ഏതെല്ലാം ഖണ്ഡിതരൂപങ്ങളിലും നടക്കുമെന്നു് തീർച്ചയായും ഉടനടി വെളിപ്പെടുന്നില്ല. എങ്കിലും അങ്ങിനെയൊരു വിട്ടുപോകൽ അനിവാര്യമാണെന്നും തൊഴിലാളിപ്പാർട്ടികളുടെ നയമാകെത്തന്നെ ആ വീക്ഷണകോണിൽനിന്നാണു് അനുവർത്തിക്കേണ്ടതെന്നും വ്യക്തമായി മനസ്സിലാക്കേണ്ടതിൻെറ ആവശ്യകത ഇതിൽനിന്നു വെളിപ്പെടുന്നുണ്ടു്. അവസരവാദത്തോടുള്ള മനോഭാവം മുമ്പത്തെപ്പോലെ തുടരാൻ സാദ്ധ്യമല്ല. 1914–15–ലെ യുദ്ധം ചരിത്രത്തിലെ അത്ര വമ്പിച്ച ഒരു വഴിത്തിരിവാണു്. സംഭവിച്ചതു് മായ്ച്ചുകളയാൻ സാധിക്കുകയില്ല. പ്രതിസന്ധിയുടെ നിമിഷത്തിൽ അവസരവാദികൾ തൊഴിലാളിപ്പാർട്ടികൾക്കുള്ളിൽ ബൂർഷ്വാസിയുടെ ഭാഗത്തേക്കു പോയവരുടെ ബീജകേന്ദ്രമായി കാണപ്പെട്ടുവെന്ന വസ്തുതയെ തൊഴിലാളികളുടെ മനസ്സിൽനിന്നോ ബൂർഷ്വാസിയുടെ അനുഭവത്തിൽനിന്നോ പൊതുവിൽ നമ്മുടെ കാലഘട്ടത്തിൻെറ രാഷ്ട്രീയപാഠങ്ങളിൽനിന്നോ മായ്ച്ചുകളയാൻ സാദ്ധ്യമല്ല. യൂറോപ്പിൻെറ തോതുവച്ചു പറയുകയാണെങ്കിൽ, അവസരവാദം യുദ്ധത്തിനുമുമ്പു് അതിൻെറ യൗവനദശയിലായിരുന്നു. യുദ്ധാരംഭത്തോടെ അതു പുരുഷത്വം പ്രാപിച്ചു. അതിൻെറ ''നിഷ്കളങ്കത''യും യുവത്വവും വീണ്ടെടുക്കാൻ സാദ്ധ്യമല്ല. പാർലിമെണ്ടേറിയന്മാരും പത്രപ്രവർത്തകരും തൊഴിലാളിപ്രസ്ഥാനത്തിലെ ഉദ്യോഗഭാരവാഹികളും വിശേഷാനുകൂല്യങ്ങളനുഭവിക്കുന്ന ഓഫീസ്ജീവനക്കാരും തൊഴിലാളിവർഗ്ഗത്തിലെ ചില വിഭാഗങ്ങളുമടങ്ങുന്ന ഒരു സാമൂഹ്യവിഭാഗമാകെ ഉയർന്നുവന്നു് സ്വന്തം ദേശീയബൂർഷ്വാസിയുമായി ലയിച്ചുചേർന്നിരിക്കുന്നു. ആ ബൂർഷ്വാസിയ്ക്കാകട്ടെ, ഈ വിഭാഗത്തെ വിലമതിക്കാനും അതുമായി ''പൊരുത്തപ്പെട്ടുപോകാനും'' പൂർണ്ണമായി കഴിഞ്ഞിട്ടുമുണ്ടു്. ചരിത്രത്തിൻെറ ഗതിയെ പുറകോട്ടു തിരിക്കാനോ തടഞ്ഞുനിർത്താനോ സാദ്ധ്യമല്ല. നമുക്കു നിർഭയം മുന്നോട്ടു പോകാൻ കഴിയും, കഴിയണം. പ്രാരംഭികവും നിയമവിധേയവും അവസരവാദത്തിൻെറ പിടിയിൽ കിടക്കുന്നതുമായ തൊഴിലാളിവർഗ്ഗസംഘടനകളിൽനിന്നു് വിപ്ലവകരവും നിയമവിധേയത്വത്തിൽ ഒതുങ്ങിനില്ക്കാതിരിക്കാൻ



Scanned by CamScanner

അറിയാവുന്നതും അവസരവാദികളുടെ വഞ്ചനയിൽനിന്ന സ്വയം രക്ഷിക്കാൻ കഴിവുള്ളതും ''അധികാരത്തിനുവേണ്ടിയുള്ള സമരം''— ബൂർഷ്വാസിയെ തകിടംമറിക്കാനുള്ള സമരം—ആരംഭിച്ചിട്ടുള്ളതുമായ തൊഴിലാളിവർഗ്ഗസംഘടനകളിലേക്ക കടക്കാൻ കഴിയണം.

ഗേദ്, പ്ലെഹാനൊവ്, കൗട്സ്കി തുടങ്ങിയ രണ്ടാം ഇൻറർനാഷനലിൻെറ സമുന്നതരായ പ്രമാണപുരുഷന്മാരെ എന്തു ചെയ്യണമെന്ന ചോദ്യമുന്നയിച്ചുകൊണ്ട് സ്വന്തം ബോധത്തേയും തൊഴിലാളികളുടെ ബോധത്തേയും ജടിലമാക്കുന്നവരുടെ വീക്ഷണങ്ങൾ എത്ര മാത്രം തെററാണെന്ന് ഇതു തെളിയിക്കുന്നുണ്ടെന്നുകൂടി കൂട്ടത്തിൽ പറയട്ടെ. വാസ്തവത്തിൽ അങ്ങിനെയൊരു ചോദ്യം ഉദിക്കുന്നില്ല. ഈയാളുകൾ പുതിയ കടമകൾ മനസ്സിലാക്കുന്നില്ലെങ്കിൽ അവർക്ക് മാറിനില്ക്കുകയോ ഇപ്പോഴത്തെപ്പോലെ അവസരവാദികളുടെ ബന്ധനത്തിൽ തുടരുകയോ ചെയ്യേണ്ടിവരും. ''ബന്ധന''ത്തിൽനിന്ന വിടുതി നേടുകയാണെങ്കിൽ വിപ്ലവകാരികളുടെ ചേരിയിലേക്ക മടങ്ങുന്നതിന് അവർ രാഷ്ട്രീയതടസ്സങ്ങളൊന്നും നേരിടാനിടയില്ല. എന്തായാലും തൊഴിലാളിപ്രസ്ഥാനത്തിലെ പ്രവണതകൾ തമ്മിലുള്ള സമരത്തിൻേറയും കാലഘട്ടത്തിൽ വന്ന മാററത്തിൻേറയും പ്രശ്നത്തിൻെറ സ്ഥാനത്ത് വ്യക്തികളുടെ പങ്കിൻെറ പ്രശ്നം കൊണ്ടുവരുന്നതു് അസംബന്ധമാണ്.

## VIII

രണ്ടാം ഇൻറർനാഷനലിൻെറ കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് പാർട്ടികളുടെ ഒരുപക്ഷെ ഏററവും പ്രധാനപ്പെട്ട സവിശേഷത തൊഴിലാളിവർഗ്ഗത്തിൻെറ നിയമവിധേയബഹുജനസംഘടനകളാണ്. അവ ഏററവും സുശക്തമായിരുന്നതു് ജർമ്മൻ പാർട്ടിയിലാണ്. അതിലാണ് 1914—15—ലെ യുദ്ധം ഏററവും തീവ്രമായ പ്രതിസന്ധി സൃഷ്ടിച്ചതും പ്രശ്നത്തെ ഏററവും അടിയന്തിരമാക്കിത്തീർത്തതും. വിപ്ലവപ്രവർത്തനങ്ങളിലേക്ക കടന്നാൽ പോലീസ് ഈ നിയമവിധേയസംഘടനകളെ പിരിച്ചുവിടുമായിരുന്നുവെന്ന സ്പഷ്ടമായിരുന്നു. ലേഗീൻ തൊട്ട് കൗട്സ്കിയടക്കമുള്ള പഴയ പാർട്ടി ഇപ്പോഴത്തെ നിയമവിധേയസംഘടനകൾ നിലനിർത്തുന്നതിനുവേണ്ടി തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവലക്ഷ്യങ്ങളെ ബലികഴിച്ചു. എത്ര നിഷേധിച്ചാലും ഇതൊരു സത്യമാണ്. ഇന്നത്തെ പോലീസ് നിയമമനുവദിക്കുന്ന സംഘടനകളെന്ന നക്കാപ്പിച്ചയ്ക്കുവേണ്ടി വിപ്ലവം നടത്താനുള്ള തൊഴിലാളിവർഗ്ഗത്തിൻെറ അവകാശം തീറെഴുതിക്കൊടുത്തു.



Scanned by CamScanner

''ട്രേഡ്യൂണിയൻ ഭാരവാഹികരം പാർട്ടിയുടെ ആഭ്യന്തരജീവിതത്തിൽ കൂടുതൽ സജീവമായി പങ്കെടുക്കേണ്ടതെന്തുകൊണ്ട്'' (ബർലിൻ, 1915) എന്ന പേരിൽ ജർമ്മൻ സോഷ്യൽഡെമോക്രാററിക് ട്രേഡ്യൂണിയനുകളുടെ നേതാവായ കാറൽ ലേഗീൻ എഴുതിയ ലഘുലേഖ എടുക്കാം. 1915 ജനുവരി 27—ാംനു- നടന്ന ട്രേഡ്യൂണിയൻ ഭാരവാഹികളുടെ സമ്മേളനത്തിൽ ലേഖകൻ വായിച്ച പ്രബന്ധമാണതു്. പട്ടാളസെൻസർ സാധാരണഗതിയിൽ ഒരിക്കലും പ്രസിദ്ധീകരണാനുമതി നല്ലാത്ത അത്യന്തം ശ്രദ്ധേയമായ ഒരു രേഖ ലേഗീൻ തന്റെ പ്രബന്ധത്തിൽ—ലഘുലേഖയിലും—ഉദ്ധരിച്ചിട്ടുണ്ടു്. ''നിദെർബാർനിം ജില്ലയിലെ പ്രാസംഗികർക്കുള്ള കറിപ്പുകരം'' (ബർലിന്റെ ഒരു പ്രാന്തപ്രദേശമാണ് നിദെർബാർനിം) എന്ന പേരോടുകൂടിയ പ്രസ്തുതരേഖ ജർമ്മൻ ഇടതുപക്ഷസോഷ്യൽഡെമോക്രാററുകാരുടെ വീക്ഷണങ്ങളുടേയും പാർട്ടിക്കെതിരായ അവരുടെ പ്രതിഷേധത്തിന്റേയും പ്രകാശനമാണ്. വിപ്ലവസോഷ്യൽഡെമോക്രാററുകാർ ഒരു കാര്യം കണ്ടില്ലെന്നും അതിനു നിവൃത്തിയില്ലായിരുന്നുവെന്നും രേഖയിൽ പറയുന്നു.

''ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടേയും ട്രേഡ്യൂണിയനുകളുടേയും സംഘടിതശക്തി മുഴുവനും യുദ്ധംചെയ്യുന്ന ഗവണ്മെൻറിന്റെ ഭാഗത്തു നിലകൊള്ളുമെന്നതും ആ ശക്തി മുഴുവനും ബഹുജനങ്ങളുടെ വിപ്ലവകരമായ ഊർജ്ജസ്വലതയെ അടിച്ചമർത്താൻ വേണ്ടി ഉപയോഗപ്പെടുത്തുമെന്നതു''മാണ് അതു് (ലേഗീന്റെ ലഘുലേഖയിൽ 34—ാം പേജ്).

നിരുപാധികമായ പരമാർത്ഥമാണിതു്. അതേ രേഖയിലുള്ള ചുവടെക്കൊടുക്കുന്ന പ്രസ്താവവും പരമാർത്ഥമാണ്:

''ബഹുജനങ്ങളിൽ ഗാഢമായി വേരൂന്നിയതായിരുന്നെങ്കിൽക്കൂടി വ്യത്യസ്തമായ ഒരു വീക്ഷണഗതിക്കു് ഒരു സുപരീക്ഷിത പാർട്ടിയുടെ നേതൃത്വത്തിൻകീഴിൽ പിടിച്ചുനില്ക്കാൻ കഴിയുമായിരുന്നില്ലെന്നും, നേതൃഘടകങ്ങളുടെ ഹിതത്തിനെതിരായും പാർട്ടിയുടേയും ട്രേഡ്യൂണിയനുകളുടേയും എതിർപ്പിനെ തരണംചെയ്തും മാത്രമേ അതു സാദ്ധ്യമാകുമായിരുന്നുള്ളവെന്നും ആഗസ്റ്റ് 4—ാംനു- റെയിഹ്സ്റ്റാഗിലെ സോഷ്യൽഡെമോക്രാററിക്ഗ്രൂപ്പിന്റെ വോട്ടു് തെളിയിച്ചു'' (അതേ ലഘുലേഖ).

ഇതു് നിരുപാധികമായ സത്യമാണ്.

''റെയിഹ്സ്റ്റാഗിലെ സോഷ്യൽഡെമോക്രാററിക്ഗ്രൂപ്പ് ആഗസ്റ്റ് 4—ാംനു- അതിന്റെ ചുമതല നിറവേററിയിരുന്നെങ്കിൽ സം



Scanned by CamScanner

ഘടനയുടെ ബാഹ്യരൂപം ഒരുപക്ഷെ നശിക്കുമായിരുന്നെങ്കിലും ചൈതന്യം നിലനില്ക്കുമായിരുന്ന — അസാധാരണനിയമ[49]ത്തിൻകീഴിൽ പാർട്ടിക്കു ജീവൻനൽകുകയും എല്ലാ വിഷമതകളേയും തരണം ചെയ്യാൻ അതിനെ സഹായിക്കുകയും ചെയ്ത ചൈതന്യം'' (അതേ ലഘുലേഖ).

തന്റെ പ്രഭാഷണം കേൾക്കാൻ വിളിച്ചുകൂട്ടപ്പെട്ടവരും ട്രേഡ് യൂണിയൻ ഭാരവാഹികളെന്നു ഭാവിച്ച് നടക്കുന്നവരുമായ ''നേതാക്കന്മാർ'' ഇതു കേട്ട് പൊട്ടിച്ചിരിച്ചെന്ന് ലേഗീന്റെ ലഘുലേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രതിസന്ധിയുടെ ഘട്ടത്തിൽ (അസാധാരണനിയമത്തിൻകീഴിൽ ചെയ്തപോലെ) വിപ്ലവസംഘടനകൾ സംഘടിപ്പിക്കാനുള്ള സാദ്ധ്യതയും ആവശ്യകതയുമുണ്ടെന്ന കാര്യം അവർക്ക് അപഹാസ്യമായിത്തോന്നി. ലേഗീൻ—ബൂർഷ്വാസിയുടെ ഏററവും വിശ്വസ്തനായ ആ കാവൽപ്പട്ടി—മാറത്തടിച്ച് ഉൽഘോഷിച്ചു:

''ബഹുജനങ്ങളെക്കൊണ്ടു പ്രശ്നം പരിഹരിപ്പിക്കാൻവേണ്ടി സംഘടനയെ പൊളിക്കുകയെന്നതു് സ്പഷ്ടമായും ഒരു അരാജകത്വചിന്താഗതിയാണ്. ഇതൊരു അരാജകത്വചിന്താഗതിയാണെന്ന കാര്യത്തിൽ എനിക്കു യാതൊരു സംശയവുമില്ല.''

തൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യൽഡെമോക്രാററിക് സംഘടനകളുടെ നേതാക്കളായി ചമയുന്ന ബൂർഷ്വാസിയുടെ വൈതാളികർ ''വാസ്തവം! വാസ്തവം!'' എന്ന കൂട്ടത്തോടെ വിളിച്ചുപറഞ്ഞത്രെ (അതേ ലഘുലേഖ, പേജ് 37).

വിജ്ഞേയമായ ഒരു ചിത്രമാണു നമുക്കു ലഭിക്കുന്നതു്. വിപ്ലവസമരത്തിനു നേതൃത്വം നല്കാൻവേണ്ടി മറെറാരു തരത്തിലുള്ള, നിയമവിരുദ്ധമായ, സംഘടനകൾ ആവശ്യമാണെന്നു സങ്കല്പിക്കാൻ പോലും കഴിയാത്തവണ്ണം ആളുകളെ ബൂർഷ്വാ നിയമവിധേയത്വം ദുഷിപ്പിക്കുകയും മരടിപ്പിക്കുകയും ചെയ്തിരിക്കുന്നു. പോലീസിന്റെ അനുമതിയോടെ നിലനില്ക്കുന്ന നിയമവിധേയയൂണിയനുകൾ പരമമായ സീമയാണെന്നും പ്രതിസന്ധിയുടെ ഘട്ടത്തിൽ അത്തരം യൂണിയനുകളെ നേതൃസംഘടനകളായി നിലനിർത്തുകയെന്നതു് ചിന്തനീയമാണെന്നും സ്വയം സങ്കല്പിക്കത്തക്ക നിലയിലേക്ക് ആളുകൾ അധഃപതിച്ചിരിക്കുന്നു. അവസരവാദത്തിന്റെ ജീവത്തായ വൈരുദ്ധ്യാത്മകതയാണ് നാമിവിടെ കാണുന്നതു്: നിയമവിധേയയൂണിയനുകൾ കേവലം വളർന്നിട്ടുണ്ടെന്നും ബുദ്ധിയില്ലെങ്കിലും ശുഷ്കാന്തിയുള്ള ഫിലിസ്റ്റൈനുകൾ കണക്കെഴുത്തിൽ ഒതുങ്ങിക്കൂടുകയെന്നതു്

കേവലം ശീലമാക്കിയിട്ടുണ്ടെന്നുമുള്ള വസ്തുത, ഒരു പ്രതിസന്ധിയുടെ ഘട്ടത്തിൽ ഈ ശുദ്ധശാന്തിയുള്ള ഫിലിസ്റ്റൈനുകൾ ബഹുജനങ്ങളുടെ വിപ്ലവവീര്യത്തെ ഞെക്കിക്കൊല്ലുന്ന വഞ്ചകരും ഒററുകാരുമായി തെളിഞ്ഞിരിക്കുന്നുവെന്ന സ്ഥിതിവിശേഷത്തെ ഉളവാക്കിയിരിക്കുന്നു. ഇതൊരു യാദൃച്ഛികസംഭവമല്ല. വിപ്ലവസംഘടന കെട്ടിപ്പടുക്കാൻ തുടങ്ങേണ്ടിയിരിക്കുന്നു. പുതിയ ചരിത്രപരിതസ്ഥിതി—തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവസമരത്തിൻെറ കാലഘട്ടം—ആവശ്യപ്പെടുന്നതാണ് ഇതു്. എന്നാൽ വിപ്ലവവീര്യത്തെ ഞെക്കിക്കൊല്ലുന്ന പഴയ നേതാക്കളുടെ തലയ്ക്കു മീതേക്കൂടി മാത്രമേ, പഴയ പാർട്ടിയുടെ തലയ്ക്കു മീതേക്കൂടിയും അതിനെ നശിപ്പിച്ചുകൊണ്ടും മാത്രമേ, ഇതു തുടങ്ങാൻ കഴിയൂ.

കാറൽ ലീബ്‌ക്‌നെക്ടിനെ അപലപിക്കുമ്പോൾ അവസരവാദിയായ എഡുവാർഡ് ഡാവിഡ് ''അരാജകത്വ''മെന്നു വിളിച്ചുകൂവിയതുപോലെതന്നെ പ്രതിവിപ്ലവകാരികളായ ഫിലിസ്റ്റൈനുകൾ ''അരാജകത്വം'' എന്നു വിളിച്ചുകൂവുമെന്നു തീർച്ചയാണ്. ജർമ്മനിയിൽ അവസരവാദികൾ അരാജകത്വവാദികളെന്നു വിളിച്ച് അധിക്ഷേപിക്കുന്നവർ മാത്രമേ പഴയ നേതാക്കന്മാരുടെ കൂട്ടത്തിൽ സത്യസന്ധരായ സോഷ്യലിസ്റ്റുകാരായിത്തുടരുന്നുള്ളുവെന്നു തോന്നുന്നു...

ഇന്നത്തെ പട്ടാളത്തെ എടുത്തുനോക്കൂ. സംഘടനയുടെ നല്ലൊരു ഉദാഹരണമാണതു്. വഴക്കവും അതേ സമയം ദശലക്ഷക്കണക്കിനുള്ള ആളുകൾക്ക് ഒരൊററ ഇച്ഛാശക്തി നല്കാനുള്ള കഴിവുമുള്ളതുകൊണ്ടു മാത്രമാണ് ആ സംഘടന നല്ലതായിരിക്കുന്നതു്. ഇന്ന് ഈ ദശലക്ഷങ്ങൾ രാജ്യത്തിൻെറ നാനാഭാഗത്തുമുള്ള തങ്ങളുടെ വീടുകളിൽ താമസിക്കുകയാണ്. നാളെ പടയൊരുക്കത്തിനുള്ള കല്പന നല്കുമ്പോൾ അവർ ജോലിക്ക് ഹാജരാകുന്നു. ഇന്ന് അവർ കിടങ്ങുകളിൽ കിടക്കുന്നു. മാസങ്ങളോളം കിടന്നെന്നു വരും. നാളെ അവർ മറെറാരു ചിട്ടയുടെ അടിസ്ഥാനത്തിൽ ആക്രമണം നടത്തുന്നു. ഇന്ന് അവർ വെടിയുണ്ടകളിൽനിന്നും ഷെല്ലുകളുടെ ചില്ലുകളിൽനിന്നും രക്ഷനേടുന്ന കാര്യത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നാളെ അവർ തുറന്ന യുദ്ധത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. ഇന്ന് അവരുടെ മുന്നണിവിഭാഗങ്ങൾ ഭൂമിക്കടിയിൽ മൈനുകൾ കുഴിച്ചിടുന്നു. നാളെ അവർ ഭൂമിക്കു മുകളിൽ പറക്കുന്ന വൈമാനികരുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പരദശം നാഴികകൾ മുന്നേറുന്നു. സംഘടനയെന്നു പറയുന്നതു് ഇതാണ്—ഒരൊററ ലക്ഷ്യത്തിനു വേണ്ടി, ഒരൊററ ഇച്ഛാശക്തിയുടെ പ്രേരണയിൻകീഴിൽ ദശലക്ഷക്കണക്കിനു



Scanned by CamScanner

ള്ള ആളുകൾ സമരത്തിന്റെ മാറിവരുന്ന സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ച് തങ്ങളുടെ സമ്പർക്കത്തിന്റേയും പെരുമാററത്തിന്റേയും രൂപം മാററുന്നു, പ്രവർത്തനത്തിന്റെ രംഗവും രീതിയും മാററുന്നു, ഉപകരണങ്ങളും ആയുധങ്ങളും മാററുന്നു.

ബൂർഷ്വാസിക്കെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ സമരത്തെ സംബന്ധിച്ചും വാസ്തവമാണിതു്. ഇന്നു് വിപ്ലവപരിതസ്ഥിതിയില്ല. ബഹുജനങ്ങൾക്കിടയിൽ അസ്വസ്ഥത സൃഷ്ടിക്കുകയോ അവരുടെ പ്രവർത്തനങ്ങളെ സജീവമാക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളില്ല. ഇന്നു് നിങ്ങളുടെ കയ്യിൽ ബാലട്ടുപേപ്പർ തരുന്നു. അതു വാങ്ങുക. സംഘടിക്കാൻ പഠിക്കുക—ജയിലിൽ പോകേണ്ടിവരുമെന്നു ഭയന്നു് തങ്ങളുടെ കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്നവർക്കു് പാർലിമെണ്ടിൽ സുഖകരമായ ഇടം നല്കാനുള്ള മാർഗ്ഗമായിട്ടല്ല, പിന്നെയോ നിങ്ങളുടെ ശത്രുക്കൾക്കെതിരായ ആയുധമായി അതിനെ ഉപയോഗിക്കാൻവേണ്ടി. നാളെ നിങ്ങളുടെ കയ്യിൽ നിന്നു് ബാലട്ടുപേപ്പർ എടുത്തുമാററിയിട്ടു് തോക്കും അതിവേഗം വെടിവയ്ക്കാൻ കഴിയുന്ന അത്യാധുനികമായ ഒന്നാന്തരം പീരങ്കിയും തരുന്നു. ആ മാരകായുധങ്ങളെ, നശീകരണായുധങ്ങളെ, കയ്യിൽ വാങ്ങുക. യുദ്ധത്തെ ഭയന്നു് ചിണുങ്ങുന്ന വികാരലോലർക്കു ചെവി കൊടുക്കരുതു്. തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിനുവേണ്ടി വാളും തീയും കൊണ്ടു നശിപ്പിക്കേണ്ട പലതും ലോകത്തു് ഇപ്പോഴും അവശേഷിക്കുന്നുണ്ടു്. ബഹുജനങ്ങൾക്കിടയിൽ രോഷവും വാശിയും വളർന്നാൽ, ഒരു വിപ്ലവപരിതസ്ഥിതി ഉളവായാൽ, പുതിയ സംഘടനകൾ സൃഷ്ടിക്കാനും, പ്രയോജനപ്രദമായ ഈ മാരകായുധങ്ങളെ, ഈ നശീകരണായുധങ്ങളെ, നിങ്ങളുടെ സ്വന്തം ഗവണ്മെൻറിനും സ്വന്തം ബൂർഷ്വാസിക്കുമെതിരായി ഉപയോഗിക്കാനും തയ്യാറെടുക്കുക.

തീർച്ചയായും ഇതു് എളുപ്പമല്ല. ക്ലേശകരമായ പ്രാരംഭപ്രവർത്തനങ്ങളും ഭാരിച്ച ത്യാഗങ്ങളും വേണ്ടിവരും. സംഘടനയുടേയും സമരത്തിന്റേയും പുതുതായ, പഠിക്കേണ്ടതുകൂടിയായ, ഒരു രൂപമാണതു്. തെററുകളും തോൽവികളും കൂടാതെ അറിവു സമ്പാദിക്കാനാവില്ല. ഒരു കോട്ടയുടെ നേർക്കുള്ള കടന്നാക്രമണത്തിനു തന്ത്രപരമായ നീക്കവും മാർച്ചുചെയ്യലും അല്ലെങ്കിൽ കിടങ്ങുകളിൽ കിടക്കലുമായിട്ടു് എന്തു ബന്ധമാണോ ഉള്ളതു് അതേ ബന്ധമാണു് ഈ രൂപത്തിലുള്ള വർഗ്ഗസമരത്തിനു് തിരഞ്ഞെടുപ്പിൽ പങ്കെടുക്കലുമായിട്ടുള്ളതു്. ചരിത്രത്തിൽ ഈ സമരരൂപം സന്ദർഭോചിതമായി വരുന്നതു് അത്ര സുലഭമല്ല. എങ്കിലും അതിന്റെ പ്രാധാന്യവും അനന്ത

ർഫലങ്ങളും ദശാബ്ദങ്ങളായി അനുഭവപ്പെടുന്നു. ഇത്തരം സമരരീതി ഉപയോഗിക്കാവുന്നതും ഉപയോഗിക്കേണ്ടതുമായ ദിവസങ്ങൾ മററു ചരിത്രകാലഘട്ടങ്ങളിലെ ഇരുപതു വർഷങ്ങൾക്ക തുല്യമാണ്.

കെ. കൗട്സ്കിയേയും കെ. ലേഗീനേയും താരതമ്യപ്പെടുത്തിനോക്കുക. കൗട്സ്കി എഴുതുന്നു:

''പാർട്ടി ചെറുതായിരുന്ന കാലത്തോളം യുദ്ധത്തിനെതിരായ ഓരോ പ്രതിഷേധപ്രകടനത്തിനും ധീരമായ നടപടിയെന്ന നിലയ്ക്ക് പ്രചരണപ്രാധാന്യമുണ്ടായിരുന്നു... റഷ്യൻ സഖാക്കളുടേയും സെർബിയൻ സഖാക്കളുടേയും അടുത്ത കാലത്തെ പെരുമാററം പൊതുവിൽ വിലമതിക്കപ്പെട്ടിട്ടുണ്ട്. പാർട്ടി കൂടുതൽ പ്രബലമായിത്തീരുന്തോറും അതിൻെറ തീരുമാനങ്ങൾക്കുള്ള ഹേതുക്കളിൽ പ്രചരണപരിഗണനകൾ പ്രായോഗികഭവിഷ്യത്തുകളെക്കുറിച്ചുള്ള കണക്കുകൂട്ടലുമായി കൂടുതൽകൂടുതൽ കെട്ടുപിണയുന്നു. രണ്ടിനും തുല്യപരിഗണന നല്കാൻ കൂടുതൽ വിഷമം നേരിടുന്നു. എന്നാൽ രണ്ടിനേയും അവഗണിക്കാൻ വയ്യതാനും. അതുകൊണ്ടാണ് നമ്മൾ കൂടുതൽ ശക്തിപ്രാപിക്കുന്തോറും പുതുതും സങ്കീർണ്ണവുമായ ഓരോ പരിതസ്ഥിതിയിലും നമുക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ കൂടുതലെളുപ്പത്തിൽ പൊന്തിവരുന്നത്'' (''സാർവ്വദേശീയതാവും യുദ്ധവും'', പേജ് 30).

കൗട്സ്കിയുടെ ഈ വാദമുഖങ്ങൾ കപടവും ഭീരുത്വപൂർണ്ണവുമാണെന്ന ഒരൊററക്കാര്യത്തിൽ മാത്രമാണ് അവ ലേഗീൻേറതിൽനിന്നു വ്യത്യസ്തമായിരിക്കുന്നത്. സാരാംശത്തിൽ കൗട്സ്കി ലേഗീൻെറ ഗർഹണീയമായ വിപ്ലവപ്രവർത്തനവർജ്ജനത്തെ അനുകൂലിക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഖണ്ഡിതമായിട്ടൊന്നും തുറന്നുപറയാതെ സൂത്രത്തിലും സൂചനകളെറിഞ്ഞുകൊണ്ടുമാണ് അദ്ദേഹം ഇതു ചെയ്യുന്നത്. ലേഗീനെയെന്നപോലെതന്നെ റഷ്യാക്കാരുടെ വിപ്ലവകരമായ പെരുമാററത്തേയും അദ്ദേഹം അഭിനന്ദിക്കുന്നുണ്ട്. വിപ്ലവകാരികളുടെനേരെ ഇത്തരം മനോഭാവം ലിബറലുകൾക്കിടയിൽ മാത്രമേ റഷ്യാക്കാരായ നാം കണ്ടു പരിചയിച്ചിട്ടുള്ളൂ. അവർ വിപ്ലവകാരികളുടെ ''ധൈര്യം'' വകവച്ചുകൊടുക്കാൻ എപ്പോഴും സന്നദ്ധരാണ്. എന്നാലതേ സമയംതന്നെ അവർ യാതൊരു കാരണവശാലും അവരുടെ അത്യവസരവാദപരമായ അടവുകളുപേക്ഷിക്കുകയില്ല. ആത്മാഭിമാനമുള്ള വിപ്ലവകാരികൾ കൗട്സ്കിയുടെ ''നന്ദിപ്രകടനം'' സ്വീകരിക്കുകയില്ല. പ്രശ്നത്തെ അത്തരത്തിൽ പ്രതിപാദിക്കുന്നതിനെ അവർ രോഷപൂർവ്വം നിരസിക്കുന്നതാണ്. വിപ്ലവപരിതസ്ഥിതി ഉണ്ടായിരുന്നില്ലെങ്കിൽ, വിപ്ലവസ

മരത്തിനുവേണ്ടി പ്രചരണം നടത്താൻ ബാദ്ധ്യതയുണ്ടായിരുന്നില്ലെങ്കിൽ, റഷ്യാക്കാരുടേയും സെർബിയക്കാരുടേയും പെരുമാററം തെററാകുമായിരുന്നു, അവരുടെ അടവുകൾ പിശകുററതാകുമായിരുന്നു. ലേഗീനേയും കൗട്സ്കിയേയും പോലുള്ള വീരന്മാർക്ക് അഭിപ്രായധീരതയെങ്കിലുമുണ്ടാവട്ടെ. അവർ ഇതു് തുറന്നുപറയട്ടെ.

എന്നാൽ റഷ്യയിലേയും സെർബിയയിലേയും സോഷ്യലിസ്റ്റുകാരുടെ അടവുകൾ ''മതിപ്പ്'' അർഹിക്കുന്നുണ്ടെങ്കിൽ ജർമ്മനിയിലേയും ഫ്രാൻസിലേയും മററും ''പ്രബലമായ'' പാർട്ടികളുടെ നേർവിപരീതമായ അടവുകളെ ന്യായീകരിക്കുന്നതു് തെററും കുററകരവുമാണ്. ഗവണ്മെൻറ് തങ്ങളുടെ സംഘടനകളെ പിരിച്ചുവിടുമെന്നും അവയുടെ ഫണ്ടുകൾ കണ്ടുകെട്ടുമെന്നും അവയുടെ നേതാക്കളെ അറസ്റ്റുചെയ്യുമെന്നും ശക്തിയുള്ള വലിയ പാർട്ടികൾ ഭയന്നുവെന്ന ലളിതമായ സത്യത്തെ ''പ്രായോഗികഭവിഷ്യത്തുകൾ'' എന്ന കുരുതിക്കൂട്ടിയുള്ള അവ്യക്തപ്രയോഗത്തിലൂടെ മറച്ചുപിടിക്കുകയാണു് കൗട്സ്കി ചെയ്തിരിക്കുന്നതു്. വിപ്ലവകരമായ അടവുകളെത്തുടർന്നുള്ള അസുഖകരമായ ''പ്രായോഗികഭവിഷ്യത്തുകളുടെ'' ന്യായം പറഞ്ഞു് കൗട്സ്കി സോഷ്യലിസത്തോടുള്ള വഞ്ചനയെ ന്യായീകരിക്കുന്നുവെന്നാണ് ഇതിനർത്ഥം. ഇതു് മാർക്സിസത്തെ വ്യഭിചരിപ്പിക്കലല്ലേ?

''ഞങ്ങളെ അറസ്റ്റു ചെയ്യുമായിരുന്നു'' എന്നു് ആഗസ്റ്റ് 4—ാംനു-യുദ്ധവായ്പകൾക്കുവേണ്ടി വോട്ടുചെയ്ത സോഷ്യൽഡെമോക്രാററിക് പ്രതിനിധികളിലൊരാൾ ബർലിനിലെ ഒരു തൊഴിലാളിയോഗത്തിൽവച്ച് പ്രഖ്യാപിച്ചപ്പോൾ തൊഴിലാളികൾ മറുപടിയായി വിളിച്ചുപറഞ്ഞുവത്രെ: ''അതിലെന്താ ഇത്ര മോശം?''

ജർമ്മനിയിലേയും ഫ്രാൻസിലേയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളിൽ വിപ്ലവമനോഭാവവും വിപ്ലവസമരത്തിനു തയ്യാറെടുക്കേണ്ടതു് ആവശ്യമാണെന്ന ചിന്തയും ഉദ്ദീപിപ്പിക്കാൻ മററു് അടയാളങ്ങളൊന്നുമില്ലായിരുന്നെങ്കിൽ, ധീരമായി പ്രസംഗിച്ചതിനു് ഒരു പാർലിമെണ്ടംഗത്തെ അറസ്റ്റുചെയ്തുവെന്ന വസ്തുത വിപ്ലവപ്രവർത്തനത്തിൽ വിവിധരാജ്യങ്ങളിലെ തൊഴിലാളികൾതമ്മിലുള്ള ഐക്യത്തിനുള്ള ആഹ്വാനമെന്ന നിലയ്ക്കു് പ്രയോജനപ്രദമാകുമായിരുന്നു. അത്തരം ഐക്യം ഉളവാക്കാൻ എളുപ്പമല്ല. അതുകൊണ്ടു് രാഷ്ട്രീയരംഗത്തെയാകെ വീക്ഷിക്കാവുന്നത്ര ഔന്നത്യത്തിൽ നിലക്കൊള്ളുന്ന പാർലിമെണ്ടംഗങ്ങൾ മുൻകയ്യെടുക്കാൻ വിശേഷിച്ചും ബാദ്ധ്യസ്ഥരായിരുന്നു.



Scanned by CamScanner

യുദ്ധകാലത്തു മാത്രമല്ല, രാഷ്ട്രീയസ്ഥിതി ഗുരുതരമാകുന്ന ഏതു സന്ദർഭത്തിലും (ഏതെങ്കിലും തരത്തിലുള്ള വിപ്ലവബഹുജനസമരത്തിന്റെ കാലമാണെങ്കിൽ പറയാനില്ല) ഏററവും സ്വാതന്ത്ര്യങ്ങളായ ബൂർഷ്വാ രാജ്യങ്ങളിലെ ഗവണ്മെൻറുകൾപോലും നിയമവിധേയ സംഘടനകൾ പിരിച്ചുവിടുമെന്നും അവയുടെ ഫണ്ടുകൾ കണ്ടുകെട്ടുമെന്നും അവയുടെ നേതാക്കളെ അറസ്റ്റുചെയ്യുമെന്നും അത്തരം മററു ''പ്രായോഗികഭവിഷ്യത്തുകൾ'' ഉളവാക്കുമെന്നും ഭീഷണിപ്പെടുത്തുന്നതാണ്. നാമപ്പോൾ എന്തു ചെയ്യണം? കൗട്സ്കിയെപ്പോലെ ഈ കാരണങ്ങൾ പറഞ്ഞ് അവസരവാദികളെ ന്യായീകരിക്കണോ? പക്ഷെ സോഷ്യൽഡെമോക്രാററിക്പാർട്ടികളെ ദേശീയലിബറൽ തൊഴിലാളിപ്പാർട്ടികളായി മാററുന്നതിന് പവിത്രത കല്പിക്കുകയെന്നാണ് ഇതിനർത്ഥം.

ഒരു സോഷ്യലിസ്റ്റിന് എത്താവുന്ന നിഗമനം ഒന്നുമാത്രമാണ്: ശുദ്ധനിയമവിധേയത്വവാദം, ''യൂറോപ്യൻ'' പാർട്ടികളുടെ നിയമവിധേയത്വമാത്രവാദം, കാലഹരണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സാമ്രാജ്യത്വകാലഘട്ടത്തിനു മുമ്പുള്ള മുതലാളിത്തത്തിന്റെ വളർച്ചയുടെ ഫലമായി ആ വാദം ബൂർഷ്വാ തൊഴിലാളിനയത്തിന്റെ അടിത്തറയായിത്തീർന്നിരിക്കുന്നു. ഒരൊററ നിയമവിധേയസ്ഥാനംപോലും വിട്ടുകൊടുക്കാതെതന്നെ നിയമവിരുദ്ധമായ അടിത്തറയും നിയമവിരുദ്ധസംഘടനയും നിയമവിരുദ്ധ സോഷ്യൽഡെമോക്രാററിക് പ്രവർത്തനവും അതിനോട് കൂട്ടിച്ചേർക്കണം. ഇതു് എങ്ങിനെ ചെയ്യണമെന്ന് അനുഭവം കാണിച്ചുതരും. ഈ മാർഗ്ഗം സ്വീകരിക്കണമെന്ന ആഗ്രഹവും അതു് ആവശ്യമാണെന്ന ബോദ്ധ്യവും ഉണ്ടായിരിക്കണമെന്നു മാത്രം. ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് 1912–1914–ൽ റഷ്യയിലെ വിപ്ലവസോഷ്യൽഡെമോക്രാററുകാർ തെളിയിച്ചു. ''മന്ത്രിസ്ഥാനയോഗ്യമായ'' പാർലിമെണ്ടറിസത്തിനു പുറമെ (ഹെൻഡെഴ്സൺ, സമ്പായും വൻഡെർവേൽഡെയും തൊട്ടു സ്യൂദെക്കമും ഷൈഡെമനുംവരെ ഇതിൽ പെടും. അവസാനം പറഞ്ഞ രണ്ടു പേർ തികച്ചും ''മന്ത്രിസ്ഥാനയോഗ്യന്മാ''രാണെങ്കിലും വരാന്തയ്ക്കപ്പുറം അവരെ കടത്തിവിടുന്നില്ല!) നിയമവിരുദ്ധവും വിപ്ലവകരവുമായ പാർലിമെണ്ടറിസം സാദ്ധ്യമാണെന്ന് വിചാരണസമയത്തു്[50] മററുള്ളവരേക്കാൾ മെച്ചമായി പെരുമാറുകയും സൈബീരിയയിലേക്കു നാടുകടത്തപ്പെടുകയും ചെയ്ത മുറാനൊവ് എന്ന ദൂമയിലെ തൊഴിലാളിപ്രതിനിധി വ്യക്തമായി തെളിയിച്ചു കാട്ടുകയുണ്ടായി. കൊസോവ്സ്കിമാരും പൊത്രേസൊവ്മാരും പാദസേവകരുടെ ''യൂറോപ്യൻ'' പാർലിമെണ്ടറിസത്തെ ആരാധി

ക്കുകയോ അതിനോടു യോജിച്ചുപോവുകയോ ചെയ്തുകൊള്ളട്ടെ. ഇത്തരം നിയമവിധേയത്വവാദം, ലേഗീൻേറയും കൗട്സ്കീയുടേയും ഷൈഡെമൻേറയും മോഡലിലുള്ള ഇത്തരം സോഷ്യൽഡെമോക്രസി, അവജ്ഞ മാത്രമേ അർഹിക്കുന്നുള്ളവെന്നു് നമ്മൾ തൊഴിലാളികളോടു് നിർത്താതെ പറയുന്നതാണു്.

## IX

നമുക്കു സംഗ്രഹിക്കാം.

യൂറോപ്പിലുള്ള ഭൂരിപക്ഷം ഔദ്യോഗികസോഷ്യൽഡെമോക്രാററിക് പാർട്ടികളും തങ്ങളുടെ വിശ്വാസങ്ങളേയും ഷ്ററുട്ട്ഗർട്ടിലും ബാസെലിലുംവച്ചു് തികഞ്ഞ ഗൗരവത്തോടെ അംഗീകരിച്ച പ്രമേയങ്ങളേയും പരസ്യമായി വഞ്ചിച്ചുവെന്ന വസ്തുതയിലാണു് രണ്ടാം ഇൻറർനാഷനലിൻെറ തകർച്ച ഏററവും പ്രകടമായി കാണുന്നതു്. എന്നാൽ അവസരവാദത്തിൻെറ പരിപൂർണ്ണവിജയത്തേയും സോഷ്യൽ ഡെമോക്രാററിക് പാർട്ടികൾ ദേശീയ—ലിബറൽ തൊഴിലാളിപ്പാർട്ടികളായി മാറിയതിനേയും കുറിക്കുന്ന ഈ തകർച്ച 19—ാം നൂററാണ്ടിൻെറ അവസാനവും 20—ാം നൂററാണ്ടിൻെറ ആരംഭവും ഉൾപ്പെടുന്ന രണ്ടാം ഇൻറർനാഷനലിൻെറ മുഴുവൻ ചരിത്രകാലഘട്ടത്തിൻേറയും ഫലം മാത്രമാണു്. പടിഞ്ഞാറൻ യൂറോപ്പിലെ ബൂർഷ്വാ—ദേശീയ വിപ്ലവങ്ങളുടെ പരിസമാപ്തിയിൽനിന്നു് സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടെ ആരംഭത്തിലേക്കുള്ള ഈ പരിവർത്തനകാലഘട്ടത്തിൻെറ വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ അവസരവാദത്തെ ജനിപ്പിക്കുകയും പോററിവളർത്തുകയും ചെയ്തു. ഇക്കാലത്തു് ചില യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനത്തിലും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലും ഭിന്നിപ്പുണ്ടായതായി നാം കാണുന്നു. മുഖ്യമായും അവസരവാദംതന്നെയായിരുന്നു വിഭജനരേഖ (ബ്രിട്ടൻ, ഇററലി, ഹോളണ്ട്, ബൾഗേറിയ, റഷ്യ). ഇതേ വിഭജനരേഖയ്ക്കിരുപുറവുമായി പ്രവണതകൾ തമ്മിലുള്ള സുദീർഘവും വാശിയേറിയതുമായ സമരമാണു് മററു രാജ്യങ്ങളിൽ നാം കാണുന്നതു് (ജർമ്മനി, ഫ്രാൻസ്, ബൽജിയം, സ്വീഡൻ, സ്വിററ്സർലണ്ട്). മഹായുദ്ധം സൃഷ്ടിച്ച പ്രതിസന്ധി ആവരണങ്ങളെ പിച്ചിച്ചീന്തുകയും ആചാരങ്ങളെ തുത്തെറിയുകയും എത്രയോ കാലമായി പഴുത്തു പൊട്ടാറായിരിക്കുന്ന വ്രണത്തെ പുറത്തുകാട്ടുകയും ബൂർഷ്വാസിയുടെ കൂട്ടാളിയെന്ന നിലയ്ക്കു് അവസരവാദത്തിനുള്ള യഥാർത്ഥപങ്കു് വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ വിഭാഗത്തെ തൊഴിലാളിപ്പാർട്ടികളിൽനിന്നു സം



Scanned by CamScanner

ഘടനാപരമായി നിശ്ശേഷം വിടർത്തിമാറേറണ്ടതു് അനുപേക്ഷണീയമായിത്തീർന്നിരിക്കുന്നു. വിപ്ലവതൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിവിഭാഗവും സ്വന്തം രാഷ്ട്രത്തിൻെറ ''വൻശക്തി''പദവിയിൽനിന്നുള്ള വിശേഷാനുകൂല്യങ്ങളുടെ നക്കാപ്പിച്ചകൾ അനുഭവിക്കുന്ന, തൊഴിലാളിവർഗ്ഗത്തിലെ അർദ്ധ—പെററിബൂർഷ്വാ ആഢ്യന്മാരും ഒരൊററ പാർട്ടിയിൽ ഉണ്ടായിരിക്കുന്നതു് സാമ്രാജ്യത്വകാലഘട്ടം വച്ചുപൊറുക്കുകയില്ല. ''തീവ്രവാദങ്ങൾ'' ഇല്ലാത്ത ഒരൊററ പാർട്ടിയിൽ ''ന്യായമായുമുള്ള നിസ്സാരമായ അഭിപ്രായഭേദ''മാണു് അവസരവാദമെന്ന പഴയ സിദ്ധാന്തം ഇപ്പോൾ തൊഴിലാളികളോടുള്ള ഭീമമായ വഞ്ചനയും തൊഴിലാളിപ്രസ്ഥാനത്തിൻെറ മുമ്പിലുള്ള വമ്പിച്ച പ്രതിബന്ധവുമായിത്തീർന്നിരിക്കുന്നു. പരസ്യമായ അവസരവാദത്തിൽനിന്നു് തൊഴിലാളികൾ തൽക്ഷണംതന്നെ അകന്നുമാറുന്നു. അതു്, അവസരവാദപരമായ പ്രവൃത്തിയെ ന്യായീകരിക്കാൻ മാർക്സിസ്റ്റു് വാക്കുകൾ പ്രയോഗിക്കുകയും വിപ്ലവസമരം അകാലികമാണെന്നും മററും പല കുയുക്തികളും വഴി സമർത്ഥിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സുവർണ്ണമദ്ധ്യമസിദ്ധാന്തത്തോളം ഭയങ്കരമോ ഹാനികരമോ അല്ല. ഈ സിദ്ധാന്തത്തിൻെറ ഏററവും സമുന്നതനായ വക്താവും രണ്ടാം ഇൻറർനാഷനലിൻെറ പ്രമുഖപ്രമാണപുരുഷനുമായ കൗട്സ്കി ഒരു ഒന്നാന്തരം തട്ടിപ്പുകാരനും മാർക്സിസത്തെ വ്യഭിചരിപ്പിക്കുന്നതിൽ വിരുതനുമാണെന്നു തെളിയിച്ചിരിക്കുന്നു. പത്തുലക്ഷം പേരുള്ള ജർമ്മൻ പാർട്ടിയിൽ സത്യസന്ധരും വർഗ്ഗബോധമുള്ളവരും വിപ്ലവകാരികളുമായിട്ടുള്ള സോഷ്യൽഡെമോക്രാററുകാരാരുംതന്നെ സ്യൂഡെക്കുമ്മാരും ഷൈഡെമന്മാരും ഇത്രയേറെ ആവേശത്തോടെ പിന്താങ്ങുന്ന ഈ ''പ്രമാണപുരുഷനിൽ''നിന്നും രോഷപൂർവ്വം അകന്നുമാറാത്തവരായിട്ടില്ല.

തൊഴിലാളിബഹുജനങ്ങളുടെ മുൻനേതാക്കന്മാരിൽ ഒരുപക്ഷെ പത്തിലൊമ്പതു പേരും ബൂർഷ്വാസിയുടെ ഭാഗത്തേക്കു പൊയ്ക്കഴിഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള തൊഴിലാളിബഹുജനങ്ങൾ ഷോവിനിസത്തിൻെറ വേലിയേററത്തിൻെറ മുമ്പിൽ, യുദ്ധകാലനിയമങ്ങളുടേയും പട്ടാളസെൻസർഷിപ്പിൻേറയും സമ്മർദ്ദത്തിൻെറ മുമ്പിൽ, ഭിന്നിച്ചു് നിസ്സഹായരായി നില്ക്കുകയാണു്. എങ്കിലും യുദ്ധമുളവാക്കിയിട്ടുള്ളതും കൂടുതൽകൂടുതൽ ആഴവും പരപ്പും വച്ചുകൊണ്ടിരിക്കുന്നതുമായ വസ്തുനിഷ്ഠമായ വിപ്ലവപരിതസ്ഥിതി അനിവാര്യമായും വിപ്ലവമനോഭാവം ജനിപ്പിക്കുന്നുണ്ടു്. ഏററവും നല്ലവരും ഏററവും കൂടുതൽ വർഗ്ഗബോധമുള്ളവരുമായ എല്ലാ തൊഴിലാളികളേയും ഉരുക്കുപോലുറച്ചവരും ഉൽബുദ്ധരുമാക്കിത്തീർക്കുന്നുണ്ടു്. ബഹുജനങ്ങ

ളുടെ മനോഭാവത്തിൽ പെട്ടെന്നൊരു മാററം സാദ്ധ്യമാണെന്നു മാത്ര മല്ല, കൂടുതൽകൂടുതൽ സംഭാവ്യവുമായിത്തീർന്നുകൊണ്ടിരിക്കുകയാ ണു്. 1905—ൻെറ തുടക്കത്തിൽ ''ഗപ്പോനേഡി''[51]നോടനുബ ന്ധിച്ചു് റഷ്യയിൽ കണ്ടതുപോലുള്ള ഒരു മാററമായിരിക്കുമതു്. അന്നു് പിന്നണിയിൽ കിടക്കുന്ന തൊഴിലാളിബഹുജനങ്ങളിൽ നിന്നു് ദശലക്ഷങ്ങളടങ്ങുന്നതും തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവ മുന്നണിവിഭാഗത്തെ പിന്തുടരുന്നതുമായ ഒരു പട്ടാളം കുറച്ചു മാസ ങ്ങൾക്കുള്ളിൽ, ചിലപ്പോൾ കുറച്ചു് ആഴ്ചകൾക്കുള്ളിൽത്തന്നെ, രൂപ മെടുക്കുകയുണ്ടായി. ഈ യുദ്ധം കഴിഞ്ഞാലുടനെയോ അല്ലെങ്കിൽ അതിനിടയിൽത്തന്നെയോ സുശക്തമായ ഒരു വിപ്ലവപ്രസ്ഥാ നം വളർന്നുവരുമോ എന്നൊന്നും നമുക്കു പറയാൻ സാദ്ധ്യമല്ല. എന്താ യാലും ആ വഴിക്കുള്ള പ്രവർത്തനം മാത്രമേ സോഷ്യലിസ്റ്റു്പ്രവർത്ത നമെന്ന പേരു് അർഹിക്കുന്നുള്ളു. ഈ പ്രവർത്തനത്തെ ക്രോഡീകരി ക്കുകയും അതിനു മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്യുന്നതു്, സ്വന്തം ഗവണ്മെൻറിനും സ്വന്തം ബൂർഷ്വാസിക്കുമെതിരായുള്ള തൊഴിലാ ളിവർഗ്ഗത്തിൻെറ വിപ്ലവസമരത്തെ സഹായിക്കാനാഗ്രഹിക്കുന്നവ രെ ഒന്നിച്ചുറപ്പിച്ചു നിർത്താൻ സഹായിക്കുന്നതു്, ആഭ്യന്തരയുദ്ധമെ ന്ന മുദ്രാവാക്യമാണു്.

റഷ്യയിൽ വിപ്ലവസോഷ്യൽഡെമോക്രാററിക് തൊഴിലാളി വിഭാഗവും പെററിബൂർഷ്വാ അവസരവാദിവിഭാഗവും തമ്മിലുള്ള നിശ്ശേഷവിച്ഛേദനത്തിനു് തൊഴിലാളിപ്രസ്ഥാനത്തിൻെറ ചരിത്ര മാകെത്തന്നെ കളമൊരുക്കിയിട്ടുണ്ടു്. ഈ ചരിത്രത്തെ അവഗണിക്കു ന്നവരും നാനാരൂപത്തിലുള്ള അവസരവാദത്തിനെതിരായ അനേക വർഷത്തെ സമരത്തിനിടയിൽ വളർന്നുവന്നിട്ടുള്ള റഷ്യയിലെ തൊ ഴിലാളിവർഗ്ഗപ്പാർട്ടിയുടെ യഥാർത്ഥരൂപീകരണപ്രക്രിയ മനസ്സിലാ ക്കാൻ സ്വയം കഴിവില്ലാതാക്കിത്തീർത്തുകൊണ്ടു് ''ഫാക്ഷനലി സ''ത്തിനെതിരായി പ്രസംഗിക്കുന്നവരുമാണു് പ്രസ്ഥാനത്തിനു് ഏററവും വലിയ ദ്രോഹം ചെയ്യുന്നതു്. ഇപ്പോഴത്തെ യുദ്ധത്തിൽ പങ്കെടുക്കുന്ന ''വൻ''ശക്തികളിൽവച്ചു് റഷ്യയ്ക്കു് മാത്രമേ അടുത്ത കാലത്തു് ഒരു വിപ്ലവത്തിൻെറ അനുഭവമുണ്ടായിട്ടുള്ളു. തൊഴിലാളി വർഗ്ഗത്തിൻെറ നിർണ്ണായകമായ പങ്കാളിത്തത്തോടുകൂടിയ ആ വി പ്ലവത്തിൻെറ ബൂർഷ്വാ ഉള്ളടക്കം തൊഴിലാളിപ്രസ്ഥാനത്തിൽ ബൂർ ഷ്വാപ്രവണതയും തൊഴിലാളിപ്രവണതയും തമ്മിൽ ഭിന്നിപ്പുളവാ ക്കാതെ തരമില്ലായിരുന്നു. ബഹുജനതൊഴിലാളിപ്രസ്ഥാനത്തോടു ബന്ധപ്പെട്ട ഒരു സംഘടനയായി (1883—94—ലെപ്പോലെ ഒരു പ്രത്യയശാസ്ത്രപ്രവണതയായി മാത്രമല്ല) റഷ്യൻ സോഷ്യൽഡെ



Scanned by CamScanner

മോക്രസി നിലനിന്നിട്ടുള്ള ഇരുപതോളം വർഷം മുഴുവനും (1894–1914) തൊഴിലാളിവർഗ്ഗ–വിപ്ലവപ്രവണതകളും പെററിബൂർഷ്വാ–അവസരവാദപ്രവണതകളും തമ്മിൽ സമരമായിരുന്നു. 1894–1902 കാലത്തെ ''സാമ്പത്തികസമരവാദം''52 നിസ്സംശയമായും രണ്ടാമതു പറഞ്ഞ തരത്തിലുള്ള പ്രവണതയായിരുന്നു. മാർക്സിസത്തിൻെറ ''സ്ട്രൂവിസ്റ്റ്'' ദുർവ്യാഖ്യാനം, അവസരവാദത്തെ ന്യായീകരിക്കാൻവേണ്ടി ''ബഹുജനങ്ങളെ''ക്കുറിച്ചുള്ള പരാമർശം, തുടങ്ങിയ അതിൻെറ പല ന്യായവാദങ്ങൾക്കും പ്രത്യയശാസ്ത്രലക്ഷണങ്ങൾക്കും കൗട്സ്കിയുടേയും ക്കുനൊവിൻേറയും പ്ലെഹാനൊവിൻേറയും മററും ഇന്നത്തെ അധഃപതിപ്പിക്കപ്പെട്ട മാർക്സിസവുമായി പ്രകടമായ സാദൃശ്യമുണ്ട്. ഇന്നത്തെ കൗട്സ്കിക്ക സമാന്തരമായി അന്നത്തെ ''റബോച്ചയ മിസ്ലി''53നേയും ''റബോച്ചെയെ ദ്യെലൊ''54യേയും കുറിച്ച് സോഷ്യൽഡെമോക്രാററുകാരുടെ ഇന്നത്തെ തലമുറയെ അനുസ്മരിപ്പിക്കുന്നതു് അത്യുൽകൃഷ്ടമായ ഒരു കടമയായിരിക്കും.

അടുത്ത കാലഘട്ടത്തിലെ (1903–1908) ''മെൻഷെവിസം'' പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും ''സാമ്പത്തികസമരവാദ''ത്തിൻെറ നേരിട്ടുള്ള പിൻഗാമിയായിരുന്നു. വസ്തുനിഷ്ഠമായി ലിബറൽ ബൂർഷ്വാസിയുടെമേലുള്ള തൊഴിലാളിവർഗ്ഗത്തിൻെറ ആശ്രിതത്വത്തെ അർത്ഥമാക്കുന്നതും പെററിബൂർഷ്വാ അവസരവാദപ്രവണതകളെ പ്രകാശിപ്പിക്കുന്നതുമായ അടവുകളാണ് റഷ്യൻ വിപ്ലവത്തിൻെറ കാലത്തു് അതു് അനുവർത്തിച്ചതു്. തുടർന്നുള്ള കാലഘട്ടത്തിൽ (1908–1914) മെൻഷെവിക്പ്രവണതയുടെ മുഖ്യധാരയിൽനിന്നു് ലിക്വിഡേഷനിസം ഉൽഭൂതമായപ്പോൾ ആ പ്രവണതയുടെ വർഗ്ഗപ്രാധാന്യം അങ്ങേയററം വ്യക്തമാവുകയും മെൻഷെവിസത്തിൻെറ ഏററവും നല്ല പ്രതിനിധികൾ ''നാഷ സര്യാ''ഗ്രൂപ്പിൻെറ നയത്തിനെതിരെ തുടർച്ചയായി പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചാറു വർഷമായി തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവമാർക്സിസ്റ്റ്പാർട്ടിക്കെതിരായി ബഹുജനങ്ങൾക്കിടയിൽ ചിട്ടയായി പ്രവർത്തനം നടത്തിയിരുന്ന ഒരേയൊരു ഗ്രൂപ്പായിരുന്നു അതു്. ആ ഗ്രൂപ്പുതന്നെയാണ് 1914–15–ലെ യുദ്ധത്തിൽ സോഷ്യൽ ഷോവിനിസ്റ്റാണെന്നു തെളിഞ്ഞിരിക്കുന്നതു്! അതും, ഏകാധിപത്യം ഇപ്പോഴും നിലനില്ക്കുന്നതും, ബൂർഷ്വാ വിപ്ലവം പരിസമാപ്തിയുടെ അടുത്തെങ്ങുമെത്താത്തതും, ജനസംഖ്യയുടെ 43 ശതമാനം ''അന്യരാഷ്ട്ര''ക്കാരായ ഭൂരിപക്ഷത്തെ മർദ്ദിക്കുന്നതുമായ ഒരു രാജ്യത്തു്. പെററിബൂർഷ്വാസിയുടെ ചില വിഭാഗങ്ങൾക്കു്, വിശേഷിച്ചു് ബുദ്ധിജീവികൾക്കും തൊഴിലാളികൾക്കിടയിലുള്ള ആസ്ഥ്യ

ന്മാരായ ഒരു നിസ്സാരവിഭാഗത്തിനും, ''സ്വന്തം'' രാഷ്ട്രത്തിൻേറതായ ''വൻശക്തി'' വിശേഷാനുകൂല്യങ്ങളുടെ പങ്കുപററാൻ കഴിയുന്ന '' റോപ്യൻ'' മാതൃകയിലുള്ള വികാസം റഷ്യയെ ബാധിക്കാതെ തരമില്ലായിരുന്നു.

''സാർവ്വദേശീയതാപരമായ'', അതായതു് യഥാർത്ഥത്തിൽ വിപ്ലവകരമായ, നീക്കുപോക്കില്ലാത്തവണ്ണം വിപ്ലവകരമായ, അടവുകാംക്കുവേണ്ടിയാണു് റഷ്യയിലെ തൊഴിലാളിവർഗ്ഗത്തേയും തൊഴിലാളികളുടേതായ സോഷ്യൽഡെമോക്രാററിക് പാർട്ടിയേയും അവരുടെ ചരിത്രമാകെത്തന്നെ സജ്ജമാക്കിയിരിക്കുന്നതു്.

---

കുറിപ്പു്. ഈ ലേഖനത്തിൻെറ അച്ചുനിരത്തിക്കഴിഞ്ഞപ്പോഴാണു് കൗട്സ്കിയും ഹാസെയും ബെർൺസ്റ്റൈനുംകൂടി ഇറക്കിയ ഒരു പ്രകടനപത്രിക പത്രങ്ങളിൽ വന്നതു്. ബഹുജനങ്ങാം ഇടത്തോട്ടു ചായുന്നതു കണ്ടു് അവരിപ്പോാം ഇടതുപക്ഷവുമായി ''രഞ്ജിപ്പിനു്'' തയ്യാറാണു്. സ്യൂദെകുമ്മാരുമായിട്ടുള്ള ''രഞ്ജിപ്പു്'' നിലനിർത്തുകയെന്നതാണു് സ്വാഭാവികമായും അതിനു കൊടുക്കുന്ന വില. വാസ്തവം, "Mädchen für alle"!

1915 മേയ് രണ്ടാം
പകുതിയിലും ജൂൺ
ആദ്യപകുതിയിലും
എഴുതിയതു്
''കമ്മ്യൂണിസ്റ്റ്'' പത്രികയുടെ
ലക്കം 1–2–ൽ 1915–ൽ
പ്രസിദ്ധീകരിച്ചു.
(ഒപ്പു്) എൻ. ലെനിൻ

Scanned by CamScanner

## കുറിപ്പുകൾ

1 സാർവ്വദേശീയസോഷ്യലിസ്റ്റ് ബ്യൂറോ. രണ്ടാം ഇൻറർനാഷനലിൻെറ നിർവ്വാഹക—വാർത്താവിതരണസമിതി. 1900—ൽ പാരീസിൽ ചേർന്ന സാർവ്വദേശീയസോഷ്യലിസ്റ്റ് കോൺഗ്രസ്സിൻെറ തീരുമാനപ്രകാരം രൂപീകൃതമായി. 1905 മുതൽ ആർ.എസ്സ്. ഡി.എൽ.പി.യുടെ പ്രതിനിധിയെന്ന നിലയിൽ ലെനിൻ ഈ ബ്യൂറോയിൽ അംഗമായിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തോടെ ബ്യൂറോ സോഷ്യൽഷോവിനിസ്റ്റുകളുടെ ചട്ടുകമായിത്തീർന്നു.—3.

2 ബുന്ദ് (ലിത്വാനിയയിലേയും പോളണ്ടിലേയും റഷ്യയിലേയും പൊതുജൂതത്തൊഴിലാളിയൂണിയൻ)—1897—ൽ സ്ഥാപിതമായി. പ്രധാനമായി റഷ്യയുടെ പടിഞ്ഞാറൻപ്രദേശങ്ങളിലെ അർദ്ധതൊഴിലാളികളായ ജൂതകൈവേലക്കാരാണ് അതിലുണ്ടായിരുന്നതു്. ഒന്നാം ലോകമഹായുദ്ധകാലത്തു് ബുന്ദംഗങ്ങൾ സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു.

''ബുന്ദിൻെറ വിദേശസംഘടനയുടെ വാർത്താവിതരണബുള്ളററിൻ'' 1911 ജൂൺ മുതൽ 1916 ജൂലൈ വരെ ജനീവയിൽ നിന്നിറക്കി. ആകെ 11 ലക്കങ്ങൾ പുറത്തിറങ്ങി.—3.

3 ഷ്ററട്ട്ഗർട്ടിൽ ചേർന്ന സാർവ്വദേശീയകോൺഗ്രസ്സ് (രണ്ടാം ഇൻറർനാഷനലിൻെറ 7—ാം കോൺഗ്രസ്സ്)—1907 ആഗസ്റ്റ് 18 മുതൽ 24 വരെ നടന്നു. പൊതുസമ്മേളനങ്ങളിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ തയ്യാറാക്കാനുള്ള കമ്മീഷനുകളിലാണ് കോൺഗ്രസ്സിൻെറ പ്രവർത്തനം കൂടുതലും നടന്നതു്. ''സൈനികമേ

ധാവിത്വവും സാർവ്വദേശീയസംഘട്ടനങ്ങളും'' എന്ന പ്രധാനപ്രശ്നത്തെ സംബന്ധിച്ച പ്രമേയം തയ്യാറാക്കിയ കമ്മീഷന്റെ പ്രവർത്തനത്തിൽ ലെനിൻ പങ്കെടുത്തു. എ. ബെബൽ അവതരിപ്പിച്ച കരടുപ്രമേയത്തിന്റെ ചർച്ചാവേളയിൽ ലെനിൻ പോളിഷ് സോഷ്യൽഡെമോക്രാററുകാരുടെ പ്രതിനിധികളുടെ പിൻബലത്തോടെ ഭേദഗതികൾ കൊണ്ടുവന്നു. അങ്ങിനെ വിപ്ലവമാർക്സിസത്തിന്റെ സ്പിരിട്ടിൽ അതിൽ സമൂലമായ മാററങ്ങൾ വരുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിപ്രധാനവും തത്വാധിഷ്ഠിതവുമായ ഈ വകുപ്പ് പ്രമേയത്തിൽ അടങ്ങിയിരുന്നു: ''യുദ്ധം പൊട്ടിപ്പുറപ്പെടുന്നപക്ഷം അവർ (വിവിധരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗവും പാർലിമെണ്ടുകളിലുള്ള അവരുടെ പ്രതിനിധികളും—പ്രസാ.)... യുദ്ധമുളവാക്കുന്ന സാമ്പത്തിക-രാഷ്ട്രീയപ്രതിസന്ധിയെ ബഹുജനങ്ങളെ തട്ടിയുണർത്താനും മുതലാളിവർഗ്ഗത്തിന്റെ മേധാവിത്വത്തിന്റെ പതനം ആസന്നമാക്കാനുംവേണ്ടി ഉപയോഗപ്പെടുത്താൻ സർവ്വവിധേനയും ശ്രമിക്കേണ്ടതാണ്'' (''പ്രൊലെത്താരി'', ലക്കം 17, ഒക്ടോബർ 20, 1907, പേജ് 6).

''സൈനികമേധാവിത്വവും സാർവ്വദേശീയസംഘട്ടനങ്ങളും'' എന്ന പ്രമേയത്തിന്റെ അംഗീകരണം സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിലെ വിപ്ലവപക്ഷം അവസരവാദപക്ഷത്തിന്റെ മേൽ നേടിയ വലിയൊരു വിജയമായിരുന്നു.

ബാസെൽകോൺഗ്രസ്സ്—1912 നവംബർ 24, 25 തീയതികളിൽ ബാസെലിൽവച്ച് ഒരു അസാധാരണ സാർവ്വദേശീയ സോഷ്യലിസ്റ്റ് കോൺഗ്രസ്സ് നടന്നു. ഒന്നാം ബാൾക്കൻയുദ്ധത്തിന്റെ ആരംഭത്തോടെ വിശേഷിച്ചും ഗുരുതരമായിത്തീർന്ന ലോകസാമ്രാജ്യത്വയുദ്ധഭീഷണിയെക്കുറിച്ച ചർച്ചചെയ്യാൻവേണ്ടിയാണ് അതു വിളിച്ചുകൂട്ടിയത്.

നവംബർ 25-ാംനു- കോൺഗ്രസ്സ് യുദ്ധത്തെക്കുറിച്ചുള്ള പ്രകടനപത്രിക ഐകകണ്ഠ്യേന അംഗീകരിച്ചു. പ്രകടനപത്രിക ആസന്നമായ ആഗോളയുദ്ധത്തെക്കുറിച്ച് രാഷ്ട്രങ്ങൾക്കു മുന്നറിയിപ്പു നല്കുകയും അതിന്റെ അപഹരണലക്ഷ്യങ്ങൾ തുറന്നുകാട്ടുകയും യുദ്ധത്തിനെതിരെ സജീവമായി പൊരുതാൻ എല്ലാ രാജ്യത്തുമുള്ള സോഷ്യലിസ്റ്റുകാരെ ഉൽബോധിപ്പിക്കുകയും ചെയ്തു. സാമ്രാജ്യത്വയുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ യുദ്ധമുളവാക്കുന്ന സാമ്പത്തിക—രാഷ്ട്രീയപ്രതിസന്ധിയെ സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള സമരത്തിനുവേണ്ടി ഉപയോഗപ്പെടുത്തണമെന്ന് പ്രകടനപത്രിക സോഷ്യലിസ്റ്റുകാരോടു നിർദ്ദേശിച്ചു.—4.



Scanned by CamScanner

4 സാമ്രാജ്യത്വവും യുദ്ധത്തോടുള്ള സോഷ്യലിസ്റ്റുകാരുടെ മനോഭാവവുമെന്ന പ്രശ്നത്തെ സംബന്ധിച്ച് ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ ഹെംനിററ്സ് കോൺഗ്രസ്സ് 1912 സെപ്തംബർ 20-ാംനു- അംഗീകരിച്ച പ്രമേയത്തെക്കുറിച്ചാണു് പരാമർശം. പ്രമേയത്തിൽ സാമ്രാജ്യത്വനയത്തെ അപലപിക്കുകയും സമാധാനസമരത്തിന്റെ പ്രാധാന്യത്തെ ഊന്നുകയും ചെയ്തിരുന്നു.—5.

5 "നാഷെ സ്ലോവൊ" (ഞങ്ങളുടെ വാക്ക്)—1915 ജനുവരി മുതൽ 1916 സെപ്തംബർ വരെ പാരീസിൽനിന്നും ഇറക്കിയ ഒരു മെൻഷെവിക് പത്രം.—6.

6 ലിക്വിഡേററർമാർ—1905–07-ലെ വിപ്ലവത്തിന്റെ പരാജയത്തെത്തുടർന്നുള്ള പിന്തിരിപ്പത്തത്തിന്റെ ഘട്ടത്തിൽ ആർ.എസ്സ്.ഡി.എൽ.പി.യുടെ മെൻഷെവിക് വിഭാഗത്തിൽ മുന്തിനിന്നിരുന്ന പ്രവണതയുടെ അനുയായികൾ. തൊഴിലാളിവർഗ്ഗത്തിന്റെ നിയമവിരുദ്ധപാർട്ടി പിരിച്ചുവിട്ട് തൽസ്ഥാനത്തു് സാറിസ്റ്റ് ഭരണത്തിൻകീഴിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു അവസരവാദിപ്പാർട്ടി സ്ഥാപിക്കണമെന്നു് അവർ ആവശ്യപ്പെട്ടു. 1912 ജനുവരിയിൽ പ്രാഗിൽ ചേർന്ന ആർ.എസ്സ്.ഡി.എൽ.പി. സമ്മേളനം ലിക്വിഡേററർമാരെ പാർട്ടിയിൽനിന്നു പുറത്താക്കി.—8.

7 "Die Internationale" — റോസ ലുക്സെംബുർഗ്ഗും ഫ്രാൻറ്സ് മേറിംഗുംകൂടി സ്ഥാപിച്ച ഒരു പത്രിക. 1915 ഏപ്രിലിൽ ഒന്നാംലക്കം ഇറങ്ങി. ജർമ്മനിയിൽ 1918 നവംബറിലെ വിപ്ലവത്തിനുശേഷം പ്രസിദ്ധീകരണം പുനരാരംഭിച്ചു.—8.

8 ത്രിരാഷ്ട്രസന്ധി (Triple Entente)—ജർമ്മനിയും ആസ്ട്രിയ–ഹങ്കറിയും ഇററലിയും ചേർന്നുള്ള ത്രിരാഷ്ട്രസഖ്യത്തിനെതിരായി ബ്രിട്ടനും ഫ്രാൻസും സാറിസ്റ്റ് റഷ്യയും ചേർന്നു് 1907-ൽ രൂപീകരിച്ച സാമ്രാജ്യത്വക്കൂട്ടുകെട്ട്.—8.

9 സ്ട്രൂവിസം—മാർക്സിസത്തിന്റെ ഒരു ലിബറൽബൂർഷ്വാ വൈകൃതം. റഷ്യയിൽ "നിയമവിധേയമാർക്സിസ"ത്തിന്റെ പ്രധാന പ്രതിനിധിയായ പി.ബി.സ്ട്രൂവെയുടെ പേരിനെ ആസ്പദമാ



Scanned by CamScanner

കീയത്ത്". ([illegible] ഈ ലഘുലേഖയുടെ 24–ാം പേജ് നോക്കുക)—11.

10 ''നോയെ ത്സൈറ്റ്'' ("Die Neue Zeit")—1883 മുതൽ 1923 വരെ സ്റ്റുട്ഗാർട്ടിൽനിന്നു പ്രസിദ്ധീകരിച്ച ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സൈദ്ധാന്തികപത്രിക.—14.

11 ''സൊത്സിയാൽ ദെമൊക്രാറ്റ്'' (സോഷ്യൽഡെമോക്രാറ്റ്)—നിയമവിരുദ്ധപത്രം. ആർ.എസ്.ഡി.എൽ.പി.യുടെ കേന്ദ്രമുഖപത്രം. 1908 ഫെബ്രുവരി മുതൽ 1917 ജനവരി വരെ പ്രസിദ്ധപ്പെടുത്തി. ആകെ 58 ലക്കങ്ങളിറങ്ങി—ഒന്നാം ലക്കം റഷ്യയിലും ബാക്കി വെളിയിലും (ആദ്യം പാരീസിൽ, പിന്നീട് ജനീവയിൽ). 1911 ഡിസംബർതൊട്ട് ലെനിന്റെ പത്രാധിപത്യത്തിൽ നടന്നു. അദ്ദേഹം അതിൽ എൺപതിലേറെ ലേഖനങ്ങളും കുറിപ്പുകളുമെഴുതി.—15.

12 ''ഗോലൊസ്'' (ശബ്ദം)—1914 സെപ്തംബർ മുതൽ 1915 ജനവരി വരെ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തിയ മെൻഷെവിക് ദിനപ്പത്രം.—17.

13 ത്രിരാഷ്ട്രസഖ്യം—ജർമ്മനിയും ആസ്ട്രിയ–ഹങ്കറിയും ഇററലിയും ചേർന്നുള്ള ഈ സാമ്രാജ്യത്വക്കൂട്ടുകെട്ട് 1879–82–ൽ സ്ഥാപിതമായി.—19.

14 ''ഷിസ്നി'' (ജീവിതം)—1915 മാർച്ചുതൊട്ട് 1916 ജനവരി വരെ പ്രസിദ്ധീകരിച്ച സോഷ്യലിസ്റ്റ് റെവല്യൂഷണറിപാർട്ടിപ്പത്രം. ആദ്യം പാരീസിൽനിന്നും പിന്നീട് ജനീവയിൽനിന്നും ഇറങ്ങി.—22.

15 ''ഇക്കണോമിസ്റ്റ്'' ("The Economist")—വൻകിടവ്യാവസായിക ബൂർഷ്വാസിയുടെ മുഖപത്രമെന്ന നിലയ്ക്ക് 1843 മുതൽ ലണ്ടനിൽ നിന്നു പ്രസിദ്ധീകരിച്ച സാമ്പത്തിക–രാഷ്ട്രീയവാരിക.—30.

16 ''പുറംതോടിനുള്ളിൽ കഴിഞ്ഞ മനുഷ്യൻ''—ഇതേ പേരിലുള്ള ചേഹൊവിന്റെ കഥയിലെ മുഖ്യകഥാപാത്രം. എല്ലാ പുതുമകളേയും മുൻകയ്യിനേയും ഭയപ്പെടുന്ന ഒരു സങ്കുചിതമനസ്കനായ ഫിലിസ്റ്റൈൻ.—32.



Scanned by CamScanner

17 ഗ്യോത്തെയുടെ വാക്കുകൾ.—36.

18 സാറിന്റെ വിജ്ഞാപനത്തെക്കുറിച്ചാണ് പരാമർശം. സ്റ്റേററ് ഡ്യൂമ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച നിയമവും അതിലേക്കുള്ള തിരഞ്ഞെടുപ്പിനെ സബന്ധിച്ച ചട്ടങ്ങളുമെന്ന രൂപത്തിൽ പ്രസ്തുതവിജ്ഞാപനം 1905 ആഗസ്റ്റ് 6 (19)—ാംനു പ്രസിദ്ധപ്പെടുത്തി. നിയമം തയ്യാറാക്കാൻ സാർ ചുമതലപ്പെടുത്തിയിരുന്ന ആഭ്യന്തരകാര്യമന്ത്രി ബുളീഗിനിൽനിന്നാണ് ബുളീഗിൻഡ്യൂമ എന്ന പേർ വന്നതു്.

കരടുനിയമമനുസരിച്ച് ഭൂരിപക്ഷം ജനങ്ങൾക്കും വോട്ടവകാശം നിഷേധിച്ചിരുന്നു. ഡ്യൂമ വെറുമൊരു ഉപദേശകസമിതിയായിരുന്നു. ബുളീഗിൻഡ്യൂമ ഒരിക്കലും കൂടിയില്ല. ഇരമ്പിവന്ന വിപ്ലവവേലിയേററം അതിനെ തുത്തെറിഞ്ഞു.—38.

19 പാൻസ്ലാവിസം (അഖിലസ്ലാവിസം)—സ്ലാവ്‌രാജ്യങ്ങളെ സാറിസ്റ്റ് റഷ്യയുടെ കീഴിൽ ഒന്നിച്ചുകൊണ്ടുവരണമെന്ന ലക്ഷ്യത്തോടുകൂടിയ ഒരു പിന്തിരിപ്പൻരാഷ്ട്രീയപ്രവണത. തുർക്കിയുടേയും ആസ്ട്രിയ—ഹങ്കറിയുടേയും നുകത്തിൽനിന്നു മോചനം നേടാൻ സ്ലാവുകാർ നടത്തിയ സമരത്തെ ഈ ലക്ഷ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ പാൻസ്ലാവിസം ശ്രമിച്ചു.—40.

20 ബേർൺ സമ്മേളനം—ആർ.എസ്സ്.ഡി. എൽ.പി.യുടെ വിദേശവിഭാഗങ്ങളുടെ ഒരു സമ്മേളനം 1915 ഫെബ്രുവരി 27 മുതൽ മാർച്ച് 4 വരെ ബേർണിൽവച്ച് നടന്നു. ലെനിൻ മുൻകയ്യെടുത്തു വിളിച്ചുകൂടിയ പ്രസ്തുതസമ്മേളനത്തിനു് ഒരു പൊതുബോൾഷെവിക് സമ്മേളനത്തിന്റെ പ്രാധാന്യമുണ്ടായിരുന്നു. കാരണം, യുദ്ധകാലത്തു് ഒരു അഖിലറഷ്യാസമ്മേളനം വിളിച്ചുകൂട്ടാൻ സാദ്ധ്യമായിരുന്നില്ല. പാരീസ്, സൂറിഹ്, ജനീവ, ബേർൺ, ലൗസാൻ, എന്നിവിടങ്ങളിലെ ബോൾഷെവിക് വിഭാഗങ്ങളിൽനിന്നും ''ബൗഗി'' ഗ്രൂപ്പിൽനിന്നുമുള്ള പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു. കേന്ദ്രക്കമ്മിററിയേയും കേന്ദ്രമുഖപത്രമായ ''സൊത്സിയാൽ ദെമൊക്രാററി''നേയും പ്രതിനിധീകരിച്ച ലെനിൻ സമ്മേളനനടപടികളെ നിയന്ത്രിക്കുകയും കാര്യപരിപാടിയിലെ പ്രധാന ഇനമായ ''യുദ്ധവും പാർട്ടിയുടെ കടമകളും'' എന്ന വിഷയത്തെക്കുറിച്ച് ഒരു റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. യുദ്ധത്തെക്കുറിച്ച് ലെനിൻ തയ്യാറാക്കിയ പ്രമേയം സമ്മേളനം അംഗീകരിച്ചു.—42.



Scanned by CamScanner

ഝ ഴോറെസിസ്റ്റുകൾ—ഫ്രഞ്ച് സോഷ്യലിസ്റ്റായ ഴാറേസിന്റെ അനുയായികൾ. മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ തിരുത്തിയെഴുതുന്നതിനുവേണ്ടിയും തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള വർഗ്ഗസഹകരണത്തിനുവേണ്ടിയും വാദിച്ചു. 1902—ൽ ഴോറെസിസ്റ്റുകൾ പരിഷ്കരണവാദപരമായ നയമുള്ള ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. 1905—ൽ അതു് ഗെദിന്റെ സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ഫ്രാൻസുമായി ലയിച്ചുചേർന്ന് ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു.

ഒന്നാംലോകമഹായുദ്ധകാലത്തു് (1914—1918) ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഭൂരിപക്ഷമുണ്ടായിരുന്ന ഴോറെസിസ്റ്റുകൾ സാമ്രാജ്യത്വയുദ്ധത്തെ അനുകൂലിക്കുകയും സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുക്കുകയും ചെയ്തു.—47.

ജ മെൻഷെവിക്കുകൾ — റഷ്യൻ സോഷ്യൽഡെമോക്രസിയിലെ പെററിബൂർഷ്വാ അവസരവാദപ്രവണതക്കാർ. തൊഴിലാളിവർഗ്ഗത്തിനിടയിൽ ബൂർഷ്വാ സ്വാധീനത്തിന്റെ വാഹകർ. 1903 ആഗസ്റ്റിൽ ചേർന്ന രണ്ടാം ആർ.എസ്സ്.ഡി.എൽ.പി.കോൺഗ്രസ്സിൽ വച്ചാണ് അവർക്ക് ഈ പേരു കിട്ടിയതു്. കോൺഗ്രസ്സിന്റെ അവസാനത്തിൽ പാർട്ടിയുടെ കേന്ദ്രഘടകങ്ങളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ അവർ ന്യൂനപക്ഷമായി (റഷ്യനിൽ ''മെൻഷിൻസ്തൊ'' എന്നാൽ ന്യൂനപക്ഷമെന്നർത്ഥം). ലെനിന്റെ നേതൃത്വത്തിലുള്ള വിപ്ലവസോഷ്യൽഡെമോക്രാററുകാർക്ക് ഭൂരിപക്ഷം ലഭിച്ചു (റഷ്യനിൽ ''ബൊൽഷിൻസ്തൊ'' എന്നാൽ ഭൂരിപക്ഷമെന്നർത്ഥം). അങ്ങിനെയാണ് ''മെൻഷെവിക്കുകൾ'' എന്നും ''ബോൾഷെവിക്കുകൾ'' എന്നുമുള്ള പേരുകൾ വന്നതു്.

ഒന്നാം ലോകമഹായുദ്ധകാലത്തു് രണ്ടാം ഇന്റർനാഷനലിലെ മററെല്ലാ അവസരവാദിപ്പാർട്ടികളേയും പോലെ മെൻഷെവിക്കുകളും സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തെത്തുടർന്ന് അവർ ബൂർഷ്വാ താൽക്കാലികഗവണ്മെന്റിലെ അംഗങ്ങളാവുകയും അതിന്റെ സാമ്രാജ്യത്വനയത്തെ പിന്താങ്ങുകയും ചെയ്തു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തിനു ശേഷം ബൂർഷ്വാ—ഭൂവുടമ പ്രതിവിപ്ലവകാരികൾ സോവിയററു ജനതയ്ക്കെതിരായി നടത്തിയ സായുധസമരത്തിൽ മെൻഷെവിക്കുകൾ പങ്കെടുത്തു.—47.

23 "സോഷ്യലിസം" (Le Socialisme) —ഗേദ് പ്രസാധകനും പത്രാധിപരുമായി 1907 മുതൽ 1914 ജൂൺ വരെ പാരീസിൽ നിന്നും ഇറക്കിയ ഒരു പത്രിക.—47.

24 ഗേദിസ്റ്റ് പ്രവണത—ഗേദിസ്റ്റുകൾ—19-ാം നൂറ്റാണ്ടിന്റെ ഒടുവിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ ജെ.ഗേദിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഒരു വിപ്ലവമാർക്സിസ്റ്റ് പ്രവണത. 1901-ൽ ഗേദിന്റെ നേതൃത്വത്തിലുള്ള വിപ്ലവവർഗ്ഗസമരവാദികൾ സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ഫ്രാൻസ് എന്ന പാർട്ടി രൂപീകരിച്ചു. 1905-ൽ ഗേദിസ്റ്റുകൾ പരിഷ്ക്കരണവാദികളായ ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുമായി ലയിച്ചുചേർന്നു. ആ പാർട്ടിക്കുള്ളിൽ ഗേദിസ്റ്റുകൾ നടുനില സ്വീകരിച്ചു. ഒന്നാം ലോകമഹായുദ്ധകാലത്ത് അവർ സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുക്കുകയും ഗേദ് ഫ്രാൻസിലെ ബൂർഷ്വാഗവണ്മെന്റിൽ അംഗമാവുകയും ചെയ്തു. —47.

25 ബെർൺസ്റ്റൈനിസം— സാർവ്വദേശീയസോഷ്യൽഡെമോക്രസിയിലെ ഒരു മാർക്സിസ്റ്റ്‌വിരുദ്ധ അവസരവാദപ്രവണത. 19-ാം നൂറ്റാണ്ടൊടുവിൽ ജർമ്മനിയിൽ ആവിർഭവിച്ചു. ജർമ്മൻ സോഷ്യൽഡെമോക്രാററായ എഡ്വവാർഡ് ബെർൺസ്റ്റൈനിൽ നിന്നുമാണ് അതിന് ഈ പേരു കിട്ടിയതു്. മാർക്സിസത്തെ ബൂർഷ്വാ ലിബറലിസത്തിന്റെ സ്പിരിട്ടിൽ തിരുത്തിയെഴുതാൻ ബെർൺസ്റ്റൈൻ ശ്രമിച്ചു.—47.

26 മില്ല്യെറാനിസം—1899-ൽ ഫ്രാൻസിലെ പിന്തിരിപ്പൻ ബൂർഷ്വാ ഗവണ്മെന്റിൽ അംഗമാവുകയും ഫ്രഞ്ച് ബൂർഷ്വാസിയെ അതിന്റെ നയമനവർത്തിക്കുന്നതിൽ സഹായിക്കുകയും ചെയ്ത എ. മില്ല്യെറാൻ എന്ന ഫ്രഞ്ച് സോഷ്യലിസ്റ്റിന്റെ നാമം ധരിച്ചിട്ടുള്ള ഒരു അവസരവാദപ്രവണത. 1900-ൽ രണ്ടാം ഇൻറർനാഷനലിന്റെ പാരീസ്‌കോൺഗ്രസ്സിൽവച്ച് മില്ല്യെറാനിസത്തിന്റെ പ്രശ്നം ചർച്ചചെയ്യുകയുണ്ടായി. കൗട്‌സ്കി അവതരിപ്പിച്ച അനുരഞ്ജനപരമായ ഒരു പ്രമേയം കോൺഗ്രസ്സ് അംഗീകരിച്ചു. സോഷ്യലിസ്റ്റുകാർ ബൂർഷ്വാഗവണ്മെന്റിൽ ചേരുന്നതിനെ അപലപിക്കുകയും എന്നാൽ "അസാധാരണ സാഹചര്യങ്ങളിൽ അതു് അനുവദിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു പ്രമേയമാ



Scanned by CamScanner

യിരുന്നു അതു്. ഒന്നാംലോകമഹായുദ്ധകാലത്തു് സാമ്രാജ്യത്വബൂർഷ്വാസിയുടെ ഗവണ്മെൻറിൽ തങ്ങൾ ചേർന്നതിനെ ന്യായീകരിക്കാൻ ഫ്രഞ്ചു് സോഷ്യലിസ്റ്റുകാർ ഈ വ്യവസ്ഥയെ ഉപയോഗപ്പെടുത്തി.—47.

27 ''ഫോർവർട്സ്'' ("Vorwärts")—ദിനപ്പത്രം. ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ കേന്ദ്രമുഖപത്രം. ബർലിനിൽനിന്നു് 1891 മുതൽ 1933 വരെ പ്രസിദ്ധീകരിച്ചു.—50.

28 A. Sartorius von Walterhausen, "Das Volkswirtschaftliche System der Kapitalanlage im Auslande" (Berlin, 1907) എന്ന പുസ്തകത്തെ ക്കുറിച്ചാണു് പരാമർശം.—54.

29 റ്യഡൊർഫെർ എഴുതിയ "Grundzüge der Weltpolitik in der Gegenwart" എന്ന പുസ്തകത്തെയാണു് ഇവിടെ പരാമർശിക്കുന്നതു്. പുസ്തകം 1913–ൽ ബർലിനിൽ പ്രസിദ്ധപ്പെടുത്തി.—54.

30 "Sozialistische Monatshefte" (സോഷ്യലിസ്റ്റു് മാസിക)—ജർമ്മൻ അവസരവാദികളുടെ മുഖ്യമുഖപത്രം. സാർവ്വദേശീയറിവിഷനിസത്തിൻെറ ജിഹ്വകളിലൊന്നു്. 1897 മുതൽ 1933 വരെ ബർലിനിൽനിന്നു് പ്രസിദ്ധപ്പെടുത്തി. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റു് നിലപാടെടുത്തു.—55.

31 ബ്രിട്ടീഷ് സോഷ്യലിസ്റ്റു് പാർട്ടി—സോഷ്യൽഡെമോക്രാററിക് പാർട്ടിയും മററു സോഷ്യലിസ്റ്റു് ഗ്രൂപ്പുകളും ലയിച്ചുചേർന്നതിൻെറ ഫലമായി 1911–ൽ മാഞ്ചസ്റ്ററിൽവച്ചു് രൂപീകൃതമായി. മാർക്സിസ്റ്റാശയങ്ങളുടെ സ്പിരിട്ടിൽ പ്രചാരവേല നടത്തിവന്നതും ''അവസരവാദപരമല്ലാത്തതും ലിബറലുകളിൽനിന്നു യഥാർത്ഥത്തിൽ വിട്ടുനിന്നതു''*മായ ഒരു പാർട്ടിയായിരുന്നു അതു്. എന്നാൽ അംഗങ്ങളുടെ കുറവും ബഹുജനങ്ങളുമായുള്ള ദുർബ്ബലബന്ധവും അതിനു് ഒരു വിഭാഗീയസ്വഭാവം നല്കി.

---

* വി.ഐ.ലെനിൻ, സമാഹൃതകൃതികൾ, വാല്യം 23, പേജ് 344.



Scanned by CamScanner

ഒന്നാംലോകമഹായുദ്ധകാലത്തു് ഗലാഹർ, ഇൻക്പിൻ, മക്ലീൻ, റൊത്ത്സ്റ്റയിൻ, തുടങ്ങിയവർ പ്രതിനിധീകരിച്ച സാർവ്വദേശീയതാപ്രവണതയും ഹൈൻഡ്മൻ പ്രതിനിധീകരിച്ച സോഷ്യൽഷോവിനിസ്റ്റ്പ്രവണതയും തമ്മിൽ രൂക്ഷമയ സമരം ആരംഭിച്ചു. സാർവ്വദേശീയതാപ്രവണതക്കാർക്കിടയിൽത്തന്നെ പല പ്രശ്നങ്ങളിലും നടുനില സ്വീകരിച്ചവരുമുണ്ടായിരുന്നു. 1916 ഫെബ്രുവരിയിൽ കറെസ്റ്റർ ചേർന്നു് "The Call" (ആഹ്വാനം) എന്ന പത്രം സംഘടിപ്പിച്ചു. സാർവ്വദേശീയവാദികളെ ഏകോപിപ്പിക്കുന്നതിൽ അതു് സുപ്രധാനമായ പങ്കു വഹിച്ചു. 1916 ഏപ്രിലിൽ സൽഫോർഡിൽ വച്ചു നടന്ന പാർട്ടിയുടെ വാർഷികസമ്മേളനം ഹൈൻഡ്മന്റേയും കൂട്ടരുടേയും സോഷ്യൽ ഷോവിനിസ്റ്റ് നിലപാടിനെ അപലപിക്കുകയും അവർ പാർട്ടി വിട്ടുപോവുകയും ചെയ്തു. ബ്രിട്ടീഷ് സോഷ്യലിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് ഐക്യഗ്രൂപ്പുമാണു് 1920–ൽ ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിൽ പ്രധാനപങ്കു വഹിച്ചതു്.—55.

32 ലേബർ പാർട്ടി—പാർലിമെണ്ടിലേക്കു് തൊഴിലാളിപ്രതിനിധികളെ തിരഞ്ഞെടുക്കുകയെന്ന ലക്ഷ്യത്തോടെ ട്രേഡ്യൂണിയനുകളുടേയും സോഷ്യലിസ്റ്റ് സംഘടനകളുടേയും ഗ്രൂപ്പുകളുടേയും ഒരു യൂണിയനായി (''തൊഴിലാളിപ്രാതിനിധ്യസമിതി'') 1900–ൽ രൂപമെടുത്തു. 1906–ൽ സമിതിയ്ക്കു ലേബർ പാർട്ടിയെന്നു പേരിട്ടു. ഘടന വച്ചുനോക്കുമ്പോൾ ഒരു തൊഴിലാളിപ്പാർട്ടിയായി ആരംഭിച്ച ലേബർ പാർട്ടി (പെററിബൂർഷ്വാവിഭാഗത്തിൽപ്പെട്ട ഒട്ടുവളരെപ്പേർ പിന്നീടതിൽ ചേരുകയുണ്ടായി) പ്രത്യയശാസ്ത്രത്തേയും അടവുകളേയും സംബന്ധിച്ചിടത്തോളം ഒരു അവസരവാദിസംഘടനയായിരുന്നു. തുടക്കംതൊട്ടുതന്നെ അതിന്റെ നേതാക്കൾ ബൂർഷ്വാസിയുമായി വർഗ്ഗസഹകരണമെന്ന നയമാണു് അനുവർത്തിച്ചതു്. 1914—18–ലെ ഒന്നാംലോകമഹായുദ്ധകാലത്തു് അതിന്റെ നേതാക്കൾ സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു.—55.

33 ഫേബിയന്മാർ—ഫേബിയൻ സോസൈററിയെന്ന പേരിൽ 1884–ൽ സ്ഥാപിച്ച ബ്രിട്ടീഷ് പരിഷ്കരണവാദിസംഘടനയിലെ അംഗങ്ങൾ. ക്രി. മു. മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന മാക്സിം ഫേബിയുസ് എന്ന റോമാസേനാധിപനിൽനിന്നുമാണു്



Scanned by CamScanner

Scanned by CamScanner

36 ''ഡെയിലി സിററിസൻ''—ബ്രിട്ടനിലെ ലേബർ പാർട്ടിയും ഫേബിയന്മാരും ഇൻഡിപ്പെൻഡൻറ് ലേബർ പാർട്ടിയും ചേർന്ന അവസരവാദിക്കൂട്ടുകെട്ടിൻെറ ജിഹ്വയായ ദിനപ്പത്രം. 1912 മുതൽ 1915 വരെ ലണ്ടനിൽനിന്നും മാഞ്ചസ്റ്ററിൽനിന്നും പ്രസിദ്ധപ്പെടുത്തി.—56.

37 ''നാഷ സര്യ'' (നമ്മുടെ പുലരി)—മെൻഷെവിക് ലിക്വിഡേററർമാരുടെ നിയമവിധേയമാസിക. 1910–14 കാലത്തു് സെൻറ് പീറേറഴ്സ്ബഗ്ഗിൽനിന്നു് പ്രസിദ്ധപ്പെടുത്തി. റഷ്യൻ ലികിഡേററർമാരുടെ കേന്ദ്രം ''നാഷ സര്യ''ക്കു ചുററുമായി രൂപമെടുത്തു.—56.

38 ''പ്രാവ്ദിസം''——ബോൾഷെവിക് പത്രമായ ''പ്രാവ്ദ''യുടെ ചിന്താഗതി, അതായതു് ബോൾഷെവിസം.

''പ്രാവ്ദ'' (സത്യം)—നിയമവിധേയ ബോൾഷെവിക് ദിനപ്പത്രം. ഒന്നാംലക്കം സെൻറ് പീറേറഴ്സ്ബർഗ്ഗിൽനിന്നു് 1912 ഏപ്രിൽ 22–ാംനു- (മേയ് 5) ഇറങ്ങി.

ലെനിൻ ''പ്രാവ്ദ''ക്കു് ആശയപരമായ മാർഗ്ഗനിർദ്ദേശം നല്കുകയും ദിവസേന അതിലെഴുതുകയും പത്രാധിപസമിതിക്കു നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഉശിരൻ വിപ്ലവസ്പിരിട്ടിൽ പത്രമിറക്കുന്നതിനു ലെനിൻ നേതൃത്വം നല്കി.

പാർട്ടിയുടെ സംഘടനാപ്രവർത്തനത്തിൻെറ ഗണ്യമായ ഭാഗം കേന്ദ്രീകരിച്ചിരുന്നതു് ''പ്രാവ്ദ'' ആഫീസിലാണു്.

''പ്രാവ്ദ'' പോലീസിൻെറ നിരന്തരമായ ഉപദ്രവത്തിനു് ഇരയായിരുന്നു. സാറിസ്റ്റ് ഗവണ്മെൻറ് എട്ടു തവണ നിരോധിച്ചെങ്കിലും അതു് പുതിയ പേരുകളിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. 1914 ജൂലൈ 8(21)–ാംനു-, ഒന്നാം ലോകമഹായുദ്ധത്തിനു തൊട്ടുമുമ്പു്, അതു് അടച്ചുപൂട്ടപ്പെട്ടു.

1917 ഫെബ്രുവരിയിലെ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിനുശേഷം മാത്രമാണു് അതിൻെറ പ്രസിദ്ധീകരണം പുനരാരംഭിച്ചതു്. 1917 മാർച്ച് 5(18)–ാംനു- ''പ്രാവ്ദ'' ആർ.എസ്സ്. ഡി.എൽ.പി.യുടെ കേന്ദ്രമുഖപത്രമായി. 1917 ജൂലൈ–ഒക്ടോബർ കാലത്തു് പ്രതിവിപ്ലവതാൽക്കാലികഗവണ്മെൻറിൻെറ മർദ്ദനനടപടികൾമൂലം ''പ്രാവ്ദ''ക്കു പലതവണ പേരു മാറേറണ്ടിവന്നു. ''ലിസ്റ്റോക്ക് 'പ്രാവ്ദി''', ''പ്രൊലെത്താരി'' ''റബോച്ചി'', ''റബോച്ചി പൂത്തു്'', എന്നീ പേരുകളിലാണു്

അതിറങ്ങിയതു്. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയാനന്തരം 1917 ഒക്ടോബർ 27 (നവംബർ 9) തൊട്ടു് പത്രം ''പ്രാവ്ദ''യെന്ന പഴയ പേരിൽ വീണ്ടും ഇറങ്ങിത്തുടങ്ങി.—56

39 1912 ജനുവരി 5—17 (18—30) തീയതികളിൽ പ്രാഗിൽ വച്ചു നടന്ന ആറാം അഖിലറഷ്യാ ആർ.എസ്സ്.ഡി.എൽ.പി. സമ്മേളനത്തെക്കുറിച്ചാണു് പരാമർശം. പ്രാഗ് സമ്മേളനം വാസ്തവത്തിൽ ഒരു പാർട്ടികോൺഗ്രസ്സിന്റെ പങ്കു വഹിച്ചു. പാർട്ടിയുടെ കേന്ദ്രമുഖപത്രത്തിന്റെ പത്രാധിപസമിതിയെ പ്രതിനിധീകരിച്ചു ലെനിൻ സമ്മേളനത്തിനു നേതൃത്വം നല്കി.

പുതിയൊരു തരം പാർട്ടിയായ ബോൾഷെവിക് പാർട്ടി രൂപീകരിക്കുന്നതിലും അതിന്റെ ഐക്യം ഊട്ടിയുറപ്പിക്കുന്നതിലും പ്രാഗ് സമ്മേളനം സുപ്രധാനമായ പങ്കു വഹിച്ചു. അതു് മെൻഷെവിക്കുകൾക്കെതിരായി സമരം നടന്ന മുഴുവൻ കാലഘട്ടത്തിന്റേയും ഫലങ്ങളെ ക്രോഡീകരിക്കുകയും മെൻഷെവിക്കുകളെ പാർട്ടിയിൽനിന്നു പുറത്താക്കിക്കൊണ്ടു് ബോൾഷെവിക്കുകളുടെ വിജയത്തെ ഉറപ്പിക്കുകയും ചെയ്തു. പുതിയ വിപ്ലവമുന്നേററത്തിന്റെ പരിതസ്ഥിതിയിലുള്ള രാഷ്ട്രീയനയവും അടവുകളുമെന്തായിരിക്കണമെന്നു് സമ്മേളനം തീരുമാനിച്ചു. പ്രാഗ് സമ്മേളനത്തിനു വമ്പിച്ച സാർവ്വദേശീയപ്രാധാന്യമുണ്ടായിരുന്നു. അവസരവാദികളിൽനിന്നും സംഘടനാപരമായി നിശ്ശേഷം തെററിപ്പിരിയുന്നതുവരെ അവരുമായുള്ള സമരം നടത്തിക്കൊണ്ടു് അതു് രണ്ടാം ഇൻറർനാഷനലിലെ പാർട്ടികളിലുള്ള വിപ്ലവചിന്താഗതിക്കാർക്കു് അവസരവാദത്തിനെതിരായ അടിയുറച്ച സമരത്തിന്റെ മാതൃക കാട്ടിക്കൊടുത്തു.—56.

40 ''തെസ്‌ന്യക്കി''—ബൾഗേറിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയിലുണ്ടായിരുന്ന ഒരു വിപ്ലവപ്രവണത. 1903—ൽ ഈ പ്രവണതക്കാർ ഒരു സ്വതന്ത്രബൾഗേറിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടി രൂപീകരിച്ചു. 1914—18 കാലത്തു് തെസ്‌ന്യക്കികൾ സാമ്രാജ്യത്വയുദ്ധത്തെ എതിർത്തു. 1919—ൽ അവർ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിനോടു് അഫിലിയേററുചെയ്യുകയു ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുകയും ചെയ്തു.—57.

41 ''നോവൊ വ്രേമെ''—ബൾഗേറിയൻ സോഷ്യൽഡെമോക്രസിയുടെ വിപ്ലവപക്ഷത്തിന്റെ (തെസ്‌ന്യക്കിയുടെ) താത്വിക



Scanned by CamScanner

മുഖപത്രം. 1897–ൽ ഡി. ബ്ലഗോയെവ് സ്ഥാപിച്ചതു മുതൽ 1916 ഫെബ്രുവരി വരെ ഇറങ്ങി. 1919–ൽ പ്രസിദ്ധീകരണം പുനരാരംഭിച്ചു. 1923–ൽ പിന്തിരിപ്പൻ ബംഗേറിയൻ ഗവണ്മെൻറ് പത്രം അടച്ചുപൂട്ടി. 1947 മുതൽ ''നോവൊ വ്രേമെ'' ബംഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിയുടെ താത്വികമാസികയാണ്.—57.

42 ''ഫോൽക്സ്റെഹ്ററ്'' ("Volksrecht") — ദിനപ്പത്രം. സ്വിററ്സർലണ്ടിലെ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ മുഖപത്രം. 1898 മുതൽ സൂറിഹിൽനിന്നു പ്രസിദ്ധപ്പെടുത്തി. 1914–18–ലെ ഒന്നാംലോകമഹായുദ്ധകാലത്തു് അതു് ഇടതുപക്ഷസോഷ്യൽഡെമോക്രാററുകാരുടെ ലേഖനങ്ങരം പ്രസിദ്ധീകരിച്ചു.—57.

43 ''ബെർനെർ തഗ്വാഹ്ററ്''("Berner Tagwacht") —-1893 മുതൽ ബേർണിൽനിന്നു പ്രസിദ്ധപ്പെടുത്തിയ സ്വിററ്സർലണ്ടിലെ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ മുഖപത്രം.—57.

44 ''ല്യൂമനിത്തേ'' ("L'Humanité")—ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായി ഴൊറേസ് സ്ഥാപിച്ച ദിനപ്പത്രം. ഒന്നാംലോകമഹായുദ്ധകാലത്തു് ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയിലെ അങ്ങേയററത്തെ വലതുപക്ഷത്തിൻെറ കൈകളിലായിരുന്ന പത്രം സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു.

1920 ഡിസംബറിൽ തുറിൽ നടന്ന കോൺഗ്രസ്സിൽവച്ച് സോഷ്യലിസ്റ്റ് പാർട്ടി ഭിന്നിക്കുകയും ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുകയും ചെയ്തശേഷം താമസിയാതെ പത്രം അതിൻെറ മുഖപത്രമായി. ഇപ്പോരം അതു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രമുഖപത്രമായി പാരീസിൽനിന്നു പ്രസിദ്ധീകരിച്ചുവരുന്നു.—57.

45 ഹെറോസ്ട്രാററസ്—ഏഷ്യാമൈനറിലെ എതിസ് എന്ന പട്ടണത്തിലെ ഒരു നിവാസി. അനശ്വരകീർത്തി നേടാൻവേണ്ടി ക്രി. മു. 356–ൽ ലോകത്തിലെ ഏഴത്ഭുതങ്ങളിലൊന്നായി കരുതപ്പെട്ടിരുന്ന എതിസ്സിലെ ആർത്തെമിദാദേവാലയം ചുട്ടെരിച്ചുവെന്നു് ഐതിഹ്യം. പ്രശസ്തിക്കുവേണ്ടി ഏതു പാതകവും പ്രവർത്തിക്കാൻ ഒരുമ്പെടുന്നവൻെറ പര്യായമായിത്തീർന്നിട്ടുണ്ട് ഹെറോസ്ട്രാററസിൻെറ പേർ.—58.



Scanned by CamScanner

46 ബ്രസൽസ് കൂട്ടുകെട്ട് (ജൂലൈ 3–ലെ കൂട്ടുകെട്ട്)—ആർ. എസ്സ്.ഡി.എൽ.പി.യിലെ ഐക്യം പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ''അഭിപ്രായങ്ങൾ കൈമാറാൻ'' വേണ്ടി സാർവ്വദേശീയസോഷ്യലിസ്റ്റ്ബ്യൂറോയുടെ നിർവ്വാഹകസമിതി 1914 ജൂലൈ 16 മുതൽ 18 വരെ ബ്രസൽസിൽ വിളിച്ചുകൂട്ടിയ ''ഐക്യ''സമ്മേളനത്തിൽവച്ച് രൂപമെടുത്തതാണ് ഇതു്. താഴെപ്പറയുന്ന സംഘടനകളിൽനിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു: ആർ.എസ്സ്.ഡി.എൽ.പി.(ബോൾഷെവിക്കുകൾ)യുടെ കേന്ദ്രക്കമ്മിററി; സംഘടനാക്കമ്മിററി (മെൻഷെവിക്കുകൾ); പ്ലെഹാനൊവിന്റെ ''ഐക്യ''ഗ്രൂപ്പ്; ''വ്പെര്യോദ്''ഗ്രൂപ്പ്; ബുന്ദ്; ലെററിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടി; ലിത്വേനിയൻ സോഷ്യൽഡെമോക്രാററിക് പാർട്ടി; പോളിഷ് സോഷ്യൽഡെമോക്രാററുകാർ; പോളിഷ് സോഷ്യൽഡെമോക്രസിയിലെ പ്രതിപക്ഷം; പോളിഷ് സോഷ്യലിസ്റ്റ് പാർട്ടി (ഇടതുപക്ഷക്കാർ). സമ്മേളനത്തിനു വളരെ മുമ്പുതന്നെ ബോൾഷെവിക്കുകൾക്കെതിരായി ഒന്നിച്ചുനില്ക്കുന്നതിനെ സംബന്ധിച്ച് സാർവ്വദേശീയബ്യൂറോ നേതാക്കളും ലിക്വിഡേറററർമാരും തമ്മിൽ ധാരണയുണ്ടായിരുന്നു. പ്രമേയങ്ങൾ അടിച്ചേല്പിക്കാനല്ല, അഭിപ്രായങ്ങൾ കൈമാററാനാണ് സമ്മേളനം വിളിച്ചുകൂട്ടിയതെങ്കിലും, ആർ.എസ്സ്.ഡി.എൽ.പി.യിലെ ഐക്യത്തെ സംബന്ധിച്ച കൗട്സ്കിയുടെ പ്രമേയം വോട്ടിനിടപ്പെട്ടു. ബോൾഷെവിക്കുകളും ലെററിഷ് സോഷ്യൽഡെമോക്രാററുകാരും വോട്ടെടുപ്പിൽ പങ്കെടുക്കാൻ വിസമ്മതിച്ചു. എങ്കിലും പ്രമേയം ഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെട്ടു. ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക്കുകൾ ബ്രസൽസ്സമ്മേളനത്തിന്റെ തീരുമാനങ്ങൾ അനുസരിക്കാൻ വിസമ്മതിക്കുകയും ''ഐക്യവാദികളു''ടെ യഥാർത്ഥലക്ഷ്യങ്ങളെ സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിന്റെ മുമ്പിൽ തുറന്നുകാട്ടുകയും ചെയ്തു.—58.

47 കാറൽ ലീബ്ക്നെക്ട് എഴുതിയ “Der Hauptfeind steht im eigenem Land!” (മുഖ്യശത്രു സ്വരാജ്യത്താണ്!) എന്ന അഭ്യർത്ഥനയെക്കുറിച്ചാണ് പരാമർശം. അതു് 1915 മേയ് 31–ാംനു– “Berner Tagwacht” എന്ന പത്രത്തിൽ (ലക്കം 123) “Ein kräftiger Mahnruf” എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.—60.



Scanned by CamScanner

48 "Preussische Jahrbücher" (പ്രഷ്യൻ അബ്ദകോശം) —രാഷ്ട്രതന്ത്രം, ചരിത്രം, സാഹിത്യം, എന്നീ വിഷയങ്ങരം കൈകാര്യം ചെയ്ത ഒരു ജർമ്മൻ യാഥാസ്ഥിതികമാസിക. 1858 മുതൽ 1935 വരെ ബർലിനിൽനിന്ന പ്രസിദ്ധീകരിച്ചു.—61.

49 അസാധാരണനിയമം—തൊഴിലാളിപ്രസ്ഥാനത്തേയും സോഷ്യലിസ്റ്റ്പ്രസ്ഥാനത്തേയും നേരിടാൻ ബിസ്മക്കിൻെറ ഗവണ്മെൻറ് 1878—ൽ ജർമ്മനിയിലേർപ്പെടുത്തിയ നിയമം. അതു് എല്ലാ സോഷ്യൽഡെമോക്രാററിക് പാർട്ടിസംഘടനകളേയും തൊഴിലാളിബഹുജനസംഘടനകളേയും തൊഴിലാളിപ്പത്രങ്ങളേയും നിരോധിച്ചു. സോഷ്യലിസ്റ്റ്പ്രസിദ്ധീകരണങ്ങരം കണ്ടുകെട്ടപ്പെട്ടു. സോഷ്യൽഡെമോക്രാററുകാർ മർദ്ദനത്തിനും നാടുകടത്തലിനും വിധേയരായി. വർദ്ധിച്ചുവന്ന തൊഴിലാളിപ്രസ്ഥാനത്തിൻെറ സമ്മർദ്ദഫലമായി 1890—ൽ ഈ നിയമം റദ്ദാക്കപ്പെട്ടു.—65.

50 1915 ഫെബ്രുവരി 10 (23)—ാംനു- നാലാം സ്റ്റേററ് ദൂമയിലെ ബോരംഷെവിക് പ്രതിനിധികരംക്കെതിരായി നടന്ന സാറിസ്റ്റ് വിചാരണയെക്കുറിച്ചാണു് പരാമർശം. 1914 നവംബറിൽ നാലാം സ്റ്റേററ്ദൂമയിലെ എ. ബദായെവ്, എം. മുറാനൊവ്, ജി. പെത്രോവ്സ്കിയ്, എഫ്. സമോയ്ലൊവ്, എൻ. ഷഗോവ് എന്നീ ബോരംഷെവിക്പ്രതിനിധികളെ അററസ്റ്റുചെയ്യുകയും അവരുടെ മേൽ ''രാജ്യദ്രോഹ''ക്കുററം ചുമത്തുകയും ചെയ്തു. ''യൂറോപ്യൻ യുദ്ധത്തിൽ വിപ്ലവസോഷ്യൽഡെമോക്രസിയുടെ കടമകരം'' എന്ന ലെനിൻെറ തീസിസ്സുകളും ''യുദ്ധവും റഷ്യൻ സോഷ്യൽഡെമോക്രസിയും'' എന്ന ആർ.എസ്സ്.ഡി.എൽ.പി. കേന്ദ്രക്കമ്മിററിയുടെ പ്രകടനപത്രികയും തെളിവായി ഹാജരാക്കുകയുണ്ടായി. അററസ്റ്റുചെയ്യുമ്പോരം പ്രതിനിധികളിൽനിന്ന പിടിച്ചെടുത്തതാണു് അവ. എല്ലാ ബോരംഷെവിക്പ്രതിനിധികളേയും പൗരാവകാശങ്ങരം എടുത്തുകളഞ്ഞു് കിഴക്കൻ സൈബീരിയയിലേക്ക നാടുകടത്താൻ കോടതി വിധിച്ചു.—70.

51 ''ഗപ്പോനേഡ്''—ഗപ്പോനെന്ന പുരോഹിതനിൽനിന്ന വന്നതാണു് ഈ പേരു്. ഒന്നാം റഷ്യൻ വിപ്ലവത്തിനു തൊട്ടുമുമ്പ്, വിപ്ലവസമരത്തിൽനിന്ന തൊഴിലാളികളുടെ ശ്രദ്ധ തിരിക്കാൻ വേണ്ടി ഗപ്പോൻ സാറിസ്റ്റ് രഹസ്യപ്പോലീസിൻെറ നിർദ്ദേശപ്രകാരം ''റഷ്യൻ ഫാക്ടറി—മിൽത്തൊഴിലാളിസമാജം'' സംഘടി



Scanned by CamScanner

പ്പിച്ചു. 1905 ജനവരി 9(22)—ാംനു- സാറിനു് ഹർജി സമർപ്പിക്കുന്നതിനു് ശൈത്യകാലകൊട്ടാരത്തിലേക്കൊരു പ്രകടനം നടത്താൻ ഗപ്പോൺ തൊഴിലാളികളെ ഇളക്കിവിട്ടു. സാറിൻെറ കല്പനപ്രകാരം പ്രകടനക്കാരെ വെടിവച്ചു. സാറിലുള്ള തൊഴിലാളികളുടെ അകൈതവവിശ്വാസവും അതോടെ നശിച്ചു. ജനവരി 9—ലെ സംഭവങ്ങൾ ഒന്നാം റഷ്യൻ വിപ്ലവത്തിൻെറ തുടക്കം കുറിച്ചു. റഷ്യയിലെ തൊഴിലാളിബഹുജനങ്ങളെ തട്ടിയുണർത്തുന്നതിൽ അതു് വമ്പിച്ച ഉത്തേജനം നല്കി. വെടിവയ്പിനെതിരായ പ്രതിഷേധപ്പണിമുടക്കങ്ങളുടെ വേലിയേററം റഷ്യയിലുടനീളം അലയടിച്ചു.—73.

52 ''സാമ്പത്തികസമരവാദം''—19—ാംനൂററാണ്ടിൻെറ ഒടുവിലും 20—ാംനൂററാണ്ടിൻെറ തുടക്കത്തിലും റഷ്യൻസോഷ്യൽഡെമോക്രസിയിലുണ്ടായിരുന്ന ഒരു അവസരവാദപ്രവണത. സാർവ്വദേശീയ അവസരവാദത്തിൻെറ ഒരു വകഭേദം. ''സാമ്പത്തികസമരവാദികൾ'' തൊഴിലാളിവർഗ്ഗത്തിൻെറ കടമകളെ കൂലിക്കൂടുതലിനും കൂടുതൽ മെച്ചപ്പെട്ട തൊഴിൽസാഹചര്യങ്ങൾക്കും മററും വേണ്ടിയുള്ള സാമ്പത്തികസമരത്തിൽ ഒതുക്കിനിർത്തി. അവർ രാഷ്ട്രീയസമരം ലിബറൽ ബൂർഷ്വാസിയുടെ കാര്യമാണെന്നു വാദിക്കുകയും തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ നേതൃത്വപരമായ പങ്കിനെ നിഷേധിക്കുകയും ചെയ്തു. തൊഴിലാളിപ്രസ്ഥാനത്തിൻെറ സ്വയംഭൂതസ്വഭാവത്തിൽ ക്രമാധികം ഊന്നിക്കൊണ്ടു് സാമ്പത്തികസമരവാദികൾ വിപ്ലവസിദ്ധാന്തത്തിൻെറ പ്രാധാന്യത്തെ കുറച്ചുകണ്ടു . ഒരു മാർക്സിസ്റ്റ്പാർട്ടി തൊഴിലാളിപ്രസ്ഥാനത്തിൽ സോഷ്യലിസ്റ്റ്ബോധം ചെലുത്തേണ്ടതിൻെറ ആവശ്യകതയെ അവർ നിഷേധിക്കുകയും അങ്ങിനെ അതിൽ ബൂർഷ്വാ പ്രത്യയശാസ്ത്രത്തിനു വഴിതെളിക്കുകയും ചെയ്തു. സാമ്പത്തികസമരവാദികൾ സോഷ്യൽഡെമോക്രാററിക്പ്രസ്ഥാനത്തിൽ പരസ്പരബന്ധമില്ലായ്മയേയും പ്രാകൃതപ്രവർത്തനരീതികളേയും ന്യായീകരിക്കുകയും ഒരു കേന്ദ്രീകൃതതൊഴിലാളിവർഗ്ഗപ്പാർട്ടി രൂപീകരിക്കുന്നതിനെ എതിർക്കുകയും ചെയ്തു.—74.

53 ''റബോച്ചയ മിസ്ൽ'' (തൊഴിലാളിചിന്ത)—റഷ്യയിലെ ഒരു സംഘം ''സാമ്പത്തികസമരവാദികൾ'' പ്രസിദ്ധപ്പെടുത്തിയ പത്രം. 1897 ഒക്ടോബർ മുതൽ 1903 ഡിസംബർ വരെ ഇറങ്ങി.—74.



Scanned by CamScanner

54 ''റബോച്ചെയ ദെ്യലൊ'' (തൊഴിലാളിലക്ഷ്യം)—''വിദേശത്തുള്ള റഷ്യൻ സോഷ്യൽഡെമോക്രാറ്റുകാരുടെ യൂണിയ''ന്റെ മുഖപത്രം. 1899 ഏപ്രിൽ മുതൽ 1902 ഫെബ്രുവരിവരെ ജനീവയിൽനിന്നു പ്രസിദ്ധീകരിച്ചു. പത്രാധിപസമിതി വിദേശത്തുള്ള സാമ്പത്തികസമരവാദികളുടെ കേന്ദ്രമായി വർത്തിച്ചു. ''റബോച്ചെയ ദെ്യലൊ'' മാർക്സിസത്തെ ''വിമർശിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം'' എന്ന ബെർൺസ്റ്റൈന്റെ മുദ്രാവാക്യത്തെ പിന്താങ്ങുകയും റഷ്യൻ സോഷ്യൽഡെമോക്രസിയുടെ അടവുകളുടേയും സംഘടനാപരമായ കടമകളുടേയും പ്രശ്നത്തിൽ അവസരവാദപരമായ നിലപാടെടുക്കുകയും ചെയ്തു.—74.

## നാമസൂചിക

അലെക്സിൻസ്കി, ഗ്രിഗോറിയ് അലെക്സേയെവിച്ച് (Aleksinsky, Grigory Alekseyevich), ജ. 1879–ൽ. 1905–1907–ലെ വിപ്ലവകാലത്തു് സോഷ്യൽഡെമോക്രാറ്റും ബോൾഷെവിക്കും. വിപ്ലവത്തിൻെറ പരാജയാനന്തരം ഒത്സോവിസ്റ്റ്. സാമ്രാജ്യത്വപരമായ ഒന്നാംലോകമഹായുദ്ധത്തിൻെറ കാലത്തു് സോഷ്യൽഷോവിനിസ്റ്റ്, സാർചക്രവർത്തിയുടെ വെട്ടിപ്പിടുത്തനയത്തെ പിന്താങ്ങി.—46.

ആക്സെൽറൊഡ്, പാവെൽ ബൊരീസൊവിച്ച് (Axelrod, Pavel Borisovich), 1850–1928. മെൻഷെവിക് നേതാക്കളിലൊരാൾ; പിന്തിരിപ്പത്തത്തിൻെറ കാലഘട്ടത്തിൽ (1907–10) ലിക്വിഡേററർമാരുടെ നേതാക്കളിലൊരാൾ. ഒന്നാം ലോകമഹായുദ്ധകാലത്തു് (1914–1918) മദ്ധ്യവർത്തിത്വത്തിൻെറ പദപ്രയോഗങ്ങളുടെ മറവിൽ യഥാർത്ഥത്തിൽ സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു.—16,17,46.

എംഗൽസ്, ഫ്രെഡറിക് (Engels, Friedrich), 1820–1895. ശാസ്ത്രീയകമ്മ്യൂണിസത്തിൻെറ സ്ഥാപകരിലൊരാൾ. സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിൻെറ നേതാവും ആചാര്യനും. കാറൽ മാർക്സിൻെറ സുഹൃത്തും സഹപ്രവർത്തകനും.—20,21.

കയോ, ഷൊസേഫ് (Caillaux, Joseph), 1863–1944. ഫ്രഞ്ച് രാജ്യതന്ത്രജ്ഞൻ. റാഡിക്കൽപാർട്ടിയുടെ നേതാക്കളിലൊരാൾ. ഒന്നാം ലോകമഹായുദ്ധംവരെയുള്ള കാലത്തു് ധനകാര്യമന്ത്രി, മന്ത്രിസഭാദ്ധ്യക്ഷൻ, ആഭ്യന്തരവകുപ്പുമന്ത്രി എന്നീ തസ്തികകൾ വഹിച്ചു. ജർമ്മനിക്കനുകൂലമായ നയം അനുവർത്തിച്ചു.—18.



Scanned by CamScanner

കുനൊവ്, ഹൈൻരിഹ് (Cunow, Heinrich), 1862—1936. ജർമ്മൻ സോഷ്യൽഡെമോക്രാററ്, ചരിത്രകാരൻ, സാമൂഹ്യശാസ്ത്രജ്ഞൻ, നരവംശശാസ്ത്രജ്ഞൻ. ആദ്യകാലത്തു് മാർക്സിസ്റ്റുകളോടു ചേർന്നു. പിന്നീടു മാർക്സിസത്തെ തിരുത്തിയെഴുതുകയും വളച്ചൊടിക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധകാലത്തു് സോഷ്യൽഇമ്പീരിയലിസത്തിൻെറ സൈദ്ധാന്തികൻ.—11,13,15, 23,39,74.

കൊസോവ്സ്കിയ്, വി. (Kosovsky, V.), 1870—1941. റഷ്യൻ സോഷ്യൽഡെമോക്രാററ്, മെൻഷെവിക്ക്. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—70.

കൗട്സ്കി, കാറൽ (Kautsky, Karl), 1854—1938. ജർമ്മൻ സോഷ്യൽഡെമോക്രസിയുടേയും രണ്ടാം ഇൻറർനാഷനലിൻേറയും നേതാക്കളിലൊരാൾ. ആദ്യം മാർക്സിസ്റ്റായിരുന്നിട്ടു് പിന്നീടു് മാർക്സിസത്തിൽനിന്നു കാലുമാറുകയും അവസരവാദത്തിൻെറ ഏററവും അപകടകരവും ഹാനികരവുമായ ഒരു രൂപഭേദമായ മദ്ധ്യവർത്തിവാദത്തിൻെറ (കൗട്സ്കിയിസത്തിൻെറ) പ്രത്യയശാസ്ത്രജ്ഞനാവുകയും ചെയ്തു. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്. അതിസാമ്രാജ്യത്വസിദ്ധാന്തത്തിൻെറ സ്ഥാപകൻ.—5,6,7—11,13—16,19—21,23,25—50, 57,60,63,68—69,70,71—72,74,75.

ക്ലൗസെവിത്സ്, കാറൽ (Clausevitz, Karl), 1780—1831. പ്രഷ്യൻ ജനറൽ, പ്രമുഖ യുദ്ധസൈദ്ധാന്തികൻ. നെപ്പോളിയൻേറയും മററും യുദ്ധങ്ങളെപ്പററി പല കൃതികളും രചിച്ചു.—20,21.

ഗർദേനിൻ, വൈ. (Gardenin, Y.) ചെർനോവ്, വി.എം. നോക്കുക.

ഗാരിബാൾഡി, ജൂസേപ്പെ (Garibaldi, Giuseppe), 1807—1882. ഇററലിയുടെ ദേശീയനേതാവു്. ഇററാലിയൻ വിപ്ലവജനാധിപത്യവാദികളുടെ ഏററവും സമുന്നതനേതാക്കളിലൊരാൾ; ഒരു പ്രമുഖസേനാനി. 1848—67—ൽ വിദേശാധിപത്യത്തിനും നാടുവാഴിസ്വേച്ഛാധിപത്യത്തിനും പൗരോഹിത്യപിന്തിരിപ്പത്തത്തിനും എതിരായും ഇററലിയുടെ ഏകീകരണത്തിനുവേണ്ടിയും



Scanned by CamScanner

ഇററാലിയൻ ജനത നടത്തിയ സമരത്തിനു് അദ്ദേഹം നേതൃത്വം നൽകി.—23.

ഗുച്ക്കോവ്, അലെക്സാൻഡർ ഇവാനൊവിച്ച് (Guchkov, Alexander Ivanovich), 1862–1936. റഷ്യൻ വൻകിടമുതലാളി, ഒക്ടോബ്രിസ്റ്റ് പാർട്ടിയുടെ സംഘാടകനും നേതാവും.—23.

ഗേദ്, ജൂൽ (ബെസിൽ മത്യേ) [Guesde, Jules (Baisil Mattie)], 1845–1922. ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻേറയും രണ്ടാം ഇൻറർനാഷനലിൻേറയും സംഘാടകരിലും നേതാക്കളിലുമൊരാൾ. ഫ്രാൻസിൽ മാർക്സിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാനും സോഷ്യലിസ്റ്റ് പ്രസ്ഥാനം വളർത്താനും ഗേദ് വളരെയധികം പ്രവർത്തിച്ചിട്ടുണ്ടു്. പക്ഷെ വലതുസോഷ്യലിസ്റ്റുകാരുടെ നയത്തെ എതിർക്കുമ്പോൾ സിദ്ധാന്തത്തിൻേറയും അടവുകളുടേയും പ്രശ്നങ്ങളിൽ ഗേദ് സെക്ടേറിയൻ തെററുകൾ വരുത്താനുള്ള പ്രവണത കാട്ടി. ലോകസാമ്രാജ്യത്വയുദ്ധത്തിൻെറ തുടക്കംതൊട്ടു് സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുക്കുകയും ഫ്രഞ്ച് ബൂർഷ്വാഗവണ്മെൻറിൽ അംഗമാവുകയും ചെയ്തു.—5,6,46,47,63.

ഗോർട്ടർ, ഹെർമ്മൻ (Görter, Hermann), 1864–1927. ഡച്ച് ഇടതുപക്ഷസോഷ്യൽഡെമോക്രാററും രാഷ്ട്രീയലേഖകനും.—56.

ഗ്യോത്തെ, യോഹൻ വോൾഫ്ഗംഗ് (Goethe, Johann Wolfgang), 1749–1832. മഹാനായ ജർമ്മൻ സാഹിത്യകാരനും ചിന്തകനും.—36,56.

ഗ്രിം, റോബർട്ട് (Grimm, Robert), 1881–1958. സ്വിററ്സർലണ്ടിലെ സോഷ്യൽഡെമോക്രാററിക്പാർട്ടിയുടെ ഒരു നേതാവു്. ഒന്നാംലോകമഹായുദ്ധകാലത്തു് മദ്ധ്യവർത്തിവാദി. സിമ്മർവൽഡിലും കിൻറാലിലും നടന്ന സമ്മേളനങ്ങളിൽ പങ്കുകൊണ്ടു. സാർവ്വദേശീയസോഷ്യലിസ്റ്റ് കമ്മീഷൻെറ ചെയർമാൻ.—57.

ഗ്രൊയ്ലിഹ്, ഹെർമ്മൻ (Greulich, Hermann), 1842–1925. സ്വിററ്സർലണ്ടിലെ സോഷ്യൽഡെമോക്രാററിക്പാർട്ടിയുടെ സ്ഥാപകരിലൊരാൾ. അതിൻെറ വലതുപക്ഷ നേതാവു്. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—57.



Scanned by CamScanner

ചെർനോവ്, വീക്തൊർ മിഹൈലൊവിച്ച് (ഗർദേനിൻ, വൈ.) [Chernov, Victor Mikhailovich (Gardenin, Y.)], 1876—1952. സോഷ്യലിസ്റ്റ് റവല്യൂഷണറി പാർട്ടിയുടെ ഒരു നേതാവും താത്വികനും. ഒക്ടോബർ വിപ്ലവത്തിനുശേഷം സോവിയററ് വിരുദ്ധകലാപങ്ങൾ സംഘടിപ്പിച്ചവരിലൊരാൾ.—23.

ജിഫെൻ, റോബർട്ട് (Giffen, Robert), 1837—1910. ഇംഗ്ലീഷ് ബൂർഷ്വാ ധനശാസ്ത്രജ്ഞനും സാംഖ്യികവിദഗ്ധനും. വ്യാപാരബോർഡിലെ സാംഖ്യികവകുപ്പുമേധാവി.—19.

ട്രൂൽസ്ട്ര, പീററർ (Troelstra, Peter), 1860—1930. ഹോളണ്ടിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെ നേതാവ്, വലതുപക്ഷ സോഷ്യലിസ്റ്റ്. ഡച്ച് സോഷ്യൽഡെമോക്രാററിക് ലേബർപാർട്ടിയുടെ സ്ഥാപകരിലും (1894) നേതാക്കന്മാരിലുമൊരാൾ, അവസരവാദി. ഒന്നാം ലോകമഹായുദ്ധകാലത്തു് ജർമ്മൻകൂറുകാരനായ സോഷ്യൽഷോവിനിസ്റ്റ്.—56.

ഡാവിഡ്, എഡ്വാർഡ് (David, Edward), 1863—1930. ജർമ്മൻ സോഷ്യൽ ഡെമോക്രസിയുടെ വലതുപക്ഷനേതാക്കന്മാരിലൊരാൾ, റിവിഷനിസ്റ്റ്. ഒന്നാം ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—7,48,66.

ദെലെസീ, ഫ്രാൻസിസ് (Delaisi, Francis), ജ. 1873—ൽ. ഫ്രഞ്ച് പെററിബൂർഷ്വാ ധനശാസ്ത്രജ്ഞൻ, സിൻഡിക്കലിസ്റ്റ്, ശാന്തിവാദി.—9.

ദ്യൂമാ, ഷാർൽ (Dumas, Charles), ജ. 1883—ൽ. ഫ്രഞ്ച് സോഷ്യലിസ്റ്റ്. പത്രപ്രവർത്തകനും രാഷ്ട്രീയലേഖകനും. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—6.

നിക്കൊലായ് II (റൊമാനൊവ്) [Nicolas II (Romanov)], 1868—1918. റഷ്യയിലെ അവസാനത്തെ ചക്രവർത്തി.—20,38.

നെപ്പോളിയൻ III (ബോണപ്പാർട്ട് ല്വയീ) [Napoleon III (Bonapart Louis)], 1808—1873. 1852 തൊട്ടു് 1870 വരെ ഫ്രാൻസിലെ ചക്രവർത്തി.—22.



Scanned by CamScanner

പന്നെക്കുക്കു്, അന്റോനി (Panneckoek, Antoni), 1873–1960. ഹോളണ്ടിലെ സോഷ്യൽഡെമോക്രാററു്. 1910 മുതൽ ജർമ്മനിയിലെ ഇടതുപക്ഷ സോഷ്യൽഡെമോക്രാററുകാരുമായി ഉററ ബന്ധം പുലർത്തുകയും അവരുടെ പത്രങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധകാലത്തു് സാർവ്വദേശീയവാദി.—11,56.

പെയ്ഷ്, ജോർജ്ജ് (Paish, George), 1867–1957. ബ്രിട്ടീഷ് ബൂർഷ്വാ ധനശാസ്ത്രജ്ഞൻ, ശാന്തിവാദി. ലോകസമ്പദ്‌വ്യവസ്ഥയേയും രാഷ്ട്രീയത്തേയും സംബന്ധിച്ച നിരവധി കൃതികൾ രചിച്ചു.—19,30.

പൊത്രേസൊവ്, അലെക്സാണ്ടർ നിക്കൊലായെവിച്ച് (സ്താറൊവേർ) [Potresov, Alexander Nikolayevich, (Starover)], 1869–1934. മെൻഷെവിക് നേതാക്കളിലൊരാൾ. പിന്തിരിപ്പത്തത്തിന്റെ വർഷങ്ങളിൽ (1907–10) ലിക്വിഡേഷനിസത്തിന്റെ പ്രത്യയശാസ്ത്രജ്ഞരിലൊരാൾ. ഒന്നാം ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—19,70.

പ്ലെഹാനൊവ്, ഗിയോർഗിയ് വലെന്തീനൊവിച്ച് (Plekhanov, Georgy Valentinovich), 1856–1918. റഷ്യയിലും ലോകമാകെയുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവു്. റഷ്യയിൽ മാർക്സിസം ആദ്യമായി പ്രചരിപ്പിച്ചു. 1883–ൽ തൊഴിലാളിവിമോചനഗ്രൂപ്പ് എന്ന പേരിൽ ആദ്യത്തെ റഷ്യൻ മാർക്സിസ്റ്റ്സംഘടന സ്ഥാപിച്ചു. ആർ. എസ്സ്. ഡി. എൽ. പി.യുടെ രണ്ടാം കോൺഗ്രസ്സിനുശേഷം (1903) മെൻഷെവിക്. ഒന്നാം ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ് നിലപാടെടുത്തു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിനുശേഷം റഷ്യയിലേക്ക് മടങ്ങിവന്നു. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തോടുള്ള മനോഭാവം നിഷേധാത്മകമായിരുന്നു.—5,7,8,9,13,15–21,23,40, 46–48,56,59,63,74.

ഫോയെർബാഹ്, ലൂദ്വിഗ് ആൻഡ്രെയാസ് (Feuerbach Ludwig Andreas), 1804–1872. ഭൗതികവാദിയായ ജർമ്മൻ ദാർശനികൻ. നിരീശ്വരവാദി. അദ്ദേഹത്തിന്റെ ഭൗതികവാദം പരിമിതമായ ധ്യാനാത്മകസ്വഭാവത്തോടുകൂടിയതായിരുന്നെ

ങ്കിലും മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ ഒരു താത്വിക ഉറവിടമായി വർത്തിച്ചു.—37.

ബിസ്സൊലാത്തി, ലെയൊനീദ (Bissolati, Leonida), 1857—1920. ഇററാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകരിലൊരാൾ. അതിന്റെ അങ്ങേയററത്തെ വലതുപക്ഷത്തിന്റെ നേതാവ്. 1912—ൽ ഇററാലിയൻ സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾ ''സോഷ്യൽ—റിഫോമിസ്റ്റ് പാർട്ടി'' രൂപീകരിച്ചു. ലോകമഹായുദ്ധകാലത്തു് സോഷ്യൽ ഷോവിനിസ്റ്റ്. യുദ്ധത്തിൽ ഇററലി സഖ്യരാഷ്ട്രങ്ങളുടെ ഭാഗത്തു ചേരുന്നതിനെ അനുകൂലിച്ചു.—56.

ബെർൺസ്റ്റൈൻ, എഡ്വാർഡ് (Bernstein, Edward), 1850—1932. ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടേയും രണ്ടാം ഇൻറർനാഷനലിന്റേയും ഏററവും അവസരവാദപരമായ പക്ഷത്തിന്റെ നേതാവ്. റിവിഷനിസത്തിന്റേയും പരിഷ്കരണവാദത്തിന്റേയും താത്വികൻ.—47,75.

ബെൽഗെർ, എർവിൻ (Belger, Ervin) ജ. 1875—ൽ, മ. 1919—നും 1922—നുമിടയ്ക്ക്. ജർമ്മൻ ബൂർഷ്വാരാഷ്ട്രീയനേതാവും രാഷ്ട്രീയലേഖകനും, രാജപക്ഷവാദിയും ഷോവിനിസ്റ്റും. ജർമ്മൻസാമ്രാജ്യത്വത്തിന്റെ വക്കാലത്തുകാരൻ.—53.

ബ്രാൻറിംഗ്, കാറൽ യൽമർ (Branting, Karl Hjalmar), 1860—1925. സ്വീഡിഷ് സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ നേതാവ്, അവസരവാദി. ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്. 1917—ൽ ഏഡെൻ രൂപീകരിച്ച കൂട്ടുഗവണ്മെൻറിൽ ചേർന്നു.—56.

ബ്രെയിൽസ്ഫോർഡ്, ഹെൻറി (Brailsford, Henry), ജ. 1873—ൽ. ബ്രിട്ടീഷ് ബൂർഷ്വാരാഷ്ട്രീയലേഖകൻ, ശാന്തിവാദി.—18.

മാർക്സ്, കാറൽ (Marx, Karl), 1818—1883. ശാസ്ത്രീയകമ്മ്യൂണിസത്തിന്റെ സ്ഥാപകൻ. മഹാനായ ചിന്തകൻ. സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിന്റെ നേതാവും ആചാര്യനും.—8,20,21,22,24,32,43.

മാർത്തൊവ്, എൽ. (ത്സെദെർബൗം, യൂലിയ് ഓസിപ്പൊവിച്ച്) [Martov, L. (Tsederbaum, Yuli Osipovich)], 1873—

1923. മെൻഷെവിക് നേതാക്കളിലൊരാരം. ലോകമഹായുദ്ധ കാലത്തു് മദ്ധ്യവർത്തിവാദി. 1917—ൽ സാർവ്വദേശീയവാദി കളായ മെൻഷെവിക്കുകളുടെ ഗ്രൂപ്പിനു നേതൃത്വം നൽകി. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവാനന്തരം സോവിയററധികാരത്തെ എതിർത്തു.—46,50.

മില്ല്യറാൻ, അലെക്സാൻദർ എത്യേൻ (Mill erand,Alexander Etienne), 1859—1943. ഫ്രഞ്ച് രാഷ്ട്രീയനേതാവ്. 90—കളിൽ സോഷ്യലിസ്റ്റുകാരുടെ കൂടെ ചേർന്നു. ഫ്രഞ്ച് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ അവസരവാദപ്രവണതയ്ക്കു നേതൃത്വം നൽകി. 1899—ൽ വാൽഡെക്ക്—റുസ്സോയുടെ പിന്തിരിപ്പൻ ബൂർഷ്വാ ഗവണ്മെൻറിൽ ചേരുകയും പാരീസ് കമ്മ്യൂണിന്റെ ഘാതകനായ ജനറൽ ഗലിഫെയോടു സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

1904—ൽ സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നു പുറത്താക്കപ്പെട്ടതിനെത്തുടർന്നു് ബ്രിയാൻ, വിവിയാനി തുടങ്ങിയ മററു മുൻസോഷ്യലിസ്റ്റുകാരുമായിച്ചേർന്നു് ''സ്വതന്ത്രസോഷ്യലിസ്റ്റുകാരു''ടെ ഒരു ഗ്രൂപ്പുണ്ടാക്കി. തുടർച്ചയായി മന്ത്രിയായി ഇരുന്നിട്ടുണ്ടു്. 1920—24—ൽ ഫ്രഞ്ച് റിപ്പബ്ലിക്കിന്റെ പ്രസിഡൻറ്.—23.

മുറാനൊവ്, മത്വേയ് കൊൻസ്റ്റന്തീനോവിച്ച് (Muranov, Matvey Constantinovich), 1873—1959. റഷ്യൻ സോഷ്യൽ ഡെമോക്രാററ്, ബോൾഷെവിക്. നാലാം സ്റ്റേററ്ഡൂമയിൽ പ്രതിനിധി. സാമ്രാജ്യത്വയുദ്ധത്തിനെതിരെ വിപ്ലവപ്രവർത്തനം നടത്തിയെന്ന കുററത്തിനു മററു ബോൾഷെവിക് ഡെപ്യൂട്ടികളോടൊപ്പം അറസ്റ്റുചെയ്യപ്പെടുകയും സൈബീരിയയിലേക്കു നാടുകടത്തപ്പെടുകയും ചെയ്തു.—70.

മേറിംഗ്, ഫ്രാൻററ്സ് (Mehring, Franz), 1846—1919. ജർമ്മൻ തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവ്. ജർമ്മൻ സോഷ്യൽഡെമോക്രസിയിലെ ഇടതുപക്ഷത്തിന്റെ നേതാക്കളിലും സൈദ്ധാന്തികരിലും ഒരാരം. ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുന്നതിൽ പ്രധാനപ്പെട്ട ഒരു പങ്കു വഹിച്ചു.—8,38, 45.

മോണിററർ—ഈ തൂലികാനാമത്തിലാണ് അവസരവാദിയായ ഒരു ജർമ്മൻ സോഷ്യൽഡെമോക്രാററ് 1915 ഏപ്രിലിൽ



Scanned by CamScanner

"Preussische Jahrbücher" എന്ന യാഥാസ്ഥിതികപത്രത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചതു്. സോഷ്യൽ ഡെമോക്രസിയുടെ മദ്ധ്യവർത്തിസ്വഭാവത്തെ ലേഖനകർത്താവു പരസ്യമായി പാടിപ്പുകഴ്ത്തുകയും അവസരവാദികൾക്കും ബൂർഷ്വാസിക്കും ഗുണകരമായ അതിനെ നിലനിർത്തണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. പാർട്ടിയുടെ ആ സ്വഭാവത്തിന്റെ ഫലമായി അവസരവാദികൾക്കു ബൂർഷ്വാസിയുമായുള്ള വർഗ്ഗസഹകരണമെന്ന നയത്തെ ''ഇടതുപക്ഷ''പദപ്രയോഗങ്ങളാൽ മറച്ചുപിടിക്കാൻ കഴിഞ്ഞിരുന്നു.—61.

ലസ്സാൽ, ഫെർദിനാന്ദ് (Lassale, Ferdinand), 1825–1864. ജർമ്മൻ പെററിബൂർഷ്വാ സോഷ്യലിസ്റ്റ്. ജർമ്മൻ പൊതുതൊഴിലാളിയൂണിയന്റെ സ്ഥാപകരിലൊരാൾ. അദ്ദേഹത്തിന്റെ താത്വിക–രാഷ്ട്രീയവീക്ഷണങ്ങളെ മാർക്സും എംഗൽസും നിശിതമായി വിമർശിക്കുകയുണ്ടായി.—36.

ലീബ്ക്നെക്ക്, കാറൽ (Liebknecht, Karl), 1871–1919. ജർമ്മനിയിലും സാർവ്വദേശീയതലത്തിലുമുള്ള തൊഴിലാളിപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവു്. സ്പർട്ടാക്കസ് ലീഗിന്റെ ഒരു സംഘാടകനും നേതാവും. ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകരിലൊരാൾ. 1919 ജനുവരിയിൽ ബർലിൻ തൊഴിലാളികൾ നടത്തിയ സായുധകലാപത്തിന്റെ നേതാവു്. അതിനെ അടിച്ചമർത്തിയതിനെത്തുടർന്നു് പ്രതിവിപ്ലവകാരികളാൽ മൃഗീയമായി വധിക്കപ്പെട്ടു.—66.

ലൂക്കാസ്, ചാറൽസ് പ്രെസ്റ്റ്വുഡ് (Lucas, Charles Prestwood), 1853–1931. ബ്രിട്ടീഷ് കോളനിഉദ്യോഗസ്ഥനും ചരിത്രകാരനും. ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ വക്കാലത്തുകാരൻ. ബ്രിട്ടീഷ് കൊളോനിയൽ സാമ്രാജ്യത്തിന്റെ ചരിത്രത്തെ സംബന്ധിച്ച കൃതികൾ രചിച്ചു.—53.

ലൂക്സെംബർഗ്ഗ്, റോസ (Luxemburg, Rosa), 1871–1919. ജർമ്മനിയിലും പോളണ്ടിലും ലോകമാസകലവുമുള്ള തൊഴിലാളിപ്രസ്ഥാനത്തിന്റെ ഒരു പ്രമുഖനേതാവും രണ്ടാം ഇൻററർനാഷനലിന്റെ ഇടതുപക്ഷത്തിന്റെ നേതാക്കളിലൊരാളും. ജർമ്മൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപകരിലൊരാൾ. 1919 ജനുവ



Scanned by CamScanner

രിയിൽ അറസ്റ്റ ചെയ്യപ്പെടുകയും പ്രതിവിപ്ലവകാരികളാൽ മൃഗീയമായി വധിക്കപ്പെടുകയും ചെയ്തു.—8,38,45.

ലേഗീൻ, കാറൽ (Legien, Karl), 1861–1920. ജർമ്മനിയിലെ വലതുപക്ഷസോഷ്യൽഡെമോക്രാററ്. ട്രേഡ്‌യൂണിയൻ നേതാക്കന്മാരിലൊരാരം. റിവിഷനിസ്റ്റ്.

ലോകമഹായുദ്ധകാലത്ത് സോഷ്യൽഷോവിനിസ്റ്റ്.—60,63,64,65,68,69,71.

ലേൻച്, പൗൽ (Lensch, Paul), 1873–1926. ജർമ്മൻ സോഷ്യൽഡെമോക്രാററ്. ലോകമഹായുദ്ധകാലത്ത് സോഷ്യൽഷോവിനിസ്റ്റ്.—13,19,48.

ലോയ്ഡ് ജോർജ്ജ്, ഡേവിഡ് (Lloyd George, David); 1863–1945. ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞനും നയതന്ത്രജ്ഞനും. ലിബറൽ പാർട്ടിനേതാവ്. 1916–22–ൽ പ്രധാനമന്ത്രി. —19,30.

വല്യാൻ, എഡ്വവാർഡ് മറി (Vaillant, Edouard Marie), 1840–1915. ഫ്രഞ്ച് സോഷ്യലിസ്റ്റ്. കമ്മ്യൂണാർഡ്. ഒന്നാം ഇൻറർനാഷനലിൻെറ ജനറൽ കൗൺസിലംഗം. രണ്ടാം ഇൻറർനാഷനലിൻേറയും ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടേയും സ്ഥാപകരിലൊരാരം.—46,57.

വൻഡെർവേൽഡെ, എമീൽ (Vandervelde, Emile), 1866–1938. അവസരവാദി. ബൽജിയൻ ലേബർപാർട്ടിയുടെ നേതാവും സാർവ്വദേശീയസോഷ്യലിസ്റ്റ് ഇൻറർനാഷനലിൻെറ അദ്ധ്യക്ഷനും. ഒന്നാം ലോകമഹായുദ്ധകാലത്ത് (1914–1918) സോഷ്യൽഷോവിനിസ്റ്റ്.—8,59,70.

വിൽഹെൽം രണ്ടാമൻ (ഹൊഹെൻസോല്ലെർൺ [Wilhelm II (Hohenzollern)], 1859–1941. ജർമ്മൻ ചക്രവർത്തിയും പ്രഷ്യയിലെ രാജാവും (1888–1918).—20.

ഷൂൽത്സെ, എർൺസ്റ്റ് (Schultze, Ernst), 1874–1943. ജർമ്മൻ ധനശാസ്ത്രജ്ഞൻ, ജർമ്മൻസാമ്രാജ്യത്വത്തിൻെറ വക്കാലത്തുകാരൻ.—33.



Scanned by CamScanner

ഷെല്യാബൊവ്, അന്ദ്രേയ് ഇവാനൊവിച്ച് (Zhelyabov, Andrei Ivanovich), 1850–1881. സമുന്നത റഷ്യൻ വിപ്ലവകാരി. ''നറോദ്നയ വോല്യ'' (ജനഹിതം) പാർട്ടിയുടെ സംഘാടകനേതാവ്. സാറിസത്തിനെതിരെ രാഷ്ട്രീയസമരം നടത്തേണ്ടതിന്റെ ആവശ്യകതയെ ആദ്യമായി അംഗീകരിച്ച നറോദ്നിക്കുകളിൽ ഒരാൾ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അലക്സാണ്ടർ രണ്ടാമനെ വധിക്കാൻ ഏതാനും ശ്രമങ്ങൾ നടന്നു. സാറിന്റെ വധം സംഘടിപ്പിച്ചതിനു് 1881 മാർച്ച് ഒന്നാംതീയതി തൂക്കിക്കൊല്ലപ്പെട്ടു.—23.

ഷൈഡെമൻ, ഫിലിപ്പ് (Scheidemann, Philipp), 1865–1939. ജർമ്മനിയിലെ സോഷ്യൽഡെമോക്രാററിക് പാർട്ടിയിലെ അങ്ങേയററത്തെ വലതുപക്ഷത്തിന്റെ നേതാക്കളിലൊരാൾ. 1919 ഫെബ്രുവരി തൊട്ട് ജൂൺ വരെ ജർമ്മൻ ബൂർഷ്വാഗവണ്മെൻറിന്റെ തലവൻ. ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—46,48,71–72.

ഷ്ട്രോബെൽ, ഹൈൻരിഹ് (Ströbel, Heinrich), 1869–1945. ജർമ്മൻ സോഷ്യൽഡെമോക്രാററ്. ഒന്നാം ലോകമഹായുദ്ധകാലത്തു് സാമ്രാജ്യത്വയുദ്ധത്തിനെതിരെ നിലകൊണ്ടു. ''ഇൻററർനാഷനൽ''വിഭാഗത്തോടു ചേരുകയും അതിൽ കൗട്സ്കിയിസത്തിന്റെ പക്ഷത്തേക്കു ചാഞ്ചാടിയിരുന്ന പ്രവണതയെ പ്രതിനിധീകരിക്കുകയും ചെയ്തു. 1916–ൽ കൗട്സ്കിയിസത്തിന്റെ നിലപാടു പൂർണ്ണമായും സ്വീകരിച്ചു. 1917–ൽ ജർമ്മൻ ഇൻഡിപെൻഡൻറ് സോഷ്യൽഡെമോക്രാററിക്പാർട്ടി രൂപീകരിക്കുന്നതിൽ മുൻകയ്യെടുത്തു.—60.

സമ്പാ, എം. (Sembat, M.), 1862–1922. ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടെ പരിഷ്കരണവാദിനേതാക്കളിലൊരാൾ. ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്. 1914 ആഗസ്റ്റ് തൊട്ട് 1917 സെപ്തംബർ വരെ ഫ്രഞ്ച് സാമ്രാജ്യത്വ ''ദേശരക്ഷാഗവണ്മെൻറി''ൽ പൊതുമരാമത്തുവകുപ്പുമന്ത്രി.—59,70.

സലാന്ദ്ര, അന്തോണിയൊ (Salandra, Antonio), 1853–1931. ഇററാലിയൻ രാജ്യതന്ത്രജ്ഞൻ, ഇററലിയിലെ വ്യവസായകുത്തകകളുടേയും വൻകിടഭൂവുടമകളുടേയും ''മിതവാദിബ്ലോക്കി''

ൻെറ തീവ്രവലതുപക്ഷനേതാക്കളിലൊരാൾ. 1914 മുതൽ 1916 വരെ ഇററലിയുടെ പ്രധാനമന്ത്രി. ഇററലി അൻറാൻറയുടെ പക്ഷത്തുചേർന്നു് ഒന്നാംലോകമഹായുദ്ധത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി മുൻകയ്യെടുത്തവരിലൊരാൾ.—23.

സാർട്ടോറിയുസ് ഫൊൻ വാൽട്ടർസ്ഹൗസൻ, ഔഗുസ്റ്റ് (Sartorius von Waltershausen, August), ജ. 1852–ൽ. ജർമ്മൻ ബൂർഷ്വാ ധനശാസ്ത്രജ്ഞൻ, ജർമ്മൻസാമ്രാജ്യത്വത്തിൻെറ വക്കാലത്തുകാരൻ. ലോകസമ്പദ്‌വ്യവസ്ഥയേയും രാഷ്ട്രീയത്തേയും പററി നിരവധി കൃതികൾ രചിച്ചു.—54.

സാവിൻകൊവ്, ബൊറീസ് വീക്തൊറൊവിച്ച് (Savinkov, Boris Viktorovich), 1879–1925. സോഷ്യലിസ്റ്റ് റവല്യൂഷണറി പാർട്ടിയുടെ നേതാക്കളിലൊരാൾ. സോവിയററ് ഭരണത്തിനെതിരെ സജീവമായി പൊരുതി. അനേകം പ്രതിവിപ്ലവകലാപങ്ങളും ഗൂഢാലോചനകളും സംഘടിപ്പിച്ചു.—22.

സ്ട്രൂവെ, പ്യോത്തർ ബെർൻഗാർദൊവിച്ച് (Struve, Pyotr Berngardovich), 1870–1944. റഷ്യൻ ബൂർഷ്വാ ധനശാസ്ത്രജ്ഞനും രാഷ്ട്രീയലേഖകനും. കാഡററ് പാർട്ടിയുടെ പ്രത്യയശാസ്ത്രജ്ഞരിലൊരാൾ. 90–കളിൽ ''നിയമവിധേയമാർക്സിസ'' ത്തിൻെറ പ്രമുഖപ്രതിനിധി.—24.

സ്യൂദെക്കം, ആൽബർട്ട് (Südekum, Albert), 1871–1944. ജർമ്മൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടിയുടെ അവസരവാദിനേതാക്കളിലൊരാൾ, തിരുത്തിയെഴുതൽവാദി. ഒന്നാംലോകമഹായുദ്ധകാലത്തു് സോഷ്യൽ–ഇമ്പീരിയലിസ്റ്റ്.—14,39, 44,72,75.

ഹാർംസ്, ബെർൻഹാർഡ് (Harms, Bernhard), 1876–1939. ജർമ്മൻ ധനശാസ്ത്രജ്ഞൻ, കത്തേദെർസോഷ്യലിസത്തിൻെറ ഒരു പ്രതിനിധി, ജർമ്മൻസാമ്രാജ്യത്വത്തിൻെറ വക്കാലത്തുകാരൻ.—30.

ഹാസെ, ഹ്യൂഗൊ (Haase, Hugo), 1863–1919. ജർമ്മൻ സോഷ്യൽ ഡെമോക്രാററുകാരുടെ നേതാക്കന്മാരിലൊരാൾ. മദ്ധ്യവർത്തിവാദി.—60,75.



Scanned by CamScanner

ഹൈനിഷ , കോൻറാഡ് (Haenisch, Konrad), 1876–1925. ജർമ്മൻ സോഷ്യൽഡെമോക്രാററ്. ഒന്നാം ലോകമഹായുദ്ധകാലത്തു് സോഷ്യൽഷോവിനിസ്റ്റ്.—48.

ഹെൻഡെഴ്സൺ, ആർതർ (Henderson, Arthur), 1863–1935. ബ്രിട്ടീഷ് രാഷ്ട്രീയനേതാവ്. ലേബർ പാർട്ടിയുടേയും ട്രേഡ് യൂണിയനുകളുടെ കമ്മിററിയുടേയും ഒരു നേതാവ്. സോഷ്യൽ ഷോവിനിസ്റ്റ്. 1915 മുതൽ 1931 വരെ പല പ്രാവശ്യം ബ്രിട്ടീഷ് മന്ത്രിസഭയിൽ അംഗമായിരുന്നു.—70.

ഹൈനെ, വോൽഫ്ഗംഗ് (Heine, Wolfgang), 1861–1944. ജർമ്മൻ രാഷ്ട്രീയനേതാവ്. വലതുപക്ഷസോഷ്യൽഡെമോക്രാററ്.—48,

ഹെഗൽ, ഗിയോർഗ് വിൽഹെൽം ഫ്രിഡ്രിഹ് (Hegel, Georg Wilhelm Friedrich), 1770–1831. മഹാനായ ജർമ്മൻ ദാർശനികൻ. വസ്തുനിഷ്ഠമായ ആശയവാദമായിരുന്നു അദ്ദേഹത്തിന്റെ തത്വശാസ്ത്രം. വൈരുദ്ധ്യാത്മകഭൗതികവാദത്തിന്റെ താത്വിക ഉറവിടങ്ങളിലൊന്നായിത്തീർന്ന ആശയവാദപരമായ വൈരുദ്ധ്യവാദത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ അവഗാഢവും സമഗ്രവുമായ പഠനം ചരിത്രപ്രാധാന്യമർഹിക്കുന്നു.—17,20.

ഹൈൻഡ്മൻ, ഹെൻറി മായേഴ്സ് (Hyndman, Henry Mayers), 1842–1921. ബ്രിട്ടീഷ് സോഷ്യലിസ്റ്റ്, പരിഷ്കരണവാദി. 1900–1910 വർഷങ്ങളിൽ സാർവ്വദേശീയ സോഷ്യലിസ്റ്റ് ബ്യൂറോയിൽ അംഗം. ബ്രിട്ടീഷ്സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു നേതാവ്. സാമ്രാജ്യത്വയുദ്ധത്തിനു നേരെ അദ്ദേഹം കൈക്കൊണ്ടു സോഷ്യൽഷോവിനിസ്റ്റ് നിലപാടിനെ സോൽഫോർഡിൽ കൂടിയ പാർട്ടിസമ്മേളനം അപലപിച്ചതിനെത്തുടർന്നു് 1916–ൽ പാർട്ടിയിൽനിന്നു് രാജിവച്ചു.—5,6,46,48, 71–72.

ഹ്യോഗ്ലുൻഡ്, കാറൽ (Höglund,Karl), 1884–1956. സ്വീഡനിലെ സോഷ്യൽഡെമോക്രാററിക് പ്രസ്ഥാനത്തിന്റെ ഇടതുപക്ഷത്തിന്റെ നേതാവ്. 1917–1924–ൽ സ്വീഡനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളിലൊരാൾ. 1924–ൽ അവസരവാദത്തിനു് പാർട്ടിയിൽനിന്നു് പുറത്താക്കി.—56.



Scanned by CamScanner

റാഡെക്, കാറൽ ബെർൺഗർദൊവിച്ച് (Radek, Karl Berngardovich), 1885–1939. ഇരുപതാംശതകത്തിന്റെ ആരംഭം തൊട്ട് ഗലീഷ്യയിലും പോളണ്ടിലും ജർമ്മനിയിലുമുള്ള സോഷ്യൽ ഡെമോക്രാററിക് പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ഇടതുപക്ഷ ജർമ്മൻസോഷ്യൽഡെമോക്രാററുകാരുടെ പത്രങ്ങളിൽ എഴുതുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധകാലത്ത് സാർവ്വദേശീയനിലപാടെടുത്തെങ്കിലും മദ്ധ്യവർത്തിവാദത്തിലേക്ക് ആടിക്കളിച്ചു; രാഷ്ട്രങ്ങളുടെ സ്വയംനിർണ്ണയാവകാശത്തെപ്പററി തെററായ ധാരണകൾ വച്ചുപുലർത്തി. 1917 മുതൽ ബോൾഷെവിക് പാർട്ടി അംഗം. 1923 മുതൽ ട്രോട്സ്കിയിസ്റ്റ് പ്രതിപക്ഷത്തിലെ ഒരു സജീവാംഗം. 1936–ൽ പാർട്ടിവിരുദ്ധപ്രവർത്തനങ്ങൾക്ക് പാർട്ടിയിൽനിന്നു പുറത്താക്കി.—11.

റിത്സ്ലെർ, കുർത് (റ്യുഡൊർഫെർ) [Riezler, Kurt (Rüdorfer)], 1882–1955. ജർമ്മൻ നയതന്ത്രജ്ഞൻ, ദാർശനികൻ, രാഷ്ട്രീയലേഖകൻ. ജർമ്മൻ സാമ്രാജ്യത്വബൂർഷ്വാസിയുടെ മിതവാദി–രാജപക്ഷവിഭാഗത്തിന്റെ പ്രതിനിധികളിലൊരാൾ. —54.

റോപ്ഷിൻ, വൈ. (Ropshin, V.)—സാവിൻകൊവ് ബി.വി. നോക്കുക.

റോബെസ്പ്യേർ, മക്സിമില്ല്യാൻ മരീ ഇസിദോർ (Robespierre, Maximillian Marie Isidor), 1758–1794. പതിനെട്ടാംശതകത്തിന്റെ അവസാനത്തിൽ നടന്ന മഹത്തായ ഫ്രഞ്ചുവിപ്ലവത്തിന്റെ ഒരു നേതാവ്. യക്കോബിൻപക്ഷക്കാരുടെ നേതാവ്. 1793–1794 കാലത്ത് വിപ്ലവഗവണ്മെൻറിന്റെ യഥാർത്ഥതലവൻ.—28.

റ്യുഡൊർഫെർ (Rüdorfer)—റിത്സ്ലെർ നോക്കുക.

Scanned by CamScanner